വാല്യം 114

അരീക്കോട് ബ്ലോക്ക്

(മലപ്പുറം ജില്ല)

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ


ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

സമഗ്ര വികസനരേഖ

ജനകീയാസൂത്രണം






ഊർങ്ങാട്ടിരി
മലപ്പുറം ജില്ല


114-1

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ



എഡിറ്റർ

പി.കെ. അബ്ദുറഹ്മാൻ

എഡിറ്റോറിയൽ സ്റ്റാഫ്

കെ. മുഹമ്മദ്(പ്രസിഡണ്ട്)
കമ്മുണ്ണി(സെക്രട്ടറി ഗ്രാമപഞ്ചായത്ത്)
രാധാകൃഷ്ണൻ(അഗ്രികൾച്ചറൽ ഓഫീസർ)
സി. അബ്ദുറഹിമാൻ(കെ.ആർ.പി.)
വി.പി. റഊഫ്(ഡി.ആർപി.)
കെ.കെ.കൃഷ്ണൻ നമ്പൂതിരി
പി.എം.ജോണി(ചെയർമാൻ സ്റ്റാൻറിംഗ് കമ്മിറ്റി)
എൻ.കെ. ഷൗക്കത്തലി(മെമ്പർ)
എം.സഹീദ

ഡി.റ്റി.പി. & ലേഔട്ട്

ഡാറ്റാഗ്രാഫിക്സ് പൂങ്കാവനം,കോഴിക്കോട്-4.
ഫോൺ:720530

പ്രിൻറിംഗ്

കെ.ടി.സി. ഓഫ്സെറ്റ് പ്രീൻേറഴ്സ്
ആഴ്ചവട്ടം.

താളുകൾ മറിക്കുമ്പോൾ


1	ആമുഖം	7
2	പഞ്ചായത്ത് പൊതു വിവരണം	10
3	ചരിത്ര പശ്ചാത്തലം	11
4	ഭൂപ്രകൃതി - ജനപ്രകൃതി - ജലവിഭവം	15
5	സാമൂഹിക - സാമ്പത്തിക-മേഖലകൾ	17
	5(1) കൃഷിയും ജലസേചനവും	19
	5(2) മൃഗസംരക്ഷണവും മത്സ്യ ബന്ധനവും	26
	5(3) വ്യവസായം	30
	5(4) വിദ്യാഭ്യാസം	36
	5(5) കുടിവെള്ളം, പൊതുജനാരോഗം	43
	5(6) ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	50
	5(7) പാർപ്പിടം, സാമൂഹ്യ ക്ഷേമം	60
	5(8) സംസ്കാരം	66
	5(9) പട്ടിക ജാതി, പട്ടിക വർഗം	71
	5(10) വിഭവ സമാഹരണം	77
	5(11) സഹകരണം	81
	5(12) വനിത	90
6.	ഉപസംഹാരം	96

ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി




പ്രസിഡണ്ട്

കെ. മുഹമ്മദ് (ചെറിയാപ്പു)



വൈസ് പ്രസിഡണ്ട്

വി.പി. മുഹമ്മദ്



ചെയർമാൻ സ്റ്റാൻറിംഗ് കമ്മറ്റി

പി.എം. ജോണി പുല്ലന്താനി

മെമ്പർമാർ

എം.വി. എൽസി

മീമ്പറ്റ റസീന

എൻ.കെ.ഷൗക്കത്തലി

ഉഴുന്നൻ നഫീസ


പി.അഹ്മദ് കുട്ടി

എം.സഹീദ

എ.അബ്ദുറഹിമാൻ

പി.വി. കുട്ടി മാരൻ

കെ. അബൂബക്കർ ഹാജി.



1

ആമുഖം

ആയിരത്തിതൊള്ളായിരത്തി നാൽപത്തേഴ് ആഗസ്ത് പതിനഞ്ച്. ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് ഭാരതം സ്വതന്ത്രയായ സുദിനം. 49 വർഷങ്ങൾ നാം പിന്നിട്ടു.

അധികാരം കയ്യാളിയ ഹസ്തങ്ങൾ മാറി എന്നല്ലാതെ ഭരണ രംഗത്തും വികസന രംഗത്തും ജനകീയ പുന:സം വിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ സാധിച്ചില്ല.

എന്റെ രാജ്യത്തിന്റെ ആത്മാവ് നിലകൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നു പ്രഖ്യാപിച്ച രാഷ്ട്ര പിതാവിന്റെ 'ഗ്രാമസ്വരാജ്' എന്ന സ്വപ്നം പുവണിയിക്കാൻ മാറി മാറി വന്ന ഭരണാധികാരികൾ ശ്രമങ്ങൾ നടത്തുകയും പല കമ്മീഷനുകളും രൂപീകൃതമായെങ്കിലും അവരുടെ ശ്രമങ്ങൾ വിജയിക്കാതെ വൃഥാവിലാവുകയാണ് ചെയ്തത്.

യശ:ശരീരനായ പ്രധാനമന്ത്രി ശ്രി. രാജീവ് ഗാന്ധി 64-ാം ഭരണഘടനാ ഭേദഗതിയിലൂടെ 'പഞ്ചായത്ത് രാജ്' നിയമം നടപ്പിലാക്കാൻ നടത്തിയ ശ്രമങ്ങളും പരാജയ പ്പെട്ടു.

1994-ലാണ് 73, 74 ഭരണ ഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നത്. സ്വാ തന്ത്ര്യം ലഭിച്ചു. 47 വർഷം പിന്നിട്ടതിന് ശേഷമാണിത്. വർഷത്തിൽ 2 പ്രാവശ്യം നമ്മുടെ ഗ്രാമത്തിലെ മുഴുവൻ അംഗങ്ങൾക്കും ഗ്രാമസഭയിൽ പങ്കെടുക്കാനും തങ്ങളു ടെ ഗ്രാമത്തിന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും നിയമ പരമായ അവകാശം ലഭിച്ചു എന്നതാണ് പ്രസ്തുത നി യമത്തിന്റെ പ്രത്യേകത.

ഗ്രാമസഭകൾ കൂടുതൽ സജീവമാക്കാനും ജനങ്ങളു ടെ പങ്കാളിത്വമില്ലാതെ മുകളിൽ നിന്ന് താഴോട്ട് നടപ്പാ ക്കുന്ന ആസൂത്രണ പ്രക്രിയ മാറ്റിയെടുത്തുകൊണ്ട് അടിത്തട്ടിൽ നിന്ന് മേൽതട്ടിലേക്ക് ദിശ മാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രവും, ആസൂത്രണത്തിലും വികസനത്തി ലും തുല്യ പങ്കളിത്വം, ജാതി-മത ഭിന്നതകൾക്കതീതമാ യി ഉറപ്പു വരുത്തുവാനും കേരളം നടപ്പാക്കിക്കൊണ്ടിരി ക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം കൊണ്ട് സാധി ക്കുമെന്നത് തർക്കമറ്റ കാര്യമാണ്. ഈ ആസൂത്രണ പദ്ധതി ക്ക് രൂപം നൽകുന്നത് 94-ൽ നിലവിൽ വന്ന മഹത്തായ പഞ്ചായത്ത് രാജ് നിയമത്തിന്റെ തണലിൽ നിന്ന്

കൊണ്ടാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് വികസന ചരിത്രത്തിലെ ഒരു വഴിത്തിരിവാണ്. അധികാരത്തോടൊപ്പം ഫണ്ടും (35 മുതൽ 40 വരെ ശതമാനം) പഞ്ചായത്തുകൾക്ക് ലഭിക്കുമെന്നതിനാൽ ജനതാൽപര്യം സംരക്ഷിക്കാൻ കഴിയുമെന്ന പ്രതീക്ഷയും വളർന്നു വരുന്നുണ്ട്.

പഞ്ചായത്ത് വിഹിതം 40%, കേരള സർക്കാറിന്റെ 60%, കേന്ദ്ര സർക്കാർ ഫണ്ട്, സന്നദ്ധ സംഘടനകളുടെ വകയായുള്ള ഫണ്ട്, നികുതി വരുമാനം, എല്ലാറ്റിനും പുറമെ ജനകീയ സംഭാവനകൾ തുടങ്ങീ പലതും വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്ന ഘടകങ്ങളാണ്.

കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ ഈ പരിപാടിയിലൂടെ സാധിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. പൊതു ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാകുമ്പോൾ നടപ്പിലാക്കാൻ പോകുന്ന പദ്ധതികളും സ്കീമുകളും കുറ്റമറ്റതാക്കുവാനും ശീഘ്രവും തൃപ്തികരവുമാക്കുവാനും അഴിമതി രഹിതമാക്കുവാനും സാധിക്കുമെന്നത് ശുഭോതർക്കമായ കാര്യമാണ്.

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രവർത്തനം ആരംഭിച്ചത് 1996 ആഗസ്ത് 30 മുതലാണ്. സപ്തംബർ 14 മുതൽ 16 വരെ അരീക്കോട്ട് ജി.എം.യു.പി. സ്കൂളിൽ വെച്ച് ചേർന്ന ഡി.ആർ.പി.മാരുടെ പരിശീലന പരിപാടിയിൽ പഞ്ചായത്തിൽ നിന്നും 7 പ്രതിനിധികളെ പങ്കെടുപ്പിച്ചു.

1996 സപ്തംബർ 17-ന് എൽ.ആർ.പി.മാർക്ക് പരിശീലനം നൽകുന്നതിന് വേണ്ടി സ്വാഗത സംഘം രൂപീകരിക്കുകയും വാർഡുകളിൽ നിന്നാവശ്യമായ പരിശീലകരെ തെരഞ്ഞെടുക്കുകയും ചെയ്തു. 19-9-96-ന് ഒന്നാം ഘട്ട പരിശീലനം തെരട്ടമ്മൽ തഅ്ലീമുൽ ഇസ്ലാം മദ്രസയിൽ വച്ചു നടത്തപ്പെടുകയുണ്ടായി. 74 എൽ.ആർ.പി.മാർ പങ്കെടുത്തു. വാർഡു മെമ്പർമാരും ഉദ്യോഗസ്ഥന്മാരുമടക്കം 91 അംഗങ്ങളുണ്ടായിരുന്നു.

വിശേഷാൽ ഗ്രാമസഭകൾ

1996 സപ്തംബർ 25 മുതൽ ഒക്ടോബർ 1-ാംനു വരെ വിവിധ വാർഡുകളിൽ ഗ്രാമസഭകൾ നടക്കുകയുണ്ടായി. ഒരു ദിവസം 2 എന്ന തോതിൽ 6 ദിവസങ്ങളിലായി ഗ്രാമസഭകൾ അവസാനിച്ചു. ഗ്രാമ സഭകളിൽ ആകെ 2493 അംഗങ്ങൾ പങ്കെടുത്തു. 641 സ്ത്രീകളും 471 പട്ടികജാതിക്കാരും 40 പട്ടികവർഗ്ഗക്കാരും ഇതിലുൾപ്പെടും. ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്തത് 2-ാം വാർഡിലെ വെറ്റിലപ്പാറയിലാണ്. 437 പേർ. സ്ത്രീകൾ ഏറ്റവും കൂടുതൽ പങ്കെടുത്തത് 10-ാം വാർഡ് തെഞ്ചിരിയിലാണ്. 195 സ്ത്രീകൾ.

11-9-96-ന് ഗ്രാമസഭ അവലോകന യോഗവും നടക്കുകയുണ്ടായി. ദ്വിതീയ വിവരം ശേഖരിക്കുന്നതിന് വേണ്ടിയുള്ള സ്കാഡ് രൂപീകരിക്കുകയും 14, 15, 16 തിയ്യതികളിലായി സ്കാഡ് അംഗങ്ങളുടെ നേതൃത്വത്തിൽ 13 ഓഫീസുകളിൽ നിന്നായി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. 17-9-96-ന് സ്കാഡ് അംഗങ്ങളുടെ യോഗം ചേർന്നു. വികസന റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനമെടുത്തു. ഗ്രാമസഭകളിൽ നിന്നും ലഭിച്ച റിപ്പോർട്ടും ദ്വിതീയ വിവരശേഖരണവും ക്രോഡീകരിച്ചു കൊണ്ട് 23,24 തിയ്യതികളിയാലി വികസന റിപ്പോർട്ട് കരട് തയ്യാറാക്കി. 26, 27, 28 തിയ്യതികളിലായി കിഴിശ്ശേരി ഗണപതി യു.പി. സ്കൂളിൽ വച്ചു നടന്ന ജില്ലാതല പരിശീലന പരിപാടിയിൽ പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത ഡി.ആർ പി.മാർ പങ്കെടുക്കുകയുണ്ടായി.

2-11--96-ന് രണ്ടാം ഘട്ട പരിശീലന പരിപാടി തെരട്ടമ്മൽ തഅ്ലീമുൽ ഇസ്ലാം മദ്രസ്സയിൽ വച്ചു ചേർന്നു. 96 നവമ്പർ, 4, 5 തിയ്യതികളിൽ പഞ്ചായത്തിൽ പഠന പര്യടനം പഞ്ചായത്ത് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. 4-ന് പഞ്ചായത്തിന്റെ കിഴക്ക് നിന്നും പടിഞ്ഞാറോട്ടും 5-ന് സമുദ്ര നിരപ്പിൽ നിന്നും 2040 അടി ഉയരത്തിലുള്ള വടക്കെ അതിർത്തിയായ വെണ്ടേക്കുംപൊയിൽ നിന്നും തുടങ്ങി സന്ധ്യയായപ്പോഴേക്കും വെറ്റിലപ്പാറയിൽ അവസാനിപ്പിച്ചു. പഞ്ചായത്തിലെ പ്രായം ചെന്ന കാരണവന്മാരിൽ നിന്നും ചരിത്രം ശേഖരിക്കുന്നതിന്നു വേണ്ടിയുള്ള പര്യടനം 96 നവമ്പർ മാസം 10,11,12,13 തിയതികളിൽ നടക്കുകയുണ്ടായി.

നവമ്പർ 1-ന് പുനരർപ്പണ ദിനത്തോടനുബന്ധിച്ചു പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒന്ന് എന്ന തോതിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിലേക്കായി മൊത്തം 720 ജനങ്ങളുടെ മനുഷ്യ അദ്ധ്വാനം ലഭിച്ചിട്ടുള്ളതായി കണക്കാക്കുന്നു.


17-9-96-ന് മണ്ണൊലിപ്പ് നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ചെറുപുഴ, മൈത്ര വലിയ തോട് എന്നിവ അടിസ്ഥാനമാക്കി വാട്ടർ ഷെഡ്ഡ് പദ്ധതി നടപ്പാക്കാൻ തീരുമാനമെടുത്ത് കൊണ്ട് പഞ്ചായത്ത് ബന്ധപ്പെട്ട വകുപ്പിലേക്ക് പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 7 കാർഷിക സെമിനാറുകളും 2 മണ്ണ് പരിശോധന ക്യാമ്പുകളും ഓരോ പട്ടിക ജാതി പട്ടിക വർഗ വികസന ക്യാമ്പും ജാപ്പാനീസ് പതിനിക്കെതിരെ പ്രചരണ പ്രവർത്തനങ്ങളും കൊതുകു നിരവാരണ മരുന്നു വിതരണവും, ചിങ്കണ്ണിപ്പാലി ആദിവാസി കോളനിയിൽ പകർച്ച വ്യാധി പിടിപ്പെട്ടപ്പോൾ ഫലപ്രദമായി മെഡിക്കൽ പരിശോധന 2 പ്രാവശ്യം സംഘടിപ്പിക്കുകയും സൗജന്യമായി മരുന്നു നൽകുകയും ചെയ്തു.

പഞ്ചായത്തിലെ പുറമ്പോക്കു ഭൂമികൾ കെട്ടിടമില്ലാത്ത അംഗൻ വാടികൾക്ക് കെട്ടിടം ഉണ്ടാക്കുന്നതിന്ന് വിട്ടു കൊടുക്കാൻ തീരുമാനമെടുത്തു. ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിക്കുകയാണ്. ജനകീയ ആസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഏത് പ്രവർത്തനവും ഏറ്റെടുക്കാൻ തയ്യാറുള്ള നല്ല വളണ്ടിയർ സേന പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. മാത്രമല്ല എല്ലാറ്റിനും അർപ്പണ മനോഭാവത്തോടെ മുന്നിട്ടിറങ്ങുന്ന സന്നദ്ധ സാംസ്കാരിക സംഘടനകളും പഞ്ചായത്തിൽ ധാരാളമുണ്ട്.

ഗ്രാമസഭകളിൽ നിന്നും നമുക്ക് ലഭിച്ച എണ്ണമറ്റ വികസന പ്രശ്നങ്ങളും പരിമിതമായ വിഭവങ്ങളും വർത്തമാന കാലത്തിന്റെ വെല്ലുവിളിയായി നിലനിൽക്കുകയാണ്. ഈ വെല്ലുവിളി നേരിടാൻ ഉള്ള അവസരം കൈവന്നതിലുള്ള സന്തോഷത്തോടെ **ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ വികസന രേഖ** സവിനയം സമർപ്പിക്കട്ടെ.






2

പഞ്ചായത്ത്: പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	ഊർങ്ങാട്ടിരി, വെറ്റിലപ്പാറ
ബ്ലോക്ക് പഞ്ചായത്ത്	:	അരീക്കോട്
താലൂക്ക്	:	ഏറനാട്
അസംബ്ലി മണ്ഡലം	:	മഞ്ചേരി
വിസ്തീർണ്ണം	:	76.09 ചരതുരശ്ര കി.മീ.
അതിരുകൾ	:	വടക്ക്:കാരശ്ശേരി, കുടരഞ്ഞി പഞ്ചായത്തുകൾ കിഴക്ക് ചാലിയാർ, മമ്പാട്, എടവണ്ണ പഞ്ചായത്തുകൾ തെക്ക്: ചാലിയാർ പുഴ. പടിഞ്ഞാറ്: കീഴു പറമ്പ്, കൊടിയത്തൂർ, കാരശ്ശേരി പഞ്ചായത്തുകൾ.
ജനസംഖ്യ	:	28,878
പുരുഷന്മാർ	:	14340
സ്ത്രീകൾ	:	14538
ജനസാന്ദ്രത	:	380
അക്ഷരാഭ്യാസമുള്ള പുരുഷന്മാർ	:	10737
അക്ഷരാഭ്യാസമുള്ള സ്ത്രീകൾ	:	10180
പട്ടികജാതി പുരുഷന്മാർ	:	1253
പട്ടിജാതി സ്ത്രീകൾ	:	1264
പട്ടികവർഗ്ഗ പുരുഷന്മാർ	:	388
പട്ടിക വർഗ്ഗ സ്ത്രീകൾ	:	376
വാർഡുകൾ	:	12
പ്രസിഡണ്ടിന്റെ പേര്	:	കെ.മുഹമ്മദ്(ചെറിയാപ്പു)
വൈ. പ്രസിഡണ്ടിന്റെ പേര്	:	വി.പി. മുഹമ്മദ്
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ	:	പി.എം.ജോണി പുല്ലന്താനി



3

സാമൂഹിക സാംസ്കാരിക ചരിത്രം

തെക്കുന്നു മലയോട് ചേർന്നു കിടക്കുന്ന ഘോര വനങ്ങൾ നിറഞ്ഞ മൈലാടി, പന്നിയൻ മല, കൊടുമ്പുഴ, ചീങ്കണ്ണിപ്പാലി ഓടക്കയം എന്നിവിടങ്ങളിലേക്ക് നിലമ്പൂർ കാടുകളിൽ നിന്നും കുടിയേറി പാർത്ത ആദിവാസികളുടെ താമസസ്ഥലവും കുടിലും 'ഊര്' എന്നറിയപ്പെട്ടിരുന്നു. ഊര് ഊർങ്ങാട്ടിരി ആവുകയും ഊർങ്ങാട്ടിരി പിന്നീട് ഊർങ്ങാട്ടിരിയാവുകയും ചെയ്തതായി പഴമക്കാർ പറയുന്നു.

ഇന്ന് ഈ മേഖലയിൽ ആദിവാസി കോളനികളുണ്ട്. ഈ ആദിവാസികൾക്കിടയിൽ നാടുവാഴികളും മൂപ്പന്മാരും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവരുടെ പിൻതലമുറയിൽ ഇപ്പോഴും 'നാടുവാഴി' എന്ന പേരിൽ അറിയപ്പെടുന്ന കുടുംബങ്ങളുണ്ട്.

ആദ്യകാലങ്ങളിൽ പുവ്വത്തിക്കൽ, മൈത്ര, മൂർക്കനാട് തെരട്ടമ്മൽ വടക്കും മുറി എന്നിവിടങ്ങളിൽ മാത്രമേ ജനവാസമുണ്ടായിരുന്നുള്ളൂ. എന്നാൽ വെറ്റിലപ്പാറക്കടുത്തുള്ള വിളക്ക് പറമ്പ് എന്ന സ്ഥലത്ത് കണ്ടെടുത്തിട്ടുള്ള പ്രാചീന ക്ഷേത്രാവശിഷ്ടങ്ങളും, ശിലാലിഖിതങ്ങളും ഈ പ്രദേശത്ത് വളരെ വർഷങ്ങൾക്കു മുമ്പു തന്നെ ജനവാസമുള്ളതിന്റെ സൂചന നൽകുന്നു. ഈ പ്രദേശം 'പന്തലങ്ങാടി' എന്ന പേരിലാണത്രെ അറിയപ്പെട്ടിരുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് ഇവിടെ അംശകച്ചേരികൾ നിലവിലുണ്ടായിരുന്നു. ഊർങ്ങാട്ടിരി അംശകച്ചേരിയിലെ ആദ്യത്തെ അധികാരിയായിരുന്നു 'വന്നിലാ പറമ്പത്ത് കേശവൻ നമ്പൂതിരി'. അധികാരിയുടെ ഇല്ലം തന്നെയായിരുന്നു കേച്ചരി ഓഫീസ്. ആ കാലത്ത് 1945 കാലയളവിൽ തെരട്ട വടക്കുംമുറി, തെക്കുംമുറി, മൂർക്കനാട്, ചേലക്കോട് പ്രദേശങ്ങളുടെ മേനോൻ ആയിരുന്നു ഇന്നും ജീവിച്ചിരിക്കുന്ന 'എ.രാഘവൻ നായർ.'

മൈത്ര , പുവ്വത്തിക്കൽ ഭാഗങ്ങളുടെ മേനോനായി കുണ്ടുകുളി കൃഷ്ണൻ നായർ സേവനമനുഷ്ഠിച്ചിരുന്നു. കേശവൻ നമ്പൂതിരിയെ തുടർന്നു വന്നിലാ പറമ്പത്ത് രാമൻ നമ്പൂതിരി അധികാരിയായി മാറുകയുണ്ടായി. 1961-നു ശേഷം അംശകച്ചേരികൾ നിർത്തലാക്കുകയും ഗവ. ഉദ്യോഗസ്ഥന്മാർ ചാർജെടുക്കുകയും ചെയ്തു. ബ്രിട്ടീ

ഷ് ഭരണ കാലത്ത് മലയോര ഭൂമികൾ ഏതാണ്ട് ' കൊയപ്പത്തൊടി', 'കല്ലുവെട്ടി' തുടങ്ങിയ മധ്യ വർത്തികളുടെകൈകളിലായിരുന്നു. മറ്റു ഭൂമികളു ടെ ജന്മികളായിരുന്നു 'തച്ചറക്കൽ തിരുമുൽപ്പാട് തൃക്കളയൂർ ദേവസ്വം' 'ആറ്റുപുറം', നടുവത്തേടം, കിഴക്കുമ്പാടം, ചമ്പാഴി, ഉണ്ണിമുറ ദേവസ്വം എന്നിവർ.

സാധാരണക്കാരായ കർഷകർ 'വാരം' കൊ ടുത്തുകൊണ്ടായിരുന്നു കൃഷി ചെയ്തിരുന്നത്. ഭൂപരിഷ്കരണം നടപ്പിലായതോടെ ഭൂ ഉടമസ്ഥതയിൽ മാറ്റം വരുകയും ജന്മിത്വവും നാ ടുവാഴിത്വവും നാടു നീങ്ങുകയും ചെയ്തു.

കൃഷി ഭൂമിക്കു വേണ്ടിയുള്ള കാർഷിക സമരങ്ങൾ ഈ പ്രദേശത്തും നടന്നതായി പറയാൻ സാധിക്കും. ദേശീയ സ്വതന്ത്ര്യ സമരത്തിന്റെ അലയടികൾ കാര്യമായി ഏശിയിട്ടില്ലാത്ത ഒരു പ്രദേശമാണ് ഊർങ്ങാട്ടിരി. മുന്ന് ഭാഗം പുഴകളും വൻമല നിരകകളും ഘോര വനങ്ങളും ഒറ്റപ്പെടുത്തി യിരുന്ന ഈ പ്രദേശത്തേക്കു ബാഹ്യ ലോകത്തി ന്റെ വെളിച്ചം എത്തിയിരുന്നില്ല.

1921-ലെ മലബാർ കലാപം ഈ പ്രദേശത്തെ കാര്യമായി ബാധിച്ചു എന്ന് പറയാം. നിരവധി കലാ പകാരികളെ ബ്രിട്ടീഷ് പട്ടാളം ജയിലലടക്കുകയോ, അന്തമാനിലേക്ക് നാടു കടത്തുകയോ ചെയ്തതാ യി പറയപ്പെടുന്നു. വെടിയേറ്റ് മരിച്ച ചില പോരാ ളികളും ഈ കുട്ടത്തിലുണ്ട്.

അംശ കച്ചേരികൾ നിലനിന്നിരുന്ന കാലത്ത് നാട്ടിലെ പ്രമാണികളും പൊതു പ്രവർത്തകരും പോലീസിലും മറ്റും സ്വാധീനമുള്ളവരുമായിരുന്നു. പാലത്തിങ്ങൽ ചേകാമുഹാജി, കൊരളിയാടൻ ചെറിയാൻക്ക, ഇടുവാട്ടു മണ്ണിൽ ബീരാൻ കുട്ടി ഹാജി, കൊറളിയാടൻ ചേക്കാലി ഹാജികോളകോ ടൻ മുഹമ്മദ് കുട്ടി, കണ്ണൻ തൊടി കലന്തൻ, മുണ്ടോടൻ ഉമ്മണ്ണി മമ്മദ്, തെഞ്ചീരി ശങ്കരൻ നാ യർ, കൃഷ്ണൻ നായർ പാറക്കൽ കുഞ്ഞാമു തു ടങ്ങിയവർ.

1948-50 കാലയളവിൽ ഊർങ്ങാട്ടിരിയുടെ ചി ല ഭാഗങ്ങളിൽ മലമ്പനി പടർന്നു പിടിക്കുകയുണ്ടാ യി. നിരവധി പേർക്ക് രോഗം പിടിപ്പെട്ട സന്ദർ ഭത്തിൽ ലോകാരോഗ്യ സംഘനയുടെ(WHO) പ്രതിനിധിയായി ആസ് ത്രേയലിയക്കാരൻ ഡോക്ടർ മാരാ സാഹിബും ഭാര്യയും ഊർങ്ങാട്ടി രിയിൽ വരികയും രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തു. അദ്ദേഹവും ഭാര്യയും അരീക്കോട് ടി.ബി.യിൽ താമസിച്ചു ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയുണ്ടാ യി.

വിദ്യാഭ്യാസത്തിൽ പഴയ തലമുറക്കാർ കാര്യ മായ താൽപര്യം കാണിച്ചിരുന്നില്ല. വിദ്യാഭ്യാസ രംഗത്ത് ഒരു തുടക്കമായിരുന്നു. 1921-ൽ ആരംഭി ക്കുകയും 1924-ൽ മലബാർ ബോർഡിംഗിന്റെ അം ഗീകാരം ലഭിക്കുകയും ചെയ്ത മൈത്രയിലെ എം.ബി.എൽ.പി. സ്കൂൾ. ഈ സ്കൂൾ ലഭി ക്കുന്നതിന് വേണ്ടി പ്രയത്നിച്ചവരിൽ പ്രമുഖ വ്യ ക്തിയായിരുന്നു പുന്നക്കണ്ടി മോയിൻ കുട്ടി. 1928-ൽ തെരട്ടമ്മൽ മാപ്പിള എൽ.പി. സ്കൂളും പു വ്വത്തിക്കൽ എഴുത്തച്ഛന്റെ സ്കൂളും നിലവിൽ വരികയുണ്ടായി. പഞ്ചായത്തിലെ സ്കൂളിൽ ചേർന്നു പഠിച്ച ആദ്യത്തെ പഠിതാക്കളായിരുന്നു കൊല്ലത്തൊടി അബുബക്കർ, പുന്നക്കണ്ടി കു ഞ്ഞാറമു, പുന്നക്കണ്ടി മുഹമ്മദദ് എന്നിവർ.

ഊർങ്ങാട്ടിരി ദേശത്തു നിന്നും ആദ്യമായി മ ദ്രാസ്സിൽ നിന്നും ബി.എ. ഡിഗ്രിയെടുത്ത വ്യക്തി യായിരുന്നു ശ്രി. വി.കെ.സി. നാരായണൻ നമ്പൂ തിരി.

1956-നു ശേഷം തിരുവിതാംകുറിൽ നിന്നും ക്രിസ്ത്യാനികൾ മലബാറിലേക്ക് കുടിയേറി പാർ ക്കുകയുണ്ടായി. അവർ ആദ്യം തിരുവമ്പാടിയി ലേക്കും പിന്നീട് ഊർങ്ങാട്ടിരിയുടെ വന പ്ര ദേശങ്ങളിലേക്കും കുടിയേറി പാർത്തു. 1956 ഏ പ്രിലിൽ ആദ്യമായി വന്ന വ്യക്തിയാണ്., പുല്ലന്താ നിണി പാപ്പച്ചൻ. പിന്നീട് വി.വി. തോമസ്, പോൾ ചേട്ടൻ വർക്കിച്ചേട്ടൻ, നെല്ലിക്കാ തെരുവിൽ ചേട്ടാ യി തുടങ്ങിയവർ. വന്യ മൃഗങ്ങളോടും മലമ്പാമ്പി നോടും മല്ലടിച്ചു മണ്ണിൽ അദ്ധ്വാനിക്കുന്ന ഈ ജനത കപ്പ, ഇഞ്ചി, റബ്ബർ കവുങ്ങ് കൃഷി ചെയ്തു മണ്ണിൽ കനകം വിളയിക്കുന്നു. ഇന്ന് ഈ കുടി യേറ്റ മേഖലയിൽ ധാരാളം കുടുംബങ്ങൾ താമസി ക്കുന്നു.

അടുത്ത കാലത്തായി ഈ മേഖലയിൽ കുറെ

വികസന പ്രവർത്തനങ്ങൾ അർപ്പണ മനോഭാവത്തോടെ പ്രവർത്തിച്ചതിനാൽ എത്തിപ്പെട്ടു. അതിൽ പ്രധാനപ്പെട്ടതാണ് 1964-ൽ ചുണ്ടത്തും പൊയിൽ സ്ഥാപിച്ച സ്കൂൾ.

1986-ലെ വെളിച്ച വിപ്ലവം . വികസന രംഗത്ത് എടുത്തു പറയാവുന്ന ഒന്നാണ്.

പിൽക്കാലത്ത് സാമൂഹ്യ, വിദ്യാഭ്യാസ, സാമ്പത്തിക മേഖലയിൽ നിരവധി മാറ്റങ്ങളുണ്ടായി.

അരീക്കോട് ചാലിയാർ പാലം, ചെറുപുഴ പാലം എന്നിവ തുറക്കപ്പെട്ടതോടുകൂടിയാണ് പഞ്ചായത്തിൽ വികസത്തിന് നാന്ദികുറിച്ചത് എന്ന് പറയാം.

തെരട്ട, ഓടക്കയം റോഡും തെരട്ട ഒതായി റോഡും ടാർ ചെയ്തു ഗതാഗത യോഗ്യമായി. ഈ വികസന പ്രവർത്തനങ്ങളിൽ സി.എച്ച്. മുഹമ്മദ് കോയയുടെസേവനങ്ങൾ സ്മരണീയമാണ്.

മലബാർ ഡിസ്ട്രിക് ബോർഡിന്റെ കീഴിലായിരുന്ന ഊർങ്ങാട്ടിരി 1-1-1962-ൽ പഞ്ചായത്തായി നിലവിൽ വന്നു. വി.ജെ. ജോർജ്ജ് ആദ്യത്തെ സ്പെഷ്യൽ ഓഫീസറായി ചാർജെടുത്തു. 1963 ഡിസംബർ 23-നാണ് പ്രഥമ ഭരണ സമിതി നിലവിൽ വന്നത്. എ. മുഹമ്മദ് ഹാജി പ്രസിഡണ്ടും ചെറിയാത്തൻ വൈസ് പ്രസിഡൻറുമായിരുന്നു.

മെമ്പർമാർ

1. കെ.ആദൻ കുട്ടി. 2. സി.വേലായുധൻ നായർ. 3. എം.ടി. മുഹമ്മദ് കുട്ടി. 4. പി.പി. ഹസ്സൻ ഹാജി. 5. എ. അബൂബക്കർ . 6. കെ. ഇമ്പിച്ചാലി ഹാജി.

1964 ജനുവരി 18-ന് ചേർന്ന പഞ്ചായത്ത് ബോർഡ് യോഗം മങ്ങാട്ട് തൊടി പാത്തുമ്മയെ ആദ്യത്തെ വനിതാ മെമ്പറായി നോമിനേറ്റ് ചെയ്തു.

1964-ൽ അന്നത്തെ ആറാം വാർഡായ തെഞ്ചീരിയിൽ നിന്നും ആദത്തെ ഉപ തെരഞ്ഞെടുപ്പിൽ കെ.കെ.ബീരാൻ തെരഞ്ഞെടുക്കപ്പെട്ടു. 1964 വരെ പഞ്ചായത്ത് ഓഫീസ് നിലനിന്നിരുന്ന സ്ഥലവും ആസ്ഥാനവും മൈത്രയായിരുന്നു. പിന്നീടാണ് ഓഫീസ് തെരട്ടമ്മലിലേക്ക് മാറ്റിയത്.

1-8-1977-ൽ കീഴ് പറമ്പ് പഞ്ചായത്ത് രൂപീകൃതമാകുന്നതു വരെ കീഴ് പറമ്പ് പ്രദേശവും ഊർങ്ങാട്ടിരിയുടെ ഭാഗമായിരുന്നു. 1977 മുതൽ 79 വരെ പഞ്ചായത്ത് നോമിനേറ്റഡ് ഭരണ സമിതിയായിരുന്നു.

രണ്ടാമത്തെ ഭരണ സമിതി 1979 സപ്തംബർ 19-ന് വി.വി. തോമസ് പ്രസിഡണ്ടും കെ. മുഹമ്മദ് ചെറിയാപ്പു വൈസ് പ്രസിഡൺൻറുമായി നിലവിൽ വന്നു.

മെമ്പർമാർ

1. മേരി ആഗസ്തൃൻ. 2. വൈ.പി. മോയിൻ കുട്ടി. 3. എൻ.കെ. ഷൗക്കത്തലി. 4. മുണ്ടേടൻ ഇബ്രാഹിം.(കുഞ്ഞാപ്പു). 5. കെ. മൊയ്തീൻ കുട്ടി. 6. എരുമാടൻ നീലാണ്ടൻ. 7. ബി.കെ. റസാഖ്.

ഇതേ ഭരണ സമിതിയിൽ 1982 ജൂലായ് 14-ന് കെ. മുഹമ്മദ് ചെറിയാപ്പു പ്രസിഡണ്ടും മേരി അഗസ്തൃൻ വൈസ് പ്രസിഡണ്ടുമായി.

മൂന്നാമത്തെ ഭരണ സമിതി 1988 ഫെബ്രുവരി 5-ന് എൻ. കെ. ഷൗക്കത്തലി പ്രസിഡണ്ടും, ബി. കെ. അബ്ദുറസ്സാഖ് വൈസ് പ്രസിഡൻറുമായി നിലവിൽ വന്നു.

മെമ്പർമാർ

1. പി.കെ. ജോസ്. 2. പി.വി. കുട്ടി കണ്ഠൻ. 3. എം. പുത്തുമ്മ ക്കുട്ടി. 4. എം. ഇബ്രാഹീം(കുഞ്ഞാപ്പു). 5. എം. അബ്ദുൽ കരീം. 6. കെ. മുഹമ്മദ് ചെറിയാപ്പു. 7.സിവിജയൻ. 8. പാർവ്വതി.

ഈ ഭരണ സമിതിയുടെ കാലാവധി 1994 ഫ്രെബ്രുവരി 4-ന് അവസാനിച്ചു.

1994 ഫെബ്രുവരി 16 മുതൽ എൻ.കെ. ഷൗക്കത്തലി പ്രസിഡണ്ടായുള്ള അഡ്മിനിസ്ട്രേറ്റീവ് ബോർഡ് നിലവിൽ വന്നു. 1994 മാർച്ച് 19-ന് സ്പെഷ്യൽ ഓഫീസറായി വി. ഹംസ ചാർജെടുത്തു.

ഇപ്പോൾ നിലവിലുള്ള കെ. മുഹമ്മദ് ചെറിയാപ്പു പ്രസിഡൻറും, വി.പി. മുഹമ്മദ വൈസ് പ്രസിഡൻറും പി.എം. ജോണി സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാനുമായ ഭരണ സമിതി 1955 ഒക്ടോബർ 2-നാണ് നിലവിൽ വന്നത്.

മെമ്പർമാർ.

1.എം.വി. എൽസി. 2. എം. റസീന. 3.എൻ. കെ. ഷൗക്കത്തലി. 4. ഉഴുന്നൻ നഫീസ. 5. പി.അഹമ്മദ് കുട്ടി. 6.എം. സഹീദ. 7.അഞ്ഞങ്ങാടൻ അബ്ദുറഹിമാൻ. 8. പി.വി. കുട്ടിമാരൻ. 9. കെ. അബൂബക്കർ ഹാജി.


സന്നദ്ധ പ്രവർത്തന മേഖല

സന്നദ്ധ സംഘടനകൾ നാടിന്റെ വികസനത്തിന് നൽകിയ സേവനങ്ങൾ ധാരാളമുണ്ട്. ഊർങ്ങാട്ടിരി പഞ്ചായത്തിലെ മലയോര പ്രദേശമായ ചുണ്ടത്തും പൊയിൽ, പനം പിലാവ് എന്നിവിടങ്ങളിലെ ഗതാഗത പ്രശ്നത്തിന് പരിഹാരമായി നാട്ടുകാർ ശ്രമദാനമായി വെട്ടിയ റോഡാണ് തേക്കും ചോട് ചുണ്ടത്തുപൊയിൽ റോഡ്.കുടിയേറ്റ മേഖലയായ വെറ്റിലപ്പാറ ചുണ്ടത്തുംപൊയിൽ വാർഡുകളിൽ ഇന്നുള്ള എല്ലാ റോഡുകളും പൊതുജന പങ്കാളിത്തത്തോടെ പൂർത്തീകരിച്ചതാണെന്ന് പറയാം.

മൈത്ര മുർക്കനാട് റോഡിന്റെ പണിയും തുടക്കം കുറിച്ചത് ശ്രമദാനത്തിലൂടെയായിരുന്നു.

ചുണ്ടത്ത് ഊടുവഴിപ്പാലം-കുത്തുപറമ്പ് റോഡും നാട്ടുകാർ ശ്രമദാനത്തിലൂടെ വെട്ടിയതാണ്.

കൂത്തുപറമ്പ്-കുനിമൽ മണ്ണാത്തിത്തുറ റോഡും വടക്കും മുറി, തോട്ടുമുക്കം റോഡിൽ കുഴിനക്കി പാറ പാലവും, വെറ്റിലപ്പാറ, ചെരങ്ങിൽ റോഡിൽ ചെറുപഴക്ക് പാലവും നാട്ടുകാരുടെ ശ്രമഫലമായി ജനപങ്കാളിത്തത്തോടെ നിർമ്മിച്ച ഇന്ദിരാവികാസ് പത്രയിൽ ജനങ്ങൾ ഡെപ്പോസിറ്റ് നൽകുകയും അതിൽ നിന്ന് ലഭിച്ച കൂടുതൽ പണം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പ്രസ്തുത പാലങ്ങൾ നിർമ്മിച്ചത്. ഇങ്ങനെ ഒട്ടനവധി പദ്ധതികൾ ശ്രമദാനങ്ങളിലൂടെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.



4

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

മലപ്പുറം ജില്ലയുടെ വടക്കു ഭാഗത്ത് കോഴിക്കോട് ജില്ലയോടു തൊട്ടുരുമ്മി നിൽക്കുന്ന 3 ഭാഗം പുഴകളാലും 1 ഭാഗം മലയാലും പ്രകൃതി തന്നെ അതിരിട്ടനുഗ്രഹിച്ച പഞ്ചായത്താണ് ഊർങ്ങാട്ടിരി. കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ, കാരശ്ശേരി, കുടരഞ്ഞി പഞ്ചായത്തുകളും മലപ്പുറം ജില്ലയിലെ ചാലിയാർ, മമ്പാട്, എടവണ്ണ, കാവന്നൂർ, അരീക്കോട്, കീഴുപറമ്പ് പഞ്ചായത്തുകളും വിവിധ ഭാഗങ്ങളിൽ പഞ്ചായത്തിന്റെ അതിർത്തികളിലായി നിലകൊള്ളുന്നുണ്ട്.

പശ്ചിമ ഘട്ട മല നിരകളുടെ ഭാഗമായ 2060 അടി വരെ ഉയരമുള്ള കുന്നുകൾ വടക്ക് വെണ്ടേക്കും പൊയിൽ മുതൽ പനം പിലാവ്, വെറ്റിലപ്പാറ, ചെക്കുന്ന് മലനിരകളിലൂടെ തെക്ക് ഭാഗത്ത് ചാലിയാർ പുഴ വരെ നീണ്ടു കിടക്കുന്നതും പടിഞ്ഞാറ്, തെക്ക് ഭാഗങ്ങളിലായി ചാലിയാർ പുഴയും ചെറുപുഴയാലും ചുറ്റപ്പെട്ടു കിടക്കുന്ന പഞ്ചായത്താണ് ഊർങ്ങാട്ടിരി.

വെണ്ടേക്കും പൊയിൽ പ്രദേശം പ്രകൃതി രമണീയമാണ്. ടൂറിസം വികസനത്തിനു സാധ്യതയുള്ള പ്രദേശങ്ങളാണ് വെണ്ടേക്കും പൊയിലും, ചെറുപുഴ ഉത്ഭവിക്കുന്ന മഞ്ചേരി കുളവും.

ഭൂമിശാസ്ത്രപരമായി അസ്ഥിരമായ ചെക്കുന്നു മലനിരകളിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ 3 പ്രാവശ്യം ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ വടക്ക് കുടരഞ്ഞി കാരശ്ശേരി പഞ്ചായത്തുകളും കിഴക്ക് ചാലിയാർ മമ്പാട് എടവണ്ണ പഞ്ചായത്തുകളും തെക്ക് ചാലിയാർ പുഴയും പടിഞ്ഞാറ് കിഴുപറമ്പ് കൊടിയത്തൂർ, കാരശ്ശേരി പഞ്ചാത്തുകളുമാണ്.

മൊത്തം വിസ്തീർണ്ണം 7609 ഹെക്ടറാണ്.

സ്വാഭാവിക ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിലെ മൊത്തം സ്ഥലങ്ങളും ഉയർന്ന ഭൂവിഭാഗമായി (High Land) പരിഗണിക്കപ്പെടുന്നു.

ഭൂപ്രകൃതി അനുസരിച്ച് ഊർങ്ങാട്ടിരി പഞ്ചായത്തിനെ എട്ടു മേഖലകളായി തിരിക്കാം.

1.	ഉയർന്ന മലകൾ	3000 ഹെക്.	39.43%
2.	ഉയർന്ന സമതലം	100 ഹെക്.	1.32%
3.	ഇടത്തരം ചെരിവ്	1000 ഹെക്.	13.13%
4.	ചെറുചെരിവ്	1500 ഹെക്.	19.71%
5.	സമതലങ്ങൾ	300 ഹെക്.	3.94%
6.	താഴ്വരകൾ	600 ഹെക്.	7.89%

7.	വെള്ളം കയറുന്ന സമതലങ്ങൾ	100 ഹെക്.	1.32%
8.	തീര സമതലം.	1009 ഹെക്.	13.26
		7609	100

നമ്മുടെ പഞ്ചായത്തിൽ 25% സ്ഥലത്ത് കറുത്ത മണ്ണും 60% ചെങ്കല്ല് (Late rate) മണ്ണും 15% നദീ തട എക്കൽ മണ്ണുമാണ്.

ജനപ്രകൃതി

1991-ലെ സെൻസസ് രേഖകൾ പ്രകാരം ജനസംഖ്യ 28878 ആണ്. പുരുഷന്മാർ 14340 സ്ത്രീകൾ 14538-മാണ്. പുരുഷനെ അപേക്ഷിച്ച് 198 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകളുടെ എണ്ണം 5073ഉം കുടുംബങ്ങൾ 5089ഉമാണ്. ശരാശരി ഒരു വീട്ടിൽ 5 മുതൽ 6 വരെ അംഗങ്ങളുണ്ട്. ജനന സാന്ദ്രത 388 ആയിരുന്നു. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 5073ഉം ഇതിൽ ആൺ കുട്ടികൾ 2614ഉം പെൺകുട്ടികൾ 2459 മായിരുന്നു. പട്ടിക ജാതി അംഗങ്ങൾ 2517 ആണ്. ഇതിൽ പുരുഷന്മാർ 1253 ഉം സ്ത്രീകൾ 1264 മായിരുന്നു. പട്ടിക വർഗ്ഗ അംഗങ്ങൾ 764 ആയിരുന്നു. പുരുഷന്മാർ 388 ഉം സ്ത്രീകൾ 376 ഉം ആയിരുന്നു.

സാക്ഷരത

ആകെ ജനങ്ങളിൽ 20917 പേർ സാക്ഷരരാണ്. 10737 പുരുഷന്മാരും 10180 സ്ത്രീകളുമാണ്.

സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം 31693 ജനസംഖ്യയുണ്ട്.

വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് ഊർങ്ങാട്ടിരി.

വിദ്യാഭാസം നേടുന്ന ആളുകളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും നിലവാരം കുറഞ്ഞു വരുന്ന സ്ഥിതി വിശേഷം മാറ്റിയെടുക്കണം.

അഭ്യസ്ഥ വിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി ഇതിനു പരിഹാരം കാണേണ്ടതുണ്ട്.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന കാർഷിക രംഗം ആദായകരമല്ലാതായതോടെ മറ്റു തൊഴിൽ മേഖലകളിലേക്കുള്ള കടന്നു കയറ്റം വർദ്ധിച്ചിരിക്കുകയാണ്. പ്രധാനമായും കെട്ടിട നിർമ്മാണ രംഗത്തേക്കാണ് കടന്നു കയറ്റം നടന്നുകൊണ്ടിരിക്കുന്നത്.

പഞ്ചായത്തിലെ മുക്കംകടവ് ഒരു വാണി ജ്യ കേന്ദ്രമായിരുന്നു. നേന്ത്രക്കായ വ്യവസായത്തിനു പേരു കേട്ട സ്ഥലമായിരുന്നു. ധാരാളം ആളുകൾ ഈ രംഗത്തു തൊഴിലെടുക്കുന്നവരായിട്ടുണ്ടായിരുന്നു.

അരീക്കോട് പാലം തുറക്കപ്പെട്ടതോടുകൂടി ഇതു വഴിയുള്ള ജലഗതാഗതം അവസാനിച്ചപ്പോൾ ഈ വാണിജ്യ കേന്ദ്രം നശിക്കുകയാണുണ്ടായത്.

സാമൂഹ്യ സംഘടകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സാക്ഷരതാ പ്രവർത്തകരുടെയും ശ്രമഫലമായി ആദിവസി മേഖലകളിൽ നിലനിന്നിരുന്ന അയിത്തം തുടങ്ങിയ ദുരാചാരങ്ങൾ മാറ്റിടുക്കാൻ സാധിച്ചിട്ടുണ്ട്.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 3660.4 മി.മീ. മഴ ഊർങ്ങാട്ടിരിയിൽ ലഭിക്കുന്നു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂലായ് മാസത്തിലാണ് 533. മിമീ. ഏറ്റവും കുറവ് മാർച്ച് മാസത്തിലും 63.2 മാണ്.

ജൂലായ് ആഗസ്ത് മാസങ്ങളിൽ കരകവിഞ്ഞൊഴുകുന്ന ചാലിയാറിന്റെ തീര പ്രദേശങ്ങളിൽ വെള്ളപ്പൊക്കം സാധാരണയാണ്. ഇതുമൂലം ഒന്നാം വിള നെൽകൃഷി ചെയ്യുന്ന സ്ഥലം ആകെ നെൽപ്പാടങ്ങളുടെ പകുതിയിൽ താഴെ മാത്രമായി ചുരുങ്ങുന്നു.

പഞ്ചായത്തിലെ തെക്കു ഭാഗത്തുള്ള ചാലിയാറും പടിഞ്ഞാറു ഭാഗത്തുള്ള ചെറുപുഴയിലും പഞ്ചായത്തിലെ എല്ലാ തോടുകളും ചെന്നു ചേരുന്നു.

പഞ്ചായത്തിലെ പ്രധാന തോടുകൾ

മൈത്ര വലിയതോട്, കാരാതോട്, ആദാടിതോട്, ചെറുപുഴ കഴിവഴികൾ എന്നിവയാണ്. കൂടാതെ 175 കുളങ്ങളും 1500 കിണറുകളും കൂടി ചേർന്നതാണ് ഉപരിതല ജല സ്രോതസ്സുകൾ.


ഏപ്രിൽ മെയ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. ഉള്ളുപറമ്പ്, മുള്ളുങ്കാട് എടക്കാട്ടുപറമ്പ് മാണിതൊടിക എന്നീ പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്.

5

സാമൂഹിക സാമ്പത്തിക മേഖലകൾ


"ഓരോരുത്തരും അവരവരുടെ
നെറ്റിവിയർക്കെ പണിയെ
ടുത്തു ജീവിച്ചെങ്കിൽ ഭൂമി
സ്വർഗമായി മാറുമായിരുന്നു."

–ഗാന്ധിജി



"പ്രകൃതി നിയമങ്ങളെ ബോധ
പൂർവ്വമോ അജ്ഞത
കൊണ്ടോ ലംഘിക്കുന്നിൽ
നിന്നാണ് സുഖക്കേടുകൾ
ഉണ്ടാകുന്നത്."

–ഗാന്ധിജി



5.1

കൃഷിയും ജലസേചനവും

ഊർങ്ങാട്ടിരി പഞ്ചായത്ത് തികച്ചും കാർഷിക പിന്നോക്ക ഗ്രാമ പഞ്ചായത്താണ്. ഈ പഞ്ചായത്തിന്റെ അതിരുകൾ തെക്കു ഭാഗം ചാലിയാർ പുഴയും, പടിഞ്ഞാറു ഭാഗം ചാലിയാർ പുഴയും ചെറുപുഴയും, വടക്കു കിഴക്ക് ഭാഗങ്ങൾ സമുദ്രനിരപ്പിൽ നിന്നും 2060 അടി വരെ ഉയരമുള്ള മലനിരകളുമാണ്.

മലനിരകളും താഴ്വരകളും നെൽവയലുകളും ഇടകലർന്നു കിടക്കുന്ന പ്രകൃതി മനോഹരമായ ഒരു ഭൂപ്രദേശമാണിത്. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 7609 ഹെക്ടർ ആണ്.

ഇവിടെ ഭൂരിഭാഗം ഭൂ ഉടമകളും ചെറുകിട, നാമമാത്ര കർഷകരാണ്.

പട്ടിക.1.

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം ഹെക്ടറിൽ
1	ഒരു ഹെക്ടറിൽ താഴെ	3200	1120
2.	1.ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ	1600	2000
3.	രണ്ട് ഹെക്ടറിനു മുകളിൽ	500	1524-146

ഈ പ്രദേശം 60% കുന്നിൻ ചെരിവുകളും 40% താഴ്വരകളുമാണ്. മുഖ്യ കൃഷികൾ നെല്ല്, തെങ്ങ് കുരുമുളക്, കമുക് എന്നിവയും ഇടവിളയായി ഇഞ്ചി, മഞ്ഞൾ പച്ചക്കറികൾ, വാഴ എന്നിവയും കൃഷി ചെയ്തിരുന്നു. 1956-57 കാലഘട്ടം മുതൽ മദ്ധ്യ കേരളത്തിൽ നിന്നും അദ്ധ്വാനശീലരായ കർഷകരുടെ വരവോടു കൂടി കാർഷിക മേഖലയിൽ കാതലമായ മാറ്റങ്ങൾ ഉണ്ടായി. ഇപ്പോൾ 30% ത്തോളം കുടിയേറ്റ കർഷകരാണ് ഇവിടെയുള്ളത്. ഇവിടത്തെ ജനങ്ങളുടെ മുഖ്യ ഉപജീവനമാർഗ്ഗം കൃഷിയാണ്. നെല്ല്, വാഴ, മരച്ചീനി, തെങ്ങ്, കമുക്, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ പ്രധാനമായും കൃഷി ചെയ്തിരുന്നു. ഇവിടത്തെ ഭൂവുടമകൾ വൻകിട ജന്മിമാരായിരുന്നു. ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്നതോടുകൂടി കൃഷിഭൂമിയിൽ കർഷകന് അവകാശം ലഭിക്കുകയും നാണ്യ വിളകൾ കൃഷി ചെയ്യാനും ആരംഭിച്ചു. അതോടനുബന്ധിച്ച് റബ്ബർ, കുരുമുളക്, കൊക്കോ, തെങ്ങ് എന്നിവ വ്യാപകമായി കൃഷിയിറക്കി. മലമ്പനി മുതലായ മാരക രോഗങ്ങളെയും, കാട്ടു മൃഗങ്ങളുടെ ശല്യങ്ങളെയും അതിജീവിച്ചു കൃഷിയിറക്കുന്നതിൽ കർഷകർ താൽപര്യം കാട്ടിയിരുന്നു. നാടൻ വിത്തിനങ്ങളാണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. തന്മൂലം വേണ്ടത്ര ഉൽപാദനം ലഭിക്കാത്തതിനാൽ കർഷകർ മുഴുപ്പട്ടിണിയിലായി. പ്രതികൂല കാലാവസ്ഥയും ഗതാഗത സൗകര്യങ്ങളുടെ പരിമിതി എന്നിവയും ഇതിന്

(അവലംബം: നാട്ടറിവ്, കൃഷി ഭവൻ രേഖകൾ, ബാങ്ക് റിക്കാർഡ് വിഭവ ഭൂപടങ്ങൾ)

കാരണങ്ങളാണ്.

പിൽക്കാലങ്ങളിൽ സാഡു, റബ്ബർ ബോർഡ്, സഹകരണ ബാങ്ക്, ഏറനാട് കാർഷിക വികസന ബാങ്ക്, കനാറാ ബാങ്ക് എന്നിവയുടെ പ്രോത്സാഹനവും സാമ്പത്തിക സഹായവും മൂലം കർഷകർ കൃഷി രംഗത്ത് വീണ്ടും സജീവമായി. നിർഭാഗ്യമെന്നു പറയട്ടെ പ്രകൃതി ക്ഷോഭം, വരൾച്ച, കാട്ടു മൃഗങ്ങളുടെ ശല്യം, കാട്ടു തീ എന്നിവ പ്രതികൂല സാഹചര്യങ്ങൾ കൃഷിക്കാരുടെ പരിധിയിൽ നിന്ന് തരണം ചെയ്യാൻ കഴിയാതെ വന്നതിനാൽ ഇന്നും കർഷകർ തീരാദു:ഖത്തിലാണ്. ഇതിന്റെ ഫലമായി കർഷകർ ബാങ്കുകളുടെ കട ക്കെണിയിലും അകപ്പെട്ടു കഴിയുന്നു.

പട്ടിക 2

ഇപ്പോൾ നിലവിലുള്ള വിളകളുടെ പട്ടിക

നമ്പർ	വിള	വിസ്തീർണ്ണം
1	നെല്ല്	190 ഹെക്ടർ
2.	പയർ	10 ഹെക്ടർ
3	എള്ള്	5 ഹെക്ടർ
4	പച്ചക്കറികൾ	30 ഹെക്ടർ
5	തെങ്ങ്	3300 ഹെക്ടർ
6	വാഴ	163 ഹെക്ടർ
7	മരച്ചീനി	20 ഹെക്ടർ
8	കുരുമുളക്	50 ഹെക്ടർ
9	പ്ലാവ്	5000 എണ്ണം
10	കശുമാവ്	275 ഹെക്ടർ
11	റബ്ബർ	900 ഹെക്ടർ
12	കവുങ്ങ്	800 ഹെക്ടർ
13	കൊക്കോ	15 ഹെക്ടർ
14	ഇഞ്ചി	15 ഹെക്ടർ

കൃഷിയുടെ ലഘുവിവരണം

190 ഹെക്ടർ സ്ഥലത്ത് ഒന്നാം വിളയും രണ്ടാം വിളയും 6 ഹെക്ടർ സ്ഥലത്ത് മൂന്നാം വിളയും നെൽ കൃഷി കൃഷി ചെയ്തു വരുന്നു. ഇത് മഴയെ മാത്രം ആശ്രയിച്ചിരിക്കുന്നു. കാലവർഷം ആരംഭിക്കുമ്പോൾ ചാലിയാറും, ചെറുപഴയും കരകവിഞ്ഞൊഴുകുകയും വെള്ളംവയലിൽ കയറി കൃഷിക്ക് ഗണ്യമായ നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ഇന്നത്തെ സാഹചര്യത്തിൽ വർദ്ധിച്ച കൃഷിച്ചിലവുകളും ആധുനിക യന്ത്രവൽകൃത സൗകര്യങ്ങൾ നിലവിലില്ലാത്തുകൊണ്ടും രാസവള കീടനാശിനികളുടെയും അമിത വിലയും, പരിചയ സമ്പന്നരായ കർഷത്തൊഴിലാളികളുടെ ദൗർലഭ്യവും വരൾച്ച മുതലായ പ്രകൃതി ക്ഷോഭവും രോഗകീടങ്ങളുടെ വർദ്ധനവും നെൽ കൃഷി ലാഭകരമല്ലാതായി. ആയതിനാൽ വയലുകൾ 10 വർഷത്തോളമായി മണ്ണിട്ടു നികത്തി പാർപ്പിടത്തിന്നും നാണ്യ വിള കൃഷിക്കുമായി ഉപയോഗിച്ചു വരുന്നു.

നെൽവയലുകളിൽ വാഴ, പച്ചക്കറി മുതലായവ കൃഷി ചെയ്യുന്നു. മുകളിൽ പറഞ്ഞ ദോഷ ഫലങ്ങളും ജല സേചന സൗകര്യങ്ങൾ ഇല്ലാത്തതിനാലും കർഷകർ ഈകൃഷിയിൽ നിന്നും പിന്തിരിഞ്ഞു വരുന്നു. പഞ്ചായത്തിൽ ഇക്കഴിഞ്ഞ 10 വർഷത്തിനിടക്ക് സുമാർ 20 ഹെക്ടർ നെൽ വയൽ മണ്ണിട്ട് നികത്തിയതായി കണക്കാക്കുന്നു.

തെങ്ങ്

3300 ഹെക്ടർ സ്ഥലത്താണ് തെങ്ങ് കൃഷിയുള്ളത്. ഒരു തെങ്ങിൽ നിന്നു ം ശരാരാശരി 40 തേങ്ങയാണ് ഉൽപാദനം. ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാൻ കർഷകർ കാര്യാനാദ്ധ്യാനം ചെയ്യുന്നു. ഉയർന്ന പ്രദേശങ്ങളിൽ ജലസേചന പരിമിതിയും വരൾച്ചയും കുമ്പു ചീയൽ, ചെന്നീരൊലിപ്പ് എന്നിവയും തെങ്ങു കൃഷിയെ സാരമായി ബാധിക്കുന്നു.

കമുങ്ങ്

800 ഹെക്ടർ സ്ഥലത്താണ് കമുങ്ങ് കൃഷിയുള്ളത്. ഒരു ഹെക്ടറിൽ നിന്നും ശരാശരി 300 കി.ഗ്രാം പച്ച അടക്കയാണ് ഉൽപാദനം. ഈ കൃഷിയെ ബാധിക്കുന്ന പ്രതികൂല ഘടകങ്ങൾ വരൾച്ച ജലസേചനക്കുറവ്, അമിതമായ കുലിച്ചിലവ്, വളം കീടനാശിനി എന്നിവയുടെ വില വർദ്ധനവ്, അനിയന്ത്രിതമായ മാഹാളി രോഗം എന്നിവയാണ്. ഇതിന് ഗവൺമെന്റ് ഭാഗത്തു നിന്നുള്ള സഹായം പരിമിതവുമാണ്.

റബ്ബർ

900 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തു വരുന്നു.

ശരാശരി ഉൽപാദനം ഹെക്ടറിന് 850 കി.ഗ്രാം മാത്രമാണ്. കർഷകർ സാമ്പത്തികമായി ബുദ്ധിമുട്ടുന്നതിനാൽ യഥാവിധി വളങ്ങൾ ചേർക്കാനോ കൃഷി പരിപാലന മുറകൾ നടത്താനോ സാധിക്കുന്നില്ല! അതിനാൽ ഉൽപാദനം ലാഭകരമല്ല. 15% റബ്ബർ കർഷർ അന്യപഞ്ചായത്തിൽ താമസക്കാരാണ്. പ്രകൃതി ക്ഷോഭം(കൊടുങ്കാറ്റ്) മൂലം ഒരോ വർഷവും ധാരാളം റബ്ബർ കൃഷി നശിച്ചുപോകുന്നു. ഇക്കാരണങ്ങളാൽ ഈ കൃഷിയിൽ ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ല!

കുരുമുളക്

600 ഹെക്ടർ സ്ഥലത്ത് മുൻകാലങ്ങളിൽ ഇവിടെ കുരുമുളക് കൃഷി ചെയ്തു വന്നിരുന്നു. കഴിഞ്ഞുപോയ ആറ് ഏഴ് വർഷം കൊണ്ട് ധൃതവാട്ടം മൂലം ഇന്ന് ഈ കൃഷി നാമമാത്രമായി ചുരുങ്ങിയിട്ടുണ്ട്. ആയതിനാൽ കുരുമുളക് കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്.

കശുമാവ്

ഈ പഞ്ചായത്തിലിപ്പോൾ 275 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിയുണ്ട്. ഇതിന്റെ ഉൽപാദനം ഹെക്ടർ പ്രതി 2400 കി.ഗ്രാം ആണ്. എന്നാൽ പുതിയ. ഇനങ്ങൾ ഉപയോഗിച്ചുള്ള കശുമാവു കൃഷി 30 ഓളം ഹെക്ടറിൽ ഒതുങ്ങി നിൽക്കുന്നു.

ഈ വിള വളരെയധികം വിജയ സാധ്യതയുള്ള ഒന്നാണ്. പഞ്ചായത്തിലെ തരിശു ഭൂമികൾ മുഴുവനും, പുതിയ ഇനങ്ങൾ കശുമാവ് കൃഷി വ്യാപിപ്പിക്കേണ്ടതാണ്.

സുഗന്ധ ദ്രവ്യങ്ങൾ

ജാതി, ഗ്രാമ്പു, കൊക്കോ, ഇഞ്ചി മുതലായവ കൃഷി ചെയ്യാൻ പര്യാപ്തമായ മേഖലകൾ ഈ പഞ്ചായത്തിലുണ്ട്. കുടാതെ ഇട വിളകളായി പയർ, എള്ള്, പച്ചക്കറി, വാഴ, മരച്ചീനി എന്നിവയും ചിലയിടങ്ങളിൽ കൃഷി ചെയ്തു വരുന്നു.

വളം

സ്വകാര്യ മേഖലയിൽ രണ്ടു രാസവള വിപണന കേന്ദ്രങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. കൃഷിക്ക് 90% രാസവളങ്ങളാണ് ഉപയോഗിക്കുന്നത്. ഈ അശാസ്ത്രീയമായ വള പ്രയോഗം മണ്ണിന്റെ ഗുണ മേന്മ കുറക്കുന്നതോടൊപ്പം കാർഷിക ചിലവ് വർദ്ധിക്കുന്നതിനും ഇടയാവുന്നു. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വള പ്രയോഗം വിരളമാണ്. കഴിഞ്ഞ മുന്ന് വർഷങ്ങളിലെ വളത്തിന്റേയും കീടനാശിനികളുടെയും വിൽപനയുടെ വിവരം പട്ടിക രൂപത്തിൽ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 3

വളം കീടനാശിനി വിതരണം

സ്ഥാപനത്തിന്റെ വിവരണം	1993-94			1994-95			1995-96		
	രാസവളം കി.ഗ്രാം	കീടനാശിനി ഖരം	കീടനാശിനി ദ്രാവകം	രാസവളം കി.ഗ്രാം	കീടനാശിനി ഖരം	കീടനാശിനി ദ്രാവകം	രാസവളം കി.ഗ്രാം	കീടനാശിനി ഖരം	കീടനാശിനി ദ്രാവകം
സ്വകാര്യ മേഖല	210000	750 കി	125ലി	170000	600 കി	100ലി	175000	500 കി.	80 ലി

കീടനാശിനികൾ

നെല്ല് പച്ചക്കറി, വാഴ, റബ്ബർ, കവുങ്ങ്, കശുമാവ്, കുരുമുളക് എന്നീ വിളകൾക്ക് കീടനാശിനികൾ ധാരാളം ഉപയോഗിച്ചു വരുന്നു. കീനടനാശിനികളുടെ അമിതവും അശാസ്ത്രീയവുമായ ഉപയോഗം പല രോഗങ്ങൾക്കും പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നു.

കാർഷിക ഉപകരണങ്ങൾ

ഈ പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള കാർഷികോപകരണങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക.3

വാർഡ് നമ്പർ	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക് സ്പെപ്രെയർ	പവ്വർ സ്പ്രെയർ	മെതിയന്ത്രം	തെങ്ങുകയറ്റു യന്ത്രം	പോർട്ടബിൾ പമ്പ് സെറ്റ്
1	-	-	-	20	10	1	-	1	1
2	-	-	-	10	8	4		1	6
3	-	-	6	5	7	-	-	-	10
4	-	-	10	3	10	-	-	-	6
5	-	-	20	6	5	-	-	-	3
6	-	-	12	4	6	-	-	-	2
7	2	-	13	2	8	-	-	1	4
8	-	-	9	1	4	-	-	-	3
9	1	-	8	1	3	-	-	-	4
10	-	-	16	4	6	1	-	1	10
11	-	1	20	2	5	-	-	-	3
12	-	-	6	4	5	-	-	-	2

പഴമക്കാർ ഉപയോഗിച്ചു വന്ന കർഷികോപരണങ്ങൾ ഇന്ന് കൃഷി ഭൂമിയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

കൃഷി സമിതികൾ

കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച കേരവികസന സമിതി, റബ്ബർ കർഷകരെ സഹായിക്കാനായി ഈ പഞ്ചായത്തിൽ മൂന്ന് റബ്ബർ ഉൽപാദക സഹകരണ സംഘങ്ങൾ, 7 പാഠശേഖരസമിതികൾ, കുരുമുളക് വികസന സമിതി എന്നിവ പ്രവർത്തിച്ചു വരുന്നു.

കാർഷിക വായ്പ

ഒരു സഹകരണ ബാങ്കും കനറാ ബാങ്കിന്റേയും ഗ്രാമീണ ബേങ്കിന്റെയും ഓരോ ശാഖ വീതവും ഈ പഞ്ചായത്തിന്റെ പരിധിയിൽ വരുന്നു. ഇതുകൂടാതെ ഏറനാട് കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നു. കാർഷിക വായ്പകൾ കൃഷിക്ക് തന്നെ ഉപയോഗിക്കുന്നു എങ്കിലും പ്രകൃതി ക്ഷോപവും അശാസ്ത്രീയ കൃഷി രീതികളും മൂലം യഥാവിധി ആദായം ലഭിക്കായ്കയാൽ, കാർഷിക കടങ്ങൾ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ കർഷകർ വിഷമിക്കുന്ന ഒരു സ്ഥി

തിയാണ് ഇന്നുള്ളത്.

ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. കാലവർഷത്തിലും തുലാവർഷത്തിലും ഇവിടെ നന്നായി മഴ ലഭിക്കാറുണ്ട്. ഇവിടെയുള്ള എല്ലാ തോടുകളും ചാലിയാറിൽ ആണ് പതിക്കുന്നത്. പഞ്ചായത്തിന്റെ ഒരതിരിൽ കൂടി ചാലിയാറും, മദ്ധ്യഭാഗത്തു കൂടി ചെറു പുഴയും ഒഴുകുന്നു. വേനൽ കാലത്ത് ചെറുപുഴ വറ്റി വരളുന്നു.

മണ്ണ് ജല സംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകളിട്ടും മരങ്ങൾ വച്ചു പിടിപ്പിച്ചും പറമ്പ് കൊത്തിയിളക്കിയുമാണ് മണ്ണ് ജല സംഭരണ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജീവിത ക്രമത്തിലുണ്ടായ പരിവർത്തനവും വന നശീകരണവും കാർഷിക വൃത്തിയോടുള്ള വിമുഖതയും, സാമ്പത്തിക പ്രതിസന്ധിയും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു.

കാർഷിക രംഗത്തെ പ്രശ്നങ്ങൾ

ചെറുപുഴയിലും, പഞ്ചായത്തിലുള്ള മറ്റ് തോടുകളിലും V.C.B.കളും ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്. എങ്കിലും ഇവ ഒന്നും തന്നെ ജലസേചനത്തിന്നു ജല സംഭരണത്തിന്നും ഉപയുക്തമല്ല. കാരണം ഇവ ഷട്ടറുകൾ ഇടാത്തവയോ ഭാഗികമായി പണി പൂർത്തിയാക്കുകയോ ചെയ്തതാണ്. മഴക്കാലത്ത് ചാലിയാറിൽ നിന്നും വെള്ളം കയറി പഞ്ചായത്തിന്റെ തെരട്ടമ്മൽ, മൈത്ര, ആതാടി പ്രദേശങ്ങളിലെ മിക്ക ഭാഗങ്ങളിലുമുള്ള നെൽ കൃഷി സ്ഥിരമായി നശിച്ചു പോകുന്നു. ഇത് ഈ പ്രദേശത്തെ നെൽ കൃഷിക്കാരുടെ തീരാ ദു:ഖമായി അവശേഷിക്കുന്നു. ചെറുപുഴയും ചാലിയാറും ഉൾപ്പെടെയുള്ള ചെറുതും വലുതുമായ തോടുകളുടെ ഇരു വശവും വർഷംതോറും ഇടിഞ്ഞു പോകുന്നതു മൂലം കൃഷിയും കൃഷി ഭൂമിയും നഷ്ടപ്പെടുന്നു. വന്യ മൃഗങ്ങളുടെ ശല്യം മൂലം ഈ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തും വൻ തോതിൽ കൃഷി നാശം സംഭവിക്കുന്നു. ഇത് മൂലം കർഷകർ കിഴങ്ങു വർഗ ഇടവിളകളും പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു.

ഭൂരിഭാഗവും കുന്നിൻ പ്രദേശവും ചരിഞ്ഞ സ്തലങ്ങളുമാകയാൽ മേൽ മണ്ണ് ക്രമാതീതമായി നഷ്ടപ്പെടുകയും തന്മൂലം മണ്ണിന്റെ ഫലഭൂഷ്ടി നഷ്ടപ്പെടുകയും ചെയ്യുന്നു. ഇത് ഈ പ്രദേശത്തിന്റെ ഉൽപാദന ക്ഷമതയെ കാര്യമായി ബാധിച്ചു കഴിഞ്ഞു.

ഇവിടത്തെ പ്രധാന കൃഷികളിൽ ഒന്നായ റബ്ബർ, വർഷം തോറുമുള്ള പ്രകൃതി ക്ഷോഭത്തിൽ പെട്ട് ധാരാളമായി നശിക്കുന്നു. കൂടാതെ "ചീക്ക്" രോഗം വളരെ വ്യാപകമായി പടർന്നു പിടിക്കുകയും ചെയ്യുന്നു. മറ്റൊരു മുഖ്യ വിളയായ തെങ്ങ്, ജലസേചന പരിമിതികൾ മൂലം ഉൽപാദനക്ഷമതയിൽ വളരെ പിന്നിലുമാണ്. തെങ്ങിന് കൂമ്പു ചീയൽ, ചെന്നീരൊഴുക്ക് തുടങ്ങിയ രോഗങ്ങൾ ബാധിക്കുന്നു. "കറുത്ത പൊന്നാ"യ കുരുമുളക് ഈ പ്രദേശത്ത് വ്യാപകമായി കൃഷി ചെയ്യുകയും സമൃദ്ധമായ വിളവ് ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ വേരു ചീയൽ രോഗം ബാധിച്ച് അഞ്ചാറു വർഷങ്ങൾ കൊണ്ട് കുരുമുളക് ചെടികൾ മുഴുവൻ നശിച്ചു പോയിരിക്കുന്നു. തക്ക സമയത്ത് തക്കതായ പ്രതിരോധ നടപടികൾ സ്വീകരിക്കാൻ കൃഷി വകുപ്പ് മുന്നോട്ടു വരാത്തതുകൊണ്ട് രോഗം വളരെ വേഗം പടർന്നു പിടിക്കുകയും കുരുമുളകു ചെടികളുടെ നാശം, ധൃതഗതിയിലുമായി. ഇന്ന് കർഷകർ ഈ കൃഷിയിൽ നിന്നും പൂർണ്ണമായും പിന്മാറി കഴിഞ്ഞു. ശരിയായ മണ്ണ് പരിശോധനയും വളപ്രയോഗം നിർദ്ദേശങ്ങളും ഇന്നും കർഷകർക്ക് അപ്രാപ്യമാണ്.

മുകളിൽ പറഞ്ഞതിലുപരിയായി പഞ്ചായത്തിലുള്ള കൃഷി ഭവന്റെ സേവനങ്ങൾ ഭൂരിഭാഗം കർഷകർക്കും ഇന്നും ലഭിക്കുന്നില്ല എന്നത് ഖേദകരമാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പ്രധാന തോടുകളായ ചെറുപുഴ മൈത്രതോട്, കാരതോട് എന്നിവയെ അടിസ്ഥാനമാക്കി നീർമറി വികസന പദ്ധതി നടപ്പിലാക്കുക.
2. കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി, നടപടി ക്രമങ്ങൾ ലഘൂകരിച്ച് സൗജന്യമായി നൽകുക.
3. ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി, ചാലിയാർ പുഴയിൽ പൂളക്കടവ്, ആദാടി, ഉണ്ണിമുറകുന്ന് ഇവയിൽ യോജിച്ച സ്ഥലത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയാൽ പഞ്ചായത്തിലെ മുഴുവൻ നെൽ വയലുകളിലും ജലസേചനം നടത്താൻ കഴിയും.
4. പഞ്ചായത്തിലെ നെൽ വയലുകളിലൂടെ കടന്നു പോകുന്ന താഴെ പറയുന്ന തോടുകളുടെ ഇരുവശവും കെട്ടി സംരക്ഷിച്ചാൽ നെൽ വയലുകളുടെ സംരക്ഷണവും നീർവാർച്ചാ സൗകര്യവും വർദ്ധിക്കുന്നതും ഒന്നാം വിള സമയത്ത് ചാലിയാറിൽ നിന്നും കയറുന്ന വെള്ളം പെട്ടെന്ന് ഒഴിഞ്ഞു പോകുന്നതിന്നു സൗകര്യപ്പെടും.

(a) ആഞ്ഞിക്കോട് -കൊളത്തിങ്ങൽ പാടശേഖരങ്ങളുടെ മദ്ധ്യഭാഗത്തു കൂടി പോകുന്ന തോട്.

(b) തേനേരി പാടശേഖരത്തിൽ കൂടി പോകുന്ന കാരാതോട്.

(c) മൈത്ര-കുത്തുപറമ്പ് പാടശേഖരങ്ങളിലൂടെ പോകുന്ന മൈത്ര തോട്.

(d) വേഴക്കോട് ഭാഗത്തുകൂടി പോകുന്ന കോലാർ തോട്

(e) കൊടുമുളി മലയിൽ നിന്നും ഉത്ഭവിക്കുന്ന തോട്

(f) ചാലി തോട്.

5. ചെറുപുഴയിലൂടെ ഉപയോഗശൂന്യമായി ഒഴുകി പോകുന്ന ജലം V.C.B.കളും ചെക്ക് ഡാമുകളും നിർമ്മിച്ച് തടഞ്ഞു നിർത്തിയാൽ നൂറു കണക്കിന് ഹെക്ടർ പ്രദേശത്ത് ജലസേചനത്തിന്ന് സൗകര്യപ്പെടുകയും കൂടാതെ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പ് ഉയരാനും തന്മൂലം വേനൽ കാലത്തെ കുടിവെള്ളപ്രശ്നത്തിന് ജല ദൗർലഭ്യതക്കും ഒരു പരിധിവരെ പരിഹാരമാകും.

ഇതിനായി താഴെ പറയുന്ന സ്ഥാനങ്ങളിൽ V.C.B. കളോ ചെക്ക് ഡാമുകളോ നിർമ്മിച്ചാൽ ഈ ആവശ്യങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായിരിക്കും.

ഒന്നാം വാർഡിൽ കൊടശ്ശേരി കാവ്, പനം വിലാവ് വെണ്ടേക്കും പൊയിൽ അങ്ങാടി, വിളയാട്ട്, മരത്തോട് എന്നിവിടങ്ങളിലും

രണ്ടാം വാർഡിൽ പ്ലാത്തോട്ടം കടവിലും

മൂന്നാം വാർഡിലുള്ള ചോറ്റുകടവിലും.

മൈത്ര മാങ്ങോടമ്മൽ ചുണ്ടത്ത് വലിയ തോടിനും V.C.B.കളും

രണ്ടാം പുഴക്ക്, കുന്താണിക്കാട്, ചിങ്കണ്ണിപ്പാലി, ഓടക്കയം അമ്പലത്തിനു സമീപം, ഈന്തുംപാലി, കൂരം കല്ല് ഭാഗം, വെറ്റിലപ്പാറ അങ്ങാടി പാലത്തിനു സമീപം, വെറ്റിലപ്പാറ ഗവ. സ്കൂളിന്റെ താഴെ ഭാഗം പ്ലാത്തോട്ടു ഭാഗം, ഉണ്ണിമുറതോട്, ചെറുപുഴ പാലത്തിനു സമീപം, കാരാതോട് എന്നിവടിങ്ങളിൽ ചെക്ക് ഡാമുകളും നിർമ്മിച്ച് ജലനഷ്ടം തടയുകയും ജലസേചന സൗകര്യം കാര്യക്ഷമമാക്കുകയും ചെയ്യുക.

കൂടാതെ തോട്ടുമുക്കം, വള്ളിപ്പാലം, വെറ്റിലപ്പാറ, വടക്കും മുറി, കുറുപ്പൻ കടവ്, മുക്കട്ട എന്നിവിടങ്ങളിലെ പണി പൂർത്തിയായ V.C.B.കൾ ഷട്ടറുകൾ ഇട്ട് എത്രയും വേഗം ജലസേചന സൗകര്യം ഏർപ്പെടുത്തുക. നാലാം വാർഡിൽ ചെറുപുഴക്കുള്ള V.C.B. ഉയരം കൂട്ടി ഷട്ടർ ഇട്ട് ബലപ്പെടുത്തുക. മുക്കട്ട V.C.B.യും ബലപ്പെടുത്തുക.

6. താഴെ പറയുന്ന സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുകയോ, നിലവിലുള്ളത് വിപുലപ്പെടുത്തുകയോ ചെയ്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.

1. മണ്ണാത്തിക്കുളം

(2) ഇരിടയാട്ടു പറമ്പ് ഉമ്മിപ്പാടം

(3) തെക്കും മുറി, കുളപ്പുരക്കൽ, അണ്ണടമ്പ്, ഉണ്ണി മുറപ്പാടം, ചേലക്കോട്, മുർക്കനാട്, മുള്ളം മടക്കൽ കുമുളി പ്പാടം, പുല്ലൂരം പള്ളിയാളി, കാവും പാടം, അണ്ണടമ്പ് പാടം, കുണ്ടുവഴി, ചോലക്കുളം, വെടിയോടു കുളം, തച്ചാം കുളം, മുണ്ടക്കോട് കുളം, പേങ്ങാട് പാടം, വാരിയോട് പുന്നോത്തു പറമ്പ്, അത്തി കുളം, കൽകുളം, പുതുക്കുളം, ഉറവൻ കുണ്ട് തലവേഴക്കോട് കാട്ടിയാടി പൊയിൽ, പൊരിയത്തിയാൽ, ചെമ്പായി പുളിക്കത്തൊടുവിൽ കളത്തിങ്ങൽ, കുനിമ്മൽ, കരിമ്പനക്കുന്ന് കരിപ്പത്തിച്ചാൽ, കുയിത്താർ എന്നിവ.

7. **വിത്തിനങ്ങൾ:** ഉൽപാദന ശേഷിയുള്ളതും ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടുള്ളതുമായ വിത്തുകളും തൈകളും സൗജന്യ നിരക്കിലും യഥാസമയത്തും കൃഷി ഭവൻ മുഖേനയും വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

8. **ഇൻഷുറൻസ് പദ്ധതി:** പ്രീമിയം ഇല്ലാതെ തന്നെ കർഷകർക്കും, കാർഷിക വിളകൾക്കും ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക. വിള ഇൻഷുറൻസ് പദ്ധതിയിൽ രോഗങ്ങൾ മുലമുള്ള നാശനഷ്ടങ്ങൾക്കു കൂടി ഇൻഷുറൻസ് സംരക്ഷണം ഏർപ്പെടുത്തുകയും ചെയ്യുക.

9. ആധുനിക യന്ത്ര സാമഗ്രികൾ (ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം തെങ്ങുകയറ്റ യന്ത്രം മരുന്നു തളി ഉപകരണങ്ങൾ, മോട്ടറുകൾ, പമ്പു സെറ്റുകൾ മുതലായവ) സൗജന്യ നിരക്കിൽ കൃഷിക്കാർക്ക് ലഭ്യമാക്കുക.

10. വില്ലേജ് അടിസ്ഥാനമാക്കി വെറ്റിലപ്പാറയിൽ ഒരു കൃഷി ഭവൻ ആരംഭിക്കുക.

11. കാർഷികോൽപന്നങ്ങൾ സംഭരിക്കുന്നതിനാവശ്യമായ സംഭരണ കേന്ദ്രങ്ങൾ പനംവിലാവ്, വെറ്റിലപ്പാറ,

തെരട്ടമ്മൽ, പുവ്വത്തിക്കൽ എന്നീ സ്ഥലങ്ങളിൽ ആരംഭിക്കുക.

12. പ്രകൃതി ക്ഷോഭം മൂലം കാലാകാലങ്ങളിലുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് യഥാർത്ഥ നഷ്ടപരിഹാരം നൽകുക.

13. ഭൂമികളിൽ ഉടമസ്ഥാവകാശമില്ലാത്ത കർഷകർക്ക് എത്രയും വേഗം പട്ടയം വിതരണം നടത്തുക.

14. കാർഷികാവശ്യത്തിനുള്ള ബാങ്കിംഗ് സേവനം ഉദാരവൽക്കരിക്കുകയും ലോണുകൾക്ക് സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യുക.

15. കാർഷികോൽപന്നങ്ങൾക്കുള്ള തറവില കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുക.

16. കാട്ടുമൃഗങ്ങളിൽ നിന്നും കൃഷിയെ രക്ഷിക്കുന്നതിനായി സോളാർ ഫെൻസിംഗ് , മുള്ളു കമ്പി വലിക്കുക തുടങ്ങിയ പദ്ധതി നടപ്പിലാക്കുക.

17. പഞ്ചായത്തിൽ എത്രയും വേഗം റീസർവ്വെ, പൂർത്തിയാക്കി കൃഷി ഭൂമിയുടെ അതിർത്തികൾ നിർണ്ണയിച്ച് റവന്യു കാർഡ് ഏർപ്പെടുത്തുക.

18. പഞ്ചായത്തിൽ വ്യാപകമായി ധാരാളം ഔഷധ സസ്യങ്ങൾ കണ്ടു വരുന്നു. പ്രത്യേകിച്ചും പഞ്ചായത്തിലെ വന പ്രദേശങ്ങളിൽ അമൂല്യങ്ങളായ ധാരാളം ഔഷധച്ചെടികളുണ്ട്. ഇവിടത്തെ ആദിവാസികളുടെ സഹായത്താൽ ഈ ഔഷധ സസ്യങ്ങൾ കണ്ടു പിടിച്ച് വ്യാപകമായ രീതിയിൽ കൃഷി ചെയ്യാവുന്നതാണ്.

19. പച്ചക്കറി ഉൽപാദനം: ഗുണ മേന്മയുള്ള വിത്തിനങ്ങൾ നൽകിയും കീട നാശിനികളുടെ അമിത ഉപയോഗം തടഞ്ഞും ജൈവ വളത്തിന് പ്രാധാന്യം നൽകിയും ഗുണ മേന്മകൂടിയ പച്ചക്കറികൾ ഇവിടെ ഉത്പാദിപ്പിക്കാൻ കഴിയും. ഇന്ന് ഈ രംഗത്തു കണ്ടു വരുന്ന ഒരു ദോഷ ഫലം അമിതമായ കീടനാശിനി രാസവള പ്രയോഗങ്ങളാണ്. അടുക്കളതോട്ടങ്ങൾക്ക് ഈ രംഗത്ത് മുൻഗണന നൽകി പ്രോത്സാഹിപ്പിക്കാവുന്നതാണ്. പച്ചക്കറി കൃഷിയിടങ്ങളിലെ അമിത പ്രയോഗത്തിന്റെ ദോഷ ഫലങ്ങളെ ക്കുറിച്ച് ബോധവൽക്കരണത്തിന് പഞ്ചായത്ത് നേതൃത്വം നൽകണം.


20. രാസവളങ്ങൾ കർഷകർ പ്രധാനമായും ഉപയോഗിച്ചു വരുന്നു. എന്നാൽ ശാസ്ത്രീയ രീതിയിലല്ല ഇതിലധികവും ഉപയോഗിക്കുന്നത്. കാലാകാലങ്ങളിൽ കൃഷി ഭൂമിയിലെ മണ്ണ് പരിശോധിക്കുന്നതിനും, മണ്ണിന് ആവശ്യമായ ഘടകങ്ങളടങ്ങിയ വളങ്ങൾ ആവശ്യത്തിനു മാത്രം ഉപയോഗിക്കാൻ കർഷകരെ പ്രാപ്തരാകക്കേണ്ടതിന് മണ്ണുപരിശോധനാ യൂണിറ്റുകളുടെയും കൃഷി ഭവന്റെയും ശ്രദ്ധ പതിയേണ്ടതാണ്. ജൈവ വളപ്രയോഗത്തിന്റെ പ്രസക്തി കർഷകരെ ബോധ്യപ്പെടുത്തുകയും ജൈവവളത്തിനായി കമ്പോസ്റ്റ് നിർമ്മാണം, പച്ചിലച്ചെടികളുടെ വിത്തു വിതരണം കാലി വളർത്തൽ എന്നിവയെ പ്രോത്സാഹിപ്പിക്കേണ്ടിതുമാണ്.

വിപണനം

ഇവിടത്തെ പ്രധാന ഉൽപന്നങ്ങളായ റബ്ബർ തേങ്ങ, അടയ്ക്ക എന്നിവക്ക് പഞ്ചായത്തു തലത്തിൽ വിപണന സംസ്കരണ യൂണിറ്റുകൾ ആവശ്യമാണ്. റബ്ബർ, നാളികേര സംസ്കരണ യൂണിറ്റ് തുടങ്ങുന്നതിനുള്ള എല്ലാ ഭൗതീക സാഹചര്യങ്ങളിലും ഈ പഞ്ചായത്തിൽ ലഭ്യവുമാണ്. സഹകരണ മേഖലയിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിച്ചാൽ ഇടത്തട്ടുകാരെ ഒഴിവാക്കാനും അതു വഴി ഉൽപാദകന് ശരിയായ വില ലഭിക്കുന്നതിനും സഹായകമാകും.

നഴ്സറികൾ

ഒന്നാം വാർഡിൽ, ധാരാളം വിപണന സാധ്യതകളുള്ള ഫ്ലോറി കൾച്ചർ ഓർക്കിഡ്, ആന്തൂറിയും എന്നിവയുടെ നഴ്സറികൾ ആരംഭിച്ച് ഈ കൃഷി വ്യാപിക്കാൻ കഴിയുന്നതാണ്. കൂടാതെ ദീർഘകാല വിളകളുടെ തൈകളും, വിത്തുകളും, കൃഷി ഭവന്റെ പൂർണ്ണ മേൽനോട്ടത്തിൽ ഗുണ നിലവാരം ഉറപ്പു വരുത്തി മാത്രം വിതരണം നടത്തേണ്ടതുമാണ്. കുറ്റി മുല്ല, പൈനാപ്പിൾ എന്നീ കൃഷികൾക്കും ഇവിടെ വൻ സാദ്ധ്യതകളുണ്ട്. ഈ പഞ്ചായത്തിലെ പല ഭാഗങ്ങളും ഏലം, തേയില, കാപ്പി, എന്നിവ കൃഷി ചെയ്യുന്നതിന് അനുയോജ്യമാണ്.



5.2

മൃഗസംരക്ഷണവും മത്സ്യബന്ധനവും

1. മൃഗ സംരക്ഷണം

മലപ്പുറം ജില്ലയുടെ വടക്ക് കിഴക്കായി കോഴിക്കോട് ജില്ലയോട് തൊട്ട് കിടക്കുന്ന ഒരു മലയോര കാർഷിക പഞ്ചായത്താണ് ഊർങ്ങാട്ടിരി. ഭൂവിസ്തൃതിയുടെ ഏക ദേശം മുപ്പത് ശതമാനം സർക്കാർ വനഭൂമിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ദാരിദ്ര്യ രേഖക്ക് താഴെ ജീവിക്കുന്ന ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ടു കഴിയുന്നു.

പ്രധാനമായും പശു, ആട്, എരുമ, കോഴി, എന്നി വകളെയാണ് ഇവിടെ വളർത്തിവരുന്നത്. 85% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. താറാവ്, മുയൽ, കാള എന്നിവകളെയും ചെറിയ തോതിൽ വളർത്തി വരുന്നു. മുമ്പ് കാലങ്ങളിൽ കാള, പോത്ത്, എന്നിവകളെ വണ്ടി വലിക്കുന്ന ആവശ്യത്തിലേക്കു വളർത്തിയിരുന്നു. പശു, ആട്, എരുമ, കോഴി എന്നിവയുടെ വിശദവിവരങ്ങൾ പട്ടികയായി കൊടുക്കുന്നു.

പഞ്ചായത്തിന്റെ 12 വാർഡുകളിലും കന്നുകാലികളെ വളർത്തുന്നുണ്ടെങ്കിലും, 1,2,3,4,9 വാർഡുകളിലാണ് കൂടുതൽ കാണപ്പെടുന്നത്. കാലിത്തീറ്റയുടെ വിലവർദ്ധനവ്, തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്, വീടുകളുടെ വർദ്ധനവ് ഇതൊക്കെ കന്നുകാലി വളർത്തൽ ചുരുങ്ങുന്നതിന് കാരണമാണ്. മലയോര വാർഡുകളായ, 1, 2, വാർഡുകളിൽ ഒറ്റപ്പെട്ട തോതിൽ പന്നി വളർത്തലുമുണ്ട്. ചില ഭാഗങ്ങളിൽ മുയൽ, താറാവ് എന്നിവയെയും വളർത്തുന്നു. കോഴി വളർത്തൽ വളരെ വ്യാപകമായിട്ടുണ്ട്. ചില ഭാഗത്ത് വ്യാപാരവശ്യവുമായി ബന്ധപ്പെട്ടും കോഴി വളർത്തി വരുന്നു.

പാലുൽപാദന രംഗത്ത് പഞ്ചായത്തിന് ഗണ്യമായ സ്ഥാനമുണ്ട്. മൂന്ന് വാർഡുകളിൽ മാത്രമാണ് പാൽ സംഭരണത്തിന്ന് സംഘം വക സൗകര്യങ്ങളുള്ളു. പശുക്കളിൽ സങ്കരയിനങ്ങളും നാടൻ ഇനങ്ങളുമാണുള്ളത്. തെച്ചണ്ണ, പാവണ്ണ, കൂത്തുപറമ്പ്, മൈത്ര തെഞ്ചിരി എന്നിവിടങ്ങളിൽ പുതുതായി ക്ഷീര വികസന സംഘങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഇത് മൂലം എട്ട് വാർഡുകളിലും പാൽ വിപണനം സൗകര്യമാകും.

നല്ലയിനം കന്നുകളെയും ആട്, കോഴി എന്നിവകളെയും ബാങ്ക് വായ്പയായും സബ്സിഡി നിരക്കിലും വിതരണം ചെയ്യുകയും രോഗ ചികിത്സക്ക് യഥാ സമയത്ത് സൗകര്യം ലഭ്യമാക്കുകയും ചെയ്താൽ ഈ മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന്ന് സഹായകമാണ്.

കന്നുകാലികളുടെ ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ

വാർഡിന്റെ പേര്	നമ്പ്‌	പശു നാടൻ	പശു സങ്കരം	കാള	പോത്ത്	എരുമ	ആട്	കോഴി	പട്ടി	താറാവ്
ചുണ്ടത്ത് പൊയിൽ	1	10	180	12	-	6	250	2300	70	205
വെറ്റിലപ്പാറ	2	10	145	10	1	8	140	1900	50	55
കിണറടപ്പൻ	3	8	110	6	2	6	180	1450	30	23
വടക്കുംമുറി	4	7	165	2	3	5	195	1355	10	8
തെരുട്ടമ്മൽ	5	60	1	1	2	1	90	775	5	13
മൂർക്കനാട്	6	5	100	1	2	5	135	1315	8	3
മൈത്ര	7	6	60	4	3	4	150	1745	7	10
തച്ചണ്ണ	8	8	105	1	2	5	150	1895	10	13
പുവ്വത്തിക്കൽ	9	7	115	4	3	1	75	1685	8	18
തെഞ്ചീരി	10	7	85	3	2	3	60	1850	7	8
കുത്തുപറമ്പ്	11	6	60	1	2	5	45	2200	6	-
പാവണ്ണ	12	6	55	3	1	5	40	1285	9	11
ആകെ		85	1240	48	23	54	1510	19755	220	367

കർഷകരെയും ഉൾപ്പെടുത്തുകയും ക്ഷീര വികസന ബോർഡിന്റെ മേൽനോട്ടത്തിൽ പ്രീമിയം അടക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം. തൊഴിലില്ലാത്ത യുവതീയുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന്ന് വേണ്ടി വാർഡുകൾ കേന്ദ്രീകരിച്ച് ഊർജിത ബോധവൽക്കരണ ക്യാമ്പുകൾ കന്നുകാലി പ്രദർശനങ്ങളും മറ്റും സംഘടിപ്പിക്കുന്നത് ഗുണകരമായിരിക്കും. കാലിത്തീറ്റകൾ ഒരു പ്രശ്നമാകുന്ന ഇക്കാലത്ത് നിക്ഷിപ്ത വനഭൂമിയിലോ പുറമ്പോക്ക് ഭൂമിയിലോ തീറ്റപുൽ കൃഷി വ്യാപകമായി വളർത്തുന്നതിന്ന് സ്ഥലങ്ങൾ കണ്ടെത്താൻ കഴിയും. അതത് ഭാഗങ്ങളിലെ ക്ഷീര സംഘങ്ങളെ ഇത് ഏൽപിക്കാം.

പഞ്ചായത്തിലെ 1, 2, ,3 4, 6 വാർഡുകളോട് തൊട്ടു നിൽക്കുന്ന മലമ്പ്രദേശങ്ങളിൽ ധാരാളം കറാച്ചി പുൽ ലഭ്യമാണ്. വിപുലമായി വളർത്തുന്നതിനും സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും കർഷകർക്ക് സൗകര്യം ലഭ്യമാക്കിയാൽ പുതിയ തൊഴിൽ കണ്ടെത്തുന്നതിന് സാധ്യതയുള്ളതുമാണ്. സർക്കാറിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സംയുക്ത സഹായം ഇതിനാവശ്യമാണ്. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിരുന്നുവെങ്കിലും ഫലപ്രദമായി ഉപയോഗിക്കുന്നു. ഈ രംഗത്ത് സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ട്. ഊർങ്ങാട്ടിരി പഞ്ചായത്തിലെ വെറ്റിലപ്പാറ, തെരട്ടമ്മൽ എന്നീ രണ്ട് വാർഡുകളിലാണ് മൃഗാസ്പത്രിയുള്ളത്. ധാരാളം വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ പാവണ്ണ തെഞ്ചിരി, തെച്ചണ്ണ എന്നിവിടങ്ങളിൽ പുതിയ മൃഗാസ്പത്രികൾ നിലവിൽ വരണം. ഇതുവഴി മൊത്തം എല്ലാ വാർഡുകളിലുള്ളവർക്കും സൗകര്യം ലഭ്യമാവും. വെറ്റിലപ്പാറ ആശുപത്രിക്ക് ആവശ്യമായ ഫർണിച്ചറുകൾ അനുവദി

ക്കുകയും ഇപ്പോൾ വാടക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന തെക്കുമുറി, മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടമുണ്ടാക്കാൻ തൊട്ടടുത്തുള്ള ഒഴിഞ്ഞു കിടക്കുന്ന പുറമ്പോക്ക് ഭൂമിയിൽ സ്ഥലം അനുവദിച്ചു കിട്ടുകയും വേണം. അതേ പോലെ(പുതിയ ഹോസ്പിറ്റൽ അനുവദിക്കുന്നത് വരെ) എല്ലാ വാർഡുകളിലും മാസത്തിലൊരിക്കൽ വെറ്റിനറി ഡോക്ടർമാരുടെ സന്ദർശനം കർഷകർക്ക് ഏറെ ഫലപ്രദമാകും. ഇതിന് വേണ്ടുന്ന സ്ഥല സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ വനമേഖലയോട് തൊട്ടു കിടക്കുന്ന വാർഡായ ചുണ്ടത്ത് പൊയിൽ, ഓടക്കയം ഭാഗം ധാരാളം പുൽമേടുകൾ നിറഞ്ഞതാണ്. കുടിയേറ്റ കർഷകർ തിങ്ങി താമസിക്കുന്ന ഇവിടെ ധാരാളം ആദിവാസി കുടുംബങ്ങൾ കഴിഞ്ഞു വരുന്നു എന്നത് ശ്രദ്ധേയമാണ്. ജീവിത സാഹചര്യങ്ങൾ ഇപ്പോഴും മോശമായ ചുറ്റുപാടിൽ മുന്നോട്ട് പോകുന്ന ഈ ജനവിഭാഗത്തെ മെച്ചപ്പെട്ട രീതിയിലേക്ക് കൊണ്ടു വരുന്നതിന്നും പുതിയ തൊഴിൽ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സഹായകമായി, 'മാട്ടുപെട്ടി'യുടെ അതേ കാലാവസ്ഥ അനുഭവപ്പെടുന്ന ഈ ഭാഗത്ത് ജില്ലക്ക് തന്നെ മാതൃകയായി ഒരു ഡയറി ഫാം സ്ഥാപിക്കുന്നത് അത്യാവശ്യമാണ്. ഇതു വഴി പഞ്ചായത്തിലെയും അയൽപ്രദേശങ്ങളിലെയും ക്ഷീര കർഷകർക്ക് സാങ്കേതിക വിജ്ഞാന ലഭിക്കുന്നതിന് സൗകര്യം ലഭിക്കുകയും ചെയ്യുന്നു. ഇത്തരം ഫാമിന് യോജിച്ച എല്ലാ അനുകൂല കാലാവസ്ഥയും ഭൂപ്രകൃതിയും ഇവിടെ ഒത്തൊരുമിച്ച് നിൽക്കുന്നത് പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. കോഴിക്കോട് ജില്ലയോട് തൊട്ടു നിൽക്കുന്ന പ്രദേശമാകയാൽ ഇതിന്റെ ഗുണഗണങ്ങൾ കൂടുതൽ കർഷകർക്കു പെട്ടെന്ന് ലഭ്യമാവുകയും ചെയ്യും.

പ്രശ്നങ്ങൾ

1. കന്നുകാലികളെ ബാധിക്കുന്ന അകിട് വീക്കം, വയറിളക്കം, കൊളമ്പു രോഗം, വായ്പുണ്ണ് എന്നീ രോഗങ്ങൾ അധികമായി കാണപ്പെടുന്നു.
2. ഉൽപാദിപ്പിച്ചെടുക്കുന്ന പാൽ വിറ്റഴിക്കുന്നതിനുള്ള അസൗകര്യം.
3. അത്യുൽപാദനപശേഷിയുള്ള കന്നുകൾ, കോഴികൾ, ആടുകൾ എന്നിവയുടെ വിതരണത്തിലെ അപര്യാപ്തത.
4. കാലിത്തീറ്റ, കോഴിത്തീറ്റ, തീറ്റപ്പുൽ എന്നിവയുടെ വില വർദ്ധനവ്.
5. അനുവദിക്കപ്പെടുന്ന വായ്പകൾ, സബ്സിഡികൾ എന്നിവയുടെ കാലതാമസം.
6. പുതുതായി ഈ രംഗത്തേക്ക് ആകർഷിക്കാൻ തക്ക വിധത്തിലുള്ള ശ്രമകരവും കൂട്ടായ്മയുള്ള ബോധവൽക്കരണത്തിന്റെ കുറവ്.
7. കൂടുതൽ കർഷകർക്ക് സഹായം കിട്ടുന്ന വിധത്തിൽ പ്രവർത്തിക്കാൻ സംഘങ്ങൾക്കുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ.
8. കൃഷി ഭൂമി കുറഞ്ഞു വരുന്നത് കാരണം കാലിവളർത്തലിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
9. യഥാസമയത്തെ ഇൻഷ്വറൻസിന്റെ അഭാവം.
10. യഥാസമയത്ത് ചികിത്സ ലഭിക്കുന്നതിനുള്ള പ്രയാസം.

സാധ്യതകൾ

1. പാലുൽപാദനം മെച്ചപ്പെടുത്തുന്നതിന് വ്യാപകമായ സംഭരണ ശൃംഖല സൃഷ്ടിക്കുന്നത് വഴി പുതിയ തൊഴിൽ സൃഷ്ടിക്കാൻ സാധിക്കുന്നു.
2. രോഗ ചികിത്സ യഥാ സമയത്ത് നടത്തുന്നത് വഴി കൂടുതൽ നഷ്ടം ഒഴിവാക്കാം. രോഗ പകർച്ചയെ നിയന്ത്രിക്കാനും സാധിക്കുന്നു.
3. മെച്ചപ്പെട്ട സങ്കരയിനം കന്നുകുട്ടികൾ, കോഴി, താറാവ് എന്നിവയെ നൽകുന്നത് വഴി കർഷകർക്ക് പുരോഗതിക്ക് സാധ്യത കാണുന്നു. കൂടുതൽ പേരെ ഈ രംഗത്തേക്ക് അടുപ്പിക്കുവാനും കഴിയുന്നു.
4. സർക്കാർ, സംഘങ്ങൾ എന്നിവയിൽ നിന്നും കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളിൽ പുതിയ കർഷകരെ ഈ രംഗത്തേക്ക് ആകർഷിപ്പിക്കാം.
5. വ്യവസ്ഥാപിതവും ആസൂത്രിവുമായ ബോധവൽക്കരണ ക്യാമ്പ് വഴി കൂടുതൽ കർഷകരെ തമ്മിൽ മനസ്സിലാക്കാനും പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരം കണ്ടെത്താനും നിഷ്പ്രയാസം സാധിക്കുന്നു.
6. ഒഴിഞ്ഞു കിടക്കുന്ന ഭൂപ്രദേശങ്ങളിൽ പുതിയ കൃഷികൾ നടപ്പിലാക്കുന്നത് വഴി ഭൂമിയുടെ പരിസ്ഥിതി സംരക്ഷിക്കപ്പെടുകയും കന്നുകാലികൾക്കുള്ള തീറ്റയുടെ ലഭ്യത വർദ്ധിക്കുകയും ചെയ്യുന്നു എന്ന് മാത്രമല്ല.തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഈ സ്വാശ്രയ മേഖലയിൽ കാലുറപ്പിക്കാനും ധൈര്യം ലഭിക്കുന്നു.
7. നഷ്ട സാധ്യതകൾ ഒഴിവാക്കുന്നതോടെ മൃഗസം

രക്ഷണം കുടുതൽ വിപുലമാവുകയും നാടിന്ന് ഗുണകരമാവുകയും ചെയ്യുന്നു.

8. ഊർങ്ങാട്ടിരി പഞ്ചായത്തിൽ 'മിൽമ'യുടെ പ്രവർത്തനം വ്യാപിക്കുക.

9. അത്യുൽപാദന ശേഷിയുള്ള കറവമാടുകൾക്ക് മാസ്റ്റർ പോളിസി പ്രകാരം ഇൻഷുറൻസ് കവേറേജ് ഏർപ്പെടുത്തുക.

10. ആധുനിക സൗകര്യങ്ങളുള്ള അറവു ശാല ഏർപ്പെടുത്തുക.

    അതിൽ നിന്നും പുറംതള്ളുന്ന പാഴ് വസ്തുക്കൾ ഉപയോഗപ്പെടുത്തി ഉപ ഉൽപന്നങ്ങൾ ഉണ്ടാക്കാം.

11. 1,2 വാർഡുകളിൽ പന്നി വളർത്തലിന് കുടുതൽ സാദ്ധ്യതകൾ ഉള്ളതിനാൽ ഈ കാര്യത്തിൽ കുടുതൽ ശ്രദ്ധ പതിയേണ്ടതാണ്.

12. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുക, വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പു നടത്തി ലൈസൻസ് നിർബന്ധമായും ഏർപ്പെടുത്തുക. ജനങ്ങളെ ഈ വിഷയത്തിൽ ബോധവന്മാരാക്കുക.

13. സ്കുൾ 'ഫൗൾട്രി ക്ലബു'കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

14. 'മെയിൽ കാവ്സ്' (മുരിക്കുട്ടികൾ) നെ പ്രത്യേക പദ്ധതിയിൽ വളർത്തി ഇറച്ചി ഉൽപാദനം വർദ്ധിപ്പിക്കുക. രോഗ സംക്രമണം ഇല്ലാതാക്കുന്നതിന് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കന്നുകാലി ഇറക്കുമതി നിയന്ത്രിക്കുക.

15. മൃഗാസ്പത്രി കെട്ടിടങ്ങളുടെ വാടക പഞ്ചായത്തിന് വഹിക്കാവുന്നതാണ്. മൃഗാസ്പത്രിയോടനുബന്ധിച്ച് ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക. Staff quarters ഏർപ്പെടുത്തിയാൽ ഉദ്യോഗസ്ഥരുടെ സേവനം എപ്പോഴും ഉറപ്പു വരുത്താവുന്നതാണ്.

മത്സ്യബന്ധനം


ചാലിയാർ, ചെറുപുഴ എന്നീ രണ്ടു നദികളും ധാരാളം തോടുകളും കുളങ്ങളും ഉൾപ്പെടുന്ന ഊർങ്ങാട്ടിരി പഞ്ചായത്ത് പ്രദേശത്ത് ചെറിയ തോതിലുള്ള മത്സ്യബന്ധനമേ നടക്കുന്നുള്ളു. പുഴകളിൽ നിന്നും മറ്റും സാധാരണ വല, ചുണ്ട ഉപയോഗിച്ചാണ് മത്സ്യം പിടിക്കുന്നത്. അനധികൃതമായി തിരപൊട്ടിച്ചും ഇടക്കിടെ മീൻ പിടിക്കുന്നുണ്ട്. മൊത്തം ആവശ്യത്തിന്റെ നേരിയ ശതമാനമേ മത്സ്യ സമ്പത്തായി ലഭിക്കുന്നുള്ളു. ശാസ്ത്രീയ രീതിയിൽ കുളങ്ങളിലും ചിറകളിലും മത്സ്യം വളർത്തുന്നത് പദ്ധതിയൊന്നും ഇവിടെയില്ല. നിലവിലുള്ള കുളങ്ങൾ വികസിപ്പിക്കുന്നതിന്നും പുതിയവ നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായങ്ങൾ അനുവദിച്ചും മത്സ്യ കുഞ്ഞുങ്ങളെ നൽകിയും ഇതുമായി ബന്ധപ്പെട്ട സാങ്കേതിക പരിജ്ഞാനം നൽകിയും ഗ്രാമീണരെ ഈ പദ്ധതിയിലേക്ക് ആകർഷിക്കാൻ കഴിയും.

പ്രശ്നങ്ങൾ

1. പുഴകളിലെയും കുളങ്ങളിലെയും മത്സ്യങ്ങൾ പ്രത്യേക രോഗങ്ങളാൽ കുട്ടമായി ചത്തൊടുങ്ങുന്നു.
2. വാണിജ്യാടിസ്ഥാനത്തിൽ മത്സ്യ ബന്ധനം നടത്തുന്നതിനായവശ്യമായ മത്സ്യ സമ്പത്തിന്റെ അഭാവം.
3. മത്സ്യ കുഞ്ഞുങ്ങളെ ശാസ്ത്രീയാടിസ്ഥാനത്തിൽ വളർത്തിക്കൊണ്ടു വരുന്നതിന് ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത.

സാധ്യതകൾ

1. ജല ലഭ്യത കുടുതലുള്ള മേഖലകളിൽ പുതിയ കുളങ്ങളും ചിറകളും സൃഷ്ടിക്കുന്നതിന്ന് ആവശ്യമായ സഹായങ്ങൾ അനുവദിച്ചു ഈ മേഖലയിലേക്ക് തൊഴിലന്വേഷകനെ ബന്ധപ്പെടുത്തുക.
2. മത്സ്യം വളർത്തൽ ഒരു തൊഴിൽ രംഗമായി കണക്കാക്കി കുടുതൽ ഭക്ഷ്യ സമ്പത്ത് സൃഷ്ടിക്കാൻ സാധിക്കുന്നു. തൊഴിവസരങ്ങൾ വർദ്ധിക്കുന്നു.
3. ജല മേഖലകൾ വർദ്ധിക്കുന്നത് കാർഷിക മേഖലക്ക് സഹായകമാകുന്നു.
4. ഈ രംഗത്തുള്ളവരെ മത്സ്യ തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തി പ്രവർത്തനം വിപുലപ്പെടുത്താം.



5.3

വ്യവസായം

കേരളത്തിലെ വ്യവസായ ഭൂപടത്തിൽ ഏറ്റവും ഒടുവിലായി സ്ഥാനമുള്ള മലപ്പുറം ജില്ലയിൽ തന്നെ ഏറ്റവും പിന്നിലാണ് വ്യവസായ വികസനത്തിൽ ഊർങ്ങാട്ടിരി പഞ്ചായത്തിനുള്ളത്. ചാലിയാർ ചെറുപുഴകളാൽ ഒറ്റപ്പെട്ട ഒരു ദ്വീപായി കിടന്നിരുന്നതിനാലാണ് വ്യവസായ സംരംഭകർ ഊർങ്ങാട്ടിരിയിലേക്ക് എത്തി നോക്കാതിരുന്നത്.

വൈദ്യുതിയും, ഗതാഗതവും അടങ്ങുന്ന വ്യവസായ വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ടാവുന്നത് അടുത്ത കാലങ്ങളിലാണ്. അതിനാൽ ഊർങ്ങാട്ടിരി പഞ്ചായത്തിൽ പൊതു മേഖലയിലോ, സ്വകാര്യ മേഖലയിലോ വൻകിട ഇടത്തരം വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ചെറുകിട മേഖലയിൽ സ്വകാര്യ യൂണിറ്റുകൾ 14 ഭക്ഷ്യ സംസ്കരണ യൂണിറ്റും ഒരു ബിസ്ക്കറ്റ് നിർമ്മാണ യൂണിറ്റും ഒരു എല്ലു പൊടി (വള നിർമ്മാണം) ഫാക്ടറിയും ഒരു ഈർച്ചമില്ലും ഒരു പ്രിൻറിംഗ് പ്രസ്സും 4 കരിങ്കൽ മെറ്റൽ നിർമ്മാണ യൂണിറ്റും, സഹകരണ മേഖലയിൽ 3 വനിതാ വ്യവസായ യൂണിറ്റും പഞ്ചായത്തിലുണ്ട്.

വിവിധ മേഖലകളിലായി ആകെ 5963 പേർ തൊഴിൽ എടുക്കുന്നു. പുരുഷന്മാർ 4200-ഉം സ്ത്രീകൾ 1763-മാണ്. ആകെ വ്യവസായ തൊഴിലാളികൾ 517 പേരും, പഞ്ചായത്തിനു പുറത്ത് തൊഴിൽ ചെയ്യുന്നവർ 212 പേർ. പഞ്ചായത്തിനകത്ത് വിവിധ മേഖലയിൽ 305 പേർ തൊഴിലെടുക്കുന്നു. അതിൽ 142 പേർ പുരുഷന്മാരും 163 പേർ സ്ത്രീകളുമാണ്.

പട്ടിക ഒന്നിൽ വിശദമായി കൊടുത്തിട്ടുണ്ട്.

പരമ്പരാഗത കുടിൽ വ്യവസായം മൺപാത്ര നിർമ്മാണം, കൊട്ട-വട്ടി, പരമ്പു നിർമ്മാണം, പപ്പട നിർമ്മാണം എന്നീ സംരംഭങ്ങളാണ് പ്രധാനമായിട്ടുള്ളത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളും കുടുംബങ്ങളും അനുദിനം ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക്, അലുമിനിയം തുടങ്ങിയ പുതുപുത്തൻ ഉൽപ്പന്നങ്ങൾ വിപണി കൊടുക്കുന്നത് കൊണ്ട് ഈ മേഖലയിലെ വ്യവസായങ്ങൾക്ക് നിലനിൽക്കുവാൻ ആവശ്യമായ നടപടി അനിവാര്യമാണ്.

ചെറുകിട പ്രാഥമിക മേഖലയിൽ നാളികേരം, ഭക്ഷ്യം, തടി വ്യവസായം എന്നിവ കാർഷിക സംരംഭവുമായി ബന്ധപ്പെട്ടതാണ്.

പച്ച തേങ്ങയിൽ നിന്നും എടുത്തു കളയുന്ന ചകിതിരി ഉപയോഗിച്ച് യന്ത്ര തറിയിലൂടെ ചകിരി നാര് നിർമ്മിക്കുവാനും, നാര് ഉപയോഗപ്പെടുത്തി വിവിധ തരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും സാധിക്കുന്നതാണ്. അതു പോലെ എണ്ണ ഉപയോഗപ്പെടുത്തി വിവിധ സുഗന്ധ

പട്ടിക.1

ക്രമ നമ്പർ	വാർഡ് നമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം			
			പുരുഷൻ	സ്ത്രീകൾ	ആകെ	ഇനം
1.	4	എല്ലുപൊടി സ്വകാര്യ മേഖല	12	12	24	സ്വകാര്യം
2.	3	ബിസ്ക്കറ്റ് കമ്പനി	3	-	3	,,
3	6	ഈർച്ചമില്ല് മരം	4	-	4	,,
5	9, 10	ക്രഷർ മെറ്റൽ	31	25	56	,,
5	2,3,4,5,6,7,8	ഫ്ളോർ മില്ല്	9	-	9	,,
6	,,	കൊപ്ര മില്ല്	4	-	4	,,
7	5	പ്രസ്സ് വനിത	1	2	3	സഹകരണം
8	2	ഫുഡ് പ്രൊസസ്സിംഗ്		10	10	,,
9	2	ടൈലറിംഗ് റെഡിമെയ്ഡ്		10	10	,,
10	6	പ്രസ്സ്	3	-	3	സ്വകാര്യം
11		കരിങ്കല്ല് വ്യവസായം	75	104	179	,,
			142	163		

ദ്രവ്യങ്ങളും ഭക്ഷ്യ എണ്ണയും ഉണ്ടാക്കുന്നതിനും ചിരട്ട ഉപയോഗിച്ച് ഊർജ്ജ ഇന്ധനങ്ങളും മറ്റു വസ്തുക്കളും രൂപപ്പെടുത്തിയെടുക്കാൻ കഴിയും.

ചകിരിയുടെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് ജൈവ വളവും നിർമ്മിക്കാൻ കഴിയും. കാലപഴക്കം ചെന്ന തെങ്ങിൻ തടി രൂപപ്പെടുത്തി ഈടുറ്റ ഫർണ്ണിച്ചർ ഗ്രഹനിർമ്മാണ സാധനങ്ങളും ഉണ്ടാക്കാൻ കഴിയും. നിരവധി ചെറുകിട കുടിൽ വ്യവസായങ്ങളും ഈ രംഗത്ത് തുടങ്ങുവാനും വിജയകരമായി പ്രവർത്തിപ്പിക്കാനും കഴിയും.

റബ്ബർ മേഖല

സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതൽ പ്രദേശത്ത് റബ്ബർ കൃഷി ശാസ്ത്രീയമായി നല്ല നിലയിൽ നടക്കുന്നു. നല്ല ഉൽപാദന നിലവാരവും കൈവരിക്കാൻ കർഷകർക്ക് കഴിയുന്നുണ്ട്. ഈ റബ്ബർ ഉൽപ്പന്നങ്ങൾ പാൽ ഉണങ്ങിയ റബ്ബർ സ്ക്രാപ് എന്നിവ ഉപയോഗപ്പെടുത്തി ചെറുതും, വലുതുമായ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുവാനും സാധിക്കും.

1. ക്രിപ്പ് മില്ല്, ക്രഷ് മില്ല്, സെൻട്രി ഫ്യൂഗൽ ലാറ്റക്സ്, ഫാക്ടറി എന്നിവ സ്വകാര്യ മേഖലയിലും, സഹകരണ മേഖലയിലും വിജയകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

   മരവ്യവസായം പ്രതിസന്ധിയിലായ സാഹചര്യത്തിൽ റബ്ബർ തടി ശാസ്ത്രീയമായി സംസ്കരിച്ച് വീടിനാവശ്യമായ ഫർണീച്ചറുകൾ നിർമ്മിക്കാവുന്നതാണ്.

2. അദ്ധ്വാന സന്നദ്ധരായ യുവതീ യുവാക്കൾക്ക് റബ്ബർ ബാൻറ് നിർമ്മാണം, ഇലാസ്റ്റിക് നൂൽ നിർമ്മാണം, റബ്ബർ ബ്രഷുകൾ കൈയുറകൾ, റീ സോളിംഗിന് ആവശ്യത്തിനുള്ള ട്രെഡ് റബ്ബർ, ഫോം ബെഡുകൾ, മറ്റു വിവിധ റബ്ബർ ഉൽപ്പന്നങ്ങൾ, ചെറുതും വലുതുമായ രീതിയിൽ ആരംഭിക്കുവാൻ സാധിക്കും.

3. പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിൽ നല്ല ഒരു ഭാഗം പ്രദേശത്തും കവുങ്ങ് കൃഷി ചെയ്തു വരുന്നു. ഈ മേഖലയിൽ പച്ച പാക്, പഴുക്കടക്ക, എന്നിവ സംസ്കരിച്ച് വിവിധ തരത്തിലുള്ള ഉൽപ്പന്നങ്ങൾ

ആക്കുന്നതിന്നും വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ സാധ്യതയുണ്ട്.

4. പഞ്ചായത്തിന്റെ വലിയ ഒരു ഭാഗം പ്രദേശവും വനമായി നിൽക്കുന്നു. വനപ്രദേശങ്ങളിൽ തൊഴിലില്ലാതെ മുഴുപട്ടിണിയിൽ കഴിയുന്ന ആദിവാസികളെയും മരവ്യവസായവുമായി കഴിഞ്ഞിരുന്ന നല്ല ഒരു വിഭാഗം ആളുകളെയും, സഹകാര്യ വനദേശ വൽക്കരണം കഷ്ടതയിലായിരിക്കുകയാണ്. ഈ വനങ്ങളിൽ സുലഭമായി ലഭിക്കുന്ന ഈറ്റ, ചുരൽ, മുള എന്നിവ ഉപയോഗിച്ച് പരമ്പരാഗത തൊഴിലാളികൾക്ക് വ്യാവസായികമായി പുരോഗതി ലഭ്യമാക്കാൻ സാധിക്കും.

ചുരൽ കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുക, ആയുർവ്വേദ മരുന്ന് നിർമ്മാണം എന്നിവയും സാധിക്കും.

പാഴ്ത്തടി ഉപയോഗിച്ച് പ്ലൈവുഡ് വ്യവസായം, തുടങ്ങാൻ സാധിക്കുന്നതാണ്. സർക്കാറിൽ നിന്നും ഇതിനാവശ്യമായ അനുവാദം ലഭിക്കേണ്ടതാണ്.

വിസ്തൃതമായ കരിങ്കൽ പ്രദേശങ്ങൾ ഉപയോഗപ്പെടുത്തി വർദ്ധിച്ച തോതിൽ പഞ്ചായത്തിൽ ചെറുതും വലുതുമായ ക്വാറിംഗ്, ക്രഷറിംഗ് ഹോളോബ്രിക്സ് അനുബന്ധ യൂണിറ്റുകൾ എന്നിവ വിജയകരമായി നടത്താൻ സാധിക്കുന്നതാണ്.

6. മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വിവിധതരം ഉൽപ്പന്നങ്ങൾ വർദ്ധിച്ച ഗുണ നിലവാരത്തോടെ നിർമ്മിക്കാനുള്ള പരിശീലനം നൽകി സ്ഥിരമായ തൊഴിലും വരുമാന മാർഗ്ഗവും ഉൽപാദനവും കൈവരിക്കാൻ കഴിയും.

7. പഞ്ചായത്തിൽ ഓട്, ഇഷ്ടിക, മൺപാത്രം എന്നിവ നിർമ്മിക്കാൻ പറ്റുന്ന മേത്തരം കളി മണ്ണ് ലഭ്യമാണ്. കാര്യമായി ഇതു ഉപയോഗിച്ച് വ്യവസായ സംരഭങ്ങൾ ഇന്നില്ല. ചെറുകിട വൻകിട, ഓട്, ഇഷ്ടിക കളിക്കോപ്പുകൾ, തറയോടുകൾ, നിരവധി ആകർഷണ ആർഭാട വസ്തുക്കൾ എന്നിവ നിർമ്മിച്ചു വ്യവസായങ്ങൾ ആരംഭിക്കുവാൻ സാധിക്കും.

8. പഞ്ചായത്തിലെ ജനങ്ങളിൽ മുഖ്യ പങ്കും നാമമാത്ര വരുമാനക്കാരാണ്. ഇവരുടെ ഉന്നമനത്തിനായി കുടിയ മുലധന നിക്ഷേപമില്ലാതെ തന്നെ ചെറുകിട വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്. തീപ്പെട്ടി, പപ്പടം, മെഴുകുതിരി, അച്ചാർ, മിഠായി, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ബേക്കറികൾ, ചെരിപ്പ് റബ്ബർ ബാൻറ്, ഭക്ഷ്യധാന്യങ്ങൾ പൊടിച്ചു പാക്കറ്റുകളാക്കി വിൽപ്പന നടത്തുക, കറി പൗഡർ നിർമ്മാണം എന്നീ സംരംഭങ്ങൾ ആരംഭിക്കുന്നത് കൊണ്ട് സ്ത്രീകൾക്ക് തൊഴിലും വരുമാന മാർഗ്ഗവും ആകുന്നതാണ്. ഖാദി മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതാണ് കൂടുതൽ ഉചിതം.

9. ടൂറിസം വികസനം: വ്യവസായത്തിന്റെ പട്ടികയിൽ ടൂറിസവും സർക്കാർ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. പഞ്ചായത്തിലെ ചീങ്കണ്ണിപ്പാലി, മഞ്ചേരിക്കുളം, വേണ്ടേക്കുംപൊയിൽ, ചെക്കുന്നും മല എന്നീ പ്രദേശങ്ങൾ കാലാവസ്ഥയിലും പ്രകൃതി രമണീയതയിലും ടൂറിസ്റ്റുകളെ ആകർഷിപ്പിക്കാൻ മതിയായിടങ്ങളാണ്.

സമതലത്തിൽ നിന്നും ചെക്കുന്നു മല 1800 അടി ഉയർന്നു നിൽക്കുന്നു. മനോഹരമായ വനാന്തരങ്ങളുടെ നയന മനോഹരമായ കാഴ്ചയാണ് സമുദ്ര നിരപ്പിൽ നിന്നും 2060 അടി ഉയരത്തിലുള്ള ചീങ്കണ്ണിപ്പാലി, മഞ്ചേരിക്കുളം, വേണ്ടേക്കുംപൊയിൽ പ്രദേശങ്ങളിലുള്ളത്. പ്രകൃതി ദത്തമായ ജലതടാകവും ടൂറിസ്റ്റ് കേന്ദ്രമായ ഊട്ടിക്ക് സാമ്യമായ കാലാവസ്ഥയുമാണ് ഇവിടെ. ടൂറിസ്റ്റ് റിസോർട്ടുകൾ നിർമ്മിക്കാൻ ഇവിടെ സാധിക്കും.

ഊർങ്ങാട്ടിരി പഞ്ചായത്തിന്റെ അതിർത്തിയിൽ കൂടി ഒഴുകുന്ന ചാലിയാർ പുഴയിൽ ബോട്ട് സവാരി ടൂറിസ്റ്റുകൾക്കായി ഒരുക്കി കൊടുക്കുവാനും പഞ്ചായത്തിനു വരുമാന മാർഗ്ഗമുണ്ടാക്കുവാനും സാധിക്കും. വേനൽക്കാലങ്ങളിൽ പുഴയിൽ വെള്ളം തടഞ്ഞു നിർത്തി ജല തടാകത്തിനു രൂപം നൽകാൻ കഴിയും. മൈത്ര കടവ് ഇതിനനുയോജ്യമായ സ്ഥലമാണ്.

10. ഭൂമിയും അനുകൂല കാലാവസ്ഥയും സാഹചര്യങ്ങളുമുള്ളത് കൊണ്ട് പഞ്ചായത്തിൽ ചെറുതും വലുതുമായ ഡെയറിഫാമുകൾ, പോൾട്രി ഫാമുകൾ ആരംഭിക്കാൻ കഴിയും. ഡയറി ഫാമുകൾ വിപുലമായ തോതിൽ ആരംഭിക്കുന്ന പക്ഷം പ്രതിദിനം 1000 ലിറ്റർ പാൽ ഉൽപാദിപ്പിക്കുവാൻ കഴിയും. അവ, ശീതീകരിക്കുന്നതിനും സംസ്കരിച്ച് വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും സംരംഭങ്ങൾക്ക് സാധ്യതയുണ്ട്.

11. വെൽഡിംഗ്, ഗ്രൈൻറിംഗ് , ഇലക്ട്രിക് വർക്കുഷോപ്പുകൾ മോട്ടോർ മെക്കാനിക്കൽ വർക്ക് ഷാപ്പുകൾ, സ്റ്റീൽ ഇൻഡസ്ട്രീസ് എന്നീ സംരംഭങ്ങൾക്ക് സാധ്യതയുണ്ട്.

12. ജൈവവള നിർമ്മാണ കേന്ദ്രം ആരംഭിക്കാൻ സാധിക്കും.

വൈദ്യുതി ഉൽപാദനവും വിതരണവും

സമുദ്ര നിരപ്പിൽ നിന്നും 2060 അടി ഉയർന്നു നിൽക്കുന്ന കക്കാടം പൊയിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി വിജയകരമായി പ്രവർത്തിപ്പിക്കാൻ കഴിയും. എല്ലാ കാലത്തും ശക്തമായ കാറ്റും ഉയർന്ന തുറസ്സായ സ്ഥലവും ഈ മേഖലയിലുണ്ട്.

വൈദ്യുതി സംരക്ഷണം

പഞ്ചായത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ ശക്തിയില്ലാത്തതാണ്. കൂടുതൽ ശക്തിയുള്ളവ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിച്ച് വ്യവസായ ആവശ്യത്തിനായുള്ള വൈദ്യുതിയുടെ അപര്യാപ്ത പരിഹരിക്കുക ആവശ്യമാണ്.

വൈദ്യുതി വിതരണ രംഗത്തുള്ള പ്രസരണ നഷ്ടം ഒഴിവാക്കിയും അമിത ഉപയോഗം നിയന്ത്രിച്ചും വൈദ്യുതി കമ്മി പരിഹരിക്കാം.

പ്രശ്നങ്ങൾ

7609 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 31693 വരുന്ന ജനസംഖ്യയും 5500 വീടുകളും പഞ്ചായത്തിലുണ്ട്.

വ്യവസായത്തിന്നാവശ്യമായ കാർഷിക അടിത്തറയുള്ള പഞ്ചായത്താണ് ഊർങ്ങാട്ടിരിയെങ്കിലും അനുകൂലമായ ഘടകങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ ഗൗരവമായി പരിശോധിക്കേണ്ടതാണ്.

1. നാളികേരം റബ്ബർ ഉൽപ്പന്നങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾക്ക് തുടക്കം കുറിക്കേണ്ടതാണ്.
2. പഞ്ചായത്തിൽ തൊഴിൽ സന്നദ്ധരായ യുവതിയുവാക്കളെ പങ്കെടുപ്പിച്ച് പിന്നോക്കം നിൽക്കുന്ന മേഖലകളിൽ ഖാദി വ്യവസായ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.
3. സഹകരണ മേഖലയിൽ കാർഷിക ഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് രൂപം നൽകാവുന്നതാണ്.
4. പഞ്ചായത്തിൽ 1976 കാലഘട്ടത്തിൽ വൈദ്യുതി എത്തി 1986 ആയപ്പോഴും മിക്കവാറും പ്രദേശങ്ങളിൽ വൈദ്യുതി സൗകര്യം ലഭിച്ചെങ്കിലും വ്യവസായ പുരോഗതിക്ക് ഉപയോഗിച്ചിട്ടില്ല. അതിനു പരിഹാരമുണ്ടാവേണ്ടതാണ്.
5. വ്യവസായ രംഗത്ത് കൂടുതൽ ആളുകളെ ആകർഷിക്കാൻ ആവശ്യമായ നടപടി അനിവാര്യമാണ്.
6. വായ്പാ വ്യവസ്ഥയിലുള്ള കടുത്ത നിബന്ധനകളും ബാങ്കുകളുടെ സഹകരണമില്ലായ്മയും വ്യവസായ പുരോഗതിയെ തടസ്സപ്പെടുത്തുന്നു.
7. സാങ്കേതിക പരിജ്ഞാനക്കുറവ് പഞ്ചായത്തിൽ വ്യവസായ വികസനത്തെ ബാധിക്കുന്നു.
8. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിവലാളികൾക്കും, കൈതൊഴിലാളികൾക്കും നൂതന സാങ്കേതിക പരിജ്ഞാനവുമായി ബന്ധപ്പെടുത്തി പരിശീലനം നൽകാതെ ഈ രംഗം വിപുലപ്പെടുത്താൻ സാധ്യമല്ല.
9. വ്യവസായ സംരഭകർക്ക് ആവശ്യമായുള്ള പ്രേരണക്കുറവ് ബോധൽക്കരണക്കുറവ്.
10. വ്യവസായ മേഖലയുമായുള്ള അടുത്ത ബന്ധമില്ലായ്മ.
11. വ്യവസായത്തിന്നാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യതയും മറ്റും.
12. വിവിധ മേഖലകളിലെ അനാവശ്യവും അശാസ്ത്രീയവുമായ നിയന്ത്രണങ്ങളും നിയമങ്ങളും.
15. നാട്ടിൽ തൊഴിൽ ചെയ്യുന്നതിനുള്ള താൽപര്യമില്ലായ്മയാണ് തൊഴിലില്ലായ്മക്കും വ്യവസായ രംഗത്തും നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

സാധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ നല്ലൊരു വിഭാഗം ആളുകളും അയൽ പഞ്ചായത്തുകളിലാണ് ജോലി ചെയ്യുന്നത്. കൂടാതെ 480 പേർ സംസ്ഥാനത്തിനു പുറത്തും വിദേശത്തുമായി തൊഴിൽ ചെയ്തു വരുന്നു, എന്നിരുന്നാലും വളരെയധികം വ്യവസായ സാധ്യതയുണ്ട്.

ഒരു കാർഷിക പഞ്ചായത്താണ്. നാളികേരമാണ് മുഖ്യ കാർഷിക വിള.

നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ബോധവൽക്കരണം, നവീന സാങ്കേതിക പരിശീനം എന്നിവ നൽകുന്ന പക്ഷം ഇന്നുള്ള തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും. ഒരു നാളികേര കോംപ്ലക്സ് വൻകിട പദ്ധതിയായി ആരംഭിക്കാൻ എല്ലാവിധ സാഹചര്യവു

മുണ്ട്.

മിനി വ്യവസായ എസ്റ്റേറ്റ്

വ്യവസായ വികസനത്തിനുള്ള എല്ലാ അനുകൂല സൗകര്യങ്ങളും പഞ്ചായത്തിലുണ്ട്. ഇവ സംയോജിപ്പിച്ച് ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുവാൻ കഴിയും.

ഇത് വ്യവസായ സംരംഭകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും ഈ രംഗത്തേക്ക് ആകർഷിക്കുവാനും സാധിക്കും. കുറഞ്ഞ വിലക്ക് ഭൂമിയും, വർദ്ധിച്ചതോതിൽ അസംസ്കൃത വസ്തുക്കളും ജലവും ലഭിക്കും.

വ്യവസായ രംഗത്ത് കൂടുതൽ സർക്കാർ പങ്ക് ബോധ്യപ്പെടുത്താൻ പരിശീലന കേന്ദ്രങ്ങൾ തുറക്കുവാനും ഇതു വഴി സാധ്യമാകും.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1. റബ്ബർ വ്യവസായം
2. നാളികേര കോംപ്ലക്സ്
3. അടക്ക സംസ്കരണ സംരംഭങ്ങൾ.
4. ഗ്ലാസ് ഫാക്ടറി
5. മെറ്റൽ ക്രഷർ യൂണിറ്റ്
6. ഹോളോ ബ്രിക്സ്
7. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
8. മൺപാത്ര, കരകൗശല വ്യവസായം
9. വനിതാ വ്യവസായ സംരഭങ്ങൾ
10. ഡെയറി പോൾട്രി ഫാമുകൾ
11 കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുക.
12. ആയുർവ്വേദ ഔഷധ നിർമ്മാണം.
13. റബ്ബർ തടി സംസ്കരണ യൂണിറ്റ്
14. പരമ്പരാഗത കുടിൽ വ്യവസായം
15. നൂൽ നൂൽപ്പ് യൂണിറ്റ്.
16. ചകിരി നാര് ഉൽപാദന യൂണിറ്റ്
17. ജൈവ വള നിർമ്മാണം
18. മരവ്യവസായ യൂണിറ്റ്
19. വർക്കുഷാപ്പുകൾ
20. മിനി വ്യവസായ കേന്ദ്രം ആരംഭിക്കുക.

നിർദ്ദേശങ്ങൾ

1. ചകിരി, യന്ത്രവൽകൃത സംവിധാനം ഉപയോഗപ്പെടുത്തി നാര് ഉണ്ടാക്കി വിവിധ തരം ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ പരിശീലന കേന്ദ്രം ആരംഭിക്കുക.
2. വ്യവസായം തുടങ്ങാൻ താൽപര്യമുള്ളവരുടെ പേര് റജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്തിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുകയും പരസ്യം ചെയ്യുകയും റജിസ്റ്റർ ചെയ്യുന്ന സംരംഭകർക്ക് താൽപര്യമനുസരിച്ചുള്ള വിഷയങ്ങളിൽ വിദഗ്ധ പരിശീലനം നൽകുകയും വേണം. വിദഗ്ധ പരിശീലനത്തിനു സർക്കാർ തലത്തിലുള്ള എല്ലാ ഏജൻസികളുടെയും സേവനം പ്രയോജനപ്പെടുത്തണം.
3 കരകൗശല, മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കു വൈദഗ്ധ്യം പ്രത്യേകമായുള്ള ഏജൻസികളിൽ നിന്നും ലഭ്യമാക്കണം. ഇതിനായി പ്രത്യേകം സെൻറർ ക്രാഫ്റ്റ് ഡവലപ്പ്മെൻറ് സ്ഥാപിക്കാൻ നടപടി വേണം.
4. സുലഭമായി ലഭിക്കുന്നതും മുഖ്യ ഉൽപ്പന്നവുമായ നാളികേരം അടിസ്ഥാനമാക്കി വിവിധ തരം വ്യവസായങ്ങൾ ആരംഭിക്കാൻ ശക്തമായ ബോധവൽക്കരണവും പരിശീലനവും ആവശ്യമാണ്.

   ഇതിലേക്ക് നാളികേര വികസന കോർപ്പറേഷൻ കേരഫെഡ്, കയർ വികസന ബോർഡ്, റീജിനൽ റിസർച്ച് ലബോറട്ടറി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിദഗ്ധരെ വരുത്തി റബ്ബർ അടിസ്ഥാനമായുള്ള വ്യവസായത്തിന് നൂതന വിദ്യയും പരിശീലനവും ലഭ്യമാക്കേണ്ടതാണ്.
6. റെഡിമെയ്ഡ് വ്യവസായ സംരംഭകർക്ക് വിദഗ്ധ പരിശീലനം, നവീന രീതി, വിപണന സാധ്യകൾ എന്നിവക്ക് ആവശ്യമായ പരിശീലനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി മദ്രാസ് എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്.
7. വ്യവസായ സംരംഭകരെ കണ്ടെത്തി ഈ രംഗത്തെ പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായി വ്യവസായം നടത്തിക്കൊണ്ടു പോകുന്നതിനും, നന്നായി പ്രവർത്തിക്കുന്ന വ്യവസായികളുമായി ആശയ വിനിമയ ത്തിനു പര്യാപ്തമായ പഠന യാത്രകൾ സംഘടിപ്പിക്കുക.
8. പഞ്ചായത്തിലെ വ്യവസായ വളർച്ചക്ക് അനുകൂല സാഹചര്യം ഒരുക്കുന്നതിന് ഒരു കാർഷിക വ്യവസായ പ്രദർശനവും പരിശീലന ക്യാമ്പും വിവിധ സർ

ക്കാർ ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോട് കൂടി നടത്താൻ സാധിക്കണം.

9. വ്യവസായ രംഗത്തേക്കു വരുന്നവർക്ക് വൈദ്യുതി, സാങ്കേതിക ഉപദേശം, സഹായം എന്നിവ ഉറപ്പു വരുത്തണം.

10. വ്യവസായ സംരംഭകർക്ക് ബാങ്ക് വായ്പകളിലൂടെ നിയമ തടസ്സങ്ങളും നിയന്ത്രണങ്ങളും നീക്കി പലിശ വ്യവസ്ഥ ഉദാരമാക്കിയും സൗകര്യം ലഭ്യമാക്കുക.

11. വ്യവസായ സംരംഭകർക്ക് സർക്കാർ സബ്സിഡിയും ആനുകൂല്യങ്ങളും നൽകുന്നതിലുപരി പലിശ രഹിത വായ്പ നയം ആവിഷ്കരിക്കുക.


12. കണ്ടെത്തുന്ന വ്യവസായ സംരംഭകർക്ക് സംരക്ഷി തരാണെന്ന ബോധം ഉണ്ടാക്കുന്നതിന് നിരന്തരമാ യപ്രോത്സാഹനവും വ്യവസായങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യങ്ങളും അന്തരീ ക്ഷവും നൽകുന്നതിന് ഒരു സ്ഥിരം മോണിറ്റേറിംഗ് കമ്മിറ്റി രൂപീകരിക്കണം.

13. വ്യവസായ സംബന്ധമായ നൂതന അറിവ് ലഭ്യമാ ക്കുന്നതിനുള്ള പ്രസിദ്ധീകരണം ലഭ്യമാക്കണം.


നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സംരംഭങ്ങൾ ഒറ്റക്കും കൂട്ടാ യും സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലും സർക്കാർ ഉടമസ്ഥതയിലും കാര്യക്ഷമമായും ചിട്ടയായും സൂക്ഷ്മതയോടെയും നടപ്പിലാക്കുന്ന പക്ഷം നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷം കൊണ്ട് തൊ ഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു പരിധി വരെയും, ശരാശരി സാമ്പത്തിക വരുമാനം ഉയർത്തുവാനും കാർഷി ക വ്യവസായ രംഗത്ത് പുരോഗതി കൈവരിക്കാനും സാ ധ്യമാകും.

നമ്മുടെ പഞ്ചായത്തിൽ യുവതി യുവാക്കളുടെ ബു ദ്ധിപരവും, കായികവും, സാമ്പത്തികവുമായ ശേഷി വ്യ വസായിക പഞ്ചായത്തിന്റെ വളർച്ചക്ക് ഉപയോഗി ക്കുന്നതിന് എല്ലാ പരിശ്രമങ്ങളും ആവശ്യമാണ്.

പുതിയ തലമുറയുടെ നിലനിൽപ്പിനും ലക്ഷ്യബോ ധത്തിനും ഇത് അത്യന്താപേക്ഷിതമാണ്. ഇവരുടെ സാ മൂഹ്യ സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടാൻ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുതിർന്ന മുഴു വൻ ആളുകൾക്കും ഉത്തരവാദിത്വമുണ്ട്. അതിനായി അർ പ്പണ മനോഭാവത്തോടെ വിഭാഗീയ ചിന്തകൾക്ക് അതീ തമായി പ്രവർത്തിക്കലാണ് നമ്മിലുള്ള ഇന്നിന്റെ ചുമതല.



5.4



വിദ്യാഭ്യാസം

കേരളത്തിലെ വിദ്യാഭ്യാസാപരമായി പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയുടെ ആസ്ഥാനത്തു നിന്നും (മലപ്പുറം) 30 കി.മീ. വടക്ക് ഭാഗത്തായി ചാലിയാർ പുഴക്കും പിൾചിമ ഘട്ടത്തിനും ഇടക്ക് സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളുൾക്കൊള്ളുന്നതാണ് ഊർങ്ങാട്ടിരി പഞ്ചായത്ത്. ഈ അടുത്ത കാലം വരെ പ്രദേശത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസം നേടുന്നതിന് ചാലിയാർ പുഴയും കടന്ന് കിലോമീറ്ററുകളോളം നടന്ന് മറ്റു പഞ്ചായത്തുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണുണ്ടായിരുന്നത്. മലബാറിലെ ഉന്നത പഠന കേന്ദ്രമായ കോഴിക്കോട് സർവകലാശാലയുടെ സാമീപ്യം ഇവിടെ വിദ്യാഭ്യാസപരമായ ഉണർവ്വ് സൃഷ്ടിച്ചില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതയും ഭൂപ്രകൃതിയുടെ പ്രത്യേകതയും. ഗതാഗത സൗകര്യങ്ങളുടെ പോരായ്മയും മൂലം മലപ്പുറം ജില്ലയിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് സാക്ഷരതാ നിലവാരത്തിലും വിദ്യാസമ്പന്നരുടെ ലഭ്യതയിലും വളരെ പിന്നിലാണ് ഈ പഞ്ചായത്ത്.

1921-ൽ ജില്ലാ വിദ്യാഭ്യാസ ബോർഡിന്റെ നേതൃത്വത്തിൽ മൈത്രയിൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചതോടെ വിദ്യാഭ്യാസ വികസന രംഗത്ത് പഞ്ചായത്തിൽ ഹരിശ്രീ കുറിച്ചു. പിന്നീട് ഊർങ്ങാട്ടിരി(പൂവത്തിക്കൽ) ഒരു പ്രൈമറി സ്കൂളും തുർന്ന് തെരട്ടെമ്മൽ, തെഞ്ചേരി, തച്ചണ്ണ, മൂർക്കനാട് എന്നീ പ്രദേശങ്ങളിലും പ്രൈമറി സ്കൂളുകൾ നിലവിൽ വന്നു.

കാലാകാലങ്ങളിലായി പൈമ്രറി സ്കൂളിൽ പഞ്ചാത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിൽ വന്നെങ്കിലും ഹൈസ്കൂൾ വിദ്യാഭ്യാസം ഇവിടത്തുകാർക്ക് ദുരിതപൂർണമായിരുന്നു. പുഴ കടന്ന് കിലോമീറ്ററുകൾ നടന്നാണ് ഈ അടുത്ത കാലം വരെ പഞ്ചായത്തിലുള്ളവർ ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയിരുന്നത്. 1976-ൽ സ്ഥാപിച്ച മൂർക്കനാട് ഹൈസ്കൂൾ ആണ് ഇതിന് ഒരു പരിധിവരെ പരിഹാരമായത്.

ഒരു ഹൈസ്കൂളും ഏഴ് ലോവർ പ്രൈമറി സ്കൂളും ആറ് അപ്പർ പ്രൈമറി സ്കൂളുകളും ഉൾപ്പെടെ 14 സ്കൂളുകളാണ് ഈ പഞ്ചായത്തിലുള്ളത്. ഇന്ന് 31693-ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ 14 വിദ്യാലയങ്ങളിലായി 7604 കുട്ടികൾ പഠനം നടത്തുന്നു. അദ്ധ്യാപകരുടെ എണ്ണം 233. വിശദ വിവരം പട്ടികയായി കൊടുത്തിരിക്കുന്നു (പട്ടിക 1A, 1B, 1C)

സാമ്പത്തികമായ പിന്നോക്കാവസ്ഥയും രക്ഷിതാക്കളുടെ കുറഞ്ഞ സാക്ഷരത നിലവാരവും മറ്റു ചില സാമൂഹ്യ കാരണങ്ങളും മൂലം ചില വിദ്യാർത്ഥികൾ ഇടക്ക് വെച്ച് പഠനം നിർത്തുന്നുണ്ട്. 1995 -96 വിദ്യാഭ്യാസ വർ

പട്ടിക 1A

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

നമ്പ്ര്	സ്കൂൾ	മാനേ/ ഗവ:	വിദ്യാർത്ഥികൾ			അദ്ധ്യാപകർ
			ആൺ	പെൺ	ആകെ	ആകെ
1	S.S.H.S. മൂർക്കനാട്	മാനേ	951	937	1888	67
2	G.U.P.S. മൂർക്കനാട്	ഗവ.	650	603	1253	24
3	G.U.P.S. ചുണ്ടത്തുപൊയിൽ	ഗവ.	181	194	375	12
4	G.U.P.S. വെറ്റിലപ്പാറ	ഗവ.	313	295	608	19
5	G.U.P.S. ഓടക്കയം	ഗവ.	69	64	133	7
6	A.M.L.P.S. കല്ലരിട്ടിക്കൽ	മാനേ	165	185	350	10
7	A.L.P.S. ഊർങ്ങാട്ടിരി	,,	181	162	343	10
8	G.L.P.S. തെഞ്ചീരി	ഗവ.	152	146	298	10
9	G.L.P.S. കൂത്തുപറമ്പ്	,,	73	59	132	5
10	G.L.P.S. തച്ചണ്ണ	,,	165	131	296	10
11	G.U.P.S. ഊർങ്ങാട്ടിരി	,,	334	280	614	12
12	A.L.P.S. വടക്കുംമുറി	മാനേ	157	152	309	10
13	G.L.P.S. പാവണ്ണ	ഗവ.	70	67	137	5
14	A.M.U.P.S. തെരട്ടമ്മൽ	മാനേ	430	438	868	32
	ആകെ		3891	3713	7604	233

പട്ടിക 1(B)

L.P, U.P. H.S ഭാഗങ്ങളിലെ കുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	L.P,			U.P.			H.S		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
7604	963	902	48.36	1977	1874	48.66	951	937	49.63
								ആകെ	48.83%

പട്ടിക1(C)

പട്ടിക ജാതി/പട്ടി വർഗ വിദ്യാർത്ഥികളുടെ കണക്ക്

L.P.			U.P.			H.S.		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1865	122	6.54	3851	457	11.87	1888	187	9.9

പട്ടിക 1(D)

പഠനം നിർത്തിയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2	1	3	88	55	143
				ആകെ	146

ഷത്തിൽ "കൊഴിഞ്ഞു പോയ"വരുടെ വിവരം പട്ടിക 1D യിൽ കൊടുത്തിരിക്കുന്നു.

ആകെയുള്ള സ്കൂളുകളിൽ 9 എണ്ണം ഗവർമെൻറ് മേഖലയിലാണ്. മൊത്തം അദ്ധ്യാപകരിൽ 45%ഉം വിദ്യാർത്ഥികളിൽ 50.67%ഉം ഇവയിലാണ്. (പട്ടിക 2) പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കുട്ടികളെ ഇവിടെ തന്നെയുള്ള വിദ്യാലയങ്ങളിലാണ് അയക്കുന്നത്. 5-ൽ താഴെ കുട്ടികൾ മാത്രമേ വിദൂര സ്ഥലങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോകുന്നുള്ളു. ഇംഗ്ലീഷ് ജ്വരം ഇടത്തട്ടുകാരായ പഞ്ചായത്തു നിവാസികളെ സ്വാധീനിച്ചിട്ടുണ്ടെങ്കിലും സൗകര്യങ്ങളുടെ അഭാവം കുട്ടികളെ മലയാളം മീഡിയം സ്കൂളിലേക്ക് തന്നെ അയക്കാൻ അവരെ നിർബന്ധിതരാക്കുന്നു.

പട്ടിക II

ഗവ. സ്കൂളുകളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അധ്യാപകർ പഞ്ചായത്തിൽ	ഗവ.വിദ്യായലങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ %	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം	ശതമാനം
233	104	43.64	7604	3846	50.58

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. കോളേജ് വിദ്യാഭ്യാസത്തിനായി പഞ്ചായത്തിലെ വിദ്യാർഥികൾ മമ്പാട്, മഞ്ചേരി, മലപ്പുറം, ഫറൂഖ്, കോഴിക്കോട് പ്രദേശങ്ങളിലെ കലാലയങ്ങളേയാണ് ആശ്രയിക്കുന്നത്. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത ഇവിടത്തുകാരുടെ ഉന്നത വിദ്യാഭ്യാസ കാലഘട്ടം ദുരിത പൂർണമാക്കുന്നു. പ്രീഡിഗ്രി പ്ലസ് ടു, ബിരുദ -സാങ്കേതിക കോഴ്സുകൾക്കായി ഏകദേശം 1000 ഓളം കുട്ടികൾ മറ്റു പ്രദേശങ്ങളിലേക്ക് പോകുന്നുണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്കൂൾ സ്വകാര്യ മേഖലയാണെങ്കിലും വിജയശതമാനം വർഷം തോറും കുറഞ്ഞു

വരുന്ന അവസ്ഥയാണുള്ളത്. വിജയിക്കുന്നവർക്കു തന്നെ മാർക്ക് കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ലഭിക്കുന്നില്ല. ഓരോ വർഷവും 400-450ഉം ഇടയിൽ വിദ്യാർത്ഥികൾ അരീക്കോട് മഞ്ചേരി ഭാഗങ്ങളിലുള്ള പാരലൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്. കമ്പ്യൂട്ടർ ട്രെയ്നിംഗ് സ്ഥാപനങ്ങളോ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളോ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ഈ മേഖലകളിലെ മത്സര രംഗത്ത് പ്രദേശത്തെ യുവതീ യുവാക്കളെ പിന്നിലാക്കുന്നു.

പഞ്ചായത്തിൽ പ്രീ പ്രൈമറി സ്കൂളുകൾ ഒന്നും തന്നെയില്ല. ഒരു നഴ്സറി സ്കൂൾ ഉണ്ട്; മലയാളം മീഡിയമാണ്. മൂന്ന് വയസ്സിനും അഞ്ചു വയസ്സിനും ഇടയിലുള്ള കുട്ടികളിലധികവും സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻ വാടികളിൽ പോകുന്നതിനാൽ ഇംഗ്ലീഷ് മീഡിയം പ്രീ-പ്രൈമറി വിദ്യാലയങ്ങൾ വ്യാപിച്ചിട്ടില്ല. 31000 ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ 14 അംഗൻ വാടികൾ മാത്രമേയുള്ളൂ. 12 എണ്ണം കൂടി പുതുതായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. 1000 പേർക്ക് ഒന്ന് അനുപാതം പാലിക്കപ്പെടണമെങ്കിൽ 14 അംഗവൻവാടികൾ കൂടി ഉടൻ പഞ്ചായത്തിന് അനുവദിച്ചു കിട്ടേണ്ടതാണ്.

മുസ്ലിംകളുടെ മതപഠന സ്ഥാപനമായ മദ്രസകൾ പഞ്ചായത്തിൽ 21 എണ്ണമുണ്ട്. സ്കൂൾ സമയത്തിന് മുമ്പും വൈകുന്നേരങ്ങളിലുമായി ദിവസവും 3 മണിക്കൂർ മദ്രസകൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരിൽ 45 %ത്തോളം അദ്ധ്യാപകർ ഈ പഞ്ചായത്തിൽ തന്നെയുള്ളവരാണ്. പഞ്ചായത്തിനു പുറത്ത് അദ്ധ്യാപകരായി ജോലി ചെയ്യുന്ന 40 ഓളം പേരുണ്ട്. എന്നാൽ പ്രൊഫഷണൽ രംഗത്തുള്ളവരുടെ എണ്ണം അംഗുലീപരിമിതമാണ്.

ഉന്നത വിദ്യാഭ്യാസത്തിന് സർവകലാശാലയിൽ എത്തുന്നവരിൽ ഊർങ്ങാട്ടിരി പഞ്ചായായത്തുകാർ ഇല്ല എന്നു തന്നെ പറയാം. പഠന നിലവാരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പെട്ടെന്ന് ജോലി ലഭിക്കാൻ സാധ്യതയുള്ള ബി.എഡ്. പോലെയുള്ള കോഴ്സുകളിൽ ആകൃഷ്ടരാകുന്നു.

മറ്റെലായിടത്തെപ്പോലെ തന്നെ ഇവിടെയും ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാഭ്യാസ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഗൾഫ് സ്വപ്നങ്ങൾ യുവാക്കളെ പഠന രംഗത്തു നിന്നും പിൻതിരിക്കാൻ പ്രേരിപ്പിക്കുന്നു.

പതിനാല് വിദ്യാലയങ്ങളും ആവശ്യത്തിന് അദ്ധ്യാപകരും പഞ്ചായത്തിലുണ്ടെങ്കിലും എല്ലാ വാർഡുകളിലും നിരക്ഷരർ നിരവധി പേരുണ്ട്. സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതാണ് ഇതിനൊരു പ്രധാന കാരണം. നവ സാക്ഷരരിൽ പലരും ക്രമേണ നിരക്ഷരരായി കൊണ്ടിരിക്കുകയാണ്.

അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ വേണ്ടത്ര ഉണർന്നു പ്രവർത്തിക്കാത്തത് എല്ലാ സ്കൂളുകളുടെയും പഠന നിവാരത്തകർച്ചക്ക് കാരണമാകുന്നുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധ വേണ്ടത് രക്ഷിതാക്കൾക്കാണെന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുകൂടാ. അദ്ധ്യാപകനും രക്ഷിതാവും ബഹുജനങ്ങളുമെല്ലാം അടങ്ങിയ കൂട്ടായ്മയിലൂടെ മാത്രമേ ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കാൻ കഴിയൂ. എന്ന് നാം മനസ്സിലാക്കണം.

സ്കൂളിലെ ഭൗതീക സാഹചര്യങ്ങൾ, അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനങ്ങളുടെ പോരായ്മകൾ, ഉച്ചകഞ്ഞി വിതരണം, പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ളവയുടെ Upgradatation, അദ്ധ്യാപകരുടെ ഇടക്കാല പരിശീലനം, കൂട്ട ക്ലാസ് കയറ്റം, DPEP DIET തുടങ്ങിയവയുടെ സേവന ലഭ്യത. മാസാന്തര പരീക്ഷകൾ, മൂല്യ നിർണയും, പാഠ്യേതരപ്രവർത്തനങ്ങൾ എന്നിത്യാദി വിഷയങ്ങളെ കുറിച്ചെല്ലാം ഓരോ ഗ്രാമസഭയിലും ചർച്ചകൾ നടന്നതായി കാണുന്നു.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പൊതുവെയുള്ള അവസ്ഥ പരിഗണിക്കുമ്പോൾ പ്രഥമ പരിഗണന അർഹിക്കുന്നതാണ് അക്കാദമിക് സൗകര്യങ്ങൾ. വിദ്യാഭ്യാസം, ഗാന്ധിജി വിഭാവനം ചെയ്തതു പോലെ വ്യക്തിയുടെ നാനോന്മുഖമായ വികസനമാണ് ലക്ഷ്യമാക്കുന്നതെങ്കിൽ വിദ്യാർത്ഥിക്ക് ഉന്മേഷം പകരാൻ കഴിയുന്ന സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറോട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ, ഫർണീച്ചറുകൾ, ബോർഡുകൾ എന്നിവ സ്കൂളുകളുടെ പഠന നിലവാരത്തെ ഗണ്യമായി സ്വാധീനിക്കുന്നതാണ്. പട്ടിക 3 പഞ്ചായത്തിലെ ഇത്തരം സൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്നതാണ്.

ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത പ്രദേശത്തെ സ്കൂളുകൾ നേരിടുന്ന മറ്റൊരു പ്രശ്നമാണ് മൂർക്കനാട് ഗവ. യു.പി. സ്കൂളിൽ 4 ക്ലാസ് മുറികളും വെറ്റിലപ്പാറ G.U.P.S. 12 ക്ലാസ് മുറികളും തെഞ്ചേരി L.P.S. മൂന്ന് ക്ലാസ് മുറികളും താൽക്കാലിക ഓല ഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നത്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയുടെ ലഭ്യത പട്ടിക 4-ൽ ചേർത്തിരിക്കുന്നു.

മൂത്രപ്പുരയില്ലാത്ത ഒന്നും കക്കൂസ് ഇല്ലാത്ത ഉപയോ

പട്ടിക.III

അക്കാദമിക സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ	മാതൃ സംഘം സജീവം	ക്ലാസ് പി.ടി.എ യോഗം ചേരുന്നവ
ഉള്ളത്	8	0	6	0	14	8	6	-	2	-	177	12	10
ഇല്ലാത്തത്	6	0	8	0	-	6	8	-	12	14	-	2	4

പട്ടിക VI

ഭൗതീക സാഹചര്യങ്ങൾ

നമ്പ്	സ്കൂൾ	ആകെ വിദ്യാർഥികൾ	ആകെ അദ്ധ്യാപകർ	മൂത്ര പ്പുര	കക്കൂസ്	കുടി വെള്ളം	വൈദ്യുതി
1.	S.S.H.S. മൂർക്കനാട്	1888	67	2	1	ഉണ്ട്	ഉണ്ട്
2.	G.U.P.S. മൂർക്കനാട്	1253	24	2	1	ഉണ്ട്	ഉണ്ട്
3.	G.U.P.S. ചുണ്ടത്തും പൊയിൽ	375	12	2	1	ഉണ്ട്	ഉണ്ട്
4	G.U.P.S. വെറ്റിലപ്പാറ	608	19	1	2	ഉണ്ട്	ഉണ്ട്
5.	G.U.P.S. ഓടക്കയം	133	7	1	2	ഉണ്ട്	ഉണ്ട്
6	A.M.L.P.S. കല്ലരട്ടിക്കൽ	350	10	1	2	ഇല്ല	ഇല്ല
7.	A.L.P.S. ഊർങ്ങാട്ടിരി	343	10	2	ഇല്ല	ഇല്ല	ഉണ്ട്
8	G.L.P.S. തെഞ്ചീരി	298	10	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9	G.L.P.S. കുത്തുപറമ്പ്	132	5	1	1	ഇല്ല	ഇല്ല
10	G.L.P.S. തച്ചണ്ണ	296	10	2	ഇല്ല	ഉണ്ട്	ഇല്ല
11	G.U.P.S. ഊർങ്ങാട്ടിരി	614	12	2	1	ഉണ്ട്	ഇല്ല
12	A.L.P.S. വടക്കുംമുറി	309	10	1	ഇല്ല	ഉണ്ട്	ഇല്ല
13	G.L.P.S. പാവണ്ണ	137	5	1	1	ഇല്ല	ഇല്ല
14	A:M.U.P.S. തെരട്ടമ്മൽ	868	32	2	2	ഉണ്ട്	ഉണ്ട്

ഗ ശൂന്യമായത് 4ഉം കുടിവെള്ളമില്ലാത്ത 5ഉം വൈദ്യുതി ഇല്ലാത്ത 7ഉം സ്കൂളുകൾ പഞ്ചായത്തിലുണ്ട്. ശരാശരി 380 പേർക്ക് ഒരു മൂത്രപ്പുരയും 543 പേർക്ക് ഒരു കക്കൂസുമാണ് നിലവിലുള്ളത്.

വിദ്യാർത്ഥികളുടെ പഠന നിലവാരം ഒട്ടും ആശാവഹമല്ല. കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനവും 1995-96ലെ കാൽപാദവാർഷിക പരീക്ഷക്ക് 3 മുതൽ 10 ക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെ മാർക്കും പട്ടികയായി ചേർത്തിരിക്കുന്നു.

പട്ടിക VA

സ്കൂൾ	91-92	92-93	93-94	94-95	95-96
S.S.H.S. മൂർക്കനാട്	41.8%	42.17%	34.9%	28.5%	27%

പട്ടിക VB

കാൽപാദ പരീക്ഷ

ക്ലാസുകൾ	30% താഴെ മാർക്ക് ലഭിച്ചവർ	30%ഉം40% ഇടയിൽ മാർക്ക് ലഭിച്ചവർ	40%ഉം 50%ഇടയിൽ മാർക്ക് ലഭിച്ചവർ	50%ഉം 60% ഇടയിൽ മാർക്ക് ലഭിച്ചവർ	60%മുകളിൽ മാർക്ക് ലഭിച്ചവർ
3	147	140	138	116	111
4	93	144	130	108	145
5	86	103	96	98	96
6	119	89	96	88	101
7	112	87	88	99	99
8	കണക്കുകൾ ലഭിച്ചിട്ടില്ല				
9	കണക്കുകൾ ലഭിച്ചിട്ടില്ല				
10	329	-	85	65	40

നിരവധി വസ്തുതകൾ വിദ്യാഭ്യാസ നിലവാരം താഴുന്നതിന് കാരണമായി ചൂണ്ടിക്കാണിക്കാം. പഠന സൗകര്യങ്ങളുടെ അപര്യാപ്തത അദ്ധ്യാപകരുടെ കുറവ്, ലാബ്, ലൈബ്രറി, സൗകര്യങ്ങളുടെ അഭാവം എന്നിവ ചിലത് മാത്രം. ദൃശ്യമാധ്യങ്ങളുടെ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ വ്യാപനം എന്നിവ വിദ്യാർഥികളിൽ അധാർമിക പ്രവണതകൾ ഉളവാക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 വർഷത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

I (a) മൂർക്കനാട് ഗവ. യു.വി. സ്കൂളിലേയും വെറ്റിലപ്പാറയിലേയും തെഞ്ചേരിയിലേയും ഓല മേഞ്ഞ കെട്ടിടങ്ങൾക്ക് പകരം സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കണം. വർഷം തോറും പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 50,000 രൂപയോളം പഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. വെറ്റിലപ്പാറ സ്കൂളിന്റെ മുൻവശം റോഡും പിൻവശം പുഴയുമായതിനാൽ അടിയന്തിരമായി കോമ്പൗണ്ട് വാൾ നിർമ്മിക്കണം.

മുകൾ വശം മലയും തെക്ക് വശം കുഴിയും ആയതിനാൽ തെഞ്ചേരി ഗവ. എൽ.പി. സ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കേണ്ടതാണ്.

(b) തച്ചണ്ണ ഗവ. എൽ.പി.സ്കൂളിനോടനുബന്ധിച്ച് ഒരു പ്രീ പ്രൈമറി വിദ്യാലയം സ്ഥാപിക്കണം. അതിനു വേണ്ട ക്ലാസ് മുറിയും ഫർണീച്ചറുകളും നിലവിലുള്ള കെട്ടിടത്തിൽ തന്നെയുണ്ട്. ഇതേ സ്കൂളിലെ വയറിംഗ് പൂർത്തിയായെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല. നിലവിലുള്ള സ്കൂൾ കെട്ടിടത്തിനു ചുറ്റും കോമ്പൗണ്ട് വാൾ നിർമ്മിക്കണം. സമീപ പ്രദേശങ്ങളിലെ കുട്ടികൾക്കെല്ലാം എത്തിച്ചേരാൻ എളുപ്പമുള്ള പ്രദേശമായതിനാൽ ഈ സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യണം. അതുപോലെ തെഞ്ചേരി ഗവ. എൽ. പി. സ്കൂളും അപ്ഗ്രേഡ് ചെയ്യണം.

(c) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഊർങ്ങാട്ടിരി ജി.യുപി.സ്കൂളിന് ഗവ. കെട്ടിടങ്ങൾ നിർമ്മിക്കണം. സ്കൂൾ കെട്ടിടങ്ങൾ ഒരേ കോമ്പൗണ്ടിൽ തന്നെ നിർമ്മിക്കണം.

(d) ചൂണ്ടത്തുംപോയിൽ, വെറ്റിലപ്പാറ, ഓടക്കയം, മൈത്ര, മൂർക്കനാട്, തെഞ്ചേരി, തച്ചണ്ണ, പാവണ്ണ എന്നീ സ്കൂളുകൾക്ക് കളി സ്ഥലങ്ങൾ നിർമ്മിക്കുക.

(e) പഞ്ചായത്തിലെ 1ഉം 2ഉം വാർഡുകളിലെ കുട്ടികൾക്ക് 98 മുതൽ 14 വരെ കിലോമീറ്റർ ദൂരം പോകണമെന്നുള്ളതുകൊണ്ടും യാത്രാ സൗകര്യം കുറവായതിനാലും നിലവിലുള്ള വെറ്റിലപ്പാറ ഗവ. യു.പി.സ്കൂൾഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യണം. ഗവ. യു.പി.സ്കൂൾ ഊർങ്ങാട്ടിരി, ഗവ. എൽ.പി.സ്കൂൾ തച്ചണ്ണ, ഗവ. എൽ.പി.സ്കൂൾ കൂത്തുപറമ്പ്, ഗവ. എൽ.പി.സ്കൂൾ തെഞ്ചേരി, ഗവ. എൽ.പി.സ്കൂൾ പാവണ്ണ എന്നീ സ്കൂളുകളും അപ്ഗ്രേഡ് ചെയ്യണം.

(f) വേഴക്കോട്, വേണ്ടേക്കുംപൊയിൽ, കിണറടപ്പൻ, തച്ചാംപറമ്പ് എന്നീ പ്രദേശങ്ങളിൽ പുതിയ പ്രൈമറി

സ്കൂളുകൾ അനുവദിക്കണം.

(g) മൈത്ര ഗവ. യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്തു ഹൈസ്കൂളാക്കുകയോ, മൈത്ര ഹിദായത്തുസ്സിബിയാൻ യതീംഖാനക്ക് ഹൈസ്കൂൾ അനുവദിക്കുകയോ ചെയ്യുക.

II ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ എല്ലാ സ്കൂളുകളിൽ ഏർപ്പെടുത്തണം.

III എല്ലാ കുട്ടികൾക്കും ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നതിനു വേണ്ടി ചെലവ് തുക ഗവൺമെൻറ് നൽകണം.

IV കായിക രംഗത്ത് 15-ഓളം കുട്ടികൾ സ്പോർട്സ് സ്കൂൾ പ്രവേശനം നേടിക്കൊടുക്കുകയും കായിക രംഗത്ത് ഉന്നത നിലവാരം പുലർത്തുകയും ചെയ്യുന്ന ചുണ്ടത്തു പൊയിൽ ഗവ. യുപി.സ്കൂളിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കണം.

V എല്ലാ പ്രൈമറി അപ്പർ പ്രൈമറി സ്കൂളുകളോടും ചേർന്ന് പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിക്കണം.

VI അദ്ധ്യാപകർക്ക് ഇടക്കാല പരിശീലനം നൽകണം. ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ സ്കൂൾ വർഷാരംഭത്തിൽ തന്നെ നികത്തണം.

VII വെള്ള സൗകര്യമില്ലാത്ത സ്കൂളുകളിൽ കുടിവെള്ളം ലഭ്യമാക്കണം. ദൃശ്യ, ശ്രവ്യ മാധ്യമങ്ങളുടെ പ്രവർത്തനങ്ങൾക്ക് വൈദ്യുതി അത്യാവശ്യമായതിനാൽ എല്ലാ സ്കൂളുകൾക്കും വൈദ്യുതി ലഭ്യമാക്കണം.

VIII വിദ്യാഭ്യാസ നിലവാരം ഉർത്തുന്നതിന് PTA, MPTA എന്നിവയുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തണം. എല്ലാ സ്കൂളുകൾക്കും റേഡിയോ , ടി.വി. എന്നിവ അനുവദിക്കണം.


IX മൂർക്കനാട് ഹൈസ്കൂളിനോടനുബന്ധിച്ച് പ്ലസ് ടു ആരംഭിക്കണം. മൂർക്കനാട് ജി.യു.പി. സ്കൂൾ സ്ഥലത്ത് ലൈബ്രറി കെട്ടിടം നിർമ്മിക്കുക.

X എല്ലാ സ്കൂളുകൾക്കും ആവശ്യമായ ഫർണീച്ചറുകൾ നൽകണം.

XI സാക്ഷരതാ പ്രവർത്തനം പുനരാവിഷ്കരിക്കണം.

XII ഒരു വനിതാ കോളേജ് പഞ്ചായത്തിൽ അനുവദിക്കുക.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂൾ കോംപ്ലക്സുകൾ , എസ്.ആർ.ജി, സി.ആർ.ജി, പി.ടി.എ, മാതൃ സംഗമം എന്നിവ സജീവമാക്കുകയാണ് ചെയ്യേണ്ടത്. അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടേയും മറ്റു സന്നദ്ധ സംഘടനകളുടേയും കൂട്ടായ പരിശ്രമത്തിലൂടെ ഇന്നത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ കഴിയും.



5.5

കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യ കാര്യത്തിൽ ശുദ്ധവായു, ശുദ്ധജലം, സുചിത്വമുള്ള പാർപ്പിടം എന്നിവ ഒഴിച്ചു കൂടാനാവാത്ത ഘടകങ്ങളാണ്. ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് കിണറുകളേയും അരുവികളേയും ആണ്. മലമ്പ്രദേശങ്ങളായ വടക്കൻ മേഖലയിൽ കിണറുകളേക്കാൾ പ്രാധാന്യം അരുവികൾക്കാണ്. പഞ്ചായത്തിൽ മാത്രമായി ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇനിയും വിപുലമാപ്പെടുത്തിയാൽ മാത്രമേ ഒരു പരിധി വരെയെങ്കിലും കുടിവെള്ളക്ഷമാമത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. കൂടാതെ വടക്കൻ മേഖലയിലെ മലമ്പ്രദേശങ്ങളിൽ സുലഭമായ അരുവികളെയും മറ്റും പ്രയോജനപ്പെടുത്തി ചെറുകിട-ഇടത്തരം പദ്ധതികൾ ആവിഷ്കരിക്കാവന്നതാണ്. 35 പൊതു കിണറുകളും, 150 പൊതു ടാപ്പുകളും പഞ്ചായത്തിലുണ്ട്. 10 കുഴൽ കിണറുകൾ ഈ പഞ്ചായത്തിലുണ്ട്. 110 വീടുകളിൽ KWA House കണക്ഷൻ നൽകിയിട്ടുണ്ട്. ശുദ്ധ ജലത്തിന്റെ അഭാവത്തിൽ ജലജന്യ രോഗങ്ങളും പഞ്ചായത്തിൽ കുറവല്ല. ജനസംഖ്യയുടെ 40% ജനങ്ങളും ശുദ്ധ ജലക്ഷാമം അനുഭവിക്കുന്നു.

കുടിവെള്ള പ്രശ്നം പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും.

വാർഡ്.1.

കോണൂർ കണ്ടി, ചുണ്ടത്തുപൊയിൽ ഗവ. യു പി.സ്കൂൾ, കൈതക്കുന്നും സമീപ പ്രദേശങ്ങളും, തേക്കിൻ കാട് പ്രദേശം, തെയ്യപ്പാറ ആദിവാസി കോളനി എടക്കാട്ടു പറമ്പ്, പാമ്പിൻ കാവ്, പനമ്പിലാവ് ഹെൽത്ത് സെൻറർ, വെണ്ടേക്കും പൊയിൽ ആദിവാസി കോളനി എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

കുന്താണിക്കാട് നിലവിലുള്ള ശുദ്ധജല സംഭരണിയിലെ വെള്ളം പൈപ്പ് വഴി, കോണൂർ കണ്ടി ചുണ്ടത്തു പൊയിൽ എന്നിവിടങ്ങളിൽ എത്തിക്കുക. കൈതക്കുന്നിൽ ടാങ്ക് നിർമ്മിച്ചാൽ അടുത്ത വാർഡുകളിലേക്കു കൂടി കുടിവെള്ളം ലഭ്യമാക്കാവുന്നതാണ്. തേക്കിൻ കാടിന് മുകൾ ഭാഗത്തുള്ള

ജലസ്രോതസ്സ് പ്രയോജനപ്പെടുത്തിയാൽ ആ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

തെയ്യപ്പറ ആദിവാസി കോളനിയിലെ കുളം വിപുലപ്പെടുത്തി വൈദ്യുതി സൗകര്യമില്ലാത്തതുകൊണ്ട്, സോളാർ മോട്ടോർ ഉപയോഗിച്ച് ജല ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

എടക്കാട്ടു പറമ്പ്, പാമ്പിൻ കാവ്, പനമ്പിലാവ് ഹെൽത്ത് സെൻറർ എന്നിവിടങ്ങളിൽ പൊതു കിണറുകളോ, കുഴൽ കിണറോ നിർമ്മിക്കുകയോ ഉപയോഗശൂന്യമായവ നന്നാക്കി പ്രയോജനപ്പെടുത്തുകയോ ചെയ്യുക.

വെണ്ടേക്കും പൊയിൽ ട്രൈബൽ കോളനിയിൽ KWA പദ്ധതി കൂടുതൽ ഫലപ്രദമാക്കുക. പൊട്ടാടി കോളനിയിൽ നിലവിലുള്ള കുളത്തിൽ സോളാർ പമ്പ് സ്ഥാപിച്ച് ജല വിതരണം സൗകര്യപ്പെടുത്തുക.

കാക്കൂർ, മലകുണ്ട് പൈപ്പ് KWA നീട്ടുക.

വാർഡ്-2

അണ്ടിക്കുന്ന്, ആലാപാറ, കൂരം കല്ല്, കപ്പിലമാക്കൽ, കുന്ന്, കൈതക്കുന്ന്, ചൈരങ്ങാട്, കവുങ്ങും ചോല, ഓടാക്കൽ (ഓടാക്കയം) നീറ്റിക്കൽ(പള്ളിത്താഴെ) ഈന്തുപാലി, ഓയിലുപാറ, കുട്ടിക്കുന്നു(ഓടാക്കയം)(വെറ്റിലപ്പാറPHC,

എക്കാട്ടു പറമ്പിൽ സ്ഥിതി ചെയ്യുന്ന ജല സംഭരണി പ്രവർത്തനക്ഷമമാക്കുന്നതിനും, പൈപ്പു വഴി വാർഡിൻെറ വിവിധ ഭാഗങ്ങളിലേക്ക് വെള്ളം ലഭ്യമാക്കുന്ന നടപടി ത്വരിതപ്പെടുത്തുക.

അണ്ടിക്കുന്ന് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുക.

പന്നിയാംമലയിലുള്ള പ്രകൃതിദത്ത വെള്ളം, കുളം നിർമിച്ച് താഴെ പ്രദേശങ്ങളായ ആലപ്പാറ, കൂരം കല്ല്, കപ്പിലമാക്കൽ കുന്ന് എന്നിവിടങ്ങളിൽ ടാങ്ക് നിർമ്മിച്ച് ശേഖരിച്ച് വിതരണം ചെയ്യുക.

കൈതക്കുന്ന്, ചൈരങ്ങാട്, കവുങ്ങും ചോല, ഓടക്കയത്തെ ഓടാക്കൽ എന്നിവിടങ്ങളിലുള്ള നീരുറവകൾ പ്രയോജനപ്പെടുത്തിയാൽ ആ ഭാഗങ്ങളിലേക്ക് കുടിവെള്ളം നൽകാവുന്നതാണ്.

നീറ്റിക്കൽ(പള്ളിത്താഴെ ഒരു കുഴൽ കിണർ നിർമ്മിക്കുക.

ഈന്തും പാലി കോളനിയിൽ പൊതു കിണർ നിർമ്മിക്കുക.

ഓയിലുപാറ ഭാഗത്ത്(വെറ്റിലപ്പാറ) ഒരു കുളം നിർമ്മിക്കുക.

കുടപ്പാനത്തായി ഒരു കുളം നിർമ്മിച്ചാൽ കുട്ടിക്കുന്ന്(ഓടക്കയം)ഭാഗത്തെ ജലക്ഷാമം പരിഹരിക്കാനാവും.

വെറ്റിലപ്പാറ അങ്ങാടിക്കു സമീപം ചിറയിൽ ജോസഫ് എന്ന വ്യക്തി സംഭാവന നൽകിയ സ്ഥലത്ത് ഒരു കുളം നിർമ്മിച്ച് മോട്ടോറും, പൈപ്പും, സ്ഥാപിച്ച് ജലം ടാങ്കിൽ സംഭരിച്ച് KWA യിലേയും സമീപ പ്രദേശങ്ങളിലേയും ശുദ്ധ ജല, ജല ക്ഷാമം പരിഹരിക്കുക.

വാർഡ്-3

മുള്ളുംകാട്, നെടുമ്പാറ കുന്ന്(പാക്കുളം) രാമൻ കുളം കവുങ്ങിൻ ചോല, ഞാഞ്ഞിപ്പൊയിൽ, ചോറ്റുകടവ്(കിണറടപ്പൻ) മിച്ച ഭൂമി കോളനി, പുളക്കൽ കളപ്പാറ, വള്ളിപ്പാലം, കുഴി നക്കിപ്പാറ, ഈസ്റ്റ് പാറോട്ടിച്ചാൽ, തിരുത്തി, പാറോട്ടിച്ചാൽ കോളനി, പാക്കുളം കോളനി, നെടുമ്പാറ ഭാഗ,ം പാലത്തു പാറ വെള്ളാരംകുന്ന് ഭാഗം, നെടുമ്പാറ, കല്ലരട്ടിക്കൽ സ്കൂൾ പരിസരം, പുളക്കൊടിമ്മൽ, നേർമുക്ക് കോളനി.

മുള്ളുംകാട് ഭാഗത്ത് നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതി കൊണ്ട് പ്രയോജനം കിട്ടില്ല എന്നതിനാൽ, ആ ഭാഗത്തിന് മാത്രമായി ഒരു മിനി വാട്ടർ സ്പ്ലേ സ്കീം നടപ്പിലാക്കുക.

നെടുംപാറക്കുന്നിൽ ഒരു കുഴൽ കിണർ കുഴിക്കുക.

നെടുമ്പാറ പ്രദേശത്ത് രണ്ട് കുഴൽ കിണർ കുഴിക്കുക.

കല്ലരട്ടിക്കൽ സ്കൂൾ പരിസരത്ത് ഒന്നും, പുളകൊടിമ്മൽ കോളനിയിൽ ഒന്നും, നേർമുക്ക് കോളനിയിൽ ഒന്നും കുഴൽ കിണർ നിർമ്മിക്കുക. ബാക്കി ഭാഗങ്ങളിലേക്ക് നിലവിലുള്ള പൈപ്പ്ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുക.

വാർഡ് 4

നേർമുക്ക്, ഇരിയാട്ടു പറമ്പ്, ഓട്ടത്താനി, കളപ്പാറ, പൂളക്കൽ, പെരുമ്പറമ്പ്, ചീടിപ്പാറ, മങ്ങാട്ടു പറമ്പ്, അരിയാരം പാറ, പുത്തൻ വീട് കോളനി.

മേൽ സ്ഥലങ്ങളിലേക്കെല്ലാം നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിച്ചാൽ ജല ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

വാർഡ് 5

തെക്കും മുറി പ്രദേശങ്ങൾ, അയലൂർകുന്ന്, കളത്തിങ്ങൽ, പാറപ്പിച്ചാൽ തെക്കുംമുറി റോഡിന്റെ ഭാഗം.

അയലൂർ കുന്നിൽ ഒരു മിനി ടാങ്ക് നിർമിച്ച് ചാലിയാറിൽ നിന്നോ, ചെറുപുഴയിൽ നിന്നോ വെള്ളം ശേഖരിച്ചു വെള്ളം വിതരണം നടത്തുകയാണെങ്കിൽ ഈ വാർഡിലെ ശുദ്ധജലക്ഷാമം പരിഹരിക്കാനാവും. പാറപ്പിച്ചാൽ -തെക്കുംമുറി റോഡ് ഭാഗത്ത് പൊതു ടാപ്പുകൾ സ്ഥാപിക്കുക. കല്ലരട്ടി സ്കൂൾ ഭാഗത്ത് ഒരു മിനി ടാങ്ക് നിർമ്മിച്ച് പൈപ്പ് വെള്ളം ശേഖരിച്ച് വിതരണം നടത്തിയാൽ കല്ലരട്ടി-തെക്കുംമുറി ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

വാർഡ്-6

ഉള്ളുപറമ്പ്, തിരുമംഗലം, ആശാരിക്കുന്ന്, ചേലക്കോട്, വീമ്പൻ കുഴി, മുള്ളൻ മട പട്ടിക ജാതി കോളനി, യു.പി. സ്കൂൾ, ഹൈസ്കൂൾ

ഉള്ളു പറമ്പിൽ ഒരു പൊതു കിണർ നിർമ്മിക്കുക.

തിരുമംഗംലം, ആശാരിക്കുന്ന്, ചോലക്കോട് വീമ്പൻ കുഴി എന്നിവിടങ്ങളിലും പൊതു കിണറുകൾ നിർമ്മിക്കുക.

വീമ്പൻ കുഴി, നെടുംമ്പാറ, തിരുമംഗലം യു.പി.സ്കൂൾ, ഹൈസ്കൂൾ എന്നിവിടങ്ങളിലേക്ക് നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുക, സ്കൂൾ പടി ഭാഗത്ത് കുഴൽ കിണർ നിർമ്മിക്കുക. കിളിയാടിപ്പാറ ഭാഗത്ത് ചാലിയാറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ഉള്ളു പറമ്പിൽ, ടാങ്കിൽ നിർമ്മിച്ച് അതിൽ ശേഖരിച്ച് ആവശ്യം മായ സ്ഥലങ്ങളിലേക്ക് വെള്ളം എത്തിക്കുക.

വാർഡ്-7

മൈത്ര ഹെൽത്ത് സെൻററിന് താഴെ ഭാഗങ്ങൾ, കണ്ടു വഴി നെല്ലിക്കുന്ന്, പള്ളിയാളിൽ,

പൈപ്പ് ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിച്ച് നെല്ലിക്കുന്ന്, ഹെൽത്ത് സെൻറർ ഭാഗത്തേക്ക് വെള്ളം ലഭ്യമാക്കുക.

പള്ളിയാളിയിൽ നിലവിലുള്ള ടാപ്പ്സ്റ്റാൻറ് സ്ഥാപിക്കുക.

പൊതു കിണറുകൾ ഉപയോഗശൂന്യമായവ ഉപയോഗപ്രദമാക്കുക.

വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസിന് സമീപത്തു നിന്നും അനധികൃതമായി മണൽ വാരുന്നത് നിയന്ത്രിക്കുക.

വാർഡ്-8

ലക്ഷം വീട്, നാലു സെൻറ്, തച്ചണ്ണ സ്കൂൾ പാക്കുളം റോഡ്, പാക്കുളം പട്ടിക ജാതി കോളനി, ആലിൻ ചുവട്, ഞട്ടാവയി തടം, നെടുമ്പാറ, മുള്ളൻമുച്ചിക്കൽ

മേൽ സ്ഥലങ്ങളിലേക്കെല്ലാം നിലവിലുള്ള KWA പൈപ്പ് ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുക.

വാർഡ്-9

കൊടുംപാറ, പുവത്തിക്കൽ PHCക്ക് സമീപം വെളുത്തേടത്തുക്കുന്ന്, കണ്ണൻ തൊടി-കളരിപ്പറമ്പ് പട്ടിക ജാതി കോളനി പീടിക പറമ്പ്, തടത്തിൽ.

മേൽ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുക, കണ്ണൻ തൊടി കളരിപ്പറമ്പ് കോളനിയിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം സംഭരിച്ച് ശുദ്ധജലം ലഭ്യമാക്കുക, വെളുത്തേടത്തുകുന്നിൽ പൊതു കിണർ കുഴിക്കുക, ഉപയോഗ ശൂന്യമായ ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുകയും നിലവിലുള്ള അസ്ഥാനത്ത് സ്ഥാപിച്ച പൊതു ടാപ്പുകൾ, ശുദ്ധ ജലം ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുക, ഹൗസ് കണക്ഷൻ ആവശ്യപ്പെട്ട മുഴുവൻ ആളുകൾക്കും കണക്ഷൻ ലഭ്യമാക്കുക.

വാർഡ്-10

തെഞ്ചേരി, ചെമ്പ്രമ്മൽ, ഭഗവതിപ്പറമ്പ്, പുത്തൻ പുരക്കൽ, നെല്ലിക്കുന്ന്, കാട്ടിയാടി പൊയിൽ, പാലോത്ത് വേഴക്കോട് ഭാഗം, വേഴക്കോട്, അമ്പടലപ്പടി മൈലാടിക്കുണ്ട് ഭാഗം, ചുനിയോട്, ചെമ്പ്രക്കോണിൽ,

എല്ലാ സ്ഥലങ്ങളിലേക്കും പൈപ്പ് ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുക. കാട്ടിയാടി പൊയിൽ, കുരിക്കലമ്പാട്, പുത്തൻപുര ഭഗവതി പറമ്പ്, ചെമ്പ്രക്കോൺ എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക, വേഴക്കോട്, കുരിക്കലമ്പാട്, കാട്ടിയാടി പൊയിൽ പൊതു കിണർ നിർമ്മിക്കുക.

ആദാടി, പീടികപ്പറമ്പ്, കുളത്തിങ്ങൽ തൊടി എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക.

മറ്റുള്ള സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുക.

വാർഡ് - 11

കുനിമൽ പട്ടിക ജാതികോളനി, പീടിക പറമ്പ്, പൊരിയത്തിച്ചാൽ ആദാടി കോളനി, ചെടികുന്ന്, കോലോ പറമ്പ്, തച്ചറോട് കാവുങ്കണ്ടി, കണ്ണൻ കുളം മൂലയിൽ മുച്ചിക്കൽ, പറക്കാട്, കളത്തിങ്ങൽ തൊടി, പൂളക്കച്ചാൽ, ചെമ്പാഴി പറമ്പ്, ചീനിക്കത്തടം, കൂത്തുപറമ്പ് അംഗൻവാടിക്ക് സമീപം, PHC സബ്സെൻററിന് സമീപം കിണർ നിർമ്മിക്കുക.

ആദാടി, പീടി പറമ്പ്, കളത്തിങ്ങൽ തൊടി, എന്നീ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക. മറ്റു സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുക.

വാർഡ് 12

പാവണ്ണ പള്ളിപ്പടി, കോഴി പറമ്പ്, അമ്പലക്കടവ്, കുന്നുമ്മൽ അങ്ങാടി, നാഗീരിക്കടവ്, വട്ടൽ പറമ്പ്, താഴത്തേൽ ആദാടി പ്രദേശം, കുതിരക്കുന്ന്, കോഴി പറമ്പ്, വെളുത്തേടത്തു കണ്ടി, മാണിതൊടിക, ആദാടി കോളനി, ചോലയിൽ.

പട്ടികജാതി കോളനി, ചോലയിൽ, കോഴി പറമ്പ് വെളുത്തേടത്ത് കണ്ടി, മാണിതൊടിക, എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക.

മറ്റുള്ള സ്ഥലങ്ങളിൽ പൊതു കിണർ സ്ഥാപിക്കുക. ആദാടി പാവണ്ണ എന്നിവിടങ്ങളിലേക്കു കൂടി ശുദ്ധ ജല വിതരണ പദ്ധതി നടപ്പാക്കുക.

ചെറുകിട ശുദ്ധ ജല പദ്ധതികൾ

പഞ്ചായത്തിന്റെ ഭൂപ്രകൃതിപരമായ കാരണങ്ങളാൽ തന്നെ പല വാർഡുകളിലും നിന്നും വ്യക്തമായ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

ഒന്നാം വാർഡിൽ കുന്താണിക്കാട്, കൈതക്കുന്ന്, തേക്കിൻകാട് തെയ്യപ്പാറ ആദിവാസി കോളനി എന്നിവിടങ്ങളിലെ നീരുറവകൾ പ്രയോജനപ്പെടുത്തി ആ ഭാഗങ്ങളിൽ ശുദ്ധ ജല പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

വാർഡ് 2-ലെ എടക്കാട്ടു പറമ്പിലെ ശുദ്ധ ജല സംഭരണി പ്രവർത്തന ക്ഷമമാക്കുക, പന്നിയാമല, കൈതക്കുന്ന്, ചൈരങ്ങാട് കവുങ്ങും ചോല, ഓടാക്കൽ എന്നിവിടങ്ങളിലും നീരുറവ പ്രയോജനപ്പെടുത്താവുന്നതാണ്.

വാർഡ് 3-ൽ മുള്ളുംകാട് ഭാഗത്തിനു മാത്രമായി മിനി ശുദ്ധജല പദ്ധതി നടപ്പാക്കേണ്ടതാണ്.

വാർഡ് 5-ൽ അയലൂർ കുന്നിൽ മിനി ടാങ്ക് നിർമ്മിച്ച് ചെറുപുഴയിൽ നിന്നോ, ചാലിയാറിൽ നിന്നോ വെള്ളം ശേഖരിച്ച് ആ ഭാഗങ്ങളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ് 6-ൽ ഉള്ളുപറമ്പ് ടാങ്ക് നിർമ്മിച്ച് കിളിയാടിപ്പാറ ഭാഗത്ത് ചാലിയാറിൽ നിന്നും വെള്ളം ശേഖരിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ശുദ്ധ ജല വിതരണം നടത്താവുന്നതാണ്.

കൂടാതെ നിലവിലുള്ള ശുദ്ധ ജല വിതരണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കി ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് പൊതു ടാപ്പുകൾ സ്ഥാപിച്ച് ശുദ്ധ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

പ്രാവർത്തികമാക്കാവുന്ന മറ്റ് നിർദ്ദേശങ്ങൾ

1. ഭൂരിഭാഗ പ്രദേശങ്ങളും ഉയർന്നു കിടക്കുന്നതു കൊണ്ട് അങ്ങനെയുള്ള സ്ഥലങ്ങളിൽ വരമ്പുകൾ സ്ഥാപിച്ചും നീർകുഴികൾ നിർമ്മിച്ചും മഴവെള്ളം കൂടുതലായി സംഭരിക്കാവുന്നതാണ്.

2. ഇതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

3. പ്രധാന തോടുകൾ, ചെറുപുഴ തുടങ്ങിയവയിൽ ചെറിയ ബണ്ടുകൾ സ്ഥാപിക്കുക.

ആരോഗ്യം

1976-ൽ തച്ചണ്ണയിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിച്ചതു മുതലാണ് ആധുനിക വൈദ്യശാസ്ത്രം പഞ്ചായത്തിന്റെ പടികടന്നു വരുന്നത്. അന്ധവിശ്വാസ ജഡിലമായ ചികിത്സാ രീതികളായിരുന്നു അതുവരെ പഞ്ചായത്തിലുണ്ടായിരുന്നത്. ഇന്നും ചെറിയ ഒരു വിഭാഗം ആ രീതിയും അനുവർത്തിച്ചു വരുന്നുണ്ട്. 1980-ൽ വെറ്റിലപ്പാറയിൽ പ്രാഥമികാരോഗ്യ കേന്ദ്രം ആരംഭിച്ചതോടെ ഒരു പ്രദേശത്തുള്ളവർക്കെങ്കിലും അത് ആശാ കേന്ദ്രമായി 1983-ഓടുകൂടി പൂവത്തിങ്കൽ ഒരു PHC കൂടി പ്രവർത്തനം തുടങ്ങിയതോടെ ഒരു പരിധി വരെ എല്ലാവർക്കും ആധുനിക ചികിത്സ ഒരളവു വരെ ലഭ്യമാക്കുവാൻ തുടങ്ങി. ഒരു ആയുർവേദ ആശുപ്രത്രിയും വടക്കുംമുറിയിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ 3 ആയുർവേദ ക്ലീനിക്കുകളും അലോപ്പതി ക്ലീനിക്കും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങൾ 9 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

ഇത്രയും സ്ഥാപനങ്ങളുണ്ടെങ്കിലും ഈ രംഗത്ത് ഗുണപരമായ മാറ്റം കണ്ടു തുടങ്ങിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ളസൗകര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോഴില്ല. അരീക്കോട് ഗവ. ആശുപത്രി മാത്രമാണ് പഞ്ചായത്ത് നിവാസികൾക്ക് ഏക ആശ്രയം. 10 ബെഡോടുകൂടി പ്രവർത്തിച്ചു വന്നിരുന്ന വെറ്റിലപ്പാറയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാതെ ഉള്ള സൗകര്യങ്ങളും കൂടി എടുത്തു മാറ്റി മറ്റൊരിടത്ത് സ്ഥാപിച്ചത് നീതീകരിക്കാവുന്നതല്ല. PHCളിൽ എല്ലാ ദിവസവും ഡോക്ടറുടെ സേവനം ലഭ്യമാവണം. കൂടാതെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യവും പൂവത്തിക്കൽ ആശുപത്രിയിൽ ഓപ്പേറേഷൻ തിയേറ്റർ, ലേബർ റും എന്നിവ സ്ഥാപിക്കുകയും ഒരു വനിതാ ഡോക്ടറെ നിയമിക്കുകയും വേണം. പൂവത്തിക്കൽ പുതിയതായി നിർമ്മിച്ച PHC കെട്ടിടത്തിലേക്കും മറ്റ് ആരോഗ്യ കേന്ദ്രങ്ങളിലേക്കും വെള്ളം, വെളിച്ചം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. വെറ്റിലപ്പാറയിലെ ജലക്ഷാമത്തിന് പരിഹാരം കാണേണ്ടതുണ്ട്.

നമ്പ്രം	സ്ഥാപനങ്ങൾ	വാർഡ്	ജീവനക്കാരുടെ എണ്ണം
1.	PHC വെറ്റിലപ്പാറ	2	15
2	PHC പൂവത്തിക്കൽ (ഓടക്കയം)	9	9
3	ഗവ. ആയുർവേദ ഡിസ്പെൻസറി വടക്കുമുറി	4	3
4	ഗവ. ഹോമിയോ ആശുപത്രി തച്ചണ്ണ	8	3
5	F.W.C പനമ്പിലാവ്	1	1
6	IPP സെൻറർ ഓടക്കയം	2	1
7	F.W.C. വടക്കുംമുറി	3	1
8	IPP Sub Centre മൈത്ര	8	1
9	IPP Sub Centre കുത്തുപറമ്പ്	11	1

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ	:	2
ആയുർവ്വേദ ആശുപത്രി	:	1
ഹോമിയോപതി	:	1
ഉപ കേന്ദ്രങ്ങൾ	:	5
മൊത്തം ജീവനക്കാർ	:	36

മരുന്നിനൊപ്പം തന്നെ പ്രാധാന്യമുള്ള ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഫീൽഡ് ജീവനക്കാരുടെ സേവനം സ്ഥിരമായി അവരുടെ വാർഡുകളിൽ ലഭ്യമാക്കുകയും ഭവന സന്ദർശനം നടത്തുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊന്നൽ നൽകേണ്ടതുമാണ്.

പനമ്പിലാവ് സബ് സെൻറർ ആ പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രമായി ഉയർത്തുക, വെറ്റിലപ്പാറ ഭാഗങ്ങളിൽ കണ്ടു വരുന്ന ക്യാൻസർ, മലമ്പനി, ക്ഷയം എന്നീ രോഗങ്ങൾ വിദഗ്ധ പരിശോധനയും സർവ്വെയും നടത്തി പരിഹാരമാർഗങ്ങൾ കാണുക.

കൊടിയത്തൂർ, കാരശ്ശേരി, ഊർങ്ങാട്ടിരി അതിർത്തികളുടെ സംഗമസ്ഥലമായ ചുണ്ടത്തും പൊയിൽ ഒരു ഹോസ്പിറ്റൽ അനുവദിക്കുക, കക്കാടം പൊയിൽ ഊർങ്ങാട്ടിരി കൂടരഞ്ഞി, ചാലിയാർ, മമ്പാട് പഞ്ചാത്തുകളുടെ സംഗമ കേന്ദ്രത്തിൽ ഒരു ഹോസ്പിറ്റൽ സ്ഥാപിക്കുക.

മൂന്നാം വാർഡിൽ ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

പാക്കുളത്ത് ആയുർവേദ ആശുപത്രി അനുവദിക്കുക.

പൊതു ജന പങ്കാളിത്തത്തോടെ നിലവിലുള്ള ഗവ. ആയുർവേദ ആശുപത്രിക്ക് സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുക, കുത്തുപറമ്പ് മൈത്ര സബ് സെൻററിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക, ആ ഭാഗങ്ങളിൽ കണ്ടു വരുന്ന വിളർച്ച, ദന്തക്ഷയം, കാഴ്ചക്കുറവ് തുടങ്ങിയ രോഗങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ അത്യാവശ്യമായ കാര്യങ്ങളാണ്.

മറ്റു നിർദ്ദേശങ്ങൾ അരീക്കോട് ആശുപത്രിയിൽ 100 കിടക്ക സൗകര്യത്തോടെ വിപുലപ്പെടുത്തുക.

വെറ്റിലപ്പാറ ആശുപത്രിയിൽ ഉണ്ടായിരുന്ന സൗകര്യങ്ങൾ നിലർത്തുകയും കാര്യക്ഷമമാക്കുകയും രോഗികളെ കിടത്തി ചികിത്സിക്കുകയും ചെയ്യുക. പുവത്തിക്കൽ ആശുപത്രി പഞ്ചായത്ത് നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് മാറ്റുക, വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുക, ഉപ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക. പഞ്ചായത്തിലെ ഏതെങ്കിലും ആശുപത്രിയിൽ രക്ത ബാങ്ക് സ്ഥാപിക്കുക. പാവണ്ണയിലേക്ക് ഒരു ആരോഗ്യ ഉപ കേന്ദ്രം സ്ഥാപിക്കുക. തച്ചണ്ണ ഗവ. ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക(വേണ്ടിവന്നാൽ മനുഷ്യദ്ധ്വാനം ചെയ്യാൻ ജനങ്ങൾ സന്നദ്ധരാണ്). തച്ചണ്ണ ഹോമിയോ ആശുപത്രിയിൽ വെള്ളം ചൂടാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

കക്കൂസ്

പൊതുജനാരോഗ്യത്തിൽ വെള്ളത്തിനൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് ശുചിത്വം. അതിന് ആദ്യമായി വേണ്ട സംഗതിയാണ് കക്കൂസ്. പഞ്ചായത്തിലെ പകുതിയിലധികം കുടുംബങ്ങളിലും കക്കൂസ് ഇല്ല എന്നതാണ് വാസ്തവം. അതുകൊണ്ട് തന്നെ ജല ജന്യ രോഗങ്ങൾ ഉണ്ടാവാൻ സാദ്ധ്യത കൂടുതലാണ്. കക്കൂസ് ഇല്ലാത്തതിന് മുഖ്യമായ കാരണം സാമ്പത്തിക പരാധീനത മാത്രമാണെന്ന് പറയാം.

സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ കക്കൂസുകൾ നിർമ്മിച്ചുകൊണ്ട് പരിഹാരം കാണാവുന്നതാണ്. കൂടാതെ മനുഷ്യധ്വാനവും പ്രയോജനപ്പെടുത്താവുന്നതാണ്.

പരിസര ശുചിത്വം

വ്യവസായിക മേഖലയിൽ തീരെ പുരോഗതി ഇല്ലാത്ത തിനാലും നഗരവൽക്കരണം നടക്കാത്തതിനാലും പരിസര മലിനീകരണം തീരെയില്ല എന്ന് പറയാം. ജനസംഖ്യാ വർദ്ധന നിമിത്തമുള്ള പ്രശ്നങ്ങൾ ഉണ്ടാവാൻ സാദ്ധ്യതയുണ്ട്. പ്രധാന സ്ഥലങ്ങളളിൽ ശുചീകരണം നടത്തുന്നതിനുള്ള സംവിധാനം ആവശ്യമാണ്. ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങളും പരിഹാരങ്ങളും ഇനി ചേർക്കുന്നു.

വെറ്റിലപ്പാറ അങ്ങാടിയിൽ ഒരു പൊതു യൂറിൻ ഷെഡ്ഡ് നിർമ്മിക്കുക, എല്ലാ വാർഡുകളിലും പ്രമുഖ സ്ഥലങ്ങളിൽ മത്സ്യ മാംസ വിൽപ്പന സ്റ്റാളുകൾ ആരംഭിക്കുക, എല്ലാ വാർഡുകളിലും അറവു ശാല പ്രായോഗികമല്ല എന്നതിനാൽ പഞ്ചായത്ത് തലത്തിൽ ഒരു ആധുനിക അറവുശാല സ്ഥാപിക്കുകയും, കന്നുകാലികളെ അറക്കുന്നതിനു മുമ്പ് അവയുടെ ഗുണ നിലവാരം ഉറപ്പാക്കാൻ വിദഗ്ധ പരിശോധന നടത്തുകയും ചെയ്യുക.

എല്ലാ വാർഡുകളിലേയും അലഞ്ഞു തിരിയുന്ന പട്ടികളെ നശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.

വേനൽക്കാലമാകുന്നതോടെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു എന്നതിനാലും, ജലജന്യരോഗങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതിനാലും കിണറുകളിൽ ക്ലോറിനേഷൻ കാര്യക്ഷമമായി നടത്തുകയും, ഈച്ച, കൊതുകു നശീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യാവുന്നതാണ്. ആരോഗ്യ ശീലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

പൊതു നിർദ്ദേശങ്ങൾ

ആയുർവേദ രംഗത്ത് രൂക്ഷമായി വരുന്ന ഔഷധ


സസ്യങ്ങളുടെ ദൗർബല്യം പരിഹരിക്കുവാനായി സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് തല ഔഷധ സസ്യ സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്. ഇതിനായി പഞ്ചായത്തിലെ തരിശു സ്ഥലങ്ങളും പുറമ്പോക്കു സ്ഥലങ്ങളും ഉപയോഗപ്പെടുത്താം. ഉദാ: മൈലാടി ഗിരിശ്രൃംഖം കോളനി, മറ്റ് ആദിവാസി കോളനികൾ.

അങ്ങാടിയിലുണ്ടാവുന്ന ചപ്പുചവറുകൾ ഒരു സ്ഥലത്ത് കൂട്ടിയിടുകയും (ബിൻ സമ്പ്രദായം) അവയഥാ സമയം എടുത്തു മാറ്റുന്നതിനുള്ള സംവിധാനവും ഉണ്ടാവേണ്ടതും ആവശ്യമായ തൂപ്പു ജോലിക്കാരെ നിയമിക്കേണ്ടതുമാണ്. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ജന സാന്ദ്രത കുറഞ്ഞ സ്ഥലം കണ്ടെത്തുകയും അവിടെ ശരിയായ രീതിയിൽ മാലിന്യങ്ങൾ സംസ്കരിക്കേണ്ടതുമാണ്. ഹോട്ടലുകൾ, ചെറിയ കട, ശീതള പാനീയക്കടകൾ എന്നിവിടങ്ങളിലെ ഉപഭോക്താവിന് ശുചിയുള്ളതും രോഗാണുവിമുക്തമായ ഭക്ഷണ സാധനങ്ങൾ ലഭിക്കുന്നതിന് അവയുടെ വിൽപനക്കാർ പാചകക്കാർ എന്നിവർക്ക് മെഡിക്കൽ പരിശോധന നിർബന്ധമാക്കുകയും തയ്യാറാവാത്തവരുടെ ലൈസൻസ് റദ്ദ് ചെയ്യുന്ന നടപടികൾ ഉണ്ടാവേണ്ടതുമാണ്.

പഞ്ചായത്തിൽ സാധാരണ കണ്ടു വരുന്ന വയറിളക്കം, ചൊറി, വിളർച്ച, വിര ശല്യം കൂടാതെ കുട്ടികളിൽ ഏറ്റവും കൂടുതൽ കണ്ടു വരുന്ന ദന്തരോഗങ്ങൾ തുടങ്ങിയവർക്ക് ശരിയായ പ്രതിരോധ നടപടികൾ സ്വീകരിച്ചാൽ രോഗികളുടെ എണ്ണം കുറക്കുവാനും, നല്ല ആരോഗ്യമുള്ള ജനങ്ങളെ വാർത്തെടുക്കുവാനും സാധിക്കും.

സന്നദ്ധ സംഘടനകൾ, ആരോഗ്യ പ്രവർത്തകർ, മറ്റു സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ പഞ്ചായത്തിന്റെ കീഴിൽ ജനങ്ങൾക്ക് ഇപ്പോഴത്തേതിതലും കൂടുതൽ നൽകേണ്ടതാണ്.

കാലഹരണപ്പെട്ട മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് എന്നീ നിയമങ്ങൾ ഏകീകരിച്ച് കേരളത്തിനു മൊത്തത്തിലുള്ള ഒരു ആക്ട് രൂപപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഉറപ്പാക്കാനുതകും വിധം നിയമം നിർമ്മാണം നടപ്പാക്കേണ്ടതാണ്.



5.6

ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഭൂമിശാസ്ത്ര പരമായി രണ്ട് ഭാഗം പുഴകളാലും ഒരു ഭാഗം മലയാലും ചുറ്റപ്പെട്ടതുകൊണ്ടു തന്നെ ഒറ്റപ്പെട്ടു കിടന്നിരുന്ന ഊർങ്ങാട്ടിരി പഞ്ചായത്തിലേക്ക് 1984 ൽ ചെറുപുഴ പാലം തുറക്കപ്പെട്ടതോടുകൂടിയാണ് വികസനത്തിന്റെ വെളിച്ചം വീശുന്നത്.

പഞ്ചായത്ത് രൂപീകരിച്ച് പതിറ്റാണ്ടുകൾ പിന്നിട്ടതിന് ശേഷമാണ് ടാർ ചെയ്ത റോഡുകൾ വരെ പഞ്ചായത്തിലുണ്ടാവുന്നത്. 1983 ൽ പൊതു മരാമത്തു വകുപ്പു ഏറ്റെടുത്ത ഒതായി-തെരട്ടമ്മൽ റോഡും തെരട്ടമ്മൽ-ഓടക്കയം റോഡും ടാർ ചെയ്തതോടു കൂടിയാണ് പഞ്ചായത്തിൽ ആദ്യമായി ടാർ ചെയ്ത റോഡുണ്ടാവുന്നത്.

പഞ്ചായത്തിൽ ഇപ്പോഴും ടാർ ചെയ്തതായി 24 കി.മീറ്റർ നീളം വരുന്ന ഈ റോഡും പഞ്ചായത്ത് വകടാർ ചെയ്ത 10,400 മീറ്ററും അടക്കം 34,400 മീറ്റർ റോഡുമാത്രമാണ് ടാർ ചെയ്തതായുള്ളത്. 162 കിലോമീറ്റർ ടാർ ചെയ്യാത്ത മണ്ണ് റോഡും പഞ്ചായത്തിലുണ്ട്.

ബസ്സ് സർവ്വീസ്സ് നടത്തുന്നതായും മുകളിൽ പറഞ്ഞ തെരട്ടമ്മൽ-ഒതായി, തെരട്ടമ്മൽ-ഓടക്കയം റോഡിലൂടെ മാത്രമാണുള്ളത്.

കോഴിക്കോട് ജില്ലയോടു തൊട്ടുകിടക്കുന്ന മലയോരപ്രദേശങ്ങളായ ചീങ്കണ്ണിപ്പാലി, വെണ്ടേക്കും പൊയിൽ നിവാസികൾക്ക് പഞ്ചായത്തുമായി ബന്ധപ്പെടുവാൻ ഇപ്പോഴും കിലോമീറ്ററോളം നടന്ന് കോഴിക്കോട് ജില്ലയിലൂടെ യാത്ര ചെയ്യേണ്ട അവസ്ഥയാണുള്ളത്. ചാലിയാറിന്റെ തീരദേശ മേഖലയായ മൈത്ര, കൂത്തുപറമ്പ്, ആദാടി, പാവണ്ണ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ബാഹ്യ ലോകവുമായി ബന്ധപ്പെടാൻ ചാലിയാർ പുഴയിലൂടെ തോണി കടന്നു പോകേണ്ട അവസ്ഥയുമാണുള്ളത്.

ഈ രണ്ടു മേഖലകളിലെയും ജനങ്ങളുടെ യാത്രാ ദുരിതത്തിന് പരിഹരമുണ്ടായാൽ മാത്രമേ ഗതാഗത രംഗത്ത് പഞ്ചായത്തിലെ എല്ലാവാർഡുകളിലും വികസനം ഒരു പരിധിവരെ മെച്ചപ്പെടുകയുള്ളു.

പഞ്ചായത്തിലെ വിവധ സന്നദ്ധസംഘടനകളുടെ പ്രവർത്തന ഫലമായി ധാരാളം റോഡുകൾ നിർമ്മിക്കുവാൻ സാധിച്ചിട്ടുണ്ട്.

കൂട്ടായ പരിശ്രമങ്ങളും ജാതി, വർഗ്ഗ ചിന്തകൾക്കതീതമായ വികസനങ്ങൾക്ക് വേണ്ടി അഹോരാത്രം പരിശ്രമിച്ചവരായും ധാരാളം ആളുകൾ ഇവിടെ ഉണ്ട്.

സംഘബോധത്തിന്റെ കരുത്തും നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കും തിരച്ചറിഞ്ഞ പൂർവ്വീകരായ ജനനായകരും, ജനസേവകരും തെളിയിച്ച പാതയിലൂടെ നമുക്ക് ഇനിയും വികസനത്തിന് വേണ്ടി എല്ലാം മറന്നു ഒന്നിക്കാം. ഈ കൂട്ടായ്മ നമ്മുടെ ഗ്രാമത്തിന്റെ മുഖച്ചായ മാറ്റാൻ സാധിക്കട്ടെ.

പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പ്ർ	റോഡ്	സ്കീം	ദൂരം. നീളം	വീതി	യാത്രാസൗകര്യം
1.	മൈത്ര-തച്ചണ്ണ	പഞ്ചായത്ത്	2 കി.മി.	8 മീ.	ജീപ്പ് സർവ്വീസ്
2.	മൂർക്കനാട്-കല്ലരട്ടി	"	1.കി.മീ.	"	"
3.	മൂർക്കനാട്-മൈത്ര	"	2 കി.മീ.	"	
3.	തെരട്ടമ്മൽ-കല്ലരട്ടിക്കൽ	"	1.5 കി.മീ.	"	"
5.	കിണറടപ്പൻ - ചോറ്റുകടവ്	"	400 മീ.	"	വണ്ടി ഓടുന്നില്ല
6.	വടക്കുംമുറി - കുഴിനക്കിപ്പാറ	"	1700 മീ	,,	ജീപ്പ് സർവ്വീസ്
7.	ഈസ്റ്റ്വടക്കുംമുറി - കല്ലരട്ടിക്കൽ	"	2000 മീ.	"	"
8.	പത്തനാപുരം മൂർക്കനാട് - ഓതായി	pwd	10 കി.മീ.	"	ബസ്സ് സർവ്വീസ്
9.	തെരട്ടമ്മൽ - ഓടക്കയം	"	14 കി.മീ.	"	"

പഞ്ചായത്ത് മുഖേനെ ടാർ ചെയ്ത ഈ റോഡുകൾ അപൂർണ്ണമായത് കൊണ്ട് (രണ്ടറ്റം എത്താത്തത് കൊണ്ട്) വാഹന ഗതാഗതം നടക്കുന്നില്ല. ജനങ്ങളുടെ യാത്രാ ക്ലേശം തീർക്കുന്നതിന് ഈ റോഡുകൾ പരസ്പരം ബന്ധിപ്പിക്കൽ അത്യാവശ്യമാണ്. യഥാസമയങ്ങളിലുള്ള അറ്റകുറ്റ പണികൾ നടക്കാത്തിതിനാൽ ഡ്രെയ്നേജുകൾ നിർമിക്കാത്തതിനാലും നിലവിലുള്ള റോഡുകൾ നശിച്ചു കൊണ്ടിരിക്കുന്നു. പത്തനാപുരം മൂർക്കനാട് എടവണ്ണ റോഡിലും, തെരട്ട ഓടക്കയം റോഡിലും സുമാർ 500 മീറ്റർ നീളം വീതം ഏകദേശം 1 മീറ്റർ ഉയരത്തിൽ ചാലിയാർ പുഴയിൽ നിന്നും കാലവർഷത്തിൽ ജലം ഉയരാറുണ്ട്. ഇത് കാരണം ആഴ്ചകളോളം ഗതാഗത തടസ്സം അനുഭവപ്പെടാറുണ്ട്.

ഇത്രയും ഭാഗം 1 മീറ്റർ ഉയരത്തിൽ റോഡ് ഉയർത്തൽ ആവശ്യമാണ്.

റോഡ് ഗതാഗതം

റോഡ് ഗതാഗത സൗകര്യങ്ങളെ കുറിച്ച് പഞ്ചായത്തിലെ 12 വാർഡുകളിൽ നിന്നുമായി ഉയർന്നുവന്ന ചർച്ചകളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ വെക്കുന്നു.

1. പഞ്ചായത്തിൽ വാഹന ഗതാഗതം (ബസ്സ് സർവ്വീസ്) ഉള്ള രണ്ട് റോഡുകളെ ഉള്ളു.

a) പത്തനാപുരം മൂർക്കനാട് എടവണ്ണ റോഡിൽ പ്രധാനമായും കാരതോട് മുതൽ മൂർക്കനാട് സ്കൂൾ പടിവരെ വളരെ ഇടുങ്ങിയതും വളവുകൾ ഉള്ളതും ആയതുകൊണ്ട് അപകട മേഖലയായി കാണുന്നു. കൂടാതെ ഈ സ്ഥലങ്ങൾ കുത്തനെ ആയതിനാൽ മഴവെള്ളം കുത്തിയൊലിച്ച് മൂർക്കനാട് അങ്ങാടിയിലും പരിസരത്തും കെട്ടി നിൽക്കുന്നു. ഇതെപ്പോലെ തന്നെ തച്ചണ്ണായിലും, പുവ്വത്തിക്കലും, ചുള്ളാട്ടിപ്പാറയിലും പാലോത്തും, കുരിക്കലംപാടും വെള്ളം കെട്ടി നിൽക്കുന്നു.

ഈ റോഡ് പഴയ ടിപ്പു സുൽത്താൻ റോഡ് എന്നപേരിൽ അറിയപ്പെടുന്നു. നിലവിൽ 15 മീറ്റർ വീതി ഈ റോഡിനുണ്ട്. എങ്കിലും 3.80 മീ. മാത്രമേ ടാർ ചെയ്തിട്ടുള്ളു.

b) തെരട്ടമ്മൽ ഓടക്കയം റോഡിൽ പ്രധാനമായും കുളത്തിങ്ങൽ, ഈസ്റ്റ്, വെസ്റ്റ്, മദ്രസ്സപടി, വടക്കും മുറിലക്ഷംവീട് കോളനി, തുടങ്ങിയ സ്ഥലങ്ങളിൽ അപകടകരമായ വളവുകൾ ഉണ്ട്.

ഇവിടങ്ങളിൽ ആവശ്യമായ ട്രൈനേജുകൾ നിർമ്മിക്കുകയും, വളവുകൾ നിവർത്തുകയും മൊത്തത്തിൽ വൈഡനിങ്ങ് ആവശ്യമാണ്.

2. റോഡ് സൈഡിലുള്ള സ്ഥിര സ്വഭാവമുള്ള നിർമ്മാണങ്ങൾ ഒഴിവാക്കുക. ടാർ ചെയ്ത റോഡ് ഭാഗത്തുള്ള ഇലക്ട്രിക് ടെലഫോൺ പോസ്റ്റുകൾ, ബസ്സ് സ്റ്റോപ്പുകൾ തുടങ്ങിയവ ചുരുങ്ങിയത് അപകട സാധ്യതയെങ്കിലും ഒഴിവാക്കി സ്ഥാപിക്കുകയും പുനസ്ഥാപിക്കുകയും ചെയ്യുക.

ടാറിംഗ് നടത്തേണ്ട പുതിയ റോഡുകൾ

1. മൂർക്കനാട്-മൈത്ര കുത്തുപറമ്പ് - പാവണ്ണ വലിയ വെണ്ടേക്ക് റോഡ്. 12 കീലോമീറ്റർ
2. പുവ്വത്തിക്കൽ - കിണറടപ്പ് - പനം പിലാവ് പീടികപ്പാറ റോഡ്.

ഈ രണ്ട് റോഡുകളും കോഴിക്കോട്-മലപ്പുറം ജില്ലകളെയും എടവണ്ണ, കൊടിയത്തൂർ, ചാലിയാർ, കുടരഞ്ഞി, എന്നീ പഞ്ചായത്തുകളെയും ബന്ധിപ്പിക്കുന്നു. ഈ റോഡുകളിലൂടെ അരീക്കോട്-പാവണ്ണ-നിലമ്പൂർ ഭാഗത്തേക്കും നിലമ്പൂർ-പുവ്വത്തിക്കൽ. പീടികപ്പാറ തിരുവമ്പാടി വയനാട് ഭാഗത്തേക്കും ബസ്സ് സർവ്വീസ് ആവശ്യമാണ്.

a. ചുളാട്ടിപ്പാറ പടിക്കല്ല് ചാത്തല്ലൂർ റോഡ്
b. പുവ്വത്തിക്കൽ കുത്തുപറമ്പ് റോഡ്
c. വെറ്റിലപ്പാറ ചൈരങ്ങാട് ചാത്തല്ലൂർ റോഡ്
d. പീടകപ്പാറ-ചീങ്കണ്ണിപ്പാലി വെണ്ടേക്കുംപൊയിൽ കക്കാടംപൊയിൽ റോഡ്
e. പാലോത്ത്-തെഞ്ചീരി-പൂളകടവ് റോഡ്
f. ചുണ്ടത്തും പൊയിൽ-കൊടശ്ശേരികാടവ്. കോനൂർ കണ്ടി റോഡ്
g. കിണറടപ്പൻ വള്ളിപ്പാലം കുഴിനക്കിപ്പാറ റോഡ്
h. ആമപ്പൊട്ടി-പാമ്പിൻകാവ് പന്നിയന്മല എസ്.റ്റി കോളനി മറത്തോട് പീടികപ്പാറ റോഡ്

ഈ റോഡുകൾ വാർഡുകൾ തമ്മിലും പഞ്ചായത്തുകൾ തമ്മിലും ബന്ധിപ്പിക്കുന്നവയാണ്. പ്രസ്തുത റോഡുകൾ ഗതാ-ഗത യോഗ്യമാക്കേണ്ടതാണ്.

ക്രോസ്വേ ഫൂട്ട് ബ്രിഡിജ് സ്ഥാപിക്കേണ്ടത്

1. മൈത്രയെ അരീക്കോടു മായിബന്ധിപ്പിക്കുന്ന തിന് വേണ്ടി ചാലിയാർ പുഴക്ക് കുറുകെയും
2. കോണൂർ കണ്ടി അങ്ങാടി, തോട്ടുമുക്കം, ഹൈസ്കൂൾപടി, ഇരുന്ന കുഴി എന്നിവിടങ്ങളിലും
3. എടവണ്ണ-കാവനൂർ-ഊർ ങ്ങാട്ടിരി എന്നീപഞ്ചായത്തുകളെ ബന്ദിപ്പിക്കുന്നതിന് ചാലിയാർ പുഴക്ക് കുറുകെനാഗേരി കടവിലും ഓരോ ക്രോസ്വേ നിർമ്മിക്കേണ്ടതാണ്.

ബസ്സ് സർവ്വീസ്സ്

നിലവിൽ ഈ പഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. ഒറ്റ സർവ്വീസും നടത്തുന്നില്ല.

നിലമ്പൂർ-ഒതായി തെരട്ട, തോട്ടുമുക്കം തിരുവമ്പാടി വയനാട് ഭാഗത്തേക്കും കോഴിക്കോട് തെരട്ട ഓടക്കയം ഭാഗത്തേക്കും, കോഴിക്കോട് മെഡിക്കൽ കോളേജ് ഒതായി നിലമ്പൂർ ഭഗത്തേക്കും കെ.എസ്.ആർ.ടി.സി. സർവ്വീസ്സ് നടത്തേണ്ടതാണ്.

നിലവിലുള്ള സർവ്വീസുകൾ കാര്യക്ഷമമാക്കുകയും വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് വിദ്യാർത്ഥികൾക്ക് മാത്രമായി രാവിലെയും വൈകുന്നേരവും സർവ്വീസ്സ് നടത്തേണ്ടതാണ്.

പ്രധാന ബസ്സ് സ്റ്റോപ്പുകളിൽ ബസ്സ് വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.

മെറ്റൽ റോഡുകളും പ്രധാനമൺറോഡുകളും ടാർ ചെയ്യേണ്ടറോഡുകളും

നിലവിലുള്ള ടാർ റോഡുകളുടെ ദുരത്തോടപ്പം ടാർ ചെയ്യേണ്ട റോഡുകളുടെ ദൂരം കൂട്ടുമ്പോൾ വളരെ കുറച്ചു മാത്രമോ വരുന്നുള്ളു. ഇത് ആവശ്യമായതിന്റെ ചെറിയൊരംശം മാത്രമേ ആവുന്നുള്ളു എന്ന് കാണാം.ആയതിനാൽ താഴെ പട്ടികയിൽ കാണിച്ചരിക്കുന്ന റോഡുകൾ അടിയന്തിരമായി ടാർ ചെയ്യേണ്ടതായിട്ടുണ്ട്.

നമ്പർ	വാർഡ്	റോഡിന്റെപേര്	നീളം	വീതി
1.	ചുണ്ടത്തുംപൊയിൽ	തോട്ടുമുക്കം-കാക്കൂർ മലങ്കുണ്ട് എടക്കാട്ടു പറമ്പ് റോഡ് ജംഗ്ഷൻ	2കി.മീ.	8 മീറ്റർ
2.	വെറ്റിലപ്പാറ	വെറ്റിലപ്പാറ-ആലാപാററോഡ്	2 കി.മീ.	8 മീ.
3.	കിണറടപ്പൻ	കല്ലരട്ടിക്കൽ കിണറടപ്പൻ റോഡ്	1500 മീ.	8 മീ.
4.	വടക്കുമുറി	വിഴികടവ് വുവ്വത്തിക്കൽ റോഡ് 450 മീ.	8 മീ.	
5.	തെരട്ടമ്മൽ	തൊരക്കാപറമ്പിൽ	450 മീ.	5മീ.
6.	മൂർക്കനാട്	ഭീമൻകുഴി-പാലപാറ വന്നിലാപറമ്പ് റോഡ്	1.കി.മി.	8 മീ.
7.	മൈത്ര	മൈത്ര പള്ളിപടികടവ് റോഡ്	255മീ.	5 മീ.
8.	തച്ചണ്ണ	തച്ചണ്ണ-മണ്ണാത്തിത്തുറ-കുത്തുപറമ്പ്	1078 മീ.	4 മീ.
9.	പുവ്വത്തിക്കൽ	ചൂളാട്ടിപ്പാറ കാട്ട്യാടിപൊയിൽ		
10.	തെഞ്ചീരി	പാലോത്ത്-തെഞ്ചീരി പുളകടവ്	3.കി.മീ.	8മീ.
11.	കുത്തുപറമ്പ്	പുവ്വത്തിക്കൽ കുത്തുപറമ്പ് റോഡ്	2.കി.മീ.	6 മീ.
12.	പാവണ്ണ	പാവണ്ണ-കടവ് റോഡ്	575 മീ.	4 മീ.

നിലവിലുള്ള റോഡുകൾ

ഗ്രാമ സഭകളിൽ നിന്നും ഉരുതിരിഞ്ഞു വന്ന നിർ ദ്ദേശങ്ങൾ പരിഗണിച്ച് ഗതാഗത യോഗ്യമാക്കേണ്ട അടി യന്തിര സ്വഭാവമുള്ള റോഡുകളുടെ പട്ടിക ചുവടെ ചേർ ക്കുന്നു.

വാർഡ് 1

1. ചുണ്ടത്തും പൊയിൽ വിളയാട് റോഡ് 2 കി.മീ. 8 മീ.
2. പനം പിലാവ് പാമ്പിൻകാവ് റോഡ് 1500മീ. 6 മീ.
3. ചോറ്റുകടവ് മങ്കടവഴി മലങ്കുണ്ട്1500മീ. 6മീ
4. പന്നിപൊയിൽ ഇരുന്നകുഴി ആമപെട്ടി 2000മീ. 6 മീ.
5. വെണ്ടേക്കും പൊയിൽ എസ്.റ്റി കോളനിചീങ്കണ്ണിപ്പാലി ആദിവാസി കോളനി 2500 മീ. 6 മീ.

വാർഡ് 2

1. വെറ്റിലപ്പാറ വിളക്കുപറമ്പ് അംബേദ്ക്കർ എസ്.റ്റി കോളനി റോഡ് 1500 മീ. 8 മീ.
2. എടക്കാട്ടുപറമ്പ്-കൈതകുന്ന് 750 മീ. 4 മീ.
3. ഓടക്കയം കൊടുമ്പുഴ എസ്.റ്റി.കോളനി 2500മീ. 7 മീ.
4. ഓടക്കയം-നെല്ലായിനിലമ്പൂർ 2500മീ. 7മീ.
5. വീട്ടികുത്ത്-ഈന്തുംപ്പാലി എസ്.റ്റി കോളനി 1500 മീ. 7 മീ.
6. ഓടക്കയം താഴെ കുരീറി റോഡ് 1500മീ. 6 $^{1}/_{2}$ മീ.

വാർഡ് 3

1. കിണറടപ്പൻ വള്ളിപ്പാലം കുഴിനക്കിപ്പാറ 2 കി.മീ. 8 മീ.
2. മുള്ളുക്കാട് പാലത്തുപ്പാറ് റോഡ്2 കി.മീ. 3 മീ.
3 തിരുത്തി കോളനി പാക്കുളം 1 കി.മീ. 4 മീ.

4.	പാക്കുളം-തച്ചണ്ണ	1500 മീ.	4 മീ.
5.	പാക്കുളം-ആലിൻചുവട്	1500മീ.	3 മീ.
6.	ഈസ്റ്റ് കല്ലരട്ടിക്കൽ-ഇരിയാട്ടുപറമ്പ്	1500 മീ.	4 മീ.

വാർഡ് 4

1.	വടക്കും മുറി കുഴി നക്കിപ്പാറ തോട്ടുമുക്കം	2 കി.മീ.	8 മീ.

വാർഡ് 5

1.	തെരട്ടമ്മൽ പഞ്ചായത്ത് ഓഫീസ്സ് ഗ്രൗണ്ട് റോഡ്	400 മീ.	4 മീ.
2.	പാറപ്പച്ചാലി തെക്കുംമുറി റോഡ് തേരക്കാപറമ്പ്	800 മീ.	
3.	അയലൂർകുന്ന്-ചാവതിയാട് റോഡ്	150 മീ.	
4.	തെക്കുംമുറി-കുണ്ടിൽ	400മീ.	
5.	കളത്തിങ്ങൽ പനളിയാളിൽ തൊടി റോഡ്	156 മീ.	

വാർഡ് 6

1.	കുട്ടപുവ്വത്തിക്കൽ പുത്തൂർ ഉളുപറമ്പ് റോഡ്	640 കി.മീ.	4 മീ.
2.	മുർക്കനാട് പള്ളികള്ളാടികുന്ന്		
3.	സാംസ്കാരിക നിലയം എച്ച്.എസ് റോഡ്.	300മീ.	5 മീ.
4.	മുർക്കനാട് വെള്ളോൾ, കള്ളാടികുന്ന് സൊസൈറ്റി	550 മീ.	3.60 മീ.
5.	തിരുമംഗലം വി.കെ.സി റോഡ്		
6.	മുർക്കനാട് സ്കൂൾ കടവ് റോഡ്	100 മീ.	6 മീ.
7.	മുർക്കനാട് പുഴിക്കടവ് റോഡ്	100 മീ.	8 മീ.

വാർഡ്.7

1.	വന്നിലാ പറമ്പ് ചോല യതീംഖാന സബ്സെൻറർ	1 കി.മീ.	6 മീ.
2.	കുണ്ടുവഴി ചുണ്ടത്ത് റോഡ്	780 മീ.	8 മീ.
3.	പള്ളിപടി പാലിൽ കടവ്	250 മീ.	5 മീറ്റർ
4.	പറമ്പിൽ തൊടി മുഴിക്കൽ	200 മീ.	4 മീ.
5.	പെരുകല്ലൻകണ്ടി സ്കൂൾ പടി	278 മീ.	4.5 മീ.
6.	കളരിപറമ്പ് മദ്രസ്സപടി പടിക്കലാപറമ്പ്	200 മീ.	4.5
7.	പെരിങ്കല്ലൻ കണ്ടി ചക്കിങ്ങൽ	150 മീ.	3.4
8.	വന്നിലാപറമ്പ്-ഭീമൻ കുഴി	1.കി.മീ.	

വാർഡ്.8

1. ചാലിതച്ചോംപറമ്പ്
2. പള്ളിപടി-വേങ്ങാട് പാപ്പീരി കുത്തുപറമ്പ്
3. പുവ്വത്തികൽ തച്ചോം പറമ്പ് പാക്കുളം റോഡ്
4. തച്ചണ്ണ-കളത്തിങ്ങൽ ആനകല്ല്

വാർഡ്.9

1. കൊല്ലൻ തൊടി കളത്തിങ്ങൽ തൊടി
2. ചൂളാടിപ്പാറ പുളിയറം കാവ്
3. ചൂളാട്ടിപ്പാറ കളരി പറമ്പ് കൈതക്കൽ എസ്.സി.എസ്.റ്റി കോളനി
4. സ്കൂൾപടി ആശുപത്രി റോഡ്

വാർഡ്.10

1. പാലോത്ത് വേഴക്കോട് റോഡ്
2. ചൂളാട്ടിപ്പാറ കാട്ടിയാടിപൊയിൽ കൈതക്കൽ റോഡ്
3. തെഞ്ചീരി ചെമ്പ്രമ്മൽ റോഡ്
4. കുരിക്കലാ പാട് ചുനീയോട്
5. കുരിക്കലം പാട് പുത്തൻ പുര എസ്.സി. കോളനി.
6. തെഞ്ചീരി ബി.പി. കോളനി പൊറ്റമ്മൽ റോഡ്
7. കുരിക്കലംപാട് നെല്ലിക്കുന്ന് എസ്.സി. കോളനി കളത്തിങ്ങൽ റോഡ്
8. വേഴക്കോട് അമ്പലപടി മൈലാടി എസ്.റ്റി.കോളനി റോഡ്.

വാർഡ്.11

1. കുത്തുപറമ്പ്-ചെമ്പക്കോട്ടുപ്പാറ
2. പീടിക പറമ്പിൽ പൊരിയത്തിച്ചാലി
3. തെക്കോടമ്മൽ ഇല്ലകടവ്
4. കറിപ്പത്തിച്ചാലി ചീറാൻ തൊടി പാറക്കടവ്
5. കുത്തുപറമ്പ്-ആദാടി പുളക്കൽ

വാർഡ്.12

1. പാവണ്ണ മാങ്ങോട് റോഡ്
2. പാവണ്ണ കുളികടവ് റോഡ്
3. വടശ്ശേരികടവ് ചെമ്പ്രാറോഡ്.

പഞ്ചായത്തിൽ വിവിധ വാർഡുകളിൽ നിന്ന് പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളും പൊങ്ങിവന്നിട്ടുണ്ട്.

ഇവയ്ക്കെല്ലാം പൊതുവെ 25% ജന പങ്കാളിത്തം ഉറപ്പാക്കാൻ സാധിക്കുമെന്ന് ഗ്രാമസഭകളിൽ നിന്ന് ആഭിപ്രായപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിൽ മൊത്തം ഏകദേശം 30 കി.മീറ്റർ റോഡു വെട്ടേണ്ടി വരുമെന്ന് കണക്കാക്കുന്നു. കൂടാതെ വിവിധ വാർഡുകളിൽ കുളികടവുകൾ നിർമ്മിക്കൽ, സ്റ്റെപ്പ് കെട്ടൽ, നടപ്പാലം, ബസ്സ് വെയിറ്റിംഗ് ഷെഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്.

ഗ്രാമ സഭയിൽ നിന്നു ഉയർന്നു വന്ന പുതിയ റോഡ് നിർമ്മാണം.

വാർഡ് 1

1. വെണ്ടേക്കും പൊയിൽ കോളനി റോഡ് പൂർത്തീകരിക്കൽ
2. വെണ്ടേക്കും പൊയിൽ പലകതോട് റോഡ്
3. മരത്തോട് ചീങ്കണ്ണിപ്പാലി റോഡ്
4. ചീങ്കണ്ണിപ്പാലി കക്കാടംപൊയിൽ റോഡ്.
5. പനംപിലാവ് തേക്കിൻകാട് റോഡ്
6. പനംപിലാവ് ഹെൽത്ത് സെൻറർ ചുണ്ടത്തുംപൊയിൽ
7. മരംത്തോട് കുന്താണിക്കാവ് റോഡ്
8. തോരപറമ്പ് ചുണ്ടത്തുംപൊയിൽ റോഡ്
9. എടക്കാട്ടു പറമ്പ് കോളനി റോഡ്
10. തോട്ടുമുക്കം വെദിലാപ്പാറ റോഡ്.

വാർഡ് 2

1. ആലംപാറ പന്നിയന്മാല എസ്.റ്റി റോഡ്.

വാർഡ് 3

1. ചെറുകൽ ബിച്ചൻകുന്ന് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് പണിനടത്തുക

വാർഡ് 4

1. പാലി-പാലചുവട് റോഡ്
2. ഇരിയാട്ടുപറമ്പ് കുളപാറ അരിയമ്പാര നേർമൂർക്ക് വാരിയൻതോട് പുളിക്കുന്ന്റോഡ്.
3. പാലചുവട് പെരുമ്പറമ്പ് കളത്തിങ്ങൽ റോഡ്

വാർഡ് 5

1. പറപ്പച്ചാലിൽ-തെക്കുംമുറി റോഡ്
2. പറപ്പച്ചാൽ ഈസ്റ്റ് വടക്കും മുറിറോഡ്
3. തെരട്ട കള്ളാടികുന്ന് കാരതോട് എച്ച്.എസ്.റോഡ്.
4. ഈസ്റ്റ് പറോട്ടിചാൽ റോഡ്.
5. കളത്തിങ്ങൽ-വടക്കും മുറി പാലിനടവഴി.

വാർഡ് 6

1. ഒലൂം തല മുർക്കനാട് റോഡ്
2. മുള്ളൻ മടക്കൽ കോളനി റോഡ്.
3. ചേലക്കോട് ഭീമൻകുഴി ഉണ്ണിമൂസ റോഡ്.
4. കള്ളിപറമ്പ് വി.കെ.സി. ചാത്തുമാവ് റോഡ്
5. മുർക്കനാട് യു.പി.സ്കൂൾ ഉള്ളുപറമ്പ് റോഡ്
6. പാലപാറ ചാത്തുമാവ് റോഡ്
7. പാക്കുളം നെടുമ്പാറ റോഡ്.
8. പള്ളി ഉളു പറമ്പ് റോഡ്.
9. ചേലാക്കോട്-മുത്തൻക്കോട് അമ്പലം ഉണ്ണിമുറ നടവഴി
10. ഹൈസ്കൂൾ നരിമടപാററോഡ്
11. തിരുമംഗലം കുളികടവ് നടപ്പാത

12. മാട്ടപ്പാറ വടക്കാട്ടു നടപ്പാത
13. തിരുമംഗലം സ്ക്കൂൾകടവ് ഉള്ളുപറമ്പു നടവഴി

വാർഡ് 7

1. പെരിങ്കല്ലൻ കണ്ടി ചക്കിങ്ങൽ കടവ് റോഡ് പൂർത്തീകരണം.
2. പാലി-മൈത്രകടവ് റോഡ്
3. കുണ്ടുവഴി മണ്ണാത്തിതുററോഡ്
4. ചേലക്കോട് ഭീമൻകുഴി കാവുങ്ങൽ കുണ്ടുവഴി റോഡ്.
5. മൈത്ര കടവ് പാലയിൽ, ചക്കിങ്ങൽ, ചോല കുളി കടവുകളിൽ സ്റ്റെപ്പ് നിർമ്മിക്കൽ.
6. മൈത്ര പടിക്കലാപറമ്പ് - ചെറീരി കൂടത്തിങ്ങൽ റോഡു നിർമ്മാണം.
7. കളരിപറമ്പ് - സ്കൂൾപ്പടി ഇടവഴി വീതികൂട്ടൽ
8. ചൂണ്ടത്ത് മാങ്ങോട്റോട്

വാർഡ് 8

1. തച്ചണ്ണ ചുളപറ്റ അക്കരമ്മൽ റോഡ് നിർമ്മാണം
2. ആലിൻ ചുവട്-നെട്ടറായി-പാക്കുളം റോഡ് നിർമ്മാണം
3. മണ്ണാത്തിതുറകുണ്ടുവഴി റോഡ് നിർമ്മാണം.

വാർഡ്. 9

1. കോഴിക്കോടൻ ചാൽ നുണിപ്പാടം റോഡ്
2. പൂത്തോത്ത് പറമ്പ് അമ്പലം പാടം റോഡ് നിർമ്മാണം.
3. കൊട്ടംപ്പാറ പുളക്കച്ചാൽ റോഡ്
4. പൂവ്വത്തിക്കൽ കിളിയാടിപാറ റോഡ്
5. സ്കൂൾപടി വെളുത്തേടത്ത് കുന്ന് റോഡ് പുനർ നിർമ്മാണം.
6. തടത്തിൽ ചെമ്പു കൊട്ടിച്ചാൽ റോഡ് നിർമ്മാണം.
7. വെളുത്തേടത്ത് കുന്ന് പാട്ടുകൽ റോഡ് നിർമ്മാണം.

വാർഡ് 10

1. കുരിക്കലം പാട്-കൊട്ടംപാറ തെക്കെപുറം റോഡ് അഭിവ്യദ്ധിപ്പെടുത്തൽ
2. തലവേഴക്കോട് വേഴക്കോട് റോഡ് അഭിവ്യദ്ധിപ്പെടുത്തൽ
3. ചെമ്പ്രമ്മൽ-ചാട്ടുകൾ ചൂളാടിപ്പാറ റോഡു നിർമ്മാണം
4. പുത്തൻപുര ഹരിജൻ കോളനി പുളിയക്കാട് ഇട്ടൽ റോഡ് നിർമ്മാണം.
5. ബി.പി.കോളനി കൊട്ടംപാറ റോഡ് നിർമ്മാണം.
6. ബി.പി. കോളനി-പൊറ്റമ്മൽ റോഡ്.

വാർഡ് 11

1. ചാണാട്ടി പെരിയത്തിച്ചാൽ എരഞ്ഞികുന്ന് റോഡ് നിർമ്മിക്കുക
2. കുത്തുപറമ്പ് ചെമ്പായി പൊരിയത്തിചാൽ റോഡ്
3. കരിപ്പാത്തിചാൽ കോളനി ചീനിക്കതടം റോഡ്.
4. അനിയൻപാറകുണ്ട് മുഴിക്കൽ റോഡ് അഭിവ്യദ്ധിപ്പെടുത്തൽ
5. തച്ചണ്ണ കുനിമൽ കോളനി റോഡ്.
6. പൊരിയത്തിചാൽ വീടികപറമ്പ് റോഡ്.
7. ചെമ്പ്ര-കളത്തിങ്ങൽ തൊടി ആദാടി റോഡ്.

വാർഡ് 12

1. ആദാടി-പുഴകടവ് റോഡ് (മണൽ വാരൽ)
2. പടിഞ്ഞാറെ ആദാടി-ചെമ്പ്രമ്മൽ റോഡ്
3. കുയ്യൻ ചാൽ ഭാഗത്ത് നടപ്പാലം

ഊർജ്ജം

കേരളത്തിലെ പിന്നോക്ക ജില്ലകളിലൊന്നായ മലപ്പുറത്തെ ഏറ്റവും പിന്നോക്ക പഞ്ചായത്തും വിസ്തൃതിയുടെ കാര്യത്തിൽ വലുതുമാണ് ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്.

ഏകദേശം 22 വർഷങ്ങൾക്കു മുമ്പാണ് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തുന്നത്. നീണ്ട വർഷങ്ങളിലെ പ്രവൃത്തനങ്ങളുടേയും നിരവധി സാമൂഹ്യ പ്രവർത്തകരുടേയും നിരന്തരപരിശ്രമത്തിൻെറയും ഫലമായാണ് പഞ്ചായത്തിലേക്ക് വൈദ്യുതി എത്തിനോക്കിയത്. അടുത്തകാലത്തായി ഏതാനും ചില പ്രദേശങ്ങൾകൂടി കണക്ഷൻ ലഭിക്കുകയുണ്ടായി എന്നിരുന്നാലും പഞ്ചായത്തിൻെറ 50% പ്രദേശത്തും ഇപ്പോഴും ഇരുട്ടിലാണ്.

ജില്ലയിലെ മഞ്ചേരി, കിഴിശ്ശേരി 110 കെ.വി. സബ്സ്റ്റേഷനുകളിൽ നിന്നാണ് പഞ്ചായത്തിലക്കുള്ള വൈദ്യുതി വിതരണം.

ഊങ്ങാട്ടിരി പഞ്ചായത്തിലെ മൊത്തം 2115 വൈദ്യുതി ഉപഭോക്താക്കളാണുള്ളത്.ഇതിൽ 1972 ഗാർഹിക ഉപഭോക്ത്താക്കളും, 52 വ്യാപാര ഉപഭോക്ത്താക്കളും 17 വ്യാവസായിക ഉപഭോക്താക്കളും, 70 കാർഷിക ഉപഭോക്താക്കളുമാണ്. (അവലംബം കെ.എസ്.ഇ.ബി. അരീക്കോട്)

പഞ്ചായത്തിൽ നിലവലുള്ള 15 ട്രാൻസ്ഫോമറുകളിൽ ഒന്നുപോലും അധികഭാരം വഹിക്കുന്നില്ല എന്നാണ് അധികൃതരുടെ കണുക്കുകൾ.

പ്രഖ്യാപിത പവർകട്ടും അപ്രഖ്യാപിത കട്ടും മൂലം വൈദ്യുതി ഉപഭോകതാക്കൾ വളരെ വിഷമാവസ്ഥയിലാണ്. ജീവനക്കാരുടെ അനാസ്ഥയും പ്രസരണ തകരാറുമാണ് ഇതിന് കാരണം വൈദ്യുതി ബോർഡിലെ അഴിമതിയും സ്വജനപക്ഷപാതവും നിർബാധം തുടരുന്നത് അറുതി വരുത്തേണമെന്ന് മുഴുവൻ ഗ്രാമസഭകളിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്.

ഇയ്യടുത്തായി ചില പ്രധാന കേന്ദ്രങ്ങളിൽ ഓരോ സോഡിയം പേപ്പർ ലാംബുകൾ സ്ഥാപിക്കപ്പെട്ടതൊഴിച്ചാൽ ഈരംഗത്തെ ശോചനീയാവസ്ഥ മാറ്റമില്ലാതെ തുടരുകയാണ്.

ഏകദേശ സ്ഥിതിവിവരകണക്കുകളും പ്രധാന പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

I സ്ഥിതി വിവരങ്ങൾ

a) നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ പേർ വിവരം.

1. കോണൂർക്കണ്ടി.
2. പനം പിലാവ്
3. ഓടക്കയം
4. വെറ്റിലപ്പാറ
5. കിണറടപ്പൻ I
6. കിണറടപ്പൻ II
7. എടക്കാട്ട്പറമ്പ്.
8. തെരട്ടമ്മൽ
9. വടക്കുംമുറി
10. മൂർക്കനാട്
11. മൈത്ര-കരുപ്പത്തിചാൽ
12. മൈത്ര പമ്പ്ഹൗസ്
13. തച്ചണ്ണ
14. പുവ്വത്തിക്കൽ
15. പാലോത്ത്

b)നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം.

40 വാൾട്ട് - 50 എണ്ണം ബൾബ്

സോഡിയം വേപ്പർ - 12 എണ്ണം

c) ഹരിജൻ കോളനികളുടെ വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ.

നമ്പർ	വാർഡ് നമ്പർ	ഹരിജൻകോളനിയുടെ പേർ	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ
1.	II	വിളക്കുപറമ്പ്	35
2.	I	എടക്കാട്ടുപറമ്പ്	60
3.	II	ഓടക്കയം ST ഭാഗികം (2 വീട്)	
4.	III	തിരുത്തിയിൽ	15
5.	VII	വന്നിലാപറമ്പ്	ഭാഗികം
6.	XI	കുരപ്പത്തിചാൽ	17

പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

ഗാർഹിക ാവശ്യങ്ങൾക്കു തന്നെ നിരവധി പേർക്ക് ഇനിയും കണക്ഷൻ ലഭിക്കേണ്ടതുണ്ട്. അപേക്ഷ നല്കി കണക്ഷൻ ലഭിക്കാൻ കാത്തു നിൽക്കുന്നവർ.

ഓർഡിനറി - 319

ഒ.ടി.പ്പി - 19

ഓ. വൈ.ഈ.സി - 25 (അവലംബം കെ.എസ്.ഇ.ബി

അരിക്കോട്)

വ്യവസായം കാർഷികം തുടങ്ങിയ മേഖലകളിൽ വൈദ്യുതിയുടെ അപര്യാപ്തതകളും വലിയ പ്രശ്നമാണ്. ഹരിജൻ കോളനികളും ഗിരിജൻ കോളനികളും 90% വൈദ്യുതീകരിക്കേണ്ടതുണ്ട്.

പ്രേക്ഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധകുറവ് പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും.

പഞ്ചായത്തിൽ 13 ഗിരിജൻ കോളനികളും 32 ഹരിജൻ കോളനികളും വൈദ്യുതീകരിക്കേണ്ടതുണ്ട്.

പന്ത്രണ്ട് വാർഡുകളിൽ 2 വാർഡുകളിൽ മാത്രമേ ഭാഗീകമായി സ്ട്രീറ്റ് ലൈറ്റുകളുള്ളു. അതിലൊന്നും തന്നെ പ്രവർത്തന ക്ഷമതയില്ലാത്തവയാണ്.

വൈദ്യുതി ബോർഡിന്റെ രജിസ്റ്ററിൽ കാണുന്നതിനേക്കാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നു.

നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഏകദേശം 100 കി.മി. നീളത്തിൽ ലൈൻ വലിക്കേണ്ടതാണ്.

20 കി.മീ. നീളത്തിൽ 11 കെ.വി. ലൈനും 55 കി.മീ. നീളത്തിൽ 3 ഫെയ്സ് ലൈനും 25 കി.മീ. നീളത്തിൽ സിങ്കിൾ ഫെയ്സ് ലൈനും വലിക്കേണ്ടതുണ്ട്.

നിലവിലുള്ള 15 ട്രാൻസഫോർമറുകൾക്ക് പുറമേ താഴെ പറയുന്ന സ്ഥങ്ങളിൽ 18 ട്രാൻസ് ഫോർമറുകൾ കൂടി സ്ഥാപിക്കേണ്ടതാണ്.

നമ്പർ	വാർഡ് നമ്പർ	വാർഡിന്റെ സ്ഥലത്തിന്റെ പേര്	എണ്ണം
1.	I	പനം പിലാവ്	പുതിയത് സ്ഥാപിക്കുക
		ചീങ്കണ്ണിപ്പാലി	ഉള്ളത് ചാർജ് ചെയ്യുക 1 എണ്ണം
2.	II	വെറ്റിലപ്പാറ	4 എണ്ണം
3.	III	കിണറടപ്പൻ	-
4.	IV	വടക്കുംമുറി	-
5.	V	തെരട്ട	4
6.	VI	മുർകനാട്	1
7.	VII	മൈത്ര	1
8.	VIII	തച്ചണ്ണ	1
9.	IX	പുവ്വത്തിക്കൽ	1
10.	X	തെഞ്ചേരി	1
11.	XI	കുത്തുപറമ്പ്	3 എണ്ണം
12.	IX	പാവണ്ണ	2

അനധികൃത വൈദ്യുതി ചോർച്ച തടയുന്നതിന് കർശന നടപടി സ്വീകരിക്കുക (സ്റ്റെപ്പ്അപ്പ് ഉപയോഗം തുടങ്ങിയവ)

ആവശ്യമായ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുകയും നിലവിലുള്ളവ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.

ആവശ്യമായ സ്ഥലങ്ങളിൽ സോഡിയം പേപ്പർ ലാംബ് സ്ഥാപിക്കുക.

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ നിന്നും പൊതുജന പരാതികളിൻ മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനും മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തുക.

വൈദ്യുതി കണക്ഷന് പണമടച്ച് കാത്തു നിൽക്കുന്ന ഗാർഹിക,കാർഷിക, വ്യവസായ അപേക്ഷകർക്ക് എത്രയും പെട്ടെന്ന് കണക്ഷൻ ലഭിക്കാൻ നടപടിയെടുക്കുക.

ബയോഗ്യാസ് പ്ലാൻറ് ആരംഭിച്ചും സൗരോർജ്ജം ഉപയോഗിച്ചും വൈദ്യുതി ഉൽപാദനത്തിന് ബോധവൽക്കരണവും പ്രോത്സാഹനവും നൽകുക.

1986 ചീങ്കണ്ണിപ്പാലി ട്രൈബൽ കോളനിക്കടുത്ത് മരത്തോട്ടിൽ സ്ഥാപിച്ച ട്രാൻസ്ഫോർമർ വ്രവർത്തനക്ഷമമാക്കുക.

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ് ഉദാ: കക്കാട്, പൊയിൽ പാറ, കൊട്ടകൊടിമല, ചെക്കുന്നുമല തുടങ്ങി സമുദ്ര നിരപ്പിൽ നിന്ന് 2000 പരം അടി ഉയരമുള്ള സ്ഥലങ്ങളിൽ വിൻെർഫാം (കാറ്റാടി പാടം പദ്ധതി) നടപ്പിലാക്കുക.

പഞ്ചായത്തിൽ 10% വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ ഭക്ഷണം പാകം ചെയ്യാൻ ഉപയോഗിക്കുന്നു. ബയോഗ്യാസ് പ്ലാൻറുകസ് ഉപയോഗയോഗ്യമാണ്.


75% വീടുകളിലും വിറകാണ് ഉപയോഗിക്കുന്നത്.

I.R.E.P.സഹായത്തോടെ ഈ കാര്യത്തിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തങ്ങൾ ആവശ്യമാണ്.

മാർക്കറ്റ്

കൃഷിക്ക് മുൻതൂക്കമുള്ള ഒരു പഞ്ചായത്താണ് ഊങ്ങാട്ടിരി പഞ്ചായത്ത്, നാളികേരം, അടക്ക, റബ്ബർ, കുരുമുളക് കശുവണ്ടി തുടങ്ങിയ നാണ്യ വിളകളും നേന്ത്രവാഴ, ഇഞ്ചി, വിവിധയിനം പച്ചക്കറികൾ തുടങ്ങിയവയും ഇവിടെ ധാരാളമായി ഉൽപാദിപ്പിക്കപ്പെടുന്നു. കർഷകരുടെ പ്രശ് നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് വിപണനസൗകര്യമില്ലായ്മ. സാധനങ്ങൾ മിതമായ വിലക്ക് ലഭ്യമാക്കുന്നതിന് സാധാരണഉപഭോക്താവിനും മാർക്കറ്റ് ആവശ്യമായിരിക്കുന്നു. വർദ്ധിച്ച ജനസംഖ്യയും നാണ്യ കാർഷിക വിളകളുടെ ഉൽപാദ വർദ്ധനവും ഊർങ്ങാട്ടിരി പഞ്ചായത്തിൽ വിപണന സൗകര്യങ്ങളുടെ ആവശ്യകത വിളിച്ചോതുന്നു. അത് കൊണ്ട് ഊങ്ങാട്ടിരി പഞ്ചായത്തിലെ കർഷകരിൽ നിന്നും മറ്റു ജന വിഭാഗങ്ങളിൽ നിന്നും ഗവർമെൻറിൽ നിന്ന് ഷെയറുകൾ പിരിച്ച് ഒരു മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക. അതിൻെറപ്രവർത്തനം വെറ്റിലപ്പാറ പുവ്വത്തിക്കൽ എന്നീ സ്ഥലങ്ങളെ കേന്ദ്രീകരിച്ച് ആരംഭിക്കുക, കൊപ്ര തുടങ്ങിയ ഉൽപന്നങ്ങൾ സംഭരിക്കൽ ഊർജ്ജിതപ്പെടുത്തുക, ന്യായമായ വിലക്ക് സാധനങ്ങൾ ലഭിക്കുന്നതിന് ആഴ്ച ചന്ത ആരംഭിക്കുക, കൺസ്യൂമർ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക. തുടങ്ങിയ നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്. 1 മുതൽ 12 വരെയുള്ള വാർഡുകളിൽ ക്രമമനുസരിച്ച് നാളികേരം, റബ്ബർ, അടക്ക കുരുമുളക്, കശുവണ്ടി തുടങ്ങിയ നാണ്യ വിളകൾ ധാരാളമായി ഉൽപാദിപ്പിക്കുന്നു. എല്ലാ ഗ്രാമസഭകളും മാർക്കറ്റിൻെറ ആവശ്യകത എടുത്തു പറഞ്ഞിട്ടുണ്ട്. ഒരു പൊതു മാർക്കറ്റ് സംവിധാനം ഈ പഞ്ചായത്തിൻെറ സാമ്പത്തിക നിലവാരം തന്നെ ഉയർത്തികൊണ്ട് വരുമെന്ന് കണക്കാക്കപ്പെടുന്നു.





5.7

പാർപ്പിടം-സാമൂഹ്യക്ഷേമം-പൊതുവിതരണം

വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ

പട്ടിക നമ്പർ: 1

1992 അടിസ്ഥാനപ്പെടുത്തിയ വിവരം

നമ്പർ	വാർഡ്	ആകെ വീടുകൾ	കോൺക്രീറ്റ്	ഓല	ഓട്	മറ്റുള്ളവ
1	1	706	20	280	366	40
2	2	818	35	240	518	25
3	3	1048	90	180	693	85
4	4	847	80	120	617	30
5	5	619	52	105	452	10
6	6	806	70	210	516	10
7	7	441	13	35	383	10
8	8	612	20	130	452	10
9	9	433	15	120	293	05
10	10	655	09	150	490	06
		6985	404	1570	4780	231

1992ലെ കണക്കു പ്രകാരം പഞ്ചായത്തിൽ ആകെ 7000ത്തോളം വീടുൾ നിലവിലുണ്ട്. കാർഷിക പ്രാധാന്യമുള്ള ഒരു മേഖല എന്ന നിലയിൽ ഏറ്റവും വരുമാനക്കുറവുള്ള ഒരു പഞ്ചായത്താണ് ഊർങ്ങാട്ടിരി. സർക്കാർ മുഖേനയും വിവിധ ഏജൻസികളിൽ കൂടിയുള്ള സാമ്പത്തിക സഹായം വളരെ കുറച്ചുമാത്രമേ ഈ പ്രദേശത്തിനു കിട്ടിയിട്ടുള്ളൂ. ഇടത്തരം വരുമാനക്കാർ കൂടുതലായി അധിവസിക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ ഭവന നിർമ്മാണം ഒരു കീറാമുട്ടിയായി നിലനില്ക്കുന്നു. പഞ്ചായത്തിലെ വീടുകളിൽ ഏറിയ കുറും ഓടുമേഞ്ഞ വീടുകളാണ്. സമീപകാലം വരെ ആദിവാസി പട്ടിക മേഖലകളിലെ വീടുകളിൽ നല്ലൊരു ശതമാനം പുല്ലുമേഞ്ഞവയായിരുന്നു. ആ അവസ്ഥയ്ക്കു ഇന്നു മാറ്റം വന്നു കഴിഞ്ഞു. ചുണ്ടത്തുംപോയിൽ വെറ്റിലപ്പാറ, കിണറടപ്പൻ, വടക്കുംമുറി, തച്ചണ്ണ തെഞ്ചേരി എന്നീ വാർഡുകളിലാണ് പാർപ്പിട പ്രശ്നം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത്

പഞ്ചായത്തിൽ ആകെ 2(രണ്ട്)ലക്ഷംവീട് കോളനികളാണ് ഉള്ളത്. ഇടതിങ്ങിയുള്ള വീടുകൾ കാരണം പരിസര ശുചീകരണം ഇല്ലാത്തതുകൊണ്ട് പലവിധ രോഗങ്ങളും താമസക്കാരിൽ കാണപ്പെടുന്നു. 90-91 മുതൽ 95-96 വരെയുള്ള കാലയളിൽ സർക്കാരിന്റെ വിവിധ

ഏജൻസികൾ മുഖേന 93(തൊണ്ണൂട്ടി മൂന്ന്)വീടുകളാണ് അനുവദിച്ചിട്ടുള്ളത്. ദാരിദ്ര്യ രേഖയ്ക്കു താഴെ നിൽക്കുന്ന 967 കുടുംബങ്ങൾക്ക് ഇനിയുംവീടു ലഭിക്കേണ്ടതായിട്ടുണ്ട്, അനുവദിച്ചതിൽ 4(നാലു)വീടുകൾ ഇനിയും പൂർത്തീകരിച്ചിട്ടുമില്ല. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇതുവരെയായി 140 ഓളം വീടുകൾ ഇടത്തരം വരുമാനക്കാർക്കായി അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണ സഹകരണ സ്ഥാപനങ്ങൾ വഴിയായി 18ഓളം വീടുകളും പഞ്ചായത്തിൽ മൊത്തമായി അനുവദിച്ചിട്ടുണ്ട്.

ഭവനലഭ്യതയുടെയും ആവശ്യത്തിന്റെയുംസ്ഥിതി വിവരം.

പട്ടിക-2

(ഐ.ആർ.ഡി.പി. സർവേ)

	വാർഡ്	വീടു ആവശ്യമുള്ള കുടുംബങ്ങൾ	വിവിധ സ്കീമുകളിൽ അനുവദിച്ചത്	പൂർത്തീകരിച്ചത്	പൂർത്തീകരിക്കാത്തത്	അനുവദിക്കേണ്ടത്
1	1	54	6	6	-	48
2	2	83	6	6	-	77
3	3	141	16	15	1	125
4	4	82	7	7	-	75
5	5	76	13	12	1	63
6	6	125	5	5	-	120
7	7	53	13	13	-	40
8	8	152	9	8	1	143
9	9	184	5	5	-	179
10	10	110	13	12	1	97
ആകെ		1060	93	89	4	967

ഭവന നിർമ്മാണ വായ്പയുടെ ലഭ്യതയുടെ കാര്യത്തിൽ ജനങ്ങൾ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു. വായ്പയുടെ നടപടി ക്രമങ്ങൾ ലഘുകരിക്കേണ്ടതുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മാത്രമാണ് ഇന്ന് ഇവിടെയുള്ള ജനങ്ങളുടെ ആശ്രയ കേന്ദ്രം.

ഇതിനൊരുപരിഹാരമായി പഞ്ചായത്തിന്റെര നിയന്ത്രണത്തിൽ ഭവന നിർമ്മാണത്തിന് ഒരു സഹകരണ സംഘം രൂപീകരിക്കുകയും, ചുരുങ്ങിയ ചെലവിൽ വീടു നിർമ്മിക്കുന്നതിന്ന് നിർമ്മിതി കേന്ദ്രം ആരംഭിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. വായ്പാ വ്യവസ്ഥകൾ ഉദാരമാക്കുന്നതിന്റെറ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

(1) കാർഷിക ലോണുകളെപോലെ ഭവനനിർമ്മാണ വായ്പയും സബ്സിഡിയോടുകൂടി 8.5% പലിശ നിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ നൽകുക.

(2) നിർമ്മിക്കുന്ന വീടുമാത്രം ഈടിമ്മേൽ വായ്പ അനുവദിക്കുക.

(3) വീടുകൾ ഇൻഷൂർ ചെയ്യുക പോളിസി തുക സർക്കാർ വഹിക്കുക.

(4) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം ഗ്രൂപ്പ് ഭവന നിർമ്മാണം ആരംഭിക്കുക.

(5) ദുർബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ വായ്പയുടെ വസ്തു കൈമാറ്റ രജിസ്ട്രേഷൻ സ്റ്റാമ്പു ഡ്യൂട്ടി ഒഴിവാക്കുക.

(6) ഭവന നിർമ്മാണം ബോർഡിലേക്ക് അപേക്ഷിക്കുന്നതിനാവശ്യമായ ഫോറങ്ങൾ പഞ്ചായത്തു മുഖേന ലഭ്യമാക്കുക.

(7) ദുർബ്ബല വിഭാത്തിനുള്ള രാജീവു ദശലക്ഷം ഭവന നിർമ്മാണത്തിന്റെറ വായ്പയുടെ സംഖ്യ 50,000/-ആയി ഉയർത്തുക.

(8) സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും ലഭ്യമായ ആവശ്യങ്ങളും നിർദ്ദേശങ്ങളും അടിസ്ഥാനപ്പെടുത്തിയ പുതുതായി ആവശ്യമുള്ള വീടുകളുടെ എണ്ണം താഴെ കാണുന്ന പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക: 3:

അവലംബം ഗ്രാമസഭാ റിപ്പോർട്ടുകൾ.

നമ്പർ	വാർഡ്	ജനറൽ കാറ്റഗറി	പട്ടികജാതി വീടുകൾ	പട്ടികവർഗ്ഗ വീടുകൾ	ആകെ
1	2	3	4	5	6
1	1	155	30	25	210
2	2	180	40	100	320
3	3	180	60	-	240
4	4	156	15	-	171
5	5	25	-	-	25

നമ്പർ	വാർഡ്	ജനറൽ കാറ്റഗറി	പട്ടികജാതി വീടുകൾ	പട്ടികവർഗ്ഗ വീടുകൾ	ആകെ
6	6	80	30	-	110
7	7	76	4	-	80
8	8	200	50	-	250
9	9	80	20	-	100
10	10	125	40	9	174
11	11	60	40	-	100
12	12	25	15	-	40
ആകെ		1342	344	134	1820

സാമൂഹ്യക്ഷേമം

31780ഓളം ജനങ്ങൾ അധിവസിക്കുന്ന ഒരു അവികസിത പഞ്ചായത്താണ് ഊർങ്ങാട്ടിരി പഞ്ചായത്ത്. സാമൂഹ്യപരമായി ജില്ലയിൽ തന്നെ ഏറ്റവും താഴെക്കിടയിൽ നിൽക്കുന്ന ഒരു പഞ്ചായത്ത് എന്ന് തന്നെ വിശേഷിപ്പിക്കാവുന്നതാണ്. ആദിവാസികളും, പട്ടികജാതി വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഒന്ന്, രണ്ട്, മൂന്ന്, ഒമ്പത്, പത്ത് വാർഡുകളിൽ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതായിട്ടുണ്ട്. പട്ടികജാതി-വർഗ്ഗക്കാർക്കായി സർക്കാർ തലത്തിൽ നൽകുന്നതായ സഹായ പദ്ധതികളും സാധന സാമഗ്രികളും ശരിയായ രീതിയിൽ വിനിയോഗിക്കാതെ വരുന്നത് പ്രത്യേകം ശ്രദ്ധയർഹിക്കേണ്ട കാര്യമാണ്. പഞ്ചായത്ത് തലത്തിൽ പദ്ധതി അവലോകന സമിതികൾ രൂപീകരിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

ഊർങ്ങാട്ടിരി പഞ്ചായത്തിന്റെ പ്രത്യേകതയനുസരിച്ച് ഇവിടെ അധിവസിക്കുന്നവരിൽ ഭൂരിപക്ഷവും കാർഷിക-അനുബന്ധ മേഖലകളിൽ പെട്ടവരാണ്. വൻകിട ജന്മിമാരോ ഉയർന്ന വരുമാനക്കാരായോ എടുത്ത് പറയുവാൻ തന്നെയില്ല. നാണ്യവിള ഉൽപാദന രംഗത്ത് മുൻപന്തിയിൽ നിൽക്കുന്നുവെങ്കിലും സാമ്പത്തിക സ്ഥിതി ആശാവഹമല്ല. സമൂഹത്തിൽ ഏറെ കഷ്ടപ്പെടുന്ന ഇടത്തരം കുടുംബങ്ങളെ പുരോഗതിയിലേക്ക് കൊണ്ട് വരുവാൻ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

കൃഷിയെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായ സംരംഭങ്ങൾക്ക് മുന്തൂക്കം നൽകുന്ന കാര്യത്തിൽ പ്രധാനമായും ഊന്നൽ കൊടുക്കേണ്ടതാണ്. ഇത് ധാരാളം സ്വയം തൊഴിലവസരം ലഭിക്കുകയും സാമൂഹ്യ സുസ്ഥിരത കൈവരുത്തുവാനും സാധിക്കുകയും ചെയ്യും. പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്ക് താഴെ നിൽക്കുന്ന കുടുംബങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

(1990-ന് ശേഷം)

പട്ടിക.4

നമ്പർ	വാർഡ്	ആകെ കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭ്യമായ കുടുംബങ്ങൾ	ഇതിൽ SC/ST	ദാരിദ്ര്യരേഖക്ക് മുകളിൽ പുത്തിയത്	ദാരിദ്ര്യ രേഖ താഴെയുള്ളത്
1	1	299	37-17	34	11-4	6	291
2	2	621	32-114	94	19-27	13	608
3	3	351	24	48	31	5	346
4	4	199	10	14	8	1	198
5	5	152	11	39	21	1	151
6	6	278	24	23	11	1	277
7	7	163	4	19	7	2	161
8	8	280	33-18	36	18	2	278
9	9	169	19	20	14	1	168
10	10	182	13	17	9	1	181
		2694					

സർക്കാർ തലത്തിൽ നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളിലൂടെ ഗുണം ലഭിച്ചവരുടെ സംഖ്യ വളരെ പരിമിതമാണെന്ന് തന്നെ പട്ടികയിൽ നിന്നും വ്യക്തമാകുന്നുണ്ട്. യുവതീ/യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം പദ്ധതിയിൽ പഞ്ചായത്തിൽ ട്രൈസം പദ്ധതി വിഹിതം ആനുപാതികമായി വളരെ കുറവായി കാണുന്നു. പദ്ധതി ഉപയോഗപ്പെടുത്തിയത് സർക്കാർ കണക്കിൽ ഒരാൾ മാത്രമാണ്. സർക്കാർ പരിശീലനം ലഭിച്ചത് 40 പേരാണുള്ളത്. കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും ഇത് വളരെ കുറവാണെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ നിന്നും മനസ്സിലായിട്ടുണ്ട്.

ട്രൈസം പരിശീലന ലഭ്യത പട്ടിക

പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
40	1	1

DWCRA പദ്ധതിയിൽ രൂപപ്പെട്ട തൊഴിൽ സംരംഭങ്ങൾ

പട്ടിക-6

വാർഡ്	തൊഴിൽ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗ എണ്ണം	പ്രവർത്തന ക്ഷമത
1	ഇല്ല			
2	പശുവളർത്തൽ	3No 1990	37Nos	
	പായനെയ്ത്	91-92		
		95-96		
3	ആടുവളർത്തൽ	90-91	15No	
4	പശു വളർത്തൽ	91-92	1No	
5	"	95-96	9No	
6	Nil			
7				
8				
9				
10				

സാമൂഹ്യ ക്ഷേമ പദ്ധതികളിൽ പ്രധാനപ്പെട്ട ഒരു വിഷയമാണ് സാനിട്ടറി കക്കൂസ് നിർമ്മാണം. SC, ST വിഭാഗത്തിൽ കൂടുതലായി കക്കൂസുകൾ സർക്കാർ തലത്തിൽ നിർമ്മിക്കുവാൻ സഹായം നൽകിയിട്ടുള്ളതായി കാണുന്നു. എന്നിരുന്നാലും ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള ഒന്ന്, രണ്ട്, മൂന്ന് വാർഡുകളിൽ കൂടുതലായി കക്കൂസുകൾ അനുവദിക്കേണ്ടതായിട്ടുണ്ട്. IRDP സർവ്വേ പ്രകാരം സാനിട്ടറി കക്കൂസുകൾ നിർമ്മാണ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് വിവരം താഴെ പട്ടികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു .

പട്ടിക -7 ഐ.ആർ.ഡി.പി. സർവ്വേ.

വാർഡ്	കക്കൂസ് ഇല്ലാത്ത വീടുകൾ	അനുവദിച്ച കക്കൂസുകൾ	ഇനി ആവശ്യമുള്ളവയുടെ എണ്ണം
1	80	2	78
2	150	14	136
3	180	15	165
4	142	21	121
5	113	28	85
6	192	15	177
7	101	17	84
8	198	6	192
9	232	5	227
10	214	5	209
ആകെ	1602	126	1474

സർവ്വേ റിപ്പോർട്ട് പ്രകാരം ഇനിയും 1474 കക്കൂസുകൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നൽകുവാനുണ്ട്. വ്യത്യസ്ഥമായി പഞ്ചായത്ത് ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇനിയും ആവശ്യമായ കക്കൂസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക -8

വാർഡ്	എണ്ണം	S.C	S.T
1	280	60	30
2	350	80	100
3	350	55	-
4	165	10	-
5	60	18	-
6	175	30	-
7	80	08	-
8	200	45	-
9	232	15	-
10	215	35	5
11	150	20	-
12	125	15	-
	3102	391	135

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 3102 സാനിട്ടറി കക്കൂസുകൾ പഞ്ചായത്തിൽ ഇനിയും ആവശ്യമുണ്ട്. ഇതിൽ 391 എണ്ണം ഹരിജൻ വിഭാഗത്തിനും, 135 എണ്ണം ട്രൈബൽ വിഭാഗത്തിനും ആവശ്യമാണ്.

സാമൂഹ്യ ക്ഷേമ പദ്ധതിയുടെ ഭാഗമായി ഊർങ്ങാട്ടിരി പഞ്ചായത്തിൽ നിലവിലുള്ള 2 വില്ലേജുകളിലായി ലഭ്യമായികൊണ്ടിരിക്കുന്ന വിവിധ തരം പെൻഷൻ പദ്ധതികൾ. പ്രധാനമായും കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, ക്ഷയരോഗ പെൻഷൻ, കാൻസർ രോഗി പെൻഷൻ, തൊഴിലില്ലായ്മാ വേതനം തുടങ്ങിയവയാണ്. ലഭ്യമായിരിക്കുന്ന സ്ഥിതി വിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു. പട്ടിക നമ്പർ:9. അർഹതപ്പെട്ട ഒട്ടനവധി പേർക്ക് ഇനിയും വിവിധതരം പെൻഷനുകൾ ലഭ്യമാക്കേണ്ടതുണ്ട്. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയ നിയമക്രമങ്ങൾ പലർക്കും ബുദ്ധിമുട്ടുളവാക്കുന്നതായി മനസ്സിലാക്കുന്നു.

പെൻഷൻ ലഭ്യതാ പട്ടിക

പട്ടിക -9

1	കർഷകത്തൊഴിലാളി പെൻഷൻ	782
2	വിധവാ പെൻഷൻ	157
3	വികലാംഗ പെൻഷൻ	76
4	വാർദ്ധക്യകാല പെൻഷൻ	56
5	ക്ഷയരോഗി പെൻഷൻ	34
6	തൊഴിലില്ലായ്മ വേതനം	270
7	കാൻസർ പെൻഷൻ	നിലവിലില്ല.

അംഗന വാടികൾ:

സാമൂഹ്യക്ഷേമ രംഗത്ത് അംഗനവാടികൾക്ക് പ്രഥമ സ്ഥാനമാണുള്ളത്. പഞ്ചായത്തിൽ മൊത്തം 15 അംഗന വാടികളാണ് നിലവിലുള്ളത്. ചുരുക്കം ചിലതൊഴികെ ബാക്കിയുള്ളവ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തവയാണ്. വളരെയേറെ വിസ്തൃതിയുള്ള 1-ാം വാർഡിൽ രണ്ട് അംഗനവാടികൾ ആവശ്യമുണ്ട്. അതുപോലെ തന്നെ പാവണ്ണ വാർഡിലും അംഗന വാടികൾ അനുവദിക്കേണ്ടതാണ്. 1000 പേർക്ക് 1 അംഗനവാടി എന്ന സ്ഥിതിയിൽ 31000-ൽ അധികം ജനസംഖ്യയുള്ള പഞ്ചായത്തിൽ ഇനിയും 15 എണ്ണം കൂടി തുടങ്ങേണ്ടതായിട്ടുണ്ട്. നിലവിലുള്ള അംഗനവാടികളിൽ കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ ദുർബല വിഭാഗത്തിൽ പെട്ട ഗർഭിണികളും, മുലയൂട്ടുന്ന അമ്മമാരും, കൂടുതൽ ആശ്രയിക്കുന്ന അംഗനവാടികളുടെ പ്രവർത്തന നിലവാരം ഉയർത്തുക ആവശ്യമാണ്. കുട്ടികളുടെ പ്രായോഗിക തലത്തിൽ ഭാഷാ ശുദ്ധിയും ശുചിത്വം തുടങ്ങിയ കാര്യങ്ങളിലും മതിയായ ശ്രദ്ധ ആവശ്യമാണ്. കൂടുതൽ ശ്രദ്ധ ചെലുത്തുവാനായി ഇടവിട്ടുള്ള ഇൻസ്പെക്ഷൻ ആവശ്യമാണ്.

സാധാരണ സർക്കാർ ഉദ്യോഗസ്ഥരെപ്പോലെ തന്നെ ദിവസം മുഴുവൻ ജോലി ചെയ്യുന്ന അംഗൻവാടി വർക്കേഴ്സിന് മതിയായ വേതനം ലഭിക്കുന്നില്ലായെന്ന ആക്ഷേപത്തിന് പരിഹാരം കാണേണ്ടതുണ്ട്.

സംയോജിത ശിശുവികസന സേവന പദ്ധതിയിൽ (I.C.D.S)കീഴിൽ നിലവിലുള്ള അംഗൻവാടികളിലൂടെ താഴെ പറയുന്ന സേവന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. 3 വയസ്സു മുതൽ 5 വയസ്സ് വരെയുള്ള കുട്ടികൾക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നുണ്ട്.
2. ഗർഭിണികൾക്കും കുട്ടികൾക്കും അനുപൂരക പോഷണം നൽകൽ.
3. കുട്ടികൾക്ക് രോഗ പ്രതിരോധ കുത്തിവെയ്പ്പ്.
4. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും അമ്മമാർക്കും ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം നൽകൽ, ആരോഗ്യ പരിശോധന, റഫറൽ സർവ്വീസസ് എന്നിവ നൽകുന്നു.

അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്.

1. സ്വന്തമായി കെട്ടിടമില്ലാത്ത 6 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകണം.
2. സ്വന്തമായി സ്ഥലമില്ലാത്ത രണ്ട് അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കണം.
3. നിലവിലുള്ള അംഗൻവാടികൾക്ക് മുഴുവൻ കുടിവെള്ള സൗകര്യം ലഭ്യമാക്കണം.
4. രണ്ട് അംഗൻവാടികൾക്ക് മാത്രമാണ് കക്കൂസ് സൗകര്യം ഉള്ളത്. ബാക്കി 12 എണ്ണത്തിന് കക്കൂസ് നിർമ്മിച്ച് നൽകണം.
5. എല്ലാ അംഗൻവാടികൾക്കും ചുറ്റു മതിൽ നിർമ്മിക്കണം.
6. എല്ലാ അംഗൻവാടികൾക്കും ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, ഫർണീച്ചർ, കളിക്കോപ്പുകൾ തുടങ്ങിയവ ലഭ്യമാക്കണം. CPWD കെട്ടിങ്ങളുടെ(2)അറ്റകുറ്റപ്പണികൾ ഉടനെ പൂർത്തീകരിക്കേണ്ടതാണ്.

അനാഥമന്ദിരം

സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു അനാഥമന്ദിരം പഞ്ചായത്തിലെ മൈത്രയിലുണ്ട്. മൈത്രയിൽ ഹിദായത്തുസ്സിബിയാൻ യതീംഖാനയിൽ 80 വിദ്യാർത്ഥികൾക്ക് അഭയം നൽകുന്നു. പ്രസ്തുത മന്ദിരത്തിൽ ആവശ്യമായ സഹായങ്ങൾക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഇനിയും ലഭിക്കേണ്ടതുണ്ട്. അന്തേവാസികളുടെ തൊഴിൽപരമായ കഴിവ് വികസിപ്പിക്കുന്നതിനു വേണ്ട പരിമിതികളും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു പ്രാമുഖ്യം നൽകുന്ന തരത്തിലുള്ള സ്കൂളും അനുവദിക്കേണ്ടതാണ്.

അനാഥാലയങ്ങൾക്കുള്ള ഗ്രാൻറ് കുടിശ്ശിഖ വരുത്താ

തെ സമയാസമയങ്ങളിൽ നൽകാനുള്ള സംവിധാനവും ഉണ്ടാവേണ്ടതാണ്.

ഊർങ്ങാട്ടിരി പഞ്ചായത്തിലെ അംഗൻവാടികളുടെ വിശദവിവരം.

നമ്പർ	അംഗൻവാടിയുടെ പേര്	നമ്പർ	സ്വന്തമായ് കെട്ടിടം ഉള്ളത്	സ്വന്തമായ് സ്ഥലം ഉള്ളത്	ലാട്രിൻ ഉള്ളത് ഉള്ളത്	കുടി വെള്ളം ഉള്ളത്
1	തെരട്ടമ്മൽ	104	ഉണ്ട്(CPWP)	ഇല്ല	ഇല്ല	ഇല്ല
2	ഈസ്റ്റ് വടക്കുംമുറി	105	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
3	വടക്കുംമുറി	106	ഉണ്ട്	"	ഇല്ല	ഇല്ല
4	കിണറടപ്പൻ	107	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
5	വിളക്കുപറമ്പ്	108	ഉണ്ട്	"	ഉണ്ട്	ഇല്ല
6	ഓടക്കയം	109	ഉണ്ട്	"	ഉണ്ട്	ഇല്ല
7	തച്ചണ്ണ	110	ഉണ്ട്	"	ഇല്ല	ഇല്ല
8	കല്ലരട്ടിക്കൽ	111	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
9	ചേലക്കോട്	112	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
10	കുത്തുപറമ്പ്	ഉണ്ട്	"	ഇല്ല	ഇല്ല	
11	മൈത്ര I	114	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
12	മൈത്ര II	115	ഉണ്ട്, CPWP	-	ഇല്ല	ഇല്ല
13	പുവ്വത്തിക്കൽ	124	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
14	തെഞ്ചീരി	125	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല

പൊതുവിതരണം:


പഞ്ചായത്തിൽ 12 വാർഡുകളിലായി 13 പൊതുവിതരണ കേന്ദ്രങ്ങളാണുള്ളത്. 13 കേന്ദ്രങ്ങളിലായി 4876 റേഷൻ കാർഡുകൾ രജിസ്റ്റർ ചെയ്ത് നിത്യോപയോഗ സാധനങ്ങൾ വതരണം ചെയ്ത് വരുന്നു.

കാർഡുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും, പുതിയ റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിനും വേണ്ട സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാവേണ്ടതാണ്.

വിസ്തൃതമായ ഊർങ്ങാട്ടിരി പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭിക്കുന്നതിന് ഒരു മാവേലി സ്റ്റോർ പോലും പ്രവർത്തിക്കുന്നില്ല. വെറ്റിലപ്പാറ, ഊർങ്ങാട്ടിരി വില്ലേജുകളിലായി രണ്ട് മാവേലി സ്റ്റോറുകളും സഹകരണ മേഖലയിൽ ഓരോ കൺസ്യൂമർ സ്റ്റോറുകളും ആരംഭിക്കേണ്ടതാണ്.

പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളുടെ നിയന്ത്രണ പഞ്ചായത്തിനെ ഏൽപിക്കുകയാണെങ്കിൽ പലതരത്തിലുള്ള ആക്ഷേപങ്ങൾക്കും പരാതികൾക്കും പെട്ടെന്ന് പരിഹാരം കണ്ടെത്തുവാൻ കഴിയുന്നതാണ്.





5.8

സംസ്കാരം

വിസ്തൃതമായ ഊർ ങ്ങാട്ടിരി പഞ്ചായത്തിന്റെ ഭൂരി ഭാഗം വരുന്നതും മലയോരപ്രദേശങ്ങളാണ്. കോഴിക്കോ ട്ടുജില്ലയോടു തൊട്ടുരുമ്മിനിൽക്കുന്ന ഈഉയർന്നപ്ര ദേശങ്ങൾകാടുപിടിച്ചു കിടന്നിരുന്ന ജനവാസമില്ലാത്ത മലകളായിരുന്നു.

ഈ വനപ്രദേശങ്ങളിൽ ഒറ്റപ്പെട്ട കുടിലുകളിലായി ആദിവാസി കുടുബങ്ങൾ മാത്രമാണുണ്ടായിരുന്നതെങ്കി ലും വർഷങ്ങൾക്ക് മുമ്പുതന്നെ ജനങ്ങൾ അധിവസിച്ചി രുന്നതായി കരുതപ്പെടുന്നു.

പന്തലങ്ങാടി എന്നപേരിൽ അറിയപ്പെട്ടിരുന്ന സ്ഥലം ഈ പഞ്ചായത്തിലെ 20ം വാർഡിൽ ഉണ്ടായിരുന്നതായും അവിടെ പുരാതന കാലങ്ങളിലെ ജനങ്ങൾ താമസമുറപ്പി ച്ചതായും പറയപ്പെടുന്നു.

പ്രാചീനക്ഷേത്ര അവശിഷ്ടങ്ങളും, പുരാതനകാല ത്തെ കൊത്തിയെടുത്ത വെട്ടുകല്ലുകളും. ഓടുകളും. പ്രാ ചീന ലിപികൾ കൊത്തിവച്ചിട്ടുള്ള കരിങ്കല്ലുകളും, ഈ പ്രദേശത്തുനിന്നും കണ്ടെടുത്തിട്ടുണ്ട്.

പിൽകാലത്ത് ഈ സമൂഹം ആകെ നാമാവശേഷമാവു കയോ, കുടിയൊഴിഞ്ഞു പോവുകയോ ചെയ്തതായി സം ശയിക്കേണ്ടിയിരിക്കുന്നു.

ടിപ്പുസുൽത്താന്റെ ഒളിസങ്കേതമെന്ന സംശയിക്കുന്ന ഒരു ഗുഹയും പ്രസ്തുത സ്ഥലത്തുണ്ട്.

നൂറ്റാണ്ടുകൾക്ക് മുമ്പേ ചാലിയാറിന്റെ തീരപ്ര ദേശത്ത് താമസമുറപ്പിച്ച്അനേകം കുടുബങ്ങൾ പഞ്ചാ യത്തിലുണ്ട്.

സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് തന്നെ ഈ പ്രദേശങ്ങളിൽ വിദ്യാഭ്യാസ, സാംസ്കാരിക പ്രവർത്തനങ്ങൾ ആരംഭിച്ചി ട്ടുണ്ട്1921ൽ മലബാർ ഡിസ്ട്രിക്ക്ബോർഡിന്റെ കീഴിൽ മൈത്രയിൽ ആരംഭിച്ച ലോവർ പ്രൈമറി സ്കൂളാണ് ഇന്ന് നാം എത്തിനിൽക്കുന്ന സംസ്കാര പൈതൃകത്തിന്റെ ആണികല്ലായി പരിണമിച്ചത് എന്ന്വേണം പറയാൻ. ഊർ ങ്ങാട്ടരിയിലെ സാംസ്കാരിക നവോത്ഥാനത്തിനു നേതൃ ത്വം നൽകിയവരും വിദ്യാഭ്യാസ സാംസ്കാരിക പ്രവർ ത്തനങ്ങളിൽ മുഴുകിയവരുമായി ധാരാളം വ്യക്തിത്വങ്ങൾ ഉണ്ടായിരുന്നതായി കാണാം

സ്വാതന്ത്ര്യ സമരചരിത്രങ്ങളിലും ഈപ്രദേശത്തെ മുൻഗാമികൾ നിരവധി സംഭാവനകൾ അർപ്പിച്ചവരാണ്. അവരിൽ പലരും ഇന്ന് നമ്മോടൊപ്പമില്ല.

പുവ്വത്തിക്കൽ പ്രദേശത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നേതൃത്വം നൽകുകയും.1932ൽ തന്റെ അശ്രാന്ത പരിശ്രമംകൊണ്ട് അവിടെ ഒരു എയിഡഡ് സ്കൂൾ സ്ഥാപിക്കുകയും ചെയ്ത ശ്രീ നാരായണ

എഴുത്തച്ഛന്റെ ജീവിത കഥയും ഈഗ്രാമസംസ്കൃതിയുടെ പരിവേഷമാണ്.

1921-ൽ ഐക്യനാണയസംഘം എന്ന പേരിൽ തെരട്ടമ്മൽ ആസ്ഥാനമായി പ്രവർത്തിച്ച സംഘടനയും ഊർങ്ങാട്ടിയുടെ സാമൂഹ്യസാംസ്കാരിക മേഖലകളിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ആദ്യമായി രൂപം കൊണ്ട സാംസ്കാരിക സംഘടനയും വായന ശാലയും നാഷണൽ സ്പോർട്സ് ക്ലബ്ബിന്റെ കീഴിൽ തെരട്ടമ്മലിലാണ് 1952-ലാണ് ഇത് രൂപീകൃതമായത്.

1928-ൽ തെരട്ടമ്മലിൽ പ്രവർത്തനം ആരംഭിച്ച എയ്ഡഡ് സ്കൂൾ രണ്ടാമതായി പഞ്ചായത്തിൽ സ്ഥാപിത മായ സ്കൂളുകൾ ഇപ്പോൾ പഞ്ചായത്തിൽ നഴ്സറി സ്കൂളടക്കം 6 യു.പി.സ്കൂളും 7-എൽ.പി.സ്കൂളും 1 ഹൈസ്കൂളുമുണ്ട്. 1979ൽപഞ്ചായത്തിൽ ആദ്യമായി കേരള ഗ്രന്ഥശാല സംഘം അംഗീകാരമുള്ള മൂർക്കനാട് ഗ്രന്ഥാലയം വായനശാല സ്ഥാപിക്കുകയുണ്ടായി. ഗ്രന്ഥാലയം പഞ്ചായത്തിൽ ഇത് മാത്രമേ ഉള്ളു . ഈസ്ഥാപനത്തിനുപഞ്ചായത്തിൽ നിന്ന്പ്രസിദ്ധികരണങ്ങൾ ലഭിച്ചുവരുന്നു. ഈപ്രദേശത്തെവൈജ്ഞാനികമേഖലകളിൽ ഈസഥാപനം നിർണ്ണായക പങ്ക് വഹിക്കുന്നു.

പഞ്ചായത്തിൽ ഭൂരിഭാഗം വരുന്ന മലപ്രദേശങ്ങൾ കാടുപിടിച്ചുകിടക്കുകയായിരുന്ന ഈപ്രദേശത്ത്വർഷങ്ങൾക്ക് മുമ്പ് 1956 മുതൽ കുടിയേറി താമസമാക്കിയ ധാരാളം കുടുബങ്ങളുണ്ട്.

കാടുകൾ വെട്ടിതെളിയിച്ച വിദ്യാസമ്പന്നരായി സംസ്കാരിക നവോത്ഥാന പ്രവർത്തനങ്ങളിൽ മുഴുകിയും ഗ്രാമത്തിൽ വികസനത്തിന്റെ വെളിച്ചം വീശാൻ അവരുടെ പ്രവർത്തനങ്ങൾ സഹായകമായി.

ഓടകയം, വെറ്റിലപ്പാറ, ചീങ്കണ്ണിപ്പാലി പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി കുടുബങ്ങളിൽ സാംസ്കാരിക, സന്നദ്ധപ്രവർത്തനങ്ങളിലുടെ സാംസ്കാരികബോധമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. നാട്ടിൽ ഇറങ്ങാനും ജനങ്ങളുമായി ബന്ധപ്പെടാനും മടിച്ചിരുന്നവരും, ചുറ്റുപാടുകളെ കുറിച്ച് ചിന്തിക്കാത്തവരുമായ അവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളും ഇന്ന് ധാരാളമുണ്ട്. അതിൽ പ്രധാന പങ്ക് വഹിച്ച സംഘടനയാണ് 1970-ൽ രൂപം കൊണ്ട നെഹ്റുആർട്സ്& സ്പോർട്സ് ക്ലബ്ബ് ഓടക്കയം. സാക്ഷരതാ പ്രവർത്തനങ്ങൾവഴിയും വിവിധ ഡിപ്പാർട്ട്മെൻറിന്റെ ബോധവൽകരണപ്രവർത്തനങ്ങളുടെ ഫലമായും ധാരാളം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

ഇവിടുത്തെ ആദിവാസികളിൽ പലരും മദ്യത്തിന്റെ അടിമകളായി തീർന്നിട്ടുണ്ട്. ചാരായ നിരോധം ഫലപ്രദമായി തീർന്നിട്ടുണ്ട്. ചാരായ നിരോധനം ഫലപ്രദമായിനടപ്പാക്കുകയും ബോധവൽകരണം നടത്തിയും ഇതിന് പരിഹാരം കാണണ്ടതുണ്ട്.

ആദിവാസികളുടെ പരമ്പരാഗത കലയായ ചവിട്ടുകളി, കോൽക്കളി എന്നിവയിൽ പ്രാഗത്ഭ്യമുള്ള ധാരാളം ആളുകൾ ഉണ്ട്. ഇപ്പോൾ പലരും ഇതിൽ നിന്ന് വിട്ടു നിൽക്കുന്നത് കൊണ്ട് ഈ പരമ്പരാഗത കല അന്യം നിന്നു പോകുമോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ ഇപ്പോൾ പഞ്ചായത്തിലുണ്ട്. സന്നദ്ധ പ്രവർത്തകന്മാരുടെ നിസ്വാർത്ഥ സേവനം കൊണ്ട് മാത്രമാണ് ഈ സംഘടനകളൊക്കെ പ്രവർത്തിക്കുന്നത്.

പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള സാംസ്കാരിക സംഘടനകളുടെ പ്രവർത്തന ഫലമായി ഒട്ടനവധി പുരോഗമനമുണ്ടായിട്ടുണ്ട്. ഒരു കാലത്ത് കല യെയെന്തന്നറിയാത്ത ആ ഗ്രാമ പ്രദേശങ്ങളിൽ കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് ബഹുജനങ്ങളുടെയിടയിൽ വിപ്ലവകരമായ പരിവർത്തനങ്ങളുണ്ടാക്കാൻ ഈ സംഘടനകൾക്ക് സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ആകെ ഒരു സാംസ്കാരിക നിലയവും ഒരു ജന ശിക്ഷണ നിലയവും പ്രവർത്തിക്കുന്നുണ്ട്.

വനിതകളുടെ പങ്കാളിത്തം സാംസ്കാരിക പ്രവർത്തനങ്ങളിൽ വേണ്ടത്ര സജീവമായിട്ടില്ല.

സാംസ്കാരിക കേന്ദ്രങ്ങളായി പള്ളികളും, അമ്പലങ്ങളും ചർച്ചുകളും ഗ്രാമത്തിലുണ്ട്. ശിവരാത്രി ഉത്സവവും, ഓണവും, പെരുന്നാളും, ക്രിസ്തുമസ്സും ഗ്രാമീണരുടെ ഇടയിൽ മതസൗഹാർദവും സ്നേഹവും ഊട്ടി ഉറപ്പിക്കുന്ന ഉത്സവങ്ങളായി മാറുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സാംസ്കാരിക സംഘടനകളുടെ വിവരം താഴെ ചേർക്കുന്നു.

നമ്പർ	വാർഡ്	സംഘടനയുടെ പേര്
1	1	ഭാവന മഹിളാ സമാജം, പനം പ്ലാവ്
	1	തോട്ടുമുക്കം
	1	നെഹ്റു യുവ കേന്ദ്രം ഊർങ്ങാട്ടിരി
2	1	പീപ്പിൾസ് ആർട്സ് & സ്പോർട്സ് ക്ലബ് എടക്കാട്ടുപറമ്പ്
3	2	നെഹ്റു യൂത്ത് & സ്പോർട്സ് ക്ലബ്, ഓടക്കയം

4	2	എ.കെ.ജി. കൾച്ചറൽ സെൻറർ സ്പോർട്സ് & ആർട്സ് ക്ലബ് വെറ്റിലപ്പാറ
	2	തുലിക ആർട്സ് & സ്പോർട്സ് ക്ലബ് വെറ്റിലപ്പാറ
7	2	ട്രൈബൽ സ്പോർട്സ് & ആർട്സ് ക്ലബ് കൊടുമ്പുഴ ഊർങ്ങാട്ടിരി
8	2	നെഹ്റു യൂത്ത് ആർട്സ് & സ്പോർട്സ് ക്ലബ് വെറ്റിലപ്പാറ.
9	3	Y.M.K.ആർട്സ് & സ്പോർട്സ് ക്ലബ് കിണറടപ്പൻ
10	3	കലിക ആർട്സ് & സ്പോർട്സ് ക്ലബ് കിണറടപ്പൻ
11	3	അനശ്വര ആർട്സ് & സ്പോർട്സ് ക്ലബ് കിണറടപ്പൻ
12	4	സംഗമം സ്പോർട്സ് ആർട്സ് ക്ലബ് വടക്കുംമുറി
13	4	നവജീവൻ ആർട്സ് സ്പോർട്സ് ക്ലബ് വടക്കുംമുറി
14	5	നാഷണൽ സ്പോർട്സ് ക്ലബ് ഊർങ്ങാട്ടിരി, തെരട്ടമ്മൽ
15	5	റെഡ് സ്റ്റാർ സ്പോർട്സ് ക്ലബ് തെരട്ടമ്മൽ
16	5	ക്രസൻറ് കൾച്ചറൽ സെൻറർ തെരട്ടമ്മൽ
17	6	യുവജന വായന ശാല ഗ്രന്ഥാലയം മുർക്കനാട്
18	6	പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം മുർക്കനാട്
19	6	സാഗര ആർട്സ് & സ്പോർട്സ് ക്ലബ് മുള്ളൻ മടക്കൽ
20	7	വെറ്റ് സ്റ്റാർ ആർട്സ് സ്പോർട്സ് ക്ലബ് മൈത്ര
21	6	സൗഹൃദം മുർക്കനാട്
22	7	എം.പി.എ.സി. മൈത്ര
23	7	എക്കോ ആർട്സ് & സ്പോർട്സ് ക്ലബ് മൈത്ര
24	8	യുവഭാരത് ആർട്സ് & സ്പോർട്സ് ക്ലബ് തച്ചണ്ണ
25	8	റെയിൻബോ തച്ചണ്ണ
26	9	നവോദയ ആർട്സ് & സ്പോർട്സ് ക്ലബ് പുവ്വത്തിക്കൽ
27	9	വിശ്വാസ് യൂത്ത് കൾച്ചറൽ സെൻറർ, പുവ്വത്തിക്കൽ
28	10	അനശ്വര സ്പോർട്സ്ക്ലബ്, തെഞ്ചീരി
29	10	സഹൃദയ സ്പോർട് ക്ലബ് തെഞ്ചീരി
30	10	യുവധാര സ്പോർട്സ് ക്ലബ് തെഞ്ചീരി.
31	11	എവർഷൈൻ ആർട്സ് & സ്പോർട്സ് ക്ലബ് കുത്തുപറമ്പ്
32	11	ബ്ലൂസ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ് കുത്തു പറമ്പ്
33	12	യംഗ്മെൻ ആർട്സ് & സ്പോർട്സ് ക്ലബ് ആദാടി പാവണ്ണ

കായിക രംഗം

കായിക രംഗത്ത് അഭിമാനാർഹമായ സ്ഥാനമുള്ള പഞ്ചായത്തിലൊന്നാണ് ഊർങ്ങാട്ടിരി.

നിരവധി കായിക പ്രതിഭകളെ സംഭാവന ചെയ്യുവാനും വളർത്തിയെടുക്കാനും ഈ കൊച്ചു ഗ്രാമത്തിനു സാധിച്ചിട്ടുണ്ട്. ദേശീയ ടീമിനു നേതൃത്വം കൊടുക്കുന്നതരെയും, പരിശീലകരെയും സംഭാവന ചെയ്യാൻ സാധിച്ചു. ദേശീയ ഫുട്ബോൾ രംഗത്ത് തിളങ്ങി നിന്ന "യു.ഷറഫലി" ഈ ഗ്രാമത്തിൻെറ സന്തതിയാണ്. ഇങ്ങനെ ഒട്ടനവധി താരങ്ങൾ ഈ ഗ്രാമത്തിലെ ഗ്രൗണ്ടുകളിൽ കളിച്ചു പ്രാഗത്ഭ്യം തെളിയിച്ച് പ്രശസ്തരായിട്ടുണ്ട്. ഫുട്ബോൾ കളിക്കാരുടെ കളി തൊട്ടിലാണ് തെരട്ടമ്മൽ, അതിന് നിർണ്ണായക പങ്ക് വഹിച്ച ക്ലബ്ബാണ് നാഷണൽ സ്പോർട്സ് ക്ലബ് തെരട്ടമ്മൽ. ഇന്നും നിരവധി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഒട്ടനവധി ഫുട്ബോൾ കളിക്കാർ ഇവിടെയുണ്ട്. നിരവധി പേർക്ക് തൊഴിൽ ലഭിക്കുന്നതിന് ഊർങ്ങാട്ടിരിയിലെ കായിക സംസ്ക്കാരം സഹായകമായിട്ടുണ്ട്. വോളിബോൾ രംഗത്തും പ്രശസ്തിയാർജിച്ച ടീമുകളും വ്യക്തികളും പഞ്ചായത്തിലുണ്ട്. തോട്ടുമുക്കം വെറ്റിലപ്പാറ നെഹ്റു ആർട്സ് സ്പോർട്സ് ക്ലബിൻെറ കീഴിൽ ധാരാളം പ്രതിഭകളെ വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മിക്ക വാർഡുകളും ഫുട്ബോളിൻെറ ഈറ്റില്ലങ്ങൾ തന്നെയാണ്. വേനൽ കാലങ്ങളിൽ നെൽ വയലുകൾ നിരത്തി കളി സ്ഥലമാക്കിയാണ് പലരും കളിക്കാൻ ഉപയോഗിക്കുന്നത്. പരിശീലനം ലഭിക്കാതെയും, ഗ്രൗണ്ടില്ലാതെ തന്നെയും ഫുട്ബോൾ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച പല ടീമുകളും പഞ്ചായത്തിലുണ്ട്. അവരെ പ്രോത്സാഹിപ്പിക്കാൻ വേണ്ടത്ര ഇപ്പോൾ ക്രിക്കറ്റിലും താൽപര്യമുള്ള ധാരാളം താരങ്ങൾ പഞ്ചായത്തിലുണ്ട്.

സഹായം ബന്ധപ്പെട്ടവരിൽ നിന്ന് ലഭിക്കേണ്ടതായിട്ടുണ്ട്.

ചെറുപ്രായത്തിൽ തന്നെ കലാ കായിക വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂൾ തലം തൊട്ടേ വേണ്ട പരിശീലനങ്ങൾ നൽകേണ്ടതാണ്.

ഗ്രാമങ്ങളിലെ മുഴുവൻ ആളുകളേയും പങ്കാളികളാക്കി പഞ്ചായത്ത് തലത്തിൽ നടത്തുന്ന കലാ കായിക മത്സരങ്ങളിൽ വേണ്ടത്ര പങ്കാളിത്വം ലഭിക്കാതെ പോയതായി കാണുന്നു. ഉധൃതി പിടിച്ചാണ് പലപ്പോഴും നടത്തുന്നത്. ഈ കായിക മേള ആദ്യം വാർഡു തലത്തിലും പിന്നീട് പഞ്ചായത്ത് തലത്തിലും സംഘടിപ്പിക്കാവുന്നതാണ്.

വിവിധ വാർഡുകളിലെ ഗ്രാമ സഭ റിപ്പോർട്ടുകളിൽ നിന്ന് ഉരുതിരിഞ്ഞു വന്ന പൊതു നിർദ്ദേങ്ങളും പരിഹാരങ്ങളും താഴെ പറയുന്നവയാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ആകെ ഒരു ലൈബ്രറിയും, സാംസ്കാരിക കേന്ദ്രവും മാത്രമേ ഉള്ളൂ. ബാക്കി 11 വാർഡുകളിലും ഗ്രന്ഥാലയമോ, അംഗീകാരമുള്ള വായനശാലകളോ ഇല്ല.
2. ജനവിദ്യാ കേന്ദ്രങ്ങൾ സജീവമല്ല.
3. വിദ്യാഭ്യാസ, സാംസ്കാരിക രംഗവുമായി ബന്ധമില്ലാത്ത ധാരാളം വനിതകൾ പ്രദേശത്തുണ്ട്. ഇവരെ സാംസ്കാരിക വിദ്യാഭാസ മേഖലയുമായി അടുപ്പിക്കേണ്ടത് ആവശ്യമാണ്.
4. നാട്ടിലെ നാടൻ കലാ രൂപങ്ങൾ നശിച്ചു കൊണ്ടിരിക്കുന്നു. ഇതിനു പരിഹാരം കാണേണ്ടതാണ്.
5. മദ്യവർജ്ജന സമിതി പ്രവർത്തനങ്ങൾ വേണ്ടത്ര നടക്കുന്നില്ല.
6. പഞ്ചായത്തിലെ ഹരിജൻ, ഗിരിജൻ കോളനികളിൽ വേണ്ടത്ര വായനാ ശീലം വളർത്തുകയും സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്.
7. വിവിധ വാർഡുകളിലെ സാംസ്കാരിക സംഘടനകൾക്ക് സാമ്പത്തിക സഹായമില്ലാത്തതിനാൽ വേണ്ടത്ര പ്രവർത്തിക്കാൻ സാധിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വായനാ ശാലകൾ സജീവമാക്കുകയും പഞ്ചായത്ത് ചുരുങ്ങിയത് 2 വർത്തമാന പത്രങ്ങളെങ്കിലും നൽകുകയും പഞ്ചായത്തിലെ പ്രധാന ആസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കുക. പഞ്ചായത്തിന് വേണ്ടി നിർമ്മിച്ചതും ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതുമായ ബിൽഡിംഗിൽ മുകളിലേക്ക് രണ്ടു നിലകൂടി പണിതു ഒന്നാം നിലയിൽ സാംസ്കാരിക നിലയവും 2-ാം നിലയിൽ പഞ്ചായത്ത് ഓഫീസും ആക്കാവുന്നതാണ്.

പഞ്ചായത്തിൽ ഉപയോഗ രഹിതമായി കിടക്കുന്ന പുറമ്പോക്ക് ഭൂമി സാംസ്കാരിക കേന്ദ്രങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കാൻ വേണ്ടത് ചെയ്യേണ്ടതാണ്.

2. പഞ്ചായത്തിലെ ജനവിദ്യാ കേന്ദ്രങ്ങൾ സജീമാക്കാൻ വേണ്ട സാമ്പത്തിക സഹായം നൽകുകയും ഇപ്പോൾ നിർജ്ജീവമായിരിക്കുന്ന പ്രസ്തുത കേന്ദ്രങ്ങൾ പഞ്ചായത്ത് വക കെട്ടിടത്തിലേക്ക് മാറ്റുകയും ആഴ്ചയിലൊരിക്കൽ വനിതകൾക്കും നവ സാക്ഷരർക്കുമായിബോധവൽക്കരണ ക്ലാസുകളും, കുടുംബ യോഗങ്ങളും സംഘടിപ്പിക്കേണ്ടതാണ്. കൺവീനർമാർക്ക് ഓണേറിയം നൽകുകയും ചെയ്യേണ്ടതാണ്.

3. ഈ പ്രവർത്തനങ്ങളുടെ സംഘാടനം വനിതകളെ ഏൽപ്പിക്കേണ്ടതാണ്.

4. നശിച്ചു കൊണ്ടിരിക്കുന്ന നാടൻ കലാ രൂപങ്ങളെ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ഗ്രാമീണ കലാകാരന്മാരുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുവാനും, വളർത്തിക്കൊണ്ടുവരുമാനും വാർഡു തലത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിൽ ജനകീയ കലാ മേളകൾ വർഷത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കേണ്ടതാണ്.

5. മദ്യവർജ്ജന പ്രസ്ഥാനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ മദ്യത്തിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചാരായ നിരോധനം കർശനമായി നടപ്പാക്കുകയും ചെയ്യുക. വ്യാജ വാറ്റുകാരെ പിടികൂടാൻ സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതാണ്.

6. പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗകോളനികളിൽ തെരഞ്ഞെടുത്ത പ്രധാന കേന്ദ്രങ്ങളിൽ വായനശാലകളും, സാംസ്കാരിക കേന്ദ്രങ്ങളും, ടി.വി. സെറ്റുകളും സ്ഥാപിക്കുക, വൈദ്യുതി എത്താത്ത കാരണങ്ങളാൽ പട്ടികജാതി പട്ടിക വർഗഗക്കാർക്കു വേണ്ടി അനുവദിച്ച ടെലിവിഷൻ സെറ്റുകളുടെ പ്രയോജനം യഥാർത്ഥ അവകാശികൾക്ക് ലഭിക്കാതെ പോവുന്നതായി കാണുന്നു. പ്രസ്തുത കേന്ദ്രങ്ങളിൽ സോളാർ സെറ്റുകൾ സ്ഥാപിക്കേണ്ടതാണ്. എന്നാൽ പൊതുവിൽ ടി.വി. തുടങ്ങിയ ദൃശ്യമാധ്യമങ്ങൾ വളർന്നു വരുന്ന യുവതലമുറ

യെ സാംസ്കാരികാധപതനത്തിലേക്ക് നയിക്കുന്നുണ്ടോ ഒയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മൂല്യാധിഷ്ടിത വിദ്യാഭ്യാസത്തിലൂടെ ഇതിന് ഒരു മാറ്റമുണ്ടാക്കാൻ ശ്രമിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സന്നദ്ധ സംഘടനകളുടെയും ഒരു കോ ഓർഡിനേഷൻ കമ്മിറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുകയും, പഞ്ചായത്തിലെ വിവിധ കാലാ സാംസ്കാരിക പരിപാടികളിൽ പ്രസ്തുത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്യുക. ആവശ്യമായ സാമ്പത്തിക സഹായങ്ങൾ സന്നദ്ധ സംഘടനകൾക്ക് നൽകുക.

കായിക രംഗം

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. അന്താരാഷ്ട്ര ഫുട്ബോൾ കളിക്കാരെയും വോളിബോൾ കളിക്കാരെയും വാർത്തെടുക്കുന്ന തെരട്ടമ്മൽ, തോട്ടുമുക്കം വെറ്റിലപ്പാറ പ്രദേശങ്ങളിൽ പരിശീലനങ്ങൾക്കും ഫുട്ബോൾ മേളകൾക്കും ആവശ്യമായ സൗകര്യങ്ങളില്ല.
2. പഞ്ചായത്തിലെ ചുണ്ടത്തുംപൊയിൽ, മൂർക്കനാട് യു.പി. സ്കൂളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനങ്ങൾക്കാവശ്യമായ മേച്ചിൽ പുറങ്ങളില്ല.


   മൈത്ര, തെഞ്ചീരി, പുവ്വത്തിക്കൽ, ആദാടി പാവണ്ണ, കൂത്തുപറമ്പ് പ്രദേശത്ത് വളർന്നു വരുന്ന ഫുട്ബോൾ കളിക്കാർ വേണ്ടത്ര പരിശീലനം ലഭിക്കാതെ ബുദ്ധിമുട്ടുന്നു.
3. വടക്കുംമുറി, തച്ചണ്ണ, കിണറടപ്പൻ വാർഡുകളിൽ ഗ്രൗണ്ട് വേണ്ടത്ര സൗകര്യമില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. തെരട്ടമ്മൽ പഞ്ചായത്ത് ഗ്രൗണ്ടിന്റെ പടിഞ്ഞാറു വശത്ത് ഒരു ഗ്യാലറി സ്ഥാപിക്കുകയും ഗ്രൗണ്ടിനോടനുബന്ധിച്ച് ഒഴിഞ്ഞ സ്ഥലങ്ങൾ ഗ്രൗണ്ടാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക. വെറ്റിലപ്പാറയിൽ വോളിബോൾ മേളകൾ സംഘടിപ്പിക്കാൻ കഴിയുന്ന രൂപത്തിലുള്ള മിനി സ്റ്റേഡിയം നിർമ്മിക്കുക.
2. ചുണ്ടത്തുംപൊയിൽ, മൂർക്കനാട് പാവണ്ണ സ്കൂൾ ഗ്രൗണ്ടുകൾ കായിക പരിശീലനത്തിന് ഉപയുക്തമായ രീതിയിൽ സംവിധാനം ചെയ്യുക.

   മൈത്ര, തെഞ്ചീരി, പുവ്വത്തിക്കൽ, ആദാടി കൂത്തുപറമ്പ് പ്രദേശങ്ങളിൽ വളർന്നു വരുന്ന ഫുട്ബോൾ കളിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും പരിശീലനങ്ങൾ ക്കും ആവശ്യമായ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുക. ഇതിന് ആവശ്യമായ മനുഷ്യ വിഭവങ്ങൾ ബന്ധപ്പെട്ട സന്നദ്ധ സംഘടനകളിൽ നിന്നും ലഭ്യമാക്കണം.
3. വടക്കുംമുറി വാർഡിലെ ചെറ്റാലി ഗ്രൗണ്ടും കിണറടപ്പനിലെ പുളക്കൽ ഗ്രൗണ്ടും പഞ്ചായത്ത് ഏറ്റെടുക്കുകയും തച്ചണ്ണയിലുള്ള മിനി സ്റ്റേഡിയം വിപുലീകരിക്കുകയും ചെയ്യുക.





5.9

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ആമുഖം:

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 9.5% പട്ടികജാതി വിഭാഗമാണ്. 488 പട്ടികജാതി കുടുംബവും 231 പട്ടിക വർഗ്ഗ കുടുംബവും ഇവിടെ താമസിച്ചു വരുന്നുണ്ട്. 40 അംഗീകൃത കോളനിയും 4 അംഗീകാരത്തിന് സമർപ്പിച്ച കോളനിയിലുമായി 729 കുടുംബങ്ങളും കുടംബങ്ങൾ ഇടകലർന്നുമാണ് ജീവിച്ചു വരുന്നത്. ആകെ 2316 പട്ടികജാതി അംഗങ്ങളും 818 പട്ടികവർഗ്ഗ അംഗങ്ങളുമുണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്തും നിരവധി കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും, ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും എല്ലാതരം പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെയും സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. ഗിരിജനങ്ങൾ കൂടുതലും താമസിക്കുന്ന പഞ്ചായത്ത് എന്ന നിലക്ക് ഇവിടെയുള്ള ജനങ്ങൾക്ക് റേഷൻസബ്സിഡി അനുവദിച്ചിരുന്നു. കുറച്ചുകാലങ്ങളായി ഈ സബ്സിഡി എടുത്തു കളഞ്ഞിട്ടുണ്ട്. പല പദ്ധതികളും അനുവദിച്ചു വരുമ്പോൾ കിട്ടുന്നതെല്ലാം അംഗീകരിച്ച കോളനികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്. ലഭ്യമായ കണക്കു പ്രകാരം കോളനിയിലടക്കം ജനസംഖ്യ 3134 ആണ്. അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ അംഗീകരിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസം:

പഞ്ചായത്തിന്റെ ഭൂപ്രകൃതി നോക്കിയാൽ വളരെ പ്രയാസമുള്ള ഒരു മേഖലയാണ് ഈ പ്രദേശം. വർഷങ്ങൾക്കു മുമ്പ് വളരെ പ്രയാസപ്പെട്ട വളരെ ദൂരം യാത്രചെയ്തിട്ടായിരുന്നു വിദ്യാഭ്യാസം നേടിയിരുന്നത്. ഇപ്പോഴത്തെ അവസ്ഥ വെച്ചു നോക്കിയാൽ പൊതുവെ നിരക്ഷരർ

കുറവാണെങ്കിലും വിദ്യാഭാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ആദിവാസികളുടെ കുടുംബങ്ങളിൽ നിന്നു തന്നെ എസ്.എസ്.എൽ.സി. വരെ എത്തുന്ന കുട്ടികൾ വളരെ കുറവാണ്. എന്നാൽ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെടുന്ന പലകുട്ടികളും എസ്.എസ്.എൽ.സി. ക്കുശേഷം പഠിക്കുന്നതിന് താൽപര്യം കാണിക്കുന്നില്ല. ഉന്നത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾ വളരെ വിരളമാണ്. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം നിർത്തേണ്ടി വന്ന നിരവധി കുട്ടികൾ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. 96-97 അധ്യയന വർഷത്തിൽ എൽ.പി.സ്റ്റാൻഡേർഡുകളിൽ പട്ടികജാതി വിഭാഗത്തിൽ 1865ഉം പട്ടികവർഗ്ഗ വിഭാഗത്തിൽ 125ഉം കുട്ടികൾ പഠിക്കുന്നുണ്ട്. യു.പി. സ്റ്റാൻഡേർഡുകളിലായി പട്ടികജാതി വിഭാഗത്തിൽ 851ഉം പട്ടികവർഗ്ഗത്തിൽ 57 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ 188 പട്ടിക ജാതി വിദ്യാർത്ഥികളും 7 പട്ടികവർഗ്ഗ വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. എസ്.എസ്.എൽ.സി. തോറ്റു കഴിഞ്ഞാൽ അധികം കുട്ടികളും പഠനം നിർത്തുകയാണ് ചെയ്യുന്നത്. ഇവരെ തുടർന്നും പഠിപ്പിക്കുന്നതിനു വേണ്ടി പഞ്ചായത്തു തലത്തിൽ സൗജന്യ ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തേണ്ടതുണ്ട്.

തൊഴിൽ

പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത ഉപജീവനം കഴിച്ചും വരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിലെ തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളിലേക്ക് പോവാൻ നിർബന്ധിതരാകുകയും ചെയ്തു. നിർമ്മാണ രംഗത്ത് കൂടുതൽ പണിനടക്കുന്നതുകൊണ്ട് ഈ രംഗത്തേക്കാണ് യുവാക്കളെയും യുവതികളെയും കൂടുതൽ ആകർഷിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ ചെയ്തു വന്നിരുന്ന "നടീൽ" എന്ന പ്രവർത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ തന്നെ വളരെ പ്രയാസമാണ്. ഇതിനു പ്രധാന കാരണം കാർഷിക മേഖല പിന്നോട്ടു പോകുന്നതു തന്നെയാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉൽപാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈകൊള്ളേണ്ടതുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ മേഖലയിൽ മുൻഗണന ഉണ്ടെങ്കിലും ഗവൺമെന്റ് സർവീസിൽ ജോലി ചെയ്യുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ കണക്കുകൾ പരിശോധിച്ച് ഇവിടെയുള്ള യുവതീ/യുവാക്കൾക്ക് ഗവ: തലത്തിൽ ജോലികൾ കൊടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പാർപ്പിടം:

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. മിക്ക കോളനികളിലും സൗകര്യങ്ങൾ കുറവാണെങ്കിലും ചെറ്റ കുടിലുകളിൽ നിന്ന് മോചനം ഉണ്ടായിട്ടുണ്ട്. എന്നാൽ ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. വിവിധ ഏജൻസികളിൽ നിന്നും വീടിനു വേണ്ടി ലോൺ എടുത്തിട്ടുള്ള കുടുംബങ്ങൾ ഇന്ന് കടക്കെണിയിൽ കുടുങ്ങിയിരിക്കുകയാണ്. ഇവരുടെ ആധാരം വരെ ഏജൻസികളുടെ പക്കലായതുകൊണ്ട് ഇന്ന് കിട്ടുന്ന പല ആനുകൂല്യങ്ങളും നഷ്ടപ്പെട്ടു പോകുന്നവരുണ്ട്. കടം വീട്ടാൻ കഴിയാത്ത കുടുംബങ്ങൾ സഹായം നൽകിക്കൊണ്ട് ഇവരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പണി തീരാത്ത വീടുകൾക്ക് ധനസഹായവും, വീടുവെക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലവും ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ.

പല വീടുകളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഒരു കക്കൂസ് നിർബന്ധമായും അനുവദിക്കപ്പെടേണ്ടതാണ്. എങ്കിൽ മാത്രമേ ആരോഗ്യ രംഗത്തുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ.

കുടിവെള്ളം:

പഞ്ചായത്തിലെ അധികം കോളനികളിലും കുടിവെള്ളത്തിന്റെ കാര്യത്തിൽ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. പൊതുകിണറുകളോ, ടാപ്പ് കൊടുത്തുകൊണ്ടോ, ഉള്ള കിണറുകൾ തന്നെ മില്യൻ വെൽ സ്കീമിൽ സഹായം കൊടുത്തുകൊണ്ട് അവസംരക്ഷിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒറ്റപ്പെട്ട വീടുകൾ ഉള്ളവർക്കും

ഇങ്ങനെയുള്ള സഹായം നൽകേണ്ടതുണ്ട്. ഇവരിൽ പെടുന്നവർക്കു തന്നെ കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി കിണർ, പമ്പ് സെറ്റ് എന്നിവ സൗജന്യമായി നൽകിയും ഇവരുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം.

പട്ടിക 1

	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	ആൾക്കാരുടെ എണ്ണം	
1.	I എടക്കാട്ടുപറമ്പ്	22	100	
2.	വെണ്ടേക്കുംപൊയിൽ	22	65	
3.	ചീങ്കണ്ണിപാലി	13	75	
4.	പന്നിയമല	15	62	
5.	II വിളക്കുപറമ്പ്	40	205	
6.	കളക്കുപ്പാറ	8	40	
7.	പണിയൻ കോളനി	5	25	
8.	കൊടുമ്പുഴ	22	58	
9.	നെല്ലിയായി	35	68	
10.	കുരീരി	19	62	
11.	കൊടുമ്പുഴ	40	65	
12.	മുപ്പാലി	8	75	
13.	ചെക്കുന്ന് കാളിയങ്ങൽ	22	50	അംബേദ്കർ കോളനി
14.	ഈന്തുംപ്പാലി	10	32	
15.	ആലാപ്പാറ പന്നിയമല	18	105	
16.	മൈലാടി കോളനി	12	36	
17.	III പാക്കുളം	16	62	
18.	തിരുത്തി	26	118	
19.	പട്ടോളികുണ്ട്	10	38	
20.	പാറോട്ടി ചാലിൽ	18	96	
21.	കളപ്പാറ	11	43	
22.	പൂളകൊടിയമ്മൻ	13	102	
23.	നേർമുക്ക്	18	86	
24.	മുള്ളുംകാട്	11	42	
25.	IV പോത്തുംപട്ടി	15	85	അംഗീകരിക്കാത്തത്.
26.	V പാർപ്പച്ചാൽ	6	30	
27.	VI മുള്ളൻ മടക്കൻ	28	128	
28.	ബീബൻകുഴി	13	76	
29.	നെടുമ്പാറ	12	31	
30.	തിരുമംഗലം	10	17	
31.	പുതൂർ	7	28	
32.	VII വന്നിലാപറമ്പ്	15	70	
33.	VIII വേങ്ങാട്			
	പന്തലാഞ്ചീരി	11	62	
34.	വെണ്ണക്കോട് ആനകല്ല്	11	45	
35.	IX കോഴക്കോടൻചാലി	15	60	
36.	കണ്ണുംതൊടി കളരിപറമ്പ്	35	133	
37.	X ഭഗവതിപറമ്പ്	22	132	
38.	പുത്തൻ പുരക്കൽ	18	90	
39.	നെല്ലിക്കുത്ത്	11	44	
40.	കാട്ടാടിപൊയിൽ	17	55	
41.	XI കരുപത്തിചാലിൽ	26	160	
42.	കുനിമ്മൽ മണ്ണാത്തിപുറ	12	65	
43.	കളത്തിങ്ങൽതൊടി	16	72	
44.	XII ആദാടി	14	86	
45.	ഓട്ടത്താണിക്കൽ	13	74	

പട്ടിക 2

കോളനിയുടെ പേര്	വീടിന്റെ സ്വഭാവം	കോൺക്രീറ്റ്	ഓട്	ലേറ്റ്	ഷീറ്റ് ടെയ്ക്കാവുന്നവ	ഗവൺമെന്റിൽനിന്നും ലഭിച്ചവ	ഷീറ്റ് ടെയ്ക്കാവുന്നവ
എടക്കാട്ടു പറമ്പ്	ഇല്ല	18	0	4	15	7	
വെങ്ങേക്കും പൊയിൽ	"	10	12	15	7	15	
ചീങ്കണ്ണിപാലി	"	3	10	10	0	13	
പന്നിയമല	"	7	8	8	0	15	
വിളക്കുപറമ്പ്	"	34	6	6	30	10	
കളക്കുപാറ	"	2	6	6	0	8	
പണിയൻ കോളനി	"	2	3	3	0	5	
കൊടുമ്പുഴ I	"	4	18	18	0	18	
നെല്ലിയായി	"	10	20	20	0	30	
കുരീരി	"	8	27	27	0	35	
കൊടുമ്പുഴ II	"	4	16	16	20	20	
മുപ്പാലി	"	1	11	11	12	12	
ചെക്കുന്ന് കാളിയേങ്ങൽ	"	20	2	2	14	8	
ഈന്തുംപാലി	"	1	9	9	1	9	
ആലപ്പാറ പന്നിയൻ മല	"	14	4	4	14	4	
മൈലാടി കോളനി	"	0	12	12	0	12	
പാക്കുളം	"	11	1	1	8	2	
തിരുത്തിയിൽ	"	24	2	6	12	14	
വട്ടോളികുണ്ട്	"	7	2	2	2	3	

പറോട്ടിചാലിൽ	"	16	3	3	3	8
കളപാറ	"	0	13	13	0	13
പുളക്കൊടിയന്മൽ	"	10	3	3	7	6
നേർമുക്ക്	"	16	2	2	9	9
മുള്ളുംകാട്	"	6	5	8	8	7
പോത്തുംപട്ടി	"	12	3	3	8	7
പാർപ്പചാൽ	"	6	0	0	4	2
മുള്ളൻ മടക്കൽ	"	22	0	0	10	12
ബീബൻ കുഴി	"	11	3	3	6	8
നെടുംപാറ	"	4	2	2	1	5
തിരുമംഗലം	,,	3	2	2	2	3
പുതൂർ ഉള്ളുപറമ്പ്	"	3	2	2	2	3
വന്നിലാപറമ്പ്	"	15	2	2	7	10
വേങ്ങാട്ട് പന്തലാഞ്ചീരി	"	6	1	1	5	1
വെണ്ണക്കോട് ആനക്കല്ല്	"	4	4	4	2	6
കോഴിക്കോടൻചാലി	"	8	4	4	0	12
കണ്ണുംതൊടി കളരിപറമ്പ്	"	30	2	2	17	15
ഭഗവതിപറമ്പ്	"	19	3	3	16	6
പുത്തൻ പുരക്കൽ	"	6	12	12	3	15
നെല്ലിക്കുത്ത്	"	5	6	6	4	7
കാട്ട്യാടിപൊയിൽ	"	9	8	8	6	11
കരുപ്പത്തി ചാലിൽ	"	16	1	1	13	4
കുനിന്മൽ മണ്ണാത്തിത്തുറ	"	8	2	2	0	3
കളത്തിങ്ങൽതൊടി	"					
ആദാടി	"	4	12	12	0	16
ഓട്ടത്താത്തിക്കൽ	"	10	2	4	4	4

പട്ടിക-3

ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ

വാർഡ്	ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനി	വാർഡ്	ജന പങ്കാളിത്തത്തോടെ മിനി ജലസേചന പദ്ധതികൾ നടപ്പാക്കാവുന്ന കോളനികൾ
I	എടക്കാട്ടു പറമ്പ്	I	തേക്കിൻ കാട്
II	വിളക്കുപറമ്പ്	II	ആലപാറ
III	കുളപ്പാറ		ചൈരങ്ങാട്
	പാക്കുളം		കൈതക്കൽ
	പട്ടോളിക്കുണ്ട്		ഒകിലുപാറ
VI	മുള്ള മടക്കൽ	III	മുള്ളും കാട്
	ബീബൻ കുഴി	IX	കണ്ണംതൊടി
VII	വന്നിലാപറമ്പ്	XI	കരുപ്പത്തിചാലി
VIII	വേങ്ങാട്		
	വെണ്ണക്കോട്		
	ലക്ഷംവീട് കോളനി		
	4 സെൻറ് കോളനി		
IX	കണ്ണുംതൊടി,		
	കളരി പറമ്പ്, നൂഞ്ഞിക്കൽ		
	കോഴക്കാടൻചാലി		
X	ഭഗവതി പറമ്പ്		
	കാട്ട്യാടിപൊയിൽ		
	പുത്തൻ പുരക്കൽ		
	നെല്ലിക്കുത്ത്		
XI	കളത്തിങ്ങൽ തൊടി		
	കുനിമ്മൽ		
XII	ആദാടി		

പട്ടിക 4

നമ്പർ	പേര്	റോഡുകൾ,, വൈദ്യുതി, കുടിവെള്ളം						
		ഗതാഗതയോഗ്യമായത്	ഭാഗികമായത്	ഇല്ലാത്തത്	വൈദ്യുതീകരണം നടത്തിയത്	കിണർ	ടാപ്പ്	ഇതരം
1	എടക്കാട്ടുപറമ്പ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	വിളക്കുപറമ്പ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
3	കളക്കപാറ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
4	പാക്കുളം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5	തിരുത്തി	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല

6	വട്ടോളികുണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
7	പറോട്ടിചാലി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
8	കളപ്പാറ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9	പുളകൊടിയമ്മൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
10	നേർമുക്ക്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
11	മുള്ളൻമടക്കൽ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
13	ബീബൻകുഴി	ഇല്ല	ഇല്ല	ഇല്ല	തുടങ്ങി	ഇല്ല	തുടങ്ങി	ഇല്ല
14	നെടുമ്പാറ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
15	തിരുമംഗലം	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
16	വന്നിലാപറമ്പ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
17	വേങ്ങാട് പന്തലാഞ്ചേരി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
18	വെണ്ണക്കോട്, ആനകല്ല്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
19	കോഴിക്കാടൻചാലി	ഉണ്ട്	ഇല്ല	ഇല്ല	തുടങ്ങി	ഇല്ല	ഇല്ല	ഇല്ല
20	കണ്ണുംതൊടി കളരിപറമ്പ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
21	ഭഗവതി പറമ്പ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
22	പുത്തൻ പുരക്കൽ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
23	നെല്ലിക്കുത്ത്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
24	കാട്ട്യാടിപൊയിൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
25	കരുപ്പത്തിചാലി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
26	കുനിമ്മൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
27	കളത്തിങ്ങൽ തൊടി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
28	ആദാടി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
29	വെണ്ടേക്കും പൊയിൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
30	ചീങ്കണ്ണിപാലി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
31	പന്നിയമല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
32	കൊടുമ്പുഴ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
33	പണിയൻ കോളനി ഓടക്കയം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
34	നെല്ല്യായി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
35.	കുരീരി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
36	ഇന്തുംപാലി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
37	ചെക്കുന്ന്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
38	കാളിയേങ്ങൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
39	ആലംപാറ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
40	മൈലാടി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

തൊഴിൽ:

പായ നെയ്ത്ത്, കൃഷിപണി എന്നീ തുറകളിൽ തൊഴിൽ കുറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ, നിർമ്മാണരംഗത്തും, വ്യവസായ രംഗത്തും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനാൽ ബ്ലോക്കിൽ നിന്നും ട്രൈസം പദ്ധതി പ്രകാരം SC/ST-യിൽ യുവതീ/യുവാക്കളെ മാത്രം തെരെഞ്ഞെടുത്ത് സ്പെഷ്യൽ ട്രൈസം പരിശീലനം നൽകി സെറ്റിൽ ചെയ്യേണ്ടതാണ്.


പാർപ്പിടം, കക്കൂസ്:

(1) IAY, JRY, MWS, എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാറിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന വീട്, കക്കൂസ്, എന്നിവക്ക് എല്ലാ സമൂദായത്തിൽപെട്ട കുടുംബങ്ങൾക്കും ഒരേ തുകയാണ് അനുവദിച്ചിട്ടുള്ളതും. ഇത് ദാരിദ്ര്യരേഖക്ക് താഴെ ഉൾപ്പെട്ടിട്ടുള്ള പാവപ്പെട്ട SC/ST കുടുംബങ്ങൾക്ക് തീരെ കുറവായതിനാൽ വീടുകൾ പൂർത്തിയാക്കുന്നതിന് സാധിക്കുന്നില്ല. അതിനാൽ SC/ST കുടുംബങ്ങൾക്ക് ആകെ തുകയുടെ 50% ഉയർന്ന നിരക്കിൽ അനുവദിക്കേണ്ടതാണ്.

(2) സർക്കാറിൽ നിന്നും നാമമാത്രമായ തുകക്ക് സൗജന്യമായി ലഭിക്കുന്ന, വീട്, കക്കൂസ് എന്നിവക്ക് കരാർ വെക്കുന്നതിന് 50 രൂപയുടെ മുദ്രപത്രം ആവശ്യമായത് SC/ST കുടുംബങ്ങൾക്ക് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. അഥവാ അത്യാവശ്യമെങ്കിൽ ആ തുക കൂടി അധികമായി അനുവദിക്കേണ്ടതാണ്.

(3) SC/ST കുടുംബങ്ങളിലുള്ള പെൺകുട്ടികളെ വിവാഹം കഴിക്കുന്നതിന് വിവാഹ ധനസഹായം നിർബന്ധമായും അനുവദിക്കേണ്ടതാണ്. ഇവ പഞ്ചായത്തിൽ നിന്നും കിട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(4) വിവിധ വാർഡുകളിലായി പൊതു ശ്മശാനങ്ങൾ ഉള്ളതായി അറിയാം. ഈ ശ്മശാനങ്ങൾ തന്നെ ഇതിനടുത്തുള്ള ഉപഭോക്താക്കൾ കൈയ്യേറി പോകുന്ന ഒരു അവസ്ഥയിലാണ് ഇപ്പോഴുള്ളത്. ആയതുകൊണ്ട് ഇങ്ങനെയുള്ള ശ്മശാനങ്ങളുടെ അതിരുകൾ കെട്ടി കോമ്പൗണ്ടാക്കി തിരിക്കുകയും, ശ്മശാനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയത് അനുവദിക്കുകയും ചെയ്യേണ്ടതാണ്.



5.10

വിഭവ സമാഹരണം

വടക്കും കിഴക്കുമായി വൻ മലനിരകളും തെക്ക് ചാലിയാറും പടിഞ്ഞാറ് ചെറുപുഴയും ചേർന്ന് ഗ്രാമത്തെ പ്രകൃതി തന്നെ അതിരിട്ടു മറ്റു പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നും ഒറ്റപ്പെടുത്തിരിക്കയാണ്. 1986ൽ ചെറുപുഴക്ക് പത്തനാപുരത്ത് PWD പണി തീർത്ത പാലം വന്നതോടെ അതുവരെ അന്യമായി നിന്ന വാഹന ഗതാഗതം ഗ്രാമത്തിലും എത്തിതുടങ്ങി. ഓടക്കയം ഓതായി ഭാഗങ്ങളിലേക്ക് ഇന്ന് ബസ്സ് റൂട്ടുകൾ പേരിനുണ്ട്. മേൽ നിരത്തുകളുമായി ബന്ധപ്പെടുത്തികൊണ്ട് ധാരാളം ഉൾനാടൻ റോഡുകൾ നാട്ടുകാരും പഞ്ചായത്തും മറ്റു സർക്കാർ ഏജൻസികളും ചേർന്ന് രൂപപ്പെടുത്തി വച്ചിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഗതാഗത യോഗ്യമല്ല. ഇതാണ് ഗ്രാമീണരെ അലട്ടുന്നു മുഖ്യ പ്രശ്നവും.

കുന്നും മലകളും തോടും വയലും നികത്തി പഞ്ചായത്തിന്റെ വെണ്ടേക്കുംപൊയിൽ, ചീങ്കണ്ണിപ്പാലി, കൊരൂർ കണ്ടി, കൊടശ്ശേരിക്കാവ്, പനമ്പിലാവ്, എടക്കാട്ടുപറമ്പ് തുടങ്ങിയ കുടിയേറ്റ മേഖലകളിലേക്കും മൈലാടി, വേഴക്കോട്ട്, പാവണ്ണ, തെഞ്ചീരി, ആദാടി, കൂത്ത്പറമ്പ് തുടങ്ങിയ അവികസിത ഉൾനാടൻ പ്രദേശങ്ങളിലേക്കും റോഡുകൾ കുറ്റമറ്റതാക്കി തീർക്കുക എന്നത് കഴിഞ്ഞകാല പഞ്ചായത്തുകളുടെ വരുമാനവും ചെലവുകളും വച്ചുനോക്കുമ്പോൾ അസാദ്ധ്യമാണെന്നു കണ്ടെത്താവുന്നതാണ്. താഴെ കാണിച്ച പട്ടിക പരിശോധിക്കുന്നത് ഉചിതമായിരിക്കും.

പട്ടിക

തനതുവരുമാന ഇനം	1991-92	1995-96	വ്യത്യാസം
1 കെട്ടിട നികുതി	41600.00	72791.00	31191.00
2 തൊഴിൽ നികുതി	48191.00	45595.00	2596
3 ഗവ: ഗ്രാൻറുകൾ	247880.00	466801.00	218921.00
4 ഉപാധിരഹിത നിധി	265437.00	412000.00	146563.00
5 ജെ.ആർ.വൈ	354200.00	384615.00	30415.00
6 മറ്റു വരവുകൾ	160280.00	122418.00	37862.00

തിരക്കു പിടിച്ച അങ്ങാടികൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. അതുമൂലം കച്ചവട സ്ഥാപനങ്ങൾ വടക്കുംമുറി, തെരട്ട, മുർക്കനാട്, തച്ചണ്ണ, പുവ്വത്തിക്കൽ, ചൂളാടിപ്പാറ, തെഞ്ചീരി, മൈത്ര, പാവണ്ണ, കൂത്ത് പറമ്പ് എന്നിവയാണ് കുറച്ചുപേരെങ്കിലും ഒത്തു കൂ

ടുന്ന അങ്ങാടികൾ. ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക വരുമാനം അയ്യായിരത്തിൽ താഴെയാണ്. കൈവശാവകാശം തെളിയിക്കുന്നതിനും ലോൺ ലഭിക്കുന്നതിനും മറ്റും ലൈസൻസെടുക്കുന്ന സമ്പ്രദായമാണ് ഇത് ഗ്രാമീണരിൽ കാണുന്നത്. പഞ്ചായത്തധികൃതരുടെ നിർബ്ബന്ധത്തിനു വഴങ്ങിട്ടും വർഷാവസാനം ലൈസൻസ് പുതുക്കുന്നവരുമുണ്ട്.

1987ൽ കളപ്പാറയിൽ സ്ഥാപിച്ച ചന്ദ്രിക ഫെർട്ടിലൈസേഴ്സ് എന്ന സ്ഥാപനമാണ് പഞ്ചായത്തിലെ ആദ്യത്തെ വ്യവസായ സ്ഥാപനം. 4 ലക്ഷത്തോളം മുതൽ മുടക്കുള്ള സ്ഥാപനത്തിൽ 6 ജോലിക്കാരുണ്ട്. പ്രതിമാസം 60 ടൺ എല്ലുപൊടി ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നു. കിണറടപ്പൽ എന്ന സ്ഥലത്തെ ബിസ്ക്കറ്റ് നിർമ്മാണയൂനിറ്റും, പ്രവർത്തന സജ്ജമാക്കിക്കൊണ്ടിരിക്കുന്ന അഞ്ചോളം ക്രഷർ യൂനിറ്റുകളുമാണ് ഇതര വ്യവസായ സ്ഥാപനങ്ങൾ. തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതെ വർഷം മുഴുവനും പ്രവർത്തിച്ചാൽ ഒരു നൂറ്റാണ്ട് കാലം പ്രവർത്തിക്കാനുള്ള സ്റ്റോൺ ക്രഷർ യൂനിറ്റുകൾക്കാവശ്യമായ കരിമ്പാറക്കൂട്ടങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്.

നെല്ല്കുത്ത്, ധാന്യങ്ങൾ പൊടിക്കൽ, എണ്ണയാട്ട് തുടങ്ങിയവക്ക് 10ഓളം മില്ലുകളും ഒരു ഈർച്ചമില്ലും പഞ്ചായത്തിലുണ്ട്.

ഒരു കാലത്ത് മരവ്യവസായരംഗത്ത് ലോകത്തെ രണ്ടാം സ്ഥാനത്തായിരുന്ന കല്ലായിയിലേക്ക് പഞ്ചായത്ത് പ്രദേശത്ത് നിന്നും മുറിച്ചു നീക്കിയ മരങ്ങൾക്ക് കയ്യും കണക്കുമില്ല. മലബാറിലെ പേരുകേട്ട കൊയപ്പത്തൊടി കുടുംബം വക ഭൂമി റബ്ബർ തോട്ടങ്ങളും മറ്റു എസ്റ്റേറ്റുകളുമായി രൂപാന്തരപ്പെട്ടുപോയി. പ്രസ്തുത കുടുംബം വകയായി പഞ്ചായത്തിന്റെ ആസ്ഥാനമായ ഊർങ്ങാട്ടീരിയിലെ തെരട്ടമ്മൽ ഉണ്ടായിരുന്ന ആപ്പീസ് പൊളിച്ചുമാറ്റി. പഞ്ചായത്തിലെ വനങ്ങളിൽ നിന്നും പിടിച്ചു കൊണ്ടു വരുന്ന കാട്ടാനകളെ മെരുക്കിയെടുക്കുന്നതിന് കൊയപ്പത്തൊടിക്കാർ അവക്കു ആപ്പീസനടുത്തു സ്ഥാപിച്ച 'ആനപ്പന്തി' നിന്നിരുന്ന അതെ സ്ഥലത്താണ് പഞ്ചായത്ത് ഓഫീസിനു വേണ്ടി പുതിയ കെട്ടിടം പണി കഴിപ്പിച്ചത്.

5000 ഏക്കർ സർക്കാർ വനഭൂമി പഞ്ചായത്ത് പ്രദേശത്ത് ഉണ്ടെങ്കിലും വനം നശീകരണ ഭീഷണിയെ നേരിടുകയാണ്.

കാട്ടാനക്ക് പുറമെ കാട്ടുപോത്ത്, നരി, മാൻ, കേഴ, മയിൽ, പെരുമ്പാമ്പ് തുടങ്ങിയ കാട്ടു ജീവികൾ ഈ അടുത്ത കാലത്ത് വരെ ഇവിടങ്ങളിലെ വനങ്ങളിൽ ഉണ്ടായിരുന്നു. നായാട്ടുകാരുടെ ശല്യം കാരണം അവയെല്ലാം നാമവശേഷമാവുകയോ പുതിയ താവളങ്ങൾ തേടിപ്പോവുകയോ ചെയ്തിരിക്കയാണ്. എന്നിരുന്നാലും വിളകളെ കാട്ടുപന്നികളുടെ ശല്യത്തിൽ നിന്നും രക്ഷിക്കാൻ പരിഹാരമുണ്ടാവണമെന്ന് ഗ്രാമസഭകളിൽ നിർദേശം വരികയുണ്ടായി.

മുള, ഓട, ചൂരൽ, തേൻ, നെല്ലിക്ക തുടങ്ങിയവ സുലഭമായിരുന്നു. ഇന്ന് അവയുടെ സ്ഥാനം തൊട്ടടുത്ത മാർക്കറ്റുകളിലാണ്. കുൺ കൃഷി ചെയ്യുന്നവരില്ലെങ്കിലും വർഷത്തിലൊരിക്കൽ ഗ്രാമീണർ കുന്നും ചെരിവുകളിൽ നിന്നും ലഭിക്കുന്ന കൂൺ ശേഖരിച്ച ഭിക്ഷ വിഭവമായി അനുഭവിക്കാറുണ്ട്.

ഭൂപ്രകൃതി കാർഷിക മേഖലക്ക് ഒരു ഭീഷണിയാണ്. വനങ്ങൾ നഷ്ടപ്പെട്ടതോടെ ഉരുൾപൊട്ടൽ പഞ്ചായത്തിൽ അനുഭവപ്പെടാറുണ്ട്. 1996 സപ്തംബറിൽ വെറ്റിലപ്പാറയിലും മൈലാടിയിലും ഒരേ ദിവസം രണ്ടു സ്ഥലത്തായി ഉണ്ടായ ഉരുൾപൊട്ടലാണ് ഈ പരമ്പരയിലെ അവസാനത്തെ അനുഭവം. ആളപായമില്ലെങ്കിലും കൃഷിയിടം തന്നെ നഷ്ടപ്പെട്ടു. അതിനെതിരെ വിദഗ്ദോപദേശം ആവശ്യമാണ്.

റോഡുകളുടെ സൗകര്യം വന്നു കഴിഞ്ഞാൽ ഏറെ വിസ്തൃതിയിലുള്ള പഞ്ചായത്തിന്റെ ഏതു കോണിൽ നിന്നും റബ്ബർ, കളിമണ്ണ്, ചകിരി, ചിരട്ട, മരം തുടങ്ങിയവ ശേഖരിച്ച വ്യവസായ സംരംഭങ്ങൾ തുടങ്ങാനാവും. ഓഹരികൾ പിരിച്ചുണ്ടാക്കി പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ചും തൊഴിൽ രഹിതർക്ക് ജോലിയും വരുമാനും നേടാനാവും.

കാട്ടു കിഴങ്ങുകൾ ഭക്ഷിച്ചും തേൻ, നെല്ലിക്ക നന്നാറി പോലുള്ള ഔഷധ മൂല്യമുള്ള വസ്തുക്കൾ ശേഖരിച്ചും ഉപജീവിതം നയിച്ചിരുന്ന ആദിവാസികൾ കൃഷിയിറക്കിയും കൂലിവേല ചെയ്തും ജീവിക്കാൻ പഠിച്ചു വരുന്നത് ആശ്വാസകരം തന്നെ. സർക്കാർ ആനുകാല്യങ്ങൾ ഇടത്തട്ടുകാരെ ഒഴിവാക്കി പൂർണ്ണമായും അവർക്ക് തന്നെ ലഭ്യമാക്കണം.

പ്രകൃതിദത്തമായ പല നീരുറവകൾ പഞ്ചായത്തിലെ മലനിരകളിൽ ദൃശ്യമാണ്. അവയുപയോഗിച്ചു ചെറുകിട ജലസേചന പദ്ധതികളും വൈദ്യുത ഉൽപാദന കേന്ദ്രങ്ങളുമാക്കി മാറ്റാൻ കഴിയും. വിദഗ്ദരുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്.

കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കി വരുന്നത് ബന്ധപ്പെട്ടവരുടെ ഊഹത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതിൽ ശാസ്ത്രീയത ഓട്ടും തന്നെയില്ല. നിർമ്മാണ ചെലവ് പല നികുതിദായകരും വ്യത്യസ്ഥ രൂപത്തിലാണ് കാണിക്കുന്നത്. വാടക കെട്ടിടങ്ങൾ കുറവാണെങ്കിലും ഉള്ളവക്ക് ഈടാക്കുന്ന വാടകക്കൊന്നും രേഖകളില്ല. യഥാർത്ഥ വാടക ഉടമയും കൈവശക്കാരനും അധികൃതരുടെ മുമ്പിൽ മറച്ചുവക്കുന്നു. നികുതി ചോർച്ചക്ക് ഇത് കാരണമാകുന്നു. നികുതി ചുമത്താനുള്ള മാനദണ്ഡങ്ങൾ അനുമാനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ എല്ലാ കെട്ടിടങ്ങൾക്കും ഒരു ഏകീകൃത മാനദണ്ഡം നിശ്ചയിച്ചു നികുതികൾ ഈടാക്കാണം. എന്നാൽ ആഡംബര വീടുകൾക്ക് പ്രത്യേക ക്ലാസ്സുകൾ നിശ്ചയിച്ചു നികുതി ചുമത്താവുന്നതാണ്.

തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും മറ്റും ജോലി ചെയ്തു വരുന്ന ജീവനക്കാരിൽ നിന്നുമാണ് ഇപ്പോൾ തൊഴിൽ നികുതി ഈടാക്കി വരുന്നുള്ളൂ. വരുമാനം കണക്കാക്കി മറ്റു മേഖലകളിൽ നിന്നും ലഭിക്കുന്ന തൊഴിൽ നികുതികൾക്ക് ഏറ്റക്കുറച്ചിലുകൾ സംഭവിക്കാതിരിക്കാൻ മുതൽ മുടക്കും ആസ്ഥിയും കണക്കാക്കി വ്യക്തമായ മാനദണ്ഡങ്ങൾക്കനുസരിച്ചു നികുതി ചുമത്താൻ ചട്ടങ്ങൾ ആവിഷ്കരിക്കണം. വരുമാനമുള്ള ഏതൊരാളിൽ നിന്നും നികുതി ചുമത്താൻ തക്കതായ ചട്ടങ്ങൾ പുറപ്പെടുവിക്കുകയും വേണം.

വിനോദ നികുതി

വിനോദ നികുതിയിനത്തിൽ പഞ്ചായത്തിനു വരുമാനമില്ല. അത്തരം സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ലാത്തതാണ് കാരണം. പഞ്ചായത്തിലെ വെറ്റിലപ്പാറ, ചുളാട്ടിപ്പാറ എന്നീ സ്ഥലങ്ങളിൽ സിനിമാ തിയേറ്ററുകൾക്ക് സാദ്ധ്യത കാണുന്നു. ആരെങ്കിലും മുമ്പോട്ട് വരുന്നത് പ്രോത്സാഹാജനകമാണ്.

പുറമ്പോക്കുഭൂമി

പുഴ, തോട്, റോഡ് എന്നിവയുടെ പുറമ്പോക്കുകളോട് ചേർന്നു കിടക്കുന്ന സ്വകാര്യ ഭൂവുടമകൾ പുറമ്പോക്കു ഭൂമി കയ്യേറി സ്വന്തമാക്കാനുള്ള പ്രവണത ചിലയിടത്തെങ്കിലും കാണിക്കുന്നു. പുറമ്പോക്കു കൃത്യമായി അളന്നും തിട്ടപ്പെടുത്താത്തത് കാരണമാണ് ഇത് സംഭവിക്കുന്നത്. ആയതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

ചാലിയാറിന്റെ സംരക്ഷണം സർക്കാർ നേരിട്ടു നടത്തുകയാണ്. പുഴയിൽ നിന്നും യാതൊരു നിയന്ത്രണവും പാലിക്കാതെ മണൽ വാരുന്നത് മൂലം തൊട്ടടുത്ത പറമ്പുടമകൾക്കും ജല അതോറിറ്റിയുടെ സംഭരണികൾക്കും ഭീഷണി ഉയർത്തുന്നതായി ആ ഭാഗങ്ങളിലെ ഗ്രാമ സഭകളിൽ ആക്ഷേപമുള്ളതാണ്.

ധനകാര്യ സ്ഥാപനങ്ങൾ

ഊർങ്ങാട്ടിരി സഹകരണ ബാങ്കിനു പുറമെ കനറാ ബാങ്കിന്റെ ഒരു ബ്രാഞ്ചും ഈ പഞ്ചായത്തിലുണ്ട്. സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ഒരു ബ്രാഞ്ച് തൊട്ടടുത്ത പഞ്ചായത്തിലേക്ക് ഈ അടുത്ത കാലത്താണ് മാറ്റിയത്. കൂടുതൽ ബിസ്സിനസ്സിലേക്ക് ഇറങ്ങിച്ചെന്ന ബാങ്കുകാരും വായ്പകൾ യഥാസമയം തിരിച്ചടക്കുന്നതിൽ ഗുണഭോക്താക്കളും അന്യോന്യം മനസ്സുവച്ചു സഹകരിച്ചാൽ ഒരുപാട് നേട്ടങ്ങൾ ഈ രംഗത്ത് ഉണ്ടാക്കാൻ കഴിയും .

ചെലവുകൾ

വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിന്റെ നടത്തിപ്പിനും മേൽ നോട്ടത്തിനുമായി ഏകദേശം 4,50,000/-രൂപ ചെലവ് വരുന്നുണ്ട്. ഇത് തനതു വരുമാനത്തിന്റെ 91.55 ശതമാനമാണ്. തെരുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിനായി പ്രതിമാസം 788രൂപ നിരക്കിൽ ഒരു വർഷം 9456/-രൂപ വൈദ്യുതി ചാർജ്ജ് വേണ്ടിവരുന്നു. ജല അതോറിറ്റിക്ക് വർഷത്തിൽ 150 ടാപ്പുകൾക്ക് 131256/- രൂപ അടക്കേണ്ടതുണ്ട്. മേൽ അത്യാവശ്യ ചെലവു കഴിച്ചാൽ തനതു വരുമാനത്തിൽ റോഡുപണികൾക്കായി നീക്കിവക്കാൻ പണമുണ്ടാവുകയില്ല. സർക്കാറിൽ നിന്നും റോഡ് മെയിൻറനൻസിക്കായി ലഭിക്കുന്ന പണമുപയോഗിച്ചു എല്ലാ വാർഡുകളിലും എന്തെങ്കിലും പണിയെടുത്താൽ അവ ഒരു ഗുണവും ചെയ്യില്ല. മണ്ണിട്ടാൽ മഴക്കാലത്ത് ചളിയും വേനൽക്കാലത്ത് പൊടിയും കാരണം ഗുണത്തേക്കാളേറെ ദോഷമാണ് അത് കൊണ്ടുണ്ടാവുന്നത്. കാവച്ചാൽ ഉള്ള ഒരു റോഡും പഞ്ചായത്തിലില്ല.

ഫണ്ടിന്റെ ദൗർലഭ്യം കണക്കിലെടുത്തു ചില നികുതി നിർദേശങ്ങൾ ഗ്രാമ സഭകളിൽ നിന്നും ഉരുത്തിരുഞ്ഞു വരികയുണ്ടായി. സാധാരണക്കാർക്ക് ഭാരമാവാത്ത അവ

പിരിച്ചെടുക്കാൻ സാധിക്കുന്നതാണ്.

a) ആർഭാട പുർണ്ണമായ പഞ്ചായത്തിലെ കെട്ടിടങ്ങശക്ക് സ്പെഷ്യൽ നികുതി ഏർപ്പെടുത്തക.

b) കെട്ടിട നിർമ്മാണ നിയന്ത്രണം നടപ്പിലില്ലാത്ത അനുമതി വാങ്ങണമെന്ന് നിബന്ധന ഏർപ്പെടുത്തുക. ഇവക്ക് ക്ലാസ്സ് തിരിച്ചുള്ള ഫീസ് ചുമത്തുക.

c) വിവാഹ ചടങ്ങുകൾ പലതും ധൂർത്തായി മാറാറുണ്ട്. പല വിവാഹങ്ങളും വ്യവഹാരത്തിൽ കലാശിക്കാറുണ്ട്. നാട്ടിൽ നടക്കുന്ന വിവാഹങ്ങളൊക്കെ രജിസ്റ്റർ ചെയ്യുന്നതിന്ന് ഐകൃരൂപം വേണ്ടതാണ്. ഒരു നിശ്ചിത ഫീസ് ചുമത്തി എല്ലാ വിവാഹങ്ങളും പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യാൻ നിയമമുണ്ടാക്കണം.

d) വികസിച്ചു വരുന്ന അങ്ങാടികളിൽ ഷോപ്പിങ്ങ്കോംപ്ലക്സുകൾ നിർമ്മിക്കുക.


e) കിണറടപ്പൻ, ചൂളാടിപ്പാറ, വെറ്റിലപ്പാറ എന്നിവിടങ്ങളിൽ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ സിനിമാശാലകൾ സ്ഥാപിക്കുക വഴി വിനോദ നികുതി പിരിക്കാവുന്നതാണ്.

f) ഫുട്ബോളിന്റെ നാടായ തെരട്ടമ്മൽ ഗ്രൗണ്ടിൽ എല്ലാ വർഷവും ടിക്കറ്റുകൾ വച്ചു ഫുട്ബാൾ മേളകൾ നടത്തുക.

g) ഇന്ദിരവികാസ് പത്ര, N.S.S. നിക്ഷേപം പോലുള്ള പദ്ധതികൾ പഞ്ചായത്ത് ഫണ്ടിലൂടെ കൈകാര്യം ചെയ്യാൻ നിയമമുണ്ടാക്കുക.

ഗ്രാമത്തിലെ തൊഴിൽ രഹിതരുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും ഗ്രാമീണരുടെയും സേവനമനസ്ഥിതി മനുഷ്യ അദ്ധ്വാനമായി മാറ്റിയും വില നൽകാതെ കിട്ടാൻ സാദ്ധ്യകളുള്ള പണികൾക്കാവശ്യമായ മെറ്റീരിയൽസ് ശേഖരിച്ചും പണികൾ നടത്താൻ സാധിക്കണം. പഞ്ചായത്തോ സർക്കാറോ വകയിരുത്തുന്ന തുക പ്രവൃത്തികൾക്കാവശ്യമായ ഇതര മെറ്റീയരിയൽസ് വാങ്ങുന്നതിന്നും ശ്രമദാനം നടത്തുന്ന സമയം ഭക്ഷണ കാര്യങ്ങൾക്കും മാത്രമുപയോഗിച്ചും കൂടുതൽ വിഭവ സമാഹരണം നടത്താവുന്നതാണ്. സംഭാവനകളും ഇക്കാര്യത്തിൽ സ്വീകരിക്കാവുന്നതാണ്.

430



5.11

സഹകരണം

1923 രത്തിൽ സഹകരണ നിയമങ്ങൾ നിലവിൽ വരുന്നതും സഹകരണ പ്രസ്ഥാനങ്ങൾ ശക്തമാക്കുന്നതിനുമൊപ്പം കേരളത്തിലും ഇന്നത്തെപോലെ തന്നെ മുൻ നിരയിലായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഒട്ടും വൈകാതെ തന്നെ ഊർങ്ങാട്ടിരി പഞ്ചായത്തിലും സഹകരണ പ്രസ്ഥാനം നാമ്പെടുത്തു. 1923 ജൂലായ് 15-ാം തീയതി സംഘം രൂപീകരിക്കുന്നതിന് പ്രാരംഭ യോഗം എ. ചേക്കാമു ഹാജിയുടെ നേതൃത്വത്തിൽ ചേർന്നു. 20-9-23ന് ഊർങ്ങാട്ടിരി ഐക്യ നാണയ സംഘം എന്ന പേരിൽ ഊർങ്ങാട്ടിരി പഞ്ചായത്ത് തിരട്ടുമ്മൽ ആസ്ഥാനമായി സംഘം രജിസ്റ്റർ ചെയ്തു. 12-12-23ൽ പ്രവർത്തനം ആരംഭിച്ച സംഘം പ്രാരംഭ കാലഘട്ടത്തിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു എന്നാണ് ചരിത്ര രേഖകളിൽ നിന്നും വ്യക്തമാകുന്നത്.

സഹകരണ പ്രസ്ഥാനത്തിനും പഞ്ചായത്തിൽ ശ്രമം നല്കുന്നതിന് നേതൃത്വം നൽകിയ ആദ്യകാല സഹകാരികൾ പ്രധാനമായും അമ്പാഴത്തിങ്കൻ ചേക്കാമു S/o മമ്മദ്, കോളക്കോടൻ മമ്മദ് കുട്ടി S/o വീരാൻ കുട്ടി, കണ്ണൻ തൊടിക കലന്തൻ S/o സീതി, വിളങ്ങാടൻ മൊയ്തീൻ കുട്ടി S/o മൊയ്തീൻ കുട്ടി, നൊട്ടൻ വീടൻ മമ്മദ് കുട്ടി, പള്ളിപ്പറമ്പൻ ഉണ്ണിമമ്മദ്, കരുവന്തിരുത്തി ചെറുണ്ണി തങ്ങൾ, കരുവാടൻ കമ്മദ്, ഉഴുന്നൻ മുഹമ്മദ് അണ്ണടമ്പൻ ചേക്കാലി, ചെട്ടിപ്പാറ മൊയ്തീൻകുട്ടി, പുല്ലൻതൊടി മോയിൻ കുട്ടി, ചെമ്പകത്ത് അഹമ്മദ് കുട്ടി, ചെമ്പകത്ത് അയമുട്ടി തുടങ്ങിയവരായിരുന്നു.

തുടർന്ന് നടന്ന തിരഞ്ഞെടുപ്പുകളിലൂടെ ഐക്യ നാണയ സംഘത്തെ നയിച്ച സാരഥികൾ എ.ചേക്കാമു ഹാജി, കിഴക്കേതൊടി അഹമ്മദു കുട്ടി. നെല്ലിക്കാവൻ അബുണ്ണി ഹാജി. വി.പി. ചേക്കു മോയിൻ,വി.പി.ഹസ്സൻഹാജി, കോലോത്തും തൊടി ബീരാൻ കുട്ടി, എൻ. കൃഷ്ണൻ നമ്പൂതിരിപ്പാട് എന്നിവരായിരുന്നു.

ഊർങ്ങാട്ടിരി ഐക്യ നാണയസംഘത്തിൽ പ്രവർത്തന പരിധി ഇപ്പോഴത്തേ കിഴ്പറമ്പു പഞ്ചായത്തു കൂടിയടങ്ങിയ പ്രദേശമായിരുന്നു. അക്കാലത്ത് കീഴുപറമ്പ് പഞ്ചായത്ത് ഊർങ്ങാട്ടിരി പഞ്ചായത്തിന്റെ ഭാഗമായിരുന്നു.

1961ലെ സഹകരണ നിയമ പരിഷ്കരണത്തിന്റെ ഫലമായി 1963ൽ ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ സൊസൈറ്റിയായും 1978ൽ ഊർങ്ങാട്ടിരി സർവ്വീ

സ് സഹകരണ ബാങ്കായും സംഘം ഉയർന്നു. കീഴു പറമ്പ് പഞ്ചായത്ത് രൂപീകരിക്കപ്പെടുകയും പിന്നീ ട് കീഴുപറമ്പ് പഞ്ചായത്തിന്റെ ഭാഗങ്ങൾ ഉൾ പ്പെടുത്തി കീഴുപറമ്പ് സർവ്വീസ് സഹകരണത്തെ ബാങ്ക് രൂപീകരിച്ചതോടെ സംഘത്തിന്റെ പ്രവർ ത്തന പരിധി ഊർങ്ങാട്ടിരി, വെറ്റിലപ്പാറ വില്ലേജു കളിൽ മാത്രമായി.

വിവിധ മേഖലകളിൽ 9 സഹകരണ സംഘങ്ങൾ രൂപീകരിച്ചാണ് പഞ്ചായത്തിൽ പ്രവർത്തനം നടത്തി വരുന്നത്. ആദ്യ സഹകരണ സ്ഥാപനമായ ഊർങ്ങാ ട്ടിരി സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തനത്തി ന്റെ ആദ്യകാലഘട്ടിത്തിൽ വളരെ നല്ല നിലയിൽ കർഷകരെ സഹായിക്കുന്നതിനു ലാഭകരമായി സം ഘം നടത്തികൊണ്ടുപോകുന്നതിനും പ്രവർത്തനം കാഴ്ചവെച്ചിരുന്നു. എന്നാൽ കെടുകാര്യസ്ഥതയു ടെ ഫലമായി ഇടക്കാലത്ത് 1972 വരെ കാലങ്ങളിൽ സംഘം പ്രവർത്തനം അധപ്പതിക്കുകയും പിരിച്ചു വിടലിന്റെ വക്കിൽ വരെയെത്തുകയുണ്ടായി. നി ലനില്പ് തന്നെ അപകടത്തിലായ സംഘം പുനരു ദ്ധാരണത്തിന്റെ ഘട്ടത്തിൽ എത്തിയത് 1974 മു തലാണ്. സംഘം മാനേജ്മെൻറിന്റെ അർപ്പണ ബോധത്തോടെയുള്ള പ്രവർത്തനമാണ് സംഘത്തെ പുരോഗതിയിൽ എത്തിച്ചത്. ജനങ്ങളുടെ വിശ്വാ സം വീണ്ടെടുത്തും കർഷകരുടെ ആവശ്യങ്ങളും ഒരു പരിധിവരെ പരിഹരിച്ചു കടങ്ങൾ പിരിച്ചെടു ക്കുന്നതിനും കഠിന പ്രയത്നം പരേതനായ എമ്പ്രയിൽ തോമസിന്റെയും പാപ്പച്ചൻ പുല്ലത്താനിയുടെയും പി.കെ. ജോസിന്റെയും നേതൃത്വത്തിൽ നടത്തി യാണ് കടകെണിയിൽ നിന്നും സമോചിതമായത്. അക്കാലങ്ങളിലെ ബാദ്ധ്യതകളിൽ നിന്നും 96ൽ എത്തിയ സംഘം ഇന്നും പൂർണ്ണമായി മോചിതമാ യി എന്നു പറയാൻവയ്യ. എങ്കിലും വർദ്ധിച്ച ആത്മവി ശ്വാസത്തിൽ പുനർജന്മത്തിന്റെ അന്ധ അഭിമാ നത്തിൽ നിസ്ഥാർഗികമായ പ്രവർത്തന ഫലമായി പുരോഗതിയിലേക്ക് അനുസൂതമായി നടന്നടുക്കു കയാണ് ബാങ്ക്.

പഞ്ചായത്തിൽ രണ്ടാമതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘം ഊർങ്ങാട്ടിരി ക്ഷീരോല്പാദക വിപണന സംഘമാണ്. ആസ്ഥാനം കണ്ണിറടപ്പൻ ആയിരുന്നു. ആദ്യകാലങ്ങളിൽ നല്ല നിലവാരത്തിൽ പ്രവർത്തിച്ച സമീപകാലത്ത് ലീക്വിഡേഷന് വി ധേയമായിരിക്കുകയാണ്.

നിലവിലുള്ള സഹകരണ സംഘങ്ങൾ ഏഴും സാ മാന്യം നല്ലനിലയിലാണ് പ്രവർത്തിക്കുന്നത്. സ ഹകരണമേഖലയിൽ പ്രത്യക്ഷമായി 14 പേരും പ രോക്ഷമായി 25 ഓളം പേരും ജോലി ചെയ്തു വരുന്നവരുണ്ട്.

താലൂക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പ്രവർത്തന പരിധി നമ്മു ടെ പഞ്ചായത്തുകൂടി ഉൾപ്പെട്ടതാണ്.

ഓരോ സംഘങ്ങളുടെയും പട്ടിക തരംതിരിച്ച് ചുവടെ ചേർക്കുന്നു.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക കാർഷികേതര മേഖലയിൽ ഊർങ്ങാ ട്ടിരിസർവ്വീസ് സഹകരണ ബാങ്ക് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിൽ ആദ്യമായി രജിസ്റ്റർ ചെയ്യപ്പെട്ട ഊർങ്ങാട്ടിരി ക്ഷീരോല്പാദക വിപണന സംഘം കിണറടപ്പൻ ആസ്ഥാനമായി പ്രവർത്തനം ആരംഭി ച്ചു. ജില്ലയിലെ ഏറ്റവും നല്ല ക്ഷീരോല്പാദക സം ഘമായി വളർന്നു. കിണറടപ്പൻ അങ്ങാടിയിൽ രണ്ട് ഫ്ളോട്ടുകളിലായി വിലമതിക്കുന്ന 15 സെൻറ് സ്ഥലവും നല്ല ഒരു സംഖ്യനീക്കിയിരിപ്പുമായി പ്രവർത്തിച്ചിരുന്ന സംഘത്തിൽ 3ജീവനക്കാരും 10പാൽ സംഭരണ വിതരണ തൊഴിലാളികളും ഉണ്ടാ യിരുന്നു. പ്രതിദിനം 500 ലിറ്റർ പാൽ വിപണനം നടത്തിയിരുന്ന സംഘം ഈ പ്രദേശത്ത് കുടിയേറ്റ കർഷകരുടെ വലിയ ഒരു പ്രതീക്ഷയായിരുന്നു. പിന്നീട് പ്രവർത്തനരഹിതമായ സംഘം ലിക്വി ഡയിറ്റ് ചെയ്തിരിക്കുകയാണ്.

വെറ്റിലപ്പാറ അസ്ഥാനമായി ഒരു ക്ഷീരോല്പാ ദക സഹകരണ സംഘം സാമാന്യം ഭേദപ്പെട്ട നി ലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

മൂന്ന് വനിതാ വ്യവസായ സഹകരണ സംഘങ്ങൾ ഒരു വിധം പ്രവർത്തനക്ഷമമാണ്.

ഊർങ്ങാട്ടിരി പഞ്ചായത്തിലുള്ള മറ്റൊരു സർ വ്വീസ് സഹകരണ സംഘം പട്ടിക ജാതി വിഭാഗത്തി നായുള്ള ക്ഷേമപ്രവർത്തനം നടത്തിവരുന്നു. സം ഘത്തിന്റെ പേര് ഊർങ്ങാട്ടിരി പട്ടിക ജാതി സർ വ്വീസ് സഹകരണ സംഘം എന്നാണ്.

രണ്ട് സ്കൂൾ സഹകരണ സൊസൈറ്റികൾ പഞ്ചായത്തിൽ പുസ്തകവിതരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ഒന്ന് മൂർക്കനാട് സുബസ്സാലം ഹൈസ്കൂൾ സഹകരണ സംഘം. രണ്ട് മൂർക്കനാട് ഗവ: മോഡൽ അപ്പർ പ്രൈമറി സ്കൂൾ സഹകരണ സംഘം.

അടുത്ത കാലത്തായി രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബർ കാർഷിക മാർക്കറ്റിംഗ് സംസ്കരണ സഹകരണ സംഘത്തെ പ്രവർത്തനം ആരംഭിക്കുന്നതേയുള്ളു.

റബ്ബർ, നാളികേരവും പ്രധാനമായും വിപണനം നടത്താൻ നിലവിൽ സഹകരണ മേഖലയിൽ സൗകര്യം ഇല്ല. അതുകൊണ്ട് പുതിയതായി രൂപീകരിച്ചിട്ടുള്ള റബ്ബർ, കാർഷിക വിപണന സംസ്കരണ സംഘത്തിൽ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും അംഗത്വം നൽകണം.

കാർഷിക മേഖല

1. ഹ്രസ്വകാല വായ്പ

5500 കുടുംബങ്ങളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 80% കർഷക കുടുംബങ്ങളാണ് കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർ. കാർഷിക കാർഷികേതരം വായ്പയാണ് ഊർങ്ങാട്ടിരി സർവ്വീസ് ബാങ്ക് പ്രധാനമായും വിതരണം ചെയ്യുന്നത്. എങ്കിലും പഞ്ചായത്തിലെ എല്ലാ കർഷകരുടെ വായ്പ ആവശ്യങ്ങൾ മുഴുവനായും പരിഹരിക്കുന്നതിന് സംഘത്തിന് ആവുന്നില്ല. 5500 കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും എല്ലാ കർഷക കുടുബങ്ങളും ബാങ്കുമായി ബന്ധപ്പെടുന്നില്ല.

മുൻ കാലങ്ങളിലെ കെടുകാര്യസ്ഥത കാരണമുണ്ടായിട്ടുള്ള നഷ്ടത്തിൽ നിന്നും ബാങ്ക് മോചിതമായിട്ടില്ല. അതിനാൽ ഇപ്പോഴും നഷ്ടത്തിലാണ് ബാങ്ക്. കർഷകരുടെ ചെറിയതോതിലുള്ള സാമ്പത്തിക ആവശ്യങ്ങൾ പരിഹരിക്കുന്നതിന് കുറഞ്ഞപക്ഷം "5" കോടി രൂപയെങ്കിലും ഓരോ വർഷവും അവശ്യമാണ്. എന്നാൽ സംഘത്തിന്റെ പ്രവർത്തന മൂലധനം 1 കോടിയാണ്. 95-96ൽ കാർഷിക കാർഷികേതര ആവശ്യത്തിന് ബാങ്ക് വിതരണ ചെയ്തിട്ടുള്ളത് 71 ലക്ഷം രൂപയാണ്. കർഷകരുടെ പൂർണ്ണമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നബാർഡ് ഇന്ന് തുടർന്നു വരുന്ന നയങ്ങളിൽ ആവശ്യമായ മാറ്റം വരുത്തിയേ മതിയാകൂ. 95-96 കാലയളവിലേക്ക് മെമ്പർമാരിൽ നിന്നും കാർഷിക ഹ്രസ്വകാല വായ്പക്ക് അപേക്ഷ വാങ്ങി ലാൻറഡ് രജിസ്റ്റർ അനുസരിച്ച് ക്രഡിറ്റ് ലിമിറ്റ് തയ്യാറാക്കി ജില്ലാബാങ്കിൽ കടത്തിനുവേണ്ടി അപേക്ഷ നൽകിയത് 70 ലക്ഷം രൂപയ്ക്കാണ്. ലഭിച്ചതാണെങ്കിൽ 20 ലക്ഷം രൂപമാത്രം. തുടർച്ചയായി ഈ പത്രിഭാസം ആവർത്തിക്കുന്നത് കൊണ്ട് കർഷകരിൽ കടഹർജി ബാങ്കിന് സമർപ്പിക്കുന്നതിന് കടുത്ത വിരസതയുണ്ടാക്കുന്നുണ്ട്.

റബ്ബർ കൃഷി വികസനത്തിന് ദീർഘകാല അടിസ്ഥാനത്തിൽ സ്കീം തയ്യാറാക്കി കഴിഞ്ഞ 5 വർഷക്കാലമായി കടം അനുവദിച്ചു വരുന്നു. എന്നാൽ ഈ ഇനത്തിൽ നൽകാവുന്ന കടവായ്പ സൗകര്യം മുഴുവനായും കർഷകർ പ്രയോജനപ്പെടുത്തുന്നില്ല.

കൊപ്ര സംഭരണവും സിമൻറ് വിതരണവും ബാങ്കിന്റെ കീഴിൽ നടത്തിവരുന്നുണ്ട്.

കൊപ്രസംഭരണത്തിൽ ജില്ലയിലെ തന്നെ രണ്ടാം സ്ഥാനത്താണ് ബാങ്ക് നിൽക്കുന്നത്. വളരെ നല്ല നിലയിലും വിജയകരമായും കൊപ്ര സംഭരണം നടത്താൻ ബാങ്കിനും കഴിയുന്നതാണ് ഇതിന് കാരണം.

ദീർഘകാല വായ്പ

1) കാർഷിക വികസന ബാങ്ക്

ഏറനാട് താലൂക്ക് പ്രവർത്തന പരിധിയായി മഞ്ചേരി കാർഷിക വികസന ബാങ്ക് പഞ്ചായത്തിലെ കൃഷിക്കാർക്ക് ആവശ്യമായ ദീർഘകാല കാർഷിക കാർഷികേതര വായ്പ നല്കിവരുന്നു. വെറ്റിലപ്പാറ ഊർങ്ങാട്ടിരി വില്ലേജുകളിലായി 60 ലക്ഷം രൂപയുടെ വിവിധ വായ്പകൾ പഞ്ചായത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. പൂർണ്ണമായ ആവശ്യം എങ്കിലും നിറവേറ്റപ്പെട്ടിട്ടില്ല.

2) റൂറൽ ഹൗസിങ്ങ് സൊസൈറ്റി, കൊണ്ടോട്ടി, മഞ്ചേരി

ബ്ലോക്ക്, കൊണ്ടോട്ടി ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സഹകരണ റൂറൽ ഹൗസിങ്ങ് സൊസൈറ്റികളാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്. കൊണ്ടോട്ടി ബ്ലോക്കിന്റെ പരിധിയിലായിരുന്നു ആദ്യകാലങ്ങളിൽ ഊർങ്ങാട്ടിരി പഞ്ചായത്ത്. പിന്നീട് അരീക്കോട് വികസന ബ്ലോക്ക് രൂപീകരിച്ചതോടെ ഊർങ്ങാട്ടിരി മഞ്ചേരി റൂറൽ ഹൗസിങ്ങ് സൊസൈറ്റിയുടെ പരിധിയിലായി. ഈ കാരണത്താൽ രണ്ടു സംഘങ്ങളും പഞ്ചായത്തിൽ വായ്പ ദീർഘകാല അടിസ്ഥാനത്തിൽവിതരണം ചെയ്തിട്ടുണ്ട്. ആകെ 20 കുടുംബങ്ങൾക്ക് വീടു നിർമ്മിക്കാൻ 6, 27000 രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്.

പാർപ്പിട പ്രശ്നം

മഞ്ചേരി, കൊണ്ടോട്ടി റൂറൽ ഹൗസിംഗ് സഹകരണ സംഘങ്ങളെ മഞ്ചേരി കാർഷിക വികസന ബാങ്കും മലപ്പുറം ജില്ലാ സഹകരണ ബാങ്കും ദീർഘകാല അടിസ്ഥാനത്തിൽ പാർപ്പിട ആവശ്യത്തിന് ലോൺ നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തി പഞ്ചായത്തിലെ ആവശ്യമത്ര കുടുംബങ്ങൾക്കും വീടു നിർമ്മിക്കാൻ ഫണ്ടുകളുടെ അപര്യാപ്തത പരിഹരിക്കേണ്ടതാണ്. ഊർങ്ങാട്ടിരി പഞ്ചായത്തിൽ 5500 കുടുംബങ്ങളുള്ളതിൽ 2000ത്തിൽ പരം ആളുകൾക്കും സ്ഥിരമായ പാർപ്പിട സൗകര്യമില്ലന്നുള്ള വസ്തുത ഈ രംഗത്ത് സങ്കീർണ്ണത വ്യക്തമാക്കുന്നു. വായ്പാ നയത്തിലും പലിശയിലും ഉദാരീയത ആവശ്യമാണ്.

ക്ഷീരോല്പാദക വിതരണ വിപണന സംഘം

നിലവിലുള്ള വെറ്റിലപ്പാറ ഗിരിജൻ ആൻറ് സെറ്റിലേഴ്സ് ക്ഷീരോല്പാദക സഹകരണ സംഘം 2-8 വാർഡുകൾ പ്രവർത്തന പരിധിയായാണ് രജിസ്റ്റർ ചെയ്തിട്ടുള്ളവ എന്നാൽ 8-ാം വാർഡ് ചെക്കുന്നു മലക്ക് അപ്പുറമായതിനാൽ ഭൂമി ശാസ്ത്രമായി ബന്ധപ്പെടുന്നതിലും ബുദ്ധിമുട്ടുകാരണവും 2-ാം വാർഡ് മാത്രമാണ് ഫലത്തിൽ പ്രവർത്തന പരിധി. മലകളും പുഴയും ഇടകലർന്ന പ്രദേശമായതിനാൽ കർഷകരിൽ പാൽ സംഭരിക്കുന്നതിനും അത് വിപണിയിൽ എത്തിച്ച് വില്പന നടത്താനും വളരെയധികം ചിലവു നേരിടുന്നു. സംഭരണ ചിലവും വിപണന ചിലവും കാരണം സംഘത്തിന്റെ പ്രതീക്ഷിത ലക്ഷ്യം കൈവരിക്കാൻ ആകുന്നില്ല. പ്രതിദിനം 190 ലിറ്റർ പാൽ സംഭരിച്ച് മാർക്കറ്റിൽ നേരിട്ട് വില്പന നടത്തുന്നുന്നു. കൂടുതൽ വെണ്ടർമാരെ ഉപയോഗപ്പെടുത്തുന്നതു കൊണ്ട് തുച്ഛമായ ലാഭമാത്രം സംഘത്തിനുണ്ടാകുന്നുള്ളു. മിൽമയും മറ്റ് ഏജൻസികളും സംഘത്തിൽ നിന്നും നേരിട്ട് പാൽ ഉയർന്ന നിരക്കിൽ സ്വീകരിക്കുന്ന പക്ഷം സംഘം വർദ്ധിച്ച തോതിൽ പുരോഗതി നേടുന്നതിന് സാധിക്കും. കൂടുതൽ കറവമാടുകളെ പ്രവർത്തന പരിധിയിൽ സംഘം മുഖേന വിതരണം ചെയ്യുന്നതിൽ വിപണന സൗകര്യം മെച്ചപ്പെടുന്നപക്ഷം കുറഞ്ഞ മാസങ്ങൾ കൊണ്ട് പ്രതിദിനം 1000 ലിറ്റർ പാൽ സംഭരിക്കുന്നതിനും വിപണനം നടത്താനും 20 പേർക്ക് തൊഴിൽ നൽകാനും സംഘത്തിനു കഴിയും.

നിർദേശങ്ങൾ

പഞ്ചായത്തിൽ സഹകരണ മേഖലയിൽ(1)പനമ്പിലാവ്(2)വെണ്ടേക്കുംപൊയിൽ(3)പാക്കുളം(4)തിരട്ടുമ്മൽ(5)തച്ചണ്ണ(6)തെഞ്ചേരി(7)മൈത്ര എന്നി പ്രദേശങ്ങളിൽ പുതിയ സൊസൈറ്റികൾ രൂപീകരിക്കുന്ന പക്ഷം കൂടുതൽ കർഷകരെ പാൽ ഉല്പാദന രംഗത്തേക്ക് ആകർഷിക്കാൻ കഴിയും. പ്രകൃതിദത്തമായ അനുകൂല സാഹചര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്ന പക്ഷം പ്രതിദിനം പഞ്ചായത്തിൽ 10,000 ലിറ്റർ പാൽ ഉല്പാദിപ്പിക്കാൻ കഴിയും.

(1)കർഷകർ ഉല്പാദിപ്പിച്ച സംഘം സംഭരിച്ച വിപണനം നടത്തിയതിനു ശേഷം ബാക്കിയുള്ള പാൽ ശീതീകരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഒരു ചില്ലിംഗ് പ്ലാൻറും ഫാക്ടറിയും പഞ്ചായത്തിൽ സ്ഥാപിക്കണ്ടതാണ്.

(2)കന്നുകാലി സംരക്ഷണത്തിനായി മേൽത്തരം കാലിതീറ്റ നിർമ്മിക്കാൻ പഞ്ചായത്തിൽ തന്നെ ഫാക്ടറി സ്ഥാപിക്കാൻ സാദ്ധ്യതയുണ്ട്. അതിനുള്ള

സംവിധാന പരിശോധിക്കണം.

(3)നല്ലയിനം ഉല്പാദന ശേഷിയുള്ള കറവുമാടുകളെ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് സംവിധാനം ചെയ്തു കൊടുക്കേണ്ടതാണ്.

(4) മൃഗ സംരക്ഷണത്തിനാവശ്യമായ സൗകര്യവും വൈദ്യസഹായവും യഥാസമയത്ത് ലഭ്യമാക്കണം.

(5)ക്ഷീരവികസനത്തിന് പഞ്ചായത്തിൽ ലഭിക്കുന്ന അനുകൂല്യങ്ങൾ സംഘം വഴി കർഷകർക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം.

(6)ധനകാര്യ സ്ഥാപനങ്ങൾ ഉദാരമായ സമീപനത്തിലും വർദ്ധിച്ചതോതിലും വായ്പകൾ ക്ഷീരവികസനത്തിന് വിതരണം സംഘം വഴി നൽകണം.

വനിത വ്യവസായ സംഘം.

പഞ്ചായത്തിൽ മൂന്ന് വനിതാ വ്യവസായ സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. 1. ഊർങ്ങാട്ടിരി വനിതാവ്യവസായ പ്രിൻറിംഗ് സഹകരണ സംഘം 1981ൽ ആരംഭിച്ച് വ്യവസായത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. സർക്കാർ ധനസഹായം 42150 രൂപ ലഭിച്ചിട്ടുണ്ട്. ഊർങ്ങാട്ടിരി, കീഴുപറമ്പ്, അരിക്കോട് പഞ്ചായത്ത് പ്രവർത്തന പരിധിയാണെങ്കിലും ഊർങ്ങാട്ടിരിയിൽ തന്നെയാണ് പ്രവർത്തന മേഖല. അംഗങ്ങളുള്ള സംഘത്തിൽ 3 പേർ ജോലി ചെയ്തു വരുന്നു. ട്രൈസം പദ്ധതിതിയിൽ കമ്പോസിംഗ്, പ്രിൻറിംഗ്, ബുക് ബൈൻറിംഗ് എന്നിവക്ക് ട്രെയ്നിംഗ് നൽകി വരുന്നു. പ്രിൻറിംഗിൽ ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പ്രവർത്തനം വിപുലപ്പെടുത്തേണ്ടതായുണ്ട്.

2. വെറ്റിലപ്പാറ വനിതാ റെഡിമെയ്ഡ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിൽ 11 അംഗങ്ങളിൽ നിന്നായി 23000 രൂപം ഓഹരി പിരിച്ച് സർക്കാർ സഹായം 1,75,000 കൂടി സ്വീകരിച്ച് റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമ്മാണവും വ്യാപാരവും നടത്തി വരുന്നു. ഭേദപ്പെട്ടരീതിയിൽ തന്നെ സംഘം പ്രവർത്തനം നടത്തുന്നുണ്ട്. വിവിധ തരം നിർമ്മാണ ആവശ്യത്തിനുള്ള തുണി മില്ലുകളിൽ നിന്നും നേരിട്ടു വാങ്ങി രൂപപ്പെടുത്തുന്ന ഉല്പന്നങ്ങൾ നേരിട്ട് വിപണിയിൽ വിപണനം നടത്തിയാൽ കൂടുതൽ ലാഭത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിയും പ്രവർത്തിക്കാൻ കഴിയുന്നതാണ്. വനിതാ വ്യവസായ ഉല്പന്നങ്ങൾ വിപണനത്തിന് ഫലപ്രദമായ സൗകര്യം വ്യവസായ വകുപ്പ് ഏർപ്പെടുത്തുന്നതാണ് അഭികാമ്യം.

(3)വെറ്റിലപ്പാറ വനിതാ ഫുഡ് പ്രൊസസിംഗ് ഇൻഡസ്ട്രീസ് സഹകരണ സംഘം 11 മെമ്പർമാരിൽ നന്നും 27500 രൂപ ഓഹരി പിരിച്ചു. സർക്കാർ 1,50,000 രൂപ ധനസഹായം അനുവദിച്ചു. ഭക്ഷ്യ സംസ്കരണ യുണിറ്റ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു-ഉല്പാദനപ്രവർത്തനം ഉടൻ ആരംഭിക്കുന്ന ദിശയിലാണ്.

ഊർങ്ങാട്ടിരി പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റി

പഞ്ചായത്ത് പ്രവർത്തന പരിധിയായി പട്ടികജാതി വിഭാഗത്തിൻെറ പുരോഗതിക്കായി 1993ൽ രൂപകരിച്ചതാണ്. പട്ടികജാതി വിഭാഗത്തിൽപെട്ട പിന്നോക്കകാർക്ക് ക്ഷേമകരമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനത്തിലാണ് സംഘം. നല്ല നിലയിൽ പ്രവരത്തനം നടത്തി വരുന്ന സർക്കാറിൽ നിന്നും ഗ്രാൻറ് പ്രവർത്തന മൂലധനവും അടുത്ത കാലത്താണ് ലഭ്യമായത്.

വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്കിൽ നിലവിലുള്ള കെട്ടിടം ജീർണ്ണിച്ച് പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകാനാവാത്ത അവസ്ഥയിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ വായ്പക്കും ഗ്രാൻറിനുമായി NCDC പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ഥരിമായി ബാങ്ക് നഷ്ടത്തിലാണെന്നുള്ള കാരണത്താൽ വായ്പ നിഷേധിച്ചു. അതിനാൽ "7"ലക്ഷം രൂപ പ്രവർത്തന മൂലധനത്തിൽ നിന്നും ചിലവഴിച്ചു പുതിയ കെട്ടിടവും സൗകര്യവും ഏർപ്പെടുത്തി. ഇത്രയും സംഖ്യ അനാമത്തായി മുടക്കി സ്ഥാപനത്തിനു മുമ്പോട്ടു പോകാനാവില്ല. അതുകൊണ്ട് പ്രസ്തുത 7

ലക്ഷം രൂപയും 30-6-96ലെ കടധന പട്ടികയിൽ പ്രകാരമുള്ള 13 ലക്ഷം രൂപയും കൂടി 20 ലക്ഷം രൂപക്ക് തുല്യമായ തുക പലിശ രഹിത ദീർഘകാല വായ്പയായോ ഓഹരി മൂലധനമായോ അനുവദിക്കുക.

2. ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. നിക്ഷേപ സമാഹരണത്തിലൂടെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിനും ലാഭകരമായ വിധത്തിൽ ഫണ്ട് സ്വർണ്ണപണയ വായ്പ, കൺസുമർ വായ്പ, ഭവന നിർമ്മാണ വായ്പ തുടങ്ങിയ കാര്യങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.

4. ലാഭത്തിൽ നടത്താൻ കഴിയുന്നതുകൊണ്ട് സംഘം ചിട്ടി ബിസിനസ് നടത്താൻ ശ്രദ്ധിക്കുക.

5. കാർഷിക വായ്പ ഹർജികൾ വർഷാരംഭത്തിൽ തന്നെ പാസാക്കിയ കാർഷിക പ്രവർത്തി സമയത്ത് ധനസഹായം ലഭ്യമാക്കുക.

6. കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്നും കൺസഷണൽ ഫിനാൻസ് കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

7. ബാങ്കിന്റെ അഭിമുഖ്യത്തിൽ എല്ലാവിധ കാർഷിക ഉല്പാദനങ്ങളും സംഭരിക്കുന്നതിനും കാർഷിക ഉപകരണങ്ങളും വളവും നിത്യോപയോഗ വസ്തുക്കളും വിതരണം ചെയ്യാൻ കൺസുമർ സ്റ്റേറ്റും ആവശ്യമായുള്ള പ്രദേശങ്ങളിൽ ആരംഭിക്കുക.

8. കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് നേരിടുന്ന സമയങ്ങിൽ ഉല്പന്നങ്ങളുടെ മേൽ "കീ" ലോൺ അനുവദിക്കുവാൻ സംവിധാനവും ഗോഡൗണുകൾ, സംസ്കരണ കേന്ദ്രങ്ങൾ സ്വന്തമായി നിർമ്മിക്കാൻ വായ്പയും സബ്സിഡിയും N.C.DC, നബാർഡ് എന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അംഗങ്ങൾക്ക് ഏർപ്പാടാക്കുക.

9. ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമായി വിദൂര പ്രവർത്തന പരിധിയിൽ ലഭ്യമാക്കുന്നതിന് പൂവ്വത്തിക്കൽ ഒരു ബ്രാഞ്ച് അനുവദിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

10. നെൽ കൃഷി വിപുലീകരിക്കുന്നതിനും ലാഭകരമാക്കുന്നതിനും ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികൾ രൂപീകരിക്കേണ്ടതാണ്.

11. വായ്പാ നയം ഉദാരമാക്കിയും പഠന ആധാര നടപടികൾ ഒഴിവാക്കിയും കർഷകരെ സഹകരണ സ്ഥാപനവുമായി കൂടുതൽ ആകർഷിക്കാൻ സംവിധാനമുണ്ടാക്കേണ്ടതാണ്. നിലവിലുള്ള നിയമങ്ങൾ കൂടുതൽ ബുദ്ധിമുട്ടുകൾക്ക് ഇടവരുത്തുന്നതാണ്.

12. വായ്പ മേളകൾ സംഘടിപ്പിക്കുന്നതിലൂടെ ബാങ്കിനെ കൂടുതൽ ജനകീയ വൽക്കരിക്കുകയും അവധി ബാക്കി ഇല്ലാതാക്കാൻ ബോധവൽക്കരിക്കുന്നതിനും നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും സഹായകരമാക്കേണ്ടതാണ്.

മാർക്കറ്റിംഗ് മേഖല

ഊർങ്ങാട്ടിരി പഞ്ചായത്തിലെ പ്രധാന കാർഷിക ഉല്പന്നങ്ങൾ നാളികേരം, റബ്ബർ, അടക്കാ, കശുവണ്ടി, കുരുമുളക്, കൊക്കോ എന്നിവയാണ്. ഈ ഉല്പന്നങ്ങൾക്ക് ന്യായമായ വില കർഷകർക്ക് ലഭിക്കുന്നില്ല. പ്രത്യേകിച്ച് സാമ്പത്തികമായി ശേഷി കുറഞ്ഞ ചെറുകിട കർഷകർ തങ്ങളുടെ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതിനാൽ ചൂഷണത്തിനു വിധേയരാകുന്നു. കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും സംസ്കരണത്തിനും മാർക്കറ്റിംഗ് സൊസൈറ്റി സഹകരണ രംഗത്ത് രൂപീകരിക്കുന്ന പക്ഷം വളരെ ആശ്വാസകരമാകും. റബ്ബർ, നാളികേരമടക്കമുള്ള ഉല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും സംസ്കരണത്തിനും രണ്ടു സഹകരണ സംഘങ്ങൾക്ക് വളരെ ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കും. അതിനുള്ള സംഘങ്ങൾ രൂപീകരിക്കുന്ന പക്ഷം 250 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ കണ്ടെത്താൻ കഴിയും.

സഹകരണ മേഖലയിൽ റബ്ബറിനെ അടിസ്ഥാനമാക്കി വലുതും ചെറിയതുമായ പല വ്യവസായങ്ങൾക്കും പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.

നാളികേരം സംസ്കരിച്ച് ചകിരി, നാര്, കൊപ്ര സംസ്കരണം, ചിരട്ട സംസ്കരിച്ച് വിവിധ ഉല്പന്നങ്ങൾ, ഇന്ധനം, കാലിത്തീറ്റ നിർമ്മാണം. ജൈവ വള നിർമ്മാണം തുടങ്ങിയ വ്യവസായ സഹകരണ മേഖയിൽ ആരംഭിക്കാൻ സാധിക്കും.

കൺസ്യൂമർ മേഖല

നിത്യോപയോഗ സാധനങ്ങൾ, തുണിത്തരങ്ങൾ, മറ്റ് അവശ്യ വസ്തുക്കൾ വിപണനം നടത്തുന്ന സഹകരണ കൺസ്യൂമർ സ്റ്റോർ പഞ്ചായത്തിൽ മുന്നെണ്ണമെങ്കിലും സ്ഥാപിക്കേണ്ടതാണ്. വിസ്തൃതമായി ഭൂമി ശാസ്ത്രപരമായി വേറിട്ടു നില്ക്കുന്ന കീണറടപ്പൻ, പുവ്വത്തിക്കൽ, മൈത്ര എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനും.

(2) കൺസ്യൂമർ സംഘങ്ങളിലൂടെ സർക്കാർ പൊതുവിതരണ സംവിധാനം പുഷ്ടിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(3) കൺസ്യൂമർ സംഘങ്ങൾക്ക് വില്പന നികുതി മുതലായ നികുതി നിയമങ്ങളിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(4)കൺസ്യൂമർ സംഘങ്ങൾക്ക് ബിസിനസിൽ ഉണ്ടാവുന്ന നഷ്ടം ഗവൺമെൻറ് സിവിൽ സപ്ലൈസ് കോർപ്പറേഷനുവരുന്ന നഷ്ടം മാതിരി കണക്കാക്കി എഴുതി തള്ളേണ്ടതാണ്.

സ്കൂൾ സഹകരണ സംഘം

പഞ്ചായത്തിലുള്ള രണ്ടു സ്കൂൾ സഹകരണ സംഘങ്ങളും പാഠ പുസ്തകങ്ങൾ മാത്രമാണ് വിതരണം ചെയ്യുന്നത്. സ്കൂൾ കുട്ടികൾക്ക് ആവശ്യമായ എല്ലാ ഉപകരണങ്ങളും വസ്ത്രങ്ങളും വിതരണം ചെയ്യുന്നതിനും നോട്ട് ബുക്കുകൾ സ്വയം നിർമ്മിച്ച് വില്പന നടത്താനും സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും മറ്റു സർക്കാർ അർദ്ധ സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും നിർമ്മാണ പ്രർത്തനം സ്വകാര്യ കരാറുകാരാണ് ഇന്ന് നിർവ്വഹിക്കുന്നത്. നിർമ്മാണ പ്രവരത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളെ സംഘടിപ്പിച്ച സഹകരണ അടിസ്ഥാനത്തിൽ കോൺട്രാക്റ്റ് സംഘം രൂപീകരിക്കുന്ന പക്ഷം കൂടുതൽ പേർക്ക് തൊഴിൽ കണ്ടെത്താനും തൊഴിലാളികൾക്ക് കൂടുതൽ ധനാർഗ്ഗമ മാർഗ്ഗം കണ്ടെത്താനും നിർമ്മാണ പ്രവർത്തനം ഉത്തരവാദിത്വത്തോടെ കാര്യക്ഷമമായും നടത്താൻ സാധിക്കുന്നതാണ്. പഞ്ചായത്തിൽ നിർമ്മാണ പ്രവർത്തിയിൽ ഏർപ്പെട്ടിരിക്കുന്ന 300ഓളം വിദഗ്ദ അവിദഗ്ദ തൊഴിലാളികൾ ഉണ്ട്. സംഘം രൂപികരിക്കുന്ന പക്ഷം 15 പേർക്ക് നേരിട്ടും 200ഓളം പേർക്ക് പരോക്ഷമായും പ്രതിദിനം തൊഴിൽ നൽകാൻ കഴിയും.

കരിങ്കല്ല് കേറിംഗ്, മിനി മെറ്റൽ ക്രഷർ യൂണിറ്റുകൾ ഹോളോ ബ്രിക്സ്, ചെങ്കല്ല് നിർമ്മാണം ഫർണ്ണിച്ചർ നിർമ്മാണം. സിമൻറ്, വാതിൽ, ജനൽ എന്നിവയുടെ നിർമ്മാണം വീടു നിർമ്മാണം സാനിറ്ററി സാധനങ്ങൾ, ഹാർഡ് വേയർ ഷോപ്പ്, എന്നിവ സംഘം വഴി നിർമ്മിക്കാനും വില്പന നടത്താനും സാധിക്കും. നിരവധി പേർക്ക് തൊഴിലും ഉറപ്പാക്കാൻ സാധിക്കും.

മറ്റു മേഖല

കോഴി വളർത്തൽ, മെക്കാനിക്കൽ വർക്ക് ഷോപ്പ്, വെൽഡിംഗ്, ഗ്രൈൻഡിംഗ് വർക്ക് ഷോപ്പ് റീസോളിംഗ് യൂണിറ്റ്, പരമ്പരാഗത മൺപാത്ര വ്യവസായ യൂണിറ്റ്, ബേക്കറി, റെഡിമെയ്ഡ് നിർമ്മാണം. എന്നീ സംരഭങ്ങൾ തൊഴിൽ രഹിത യുവതീയുവാക്കളെ സംഘടിപ്പിച്ച് സഹകരണ മേഖലയിൽ സംഘം രൂപീകരിച്ച് വിജയകരമായി പ്രവർത്തിക്കാൻ കഴിയും. നിരവധിപേർക്ക് സ്ഥിരമായി തൊഴിൽ നൽകാൻ സാദ്ധ്യമാകും.

സഹകരണാടിസ്ഥാനത്തിൽ പുഷ്ടഫല പച്ചകറി കൃഷിയും ഡയറി ഫാമുകളും മറ്റു പലതര സംരംഭങ്ങളും ആരംഭിക്കാനും ഉല്പന്നങ്ങൾ സംസ്കരിച്ച വിപണനം ചെയ്യാനും കഴിയും. ഇതിനായി വർദ്ധിച്ച തോതിൽ പ്രോത്സാഹനവും ആനുകൂല്യവും നൽകേണ്ടതാണ്. ഭാവിയിൽ ആഭ്യന്തര ഉപയോഗത്തിനും കയറ്റു മതിയും വളരെ പ്രാധാന്യമുള്ള വിളകളാണ് ഇവ. അതിനാൽ സഹകരണ മേഖലയിൽ പരിശീലനം നൽകുന്നതിനും കൃഷി ചെയ്യുന്നതിനും വിപണനത്തിനും സർക്കാർ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

തൊഴിൽ സാദ്ധ്യത

(1)അടുത്ത അഞ്ചുവർഷം സസൂക്ഷ്മം പാഴ്ചിലവുകൾ ഇല്ലാതാക്കിയും നിക്ഷേപം വർദ്ധിപ്പിച്ച് ലാഭകരമായ മാർഗ്ഗങ്ങളിൽ ഫണ്ട് വിനിയോഗിക്കുന്നപക്ഷം സർവ്വീസ് സഹകരണ ബാങ്കിന് നഷ്ടം നികത്തുന്നതിനും പുതിയതായി 10 പേർക്ക് തൊഴിൽ സൃഷ്ടിക്കാനും കഴിയും.

(2) പദ്ധതി പ്രകാരം ക്ഷീരോല്പാദക വിപണന സംഘങ്ങളിൽ കൂടി നേരിട്ട് 20 പേർക്കും അനുബന്ധ പ്രവർത്തികളിൽ കൂടി 50 പേർക്കും സ്ഥിരമായി തൊഴിൽ ലഭിക്കുന്നതാണ്. അംഗങ്ങളുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാനും കാർഷിക ആവശ്യത്തിന് ജൈവ വളം നിർമ്മിക്കാനും കഴിയുന്നതാണ്.

(3) കൺസ്യൂമർ സംഘം പ്രവർത്തിക്കുന്ന പക്ഷം 6 പേർക്കും ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്ന പക്ഷം 15 പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ കണ്ടെത്താൻ സാധിക്കും.

(4)വനിത സഹകരണ സംഘങ്ങൾ ഓഹരി മൂലധനം വർദ്ധിപ്പിച്ച് നിലവിലുള്ള പ്രവർത്തനം അടുത്ത അഞ്ചുവർഷം കൊണ്ട് അഭിവൃദ്ധിപെടുത്തിയാൽ 50 പേർക്ക് അധികം തൊഴിൽ നൽകാൻ സാധിക്കും.

(5)പുതിയതായി ബേക്കറി നിർമ്മാണം, പുഷ്പ ഫല പച്ചക്കറി കൃഷി വികസനം, വിപണനം എന്നിവയിലൂടെ സഹകരണ മേഖല പുഷ്ടിപ്പെടുത്തുന്ന പക്ഷം 100 പേർക്ക് തൊഴിൽ കണ്ടെത്താൻ കഴിയുന്നതാണ്.

(6)റബ്ബർ, കാർഷികോല്പന്നങ്ങൾ സംഭരണം വിപണനം സംസ്കരണം അടിസ്ഥാനമായി സഹകരണ സംഘം പ്രവർത്തിക്കുന്നതോടെ അഞ്ചുവർഷം കൊണ്ട "25" പേർക്ക് നേരിട്ടും 75 പേർക്ക് അല്ലാതെയും തൊഴിൽ സ്ഥിരതയും ജീവിത മാർഗ്ഗവും ആകുന്നതാണ്.

(7) പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് കാര്യക്ഷമമാവുന്നതോടെ 5 പേർക്ക് നേരിട്ടു തൊഴിൽ നൽകാൻ കഴിയും. സരക്കാർ സംഘത്തിൽ പലിശ രഹിത വായ്പയും പ്രവർത്തന മൂലധനവും ആയി 10 ലക്ഷം രൂപ അനുവദിക്കേണ്ടതാണ്.

പഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങൾ 488 അംഗങ്ങൾ 2316 എണ്ണം ഉണ്ട് വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽ മാത്രമായി സ്ഥാപിച്ച സംഘമാണിത്.

ഈ സൗകര്യങ്ങൾ ഗിരിവർഗ്ഗ വികസനത്തിനായും സംഘം രൂപീകരിച്ച് ചെയ്യേണ്ടതാണ്. പഞ്ചായത്തിൽ 281 കുടുംബങ്ങൾ 818 അംഗങ്ങളുമാണ് പട്ടിക വർഗ്ഗക്കാരാണ് ഉള്ളത്.

ഖാദി വ്യവസായ സഹകരണ സംഘം

വനിതകൾക്കും യുവാക്കൾക്കും. തൊഴിലില്ലായ്മ ഒരളവ് പരിഹരിക്കാനും ജീവിത പ്രാരാബ്ദങ്ങൾ ലഘൂകരിക്കാനും. മൾബറി കൃഷി ചെയ്ത് പട്ടുനൂൽ പുഴുക്കളെ വളർത്താൻ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. പാകമായ കൊക്കൂൺ വിപണനത്തിനുള്ള മാർഗ്ഗങ്ങൾ സർക്കാർ ഇന്നുള്ളതിനേക്കാൾ കാര്യക്ഷമമാക്കേണ്ടതാണ്. ചെറുകിട വ്യവസായ യൂണിറ്റുകൾ നാളികേരം സംസ്കരണം റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കൽ, അടക്ക സംസ്കരണം. തടികൊണ്ട് വിവിധ തരം ഫർണിച്ചർ, ഇഷ്ടിക, ടൈൽസ് നിർമ്മാണം. സോപ്പ് നിർമ്മാണം, മെഴുകതിരി നിർമ്മാണം, തീപ്പെട്ടി, കളിക്കോപ്പുകൾ നിർമ്മിക്കൽ, മൺപാത്ര നിർമ്മാണം. ഈറ്റയും മുളയും ചൂരൽ കൊണ്ടുമുള്ള വിവിധ തരം വസ്തുക്കളുടെ നിർമ്മാണം എണ്ണയാട്ടു വ്യവസായം, ഖാദി സഹകരണ സംഘ്യം രൂപീകരിക്കൽ ഫല പ്രദമായി പ്രവർത്തിക്കാനും കഴിയും. ഈ രംഗത്ത് 150 പേർക്ക് തൊഴിൽ നൽകാൻ സാധിക്കുന്നതാണ്.

സഹകരണ മേഖലയുടെ സുതാര്യമായ വളർച്ചയ്ക്ക് സങ്കുചിത ചിന്തകൾക്ക് അധികമായുള്ള പ്രവർത്തനമാണ് ആവശ്യം. മറിച്ചുള്ള പ്രവർത്തനങ്ങളാണ് സഹകരണ മേഖയോടുള്ള ജനങ്ങളുടെ വിദ്യാഭ്യാസനത്തിനും താല്പര്യങ്ങൾക്കും കുറവു വരുത്തിയിട്ടുള്ളത്. പ്രവർത്തന മേഖലയിൽ അംഗങ്ങളാക്കാവുന്ന എല്ലാവർക്കും ഒരു ചിന്തകൾക്കും വിധേയമാകതെ അംഗത്വം നൽകാൻ സഹകാരികൾ തയ്യാറകണം. പരസ്പര സഹായ മെന്ന വാക്കിന്റെ സ്പിരിറ്റിൽ നിന്നുകൊണ്ടുള്ള നിസ്വാർഥമായ അർപ്പണ ബോധത്തോടുള്ള പ്രവരത്തനമാണ് ഇന്നി


ന്റെ ആവശ്യം.

പഞ്ചായത്തിലെ വിവിധ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വളർച്ചക്ക് ആവശ്യമായി 750 ലക്ഷം രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു. ഇത്രയും സംഘങ്ങളുടെ പ്രവർത്തന മൂലധന നിക്ഷേപമുണ്ടാവുന്ന പക്ഷം 150 പേർക്ക് നേരിട്ടും 750 പേർക്ക് പരോക്ഷമായും ജോലി സഹകരണ മേഖലയിൽ സൃഷ്ടിക്കാനും 5500 കുടുംബങ്ങൾക്ക് സാമ്പത്തിക പുരോഗതി കൈവരിക്കാനും കഴിയും

പഞ്ചായത്തിലെ 12 ഗ്രാമസഭകളിൽ ചർച്ച ചെയ്ത് സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളും ദ്വിതീയ വിവര ശേഖരണത്തിൽ ലഭിച്ചിട്ടുള്ള അറിവിന്റേയും അടിസ്ഥാനത്തിൽ സുദീർഘമായി ചർച്ചചെയ്ത് ക്രോഡീകരിക്കപ്പെട്ട നിർദ്ദേശങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.

നിർദ്ദേശിക്കപ്പെട്ട രീതിയും ഭാവത്തിലും സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുശക്തമാക്കുന്നതോടെ കാർഷിക വ്യാവസായിക, തൊഴിൽ രംഗത്ത് സമൂലമായ കുതിച്ചു ചാട്ടത്തിനും സാമ്പത്തികമായി പഞ്ചായത്തിലെ ജനങ്ങൾ സ്വാശ്രയത്തം നേടി പുരോഗതി കൈവരിക്കുമെന്നതിനും സംശയമില്ല.

നമ്മുടെ രാഷ്ട്ര പിതാവ് മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാൽകരിക്കുന്നതിന് വലിയ പങ്ക് സഹകരണ പ്രസ്ഥാനങ്ങൾക്കുണ്ട്. ഗ്രാമങ്ങളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക വികസനത്തിനും നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ ഊർങ്ങാട്ടിരി പഞ്ചായത്തിൽ സഹകരണ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിക്കുന്നു.



5.12

വനിതാക്ഷേമം

കേരളത്തിലെ ജില്ലകളിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ കിടക്കുന്ന ജില്ലയാണ് മലപ്പുറം. ഈ അടുത്തകാലം വരെ ശൈശവ വിവാഹവും വിവാഹമോചനവും ഏറെയായിരുന്നു. വനിതകൾക്കായി പലവിധ ക്ഷേമ പ്രസ്ഥാനങ്ങളും നിലവിലുണ്ടെങ്കിലും ഇവയെപ്പറ്റി യാതൊരറിവുമില്ലാതെ സ്ത്രീകൾ അടുക്കളയിൽ ഒതുങ്ങിക്കഴിയുകയാണ്. ഊർങ്ങാട്ടിരി പഞ്ചായത്തിന്റെ സ്ഥിതിയും ഇതിൽ നിന്ന് ഏറെ വ്യത്യസ്ഥമല്ല.

ഗവൺമെൻറിൽ നിന്നും കാലാകാലങ്ങളിൽ ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും കൊടുത്തുകൊണ്ടാണ് സ്ത്രീകളെ കുറെയെങ്കിലും ഈ പഞ്ചായത്തിൽ പൊതുരംഗത്തേക്ക് കൊണ്ടുവരാൻ കഴിഞ്ഞത്. പഴയകാലത്ത് പ്രാഥമിക വിദ്യാഭാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നില്ല. വിദ്യാഭ്യാസ സൗകര്യം ധാരാളം ഉണ്ടായിട്ടും പെൺകുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോകുന്ന അവസ്ഥയാണുള്ളത്. ഇതിനെതിരെ ബോധവൽക്കരണം അത്യാവശ്യമാണ്.

തൊഴിൽ മേഖലയിലും പൊതുരംഗത്തും സ്ത്രീകൾക്കു നേരെയുള്ള വിവേചനം ഇപ്പോഴും നിലവിൽ ഉണ്ടെന്നു പറയാം. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യ ശക്തികളെ തടുക്കാനാവുന്നതല്ല.

ചാരായനിരോധന നിയമം നിലവിലുണ്ടെങ്കിലും ഈ നിയമം കൊണ്ട് മുഴുവനായും പ്രയോജനം ഇല്ലെന്നു പറയാം. പഞ്ചായത്തിലെ SC/ST മേഖലകളിൽ ചില വീടുകളിൽ പോലും ചാരായം വാറ്റിക്കഴിക്കുന്നതുകൊണ്ട് ഈ വീടുകളിലെ സ്ത്രീകളും കുട്ടികളും വളരെയധികം ദുരിതമനുഭവിക്കുന്നു. ഈ ദു:സ്തിഥിക്ക് പഞ്ചായത്തു തലത്തിൽ തന്നെ നടപടികൾ എടുക്കുവാനുള്ള നിയമം കൊണ്ടുവരേണ്ടതാണ്.

സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ വളരെ കൂടുതലാണ്. പരമ്പരാഗത തൊഴിലുകളായ കുട്ടനെയ്ത്ത്, പായ്നെയ്ത്ത്, ക്യർ നിർമ്മാണം, എന്നിവക്ക് പ്രോത്സാഹനം കൊടുക്കുകയും കുടിൽ വ്യവസായങ്ങളായ പശു, പന്നി, മുയൽ. കോഴി, ആട്, എന്നിവയെ വളർത്താനും, റെഡിമെയ്ഡ്, ഫുഡ് പ്രൊസസ്സിംഗ്, വനിതാ ടൈലറിംങ്ങ്, ക്ഷീരോല്പന്ന യൂണിറ്റ്, പ്ലാസ്റ്റിക് വർക്കുകൾ, സോപ്പു നിർമ്മാണം എന്നിവ ആരംഭിക്കുവാനും ഗവൺമെൻറിൽ നിന്നും ധനസഹായം നൽകി വനിതകൾക്ക് തൊഴിൽ മേഖല വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തു തലത്തിൽ വനിതാ സഹകരണ സംഘം സ്ഥാപിച്ച് അതിനു കീഴിൽ വാർഡു തലത്തിൽ തൊഴിൽ യൂണിറ്റുകൾ

സ്ഥാപിക്കേണ്ടതാണ്.

വനിതകളെ എല്ലാ രംഗത്തും പ്രവർത്തന സജ്ജമാക്കണമെങ്കിൽ ബോധവൽക്കരണം അത്യാവശ്യമാണ്. പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുകളിലും ആവശ്യമായ സ്ഥലങ്ങളിൽ മഹിളാസമാജങ്ങൾ സ്ഥാപിച്ച് സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കേണ്ടതാണ്. ഗിരിവർഗ്ഗ മേഖലകളായ ഓടക്കയം, വെണ്ടേക്കുംപോയിൽ എന്നീ സ്ഥലങ്ങളിൽ ക്ഷയരോഗം വ്യാപകമായിട്ടുണ്ട്. ഗവൺമെൻറിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടെങ്കിലും സ്ത്രീകൾക്ക് അറിവില്ലാത്തതുകൊണ്ട് രോഗം നിയന്ത്രിക്കുവാൻ സാധിക്കുന്നില്ല.

പഞ്ചായത്തു തലത്തിൽവനിതാ സംരക്ഷണവേദി ആരംഭിക്കേണ്ടതും, സ്ത്രീധന നിരോധന നിയമം കർശനമാക്കേണ്ടതുമാണ്. പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ തിരുത്തിപ്പാറ, തെഞ്ചീരി, വനിതാ ശിശു ക്ഷേമ മന്ദിരങ്ങൾ ഉണ്ടാക്കേണ്ടതാണ്. വനിതകൾക്കായി വാർഡുതലത്തിൽ ഓരോ വായനശാലയും ഓരോ ടി.വി. സെറ്റും അനുവദിക്കേണ്ടതാണ്. ലോക വനിതാദിനം പഞ്ചായത്ത് മുഖേന വാർഡിൻെറ ആസ്ഥാനങ്ങളിലും സംഘടിപ്പിക്കണം. ഏതു മേഖലയിലും സ്ത്രീകൾക്ക് ആവശ്യമായ നേതൃത്വവും പ്രോത്സാഹനവും നൽകുകയും വിധവകൾക്ക് എല്ലാ മേഖലകളിലും പ്രാതിനിധ്യവും നൽകേണ്ടതുമാണ്.

പ്രശ്ന പരിഹാരങ്ങൾ

1. സ്ത്രീകൾക്ക് ബോധവൽക്കരണം നടത്തുക.
2. വാർഡു തോറും സെമിനാറുകളും, കുടുംബസദസ്സുകളും, മാതൃസംഗമങ്ങളും സംഘടിപ്പിക്കുക.
3. വയോജന വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
4. സർക്കാരിൽ നിന്നുള്ള സഹായ പദ്ധതികൾ ഏതൊക്കെയെന്ന് വാർഡുതോറും പരസ്യപ്പെടുത്തുക.
5. സ്ത്രീൾക്ക് തൊഴിൽ മേഖലയിൽ സബ്സിഡി നിരക്കിൽ സാമ്പത്തിക സഹായം അനുവദിക്കുക.
6. വിപണനമേഖല കണ്ടെത്താൻ സഹായിക്കുക.
7. തൊഴിൽ പരിശീലനം നടത്തുക.
8. തുല്യജോലിക്ക് തുല്യവേതനം നൽകുക.
9. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായപദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കുക.
10. അംഗനവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുകയും പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ട സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
11. D.W.C.R.A യൂണിറ്റുകൾ സംഘടിപ്പിക്കുകയും നിലവിലുള്ളവ കാര്യക്ഷമാക്കുകയും ചെയ്യുക.
12. കലാ കായിക മത്സരങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.

ആകെ	സ്ത്രീ	പുരുഷ	6 വയസ്സിനു	6വയസ്സിനു
ജനസംഖ്യ	കൾ	ന്മാർ	താഴെ പു.	താഴെ സ്ത്രീ

പട്ടികജാതി		ട്രൈബൽ		സാക്ഷരർ		കൃഷിക്കാർ	കർഷക തൊഴിലാളി	കന്നുകാലി, വനം, മത്സ്യം,
പു.	സ്ത്രീ.	പു.	സ്ത്രീ	പു.	സ്ത്രീ	സ്ത്രീ	സ്ത്രീ	സ്ത്രീ
1255	1264	359	386	10737	10186	33	384	70

28878 14538 14340 2614 2459

വനിത 1

പരിഹാരങ്ങൾ

1. സ്വന്തമായി സ്ഥലമുള്ള ഭാവനാ മഹിളാസമാജം (പനമ്പിലാവ്)1-ാംവാർഡിൽ കെട്ടിടം നിർമ്മിക്കണം.
2. വനിതകളുടേയും കുട്ടികളുടേയും ക്ഷേമം ഉറപ്പുവരുത്തുന്നതിന് 3-ാം വാർഡിൽ(കിണറടപ്പ്)തിരുത്തിപ്പാറയിൽ ഒരു വനിതാ ശിശുക്ഷേമ കേന്ദ്രം അനുവദിക്കുയാണെങ്കിൽ ഈ പ്രദേശങ്ങളിലെ വനിതകളുടെ ജീവിത നിലാരം ഉയർത്തുവാൻ കഴിയും.
3. വിധവകൾ, അവിവാഹിത സ്ത്രീകൾ തുടങ്ങിയവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്, എംബ്രോയ്ഡറി, അലങ്കാരപ്പണി, പായ്നെയ്ത്ത്, കൊട്ടനെയ്ത്ത്, കവർ നിർമ്മാണം, അച്ചാർ നിർമ്മാണം, ആട്, പശു, കോഴി എന്നിവ വളർത്തൽ തുടങ്ങി വിവിധ മേഖലകളിൽ സാമ്പത്തികവും സാങ്കേതികവു

മായ സഹായങ്ങൾ നൽകി സ്ത്രീ വിഭാഗത്തിന്റെ അവസ്ഥ ഉയർത്തികൊണ്ടുവരണം.

4. തൊഴിൽ നൽകുന്നതിലേക്കായി വനിതാ സഹകരണ സംഘങ്ങൾ മഹിളാ സമാജങ്ങൾ, തയ്യൽ പരിശീലനകേന്ദ്രം മുതലായ നടപ്പിലാക്കുക.

5. വനിതകളെ മാത്രം ഉൾപ്പെടുത്തി പഞ്ചായത്തു തലത്തിൽ വനിതാ സൊസൈറ്റി രൂപീകരിക്കുക. ഈ സൊസൈറ്റിക്കു കീഴിൽ എല്ലാ വാർഡുകളിലും വനിതാ തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക.

6. വനിതാ ക്ഷേമത്തിനുവേണ്ടി സൗജന്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ഐ.ആർ.ഡി.പി. ധനസഹായം നൽകുകയും ചെയ്യേണ്ടതാണ്.

7. 11-ാം വാർഡിൽ (കുത്തുപറമ്പ്)ഏതാണ്ട് 50ഓളം കുടുംബങ്ങൾ; സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. ഇവർക്ക് സർക്കാർ ആനുകൂല്യങ്ങൾ നൽകി തയ്യൽ പരിശീലനകേന്ദ്രം, ആടുവളർത്തൽ എന്നിവ അഭിവൃദ്ധിപെടുത്തണം. ഒരു റെഡിമെയ്ഡ് സൊസൈറ്റി ആരംഭിക്കാനുള്ള സഹായങ്ങളും ചെയ്യുക.

8. എല്ലാ വാർഡിലും വനിതകളിൽ വായനാശീലം വളർത്തുന്നതിന് അവർക്കായി ഓരോ, വായനശാലകൾ തുറന്നു പ്രവർത്തിക്കണം.

9. രണ്ടാം വാർഡിൽ (ഓടക്കയം)ഗിരിജൻ കോളനിയിൽ നിലവിൽ ഒരു മഹിളാ സമാജം പ്രവർത്തിക്കുന്നുണ്ട്. അതിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള നസഹായം ചെയ്തു തരണം.

10. 1-ാം വാർഡിൽ(പനമ്പിലാവ്)വനിതാ തൊഴിൽ പരിശീലന കേന്ദ്രവും, ചെറുകിട വ്യവസായവും ആരംഭിക്കുക.

11. 3-ാം വാർഡിൽ(കളപ്പാറ)ഒരു ശിശുസദൻ ആരംഭിച്ചിട്ടുണ്ട്. വെറ്റിലപ്പാറ നിർമ്മല മഹിളാ സമാജത്തിന്റെ കീഴിലാണ് ഇത് ആരംഭിച്ചിരിക്കുന്നത്. 25ഓളം കുട്ടികൾ ഇതിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നു. ഈ കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുവാനുള്ള ഏർപ്പാട് പഞ്ചായത്ത് മുൻകൈ എടുത്ത് നടപ്പിലാക്കണം.

10. ഉൽപാദക വസ്തുക്കൾ വിറ്റയിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വിപണന കേന്ദ്രം ആരംഭിക്കണം.

11. സ്ത്രീപീഡനത്തിനും സ്ത്രീധനത്തിനും എതിരെ കർശനമായ നിയമനടപടി സ്വീകരിക്കുക..

14. D.W.C.R.A. യൂണിറ്റുകൾ സംഘടിപ്പിച്ചുകൊണ്ട് കൂട്ടായ സംരഭങ്ങൾക്ക്പ്രാധാന്യം നൽകുക.(വാർഡ്4)വടക്കംമുറി.

15. ആരോഗ്യ രംഗത്ത് ബോധവൽക്കരണം നടത്തുക.

16. സഹകരണാടിസ്ഥാനത്തിൽ വനിതകൾക്ക് ഒരു കോഴിവളർത്തൽ യൂണിറ്റ് അനുവദിച്ചാൽ വനിതകൾക്ക് തൊഴിൽ ലഭിക്കാനും ഈ പ്രദേശത്തെ മുട്ട, മാംസം തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്താനും സാധിക്കും.

17. മദ്യപാനം മൂലം സ്ത്രീകൾക്കുണ്ടാകുന്ന പീഡനങ്ങളിൽ നിന്നും കഷ്ടപ്പാടിൽ നിന്നും രക്ഷപ്പെടുത്തുന്നതിന് വ്യാജവാറ്റും അനധികൃത മദ്യവിൽപനയും നിർത്തലാക്കുന്നതിന് കർശന നടപടികൾ ഉണ്ടാവണം.

18. സ്യൂട്ട്കേസുകൾ, ലതർബാഗുകൾ, ലതർ ചെരുപ്പ്, പ്ലാസ്റ്റിക്ക് കുട്ടകൾ എന്നിവയുടെ നിർമ്മാണത്തിൽ വനിതകൾക്ക് പരിശീലനം നൽകണം. അസംസ്കൃത വസ്തുക്കൾ ചുരുങ്ങിയ വിലക്ക് ലഭ്യമാക്കുകയും സാമ്പതിക സഹായങ്ങൾ നൽകുകയും വേണം. ഒരു റെഡിമെയ്ഡ് യൂണിറ്റ് തുടങ്ങുവാൻ ആവശ്യമായ പ്രേരണയും സാമ്പത്തിക സഹായവും നൽകി വനിതകളെ തൊഴിൽ കണ്ടെത്തുവാൻ സഹായിക്കണം.

19. ലോകവനിതാ ദിനം പഞ്ചായത്ത് ആഭിമുഖ്യത്തിൽ എല്ലാവാർഡു ആസ്ഥാനങ്ങളിലും സംഘടിപ്പിക്കുക.

20. വർദ്ധിച്ചു വരുന്ന സ്ത്രീ പീഡനങ്ങളും, ബലാത്സംഗങ്ങളും സ്ത്രീകളെ വേട്ടയാടുന്ന പ്രശ്നങ്ങളാണ്. അതിനെതിരെ ബോധവൽക്കരണവും ശിക്ഷാ നടപടികളും കർശനമാക്കേണ്ടതാണ്.

21. വിദ്യാഭ്യാസ രംഗത്ത് പൊതുവെ സ്ത്രീകൾ വളരെ പിന്നോക്കാവസ്ഥയിലാണ്. സാക്ഷരതാപ്രവർത്തനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവായിരുന്നു. നവസാക്ഷരായ സ്ത്രീകൾക്ക് തുടർ വിദ്യാഭ്യാസം നൽകണം.

22. സർക്കാരിൽ നിന്നും വനിതകൾക്ക് ലഭിക്കുന്ന വിവിധ പെൻഷൻ തുക വർദ്ധിപ്പിക്കണം.

23. സ്ത്രീകൾക്ക് സൗജന്യ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ഐ.ആർ.ഡി.പി. ധനസഹായം നൽകുകയും ചെയ്യുക.

24. പത്താം വാർഡിൽ(തെഞ്ചേരി)ഒരു വനിതാ പ്രസ്സ് തുടങ്ങുവാനുള്ള സാമ്പത്തിക സഹായം നൽകുക.

25. പത്താം വാർഡിൽ പാൽ സൊസൈറ്റി തുടുങ്ങുവാനുള്ള ഏർപ്പാട് ചെയ്യുക. റെഡിമെയ്ഡ്

സൊസൈറ്റി ആരംഭിക്കുവാനുള്ള ധനസഹായം കൊടുക്കുക.

26. വേഴക്കോട്, കുരിക്കമ്പാട്, കാട്ടിയാടിപോയിൽ ചെമ്പ്രമ്മേൽ എന്നീ സ്ഥലങ്ങളിൽ അംഗനവാടികൾ സ്ഥാപിക്കുവാൻ ഏർപ്പാടാക്കണം.

27. ആന്തൂറിയം, ഓർക്കിഡ് ചെടി വ്യവസായം ആരംഭിക്കുക.

28. വേഴക്കോട് ഭാഗത്ത് മൺപാത്ര വ്യവസായം തുടങ്ങുവാനുള്ള സാമ്പത്തിക സഹായം.

29. വേഴക്കോടുഭാഗത്ത് റേഷൻഷാപ്പ് തുടങ്ങുവാനുള്ള സംവിധാനം ചെയ്യുക. തെഞ്ചേരിയിൽ ഒരു ശിശു വിഹാറും പാർക്കും സ്ഥാപിക്കുക.

30. (തച്ചണ്ണ)8-ാംവാർഡിൽ വനിതകളെ സംഘടിപ്പിച്ച ഒരു ക്ഷീരോൽപാദക സംഘം തുടങ്ങുക. 8ാം വാർഡിൽ (തച്ചണ്ണ)വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച വനിതകൾക്ക് തൊഴിൽ സാധ്യതകൾ ഉണ്ടാക്കുവാൻ ടൈലറിങ്ങ്, മസാലപൊടി, പ്ലാസ്റ്റിക്ക് കുട്ട നിർമ്മാണം സോഫാ കം ബെഡ് നിർമ്മാണം എന്നീ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

31. വനിതകൾക്ക് സഹകരണാടിസ്ഥാനത്തിൽ വനിതാ ടൈലറിങ്ങ് യൂണിറ്റ് സ്ഥാപിച്ച വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്നും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുവാനും കഴിയും.

32. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന 3-ാം വാർഡ്(കിണറടപ്പൻ)തിരുത്തി-പാക്കുള ഭാഗങ്ങളിൽ വയോജന വിദ്യാഭ്യാസം നൽകി ഇന്നത്തെ അവസ്ഥയിൽ നിന്നും ഉയർത്തികൊണ്ടുവരാൻ സാധിക്കും.

വിവാഹമോചനക്കേസുകളിൽ പഞ്ചായത്ത് തക്കതായ നിയമസഹായം ചെയ്തുകൊടുക്കുക. ശിശുക്ഷേമ പരിപാടികൾ ഊർജ്ജിതമായി നടപ്പിൽ വരുത്തുക.,


33. കുത്തുപറമ്പ്, 11-ാംവാർഡിലെ സ്ത്രീകൾ മാത്രം കാര്യമായി ഉപയോഗിക്കുന്ന കുളിക്കടവുകളായ, താഴത്തില്ലത്തുകടവ്, ചീരാൻതൊടി കടവ്, കോവിലകപ്പറമ്പ് കടവ്, കരിപ്പത്തില്ലത്തു കടവ്, മൂഴിക്കൽ കടവ് എന്നിവ വളരെ ശോചനീയാവസ്ഥയിലാണ്. ഈ കടവുകൾ സ്റ്റെപ്പുകെട്ടി സ്ത്രീകൾക്ക് കുളിക്കാൻ കൂടുതൽ സൗകര്യപ്രദമാക്കണം.

34. മൈത്ര 7-ാം വാർഡിൽ മൈത്ര കടവ്, കുളിക്കടവ്, പാലിയിൽ കടവ്, കുളിക്കടവ്, ചക്കിങ്ങൽ കുളിക്കടവ്, ചോലകുളിക്കടവ് ചെരീരി കുളിക്കടവ് എന്നീ കടവുകളിൽ സ്റ്റെപ്പുകെട്ടി സ്ത്രീകൾക്ക് കുളിക്കാൻ സൗകര്യപ്രദേമാക്കണം.

35. മൂർക്കനാട്(6-ാം വാർഡ്) മൂർക്കാനാട് സ്കൂൾകടവിലും ഒലുംതല ഭാഗത്തും കുളിക്കടവുകൾ നിർമ്മിച്ച് പൊതുജനശല്യം ഒഴിവാക്കുക.

36. വനിതാ ക്ഷേമപ്രവർത്തനത്തിന്റെ ഭാഗമായീ മൂർക്കനാട് ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണകേന്ദ്രം നിർമ്മിച്ച് പരമാവധി വനിതകൾക്ക് തൊഴിലവസരം ഉണ്ടാക്കുക.

37. സ്കൂൾ പി.ടി.എ മറ്റു സാമൂഹിക സാസ്കാരിക രംഗങ്ങൾ, ഔദ്യോഗികമായ മറ്റു കമ്മറ്റികൾ തുടങ്ങിയവയിൽ വനിതകൾക്ക് പ്രത്യേക പരിഗണന കൊടുക്കുക.



5.12

ഉപസംഹാരം

ഇന്ന് നമ്മുടെ വികസന മനോഭാവം റോഡും പാലവും മാത്രമാണ് എന്നുള്ള രീതിയിലേക്ക് വളർന്നിരിക്കുകയാണ് ഈ വികസന സമീപനം മാറ്റിയെടുത്തേ മതിയാവൂ. തീർത്തും ഒരു ഉപഭോഗ സംസ്ഥാനത്തിൽ വസിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം ഉൽപ്പാദന പ്രക്രിയക്ക് ഊന്നൽ നൽകികൊണ്ട് കാർഷിക-വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവന മേഖല വികസിപ്പിക്കുന്ന വികസിത തന്ത്രമാണ് ഇന്നാവശ്യം.

ജനപങ്കാളിത്തവും ജന ജാഗ്രതയും വളർത്തിയെടുത്ത് അർപ്പണ മനോഭാവവും ആത്മാർത്ഥതയുമുള്ള ഒരു സമൂഹത്തെ വാർത്തെടുത്ത് സാർവ്വത്രിക അഴിമതിയിലും ചുവപ്പുനാടയിലും കുടുങ്ങികിടക്കുന്ന വികസന സംസ്കാരത്തിനു മോചനമുണ്ടാകണം. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളിലായി നമ്മുടെ പ്രദേശങ്ങളിൽ ഒരുപാട് വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും വേണ്ടത്ര ജനപങ്കാളിത്വം ലഭിക്കാത്തതിനാൽ ചെലവഴിച്ച ഫണ്ടിന്റെ തോതനുസ്സരിച്ചുള്ള വികസനം നമുക്ക് ലഭിക്കാതെ പോയിരിക്കയാണ്..

നമ്മുടെ ഗ്രാമത്തിൽ പൂർത്തിയാകാത്ത വികസന പ്രശ്നങ്ങൾ ഇനിയും ധാരാളമുണ്ട്. പക്ഷെ എല്ലാറ്റിനും വേണ്ട വിഭവങ്ങളും പണവും വേണ്ടത്ര ലഭിക്കാതെ പോവുന്നു. വിഭവ സമാഹരണത്തിനും വികസനം നടപ്പാക്കുന്നതിനും പുതിയ പാത നമുക്ക് തുറക്കാൻ സാധിക്കണം. ഇവിടെയാണ് സർക്കാറിതര ഏജൻസികളുടെ സഹായം തേടേണ്ടത്.

വസ്തുനിഷ്ഠമായ തെളിവിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിലയിരുത്തികൊണ്ട് തർക്കവിതർക്കങ്ങളില്ലാതെ ഐക്യം വളർത്തിയെടുത്തുകൊണ്ട് ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി മുൻഗണന നിർണ്ണയിക്കുവാനും, മുൻഗണനാ ക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുമുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാവണം. പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി കൊണ്ടും ചരിത്രപരമായ സാഹചര്യങ്ങളെ വിശകലനം ചെയ്തുകൊണ്ടും നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം.

ഗ്രൂപ്പു ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലുമുള്ള നിർദേശങ്ങളെ സ്കീമുകളും പദ്ധതികളുമായി രൂപപ്പെടുത്തുവാൻ വിദഗ്ദ സമിതികൾക്ക് കഴിയും. സർക്കാറിതര ഏജൻസികളുടെ സഹായം പരമാവധി ഉപയോഗപ്പെടുത്തുവാനും അവരുടെ നിബന്ധനകൾ പഠിച്ച് പ്രൊജക്ടുകൾ തയ്യാറാക്കാനും സമർപ്പിക്കുവാനും അതത് വിഷയങ്ങളിലൂടെ ഗ്രൂപ്പുകൾ പരമാവധി പ്രവർത്തിച്ചേ

മതിയാവൂ.

സർക്കാറിൽ നിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതി വിഹിതം 40%മാണ്. കഴിഞ്ഞ കാലങ്ങളിലെ സാമ്പത്തിക നിലവെച്ചു നോക്കുമ്പോൾ ഇത് വലിയ നേട്ടങ്ങൾക്ക് കാരണമാണ്.

ആസൂത്രണം അടിത്തട്ടിൽ നിന്ന് മേല്പോട്ടുണ്ടാവുന്നതു മൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസന മുന്നേറ്റം നമുക്ക് നേടാൻ സാധിക്കുന്നത്. ജനങ്ങളുടെ ഈ കൂട്ടായ്മയിലൂടെ ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്ര ഗതിയിലും ഫലപ്രദമായുംനടപ്പാക്കാൻ സാധിക്കും.

ആയതുകൊണ്ടുതന്നെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന രേഖ സമ്പുഷ്ടമാക്കി സമ്പൂർണ്ണമായി നടപ്പാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തേണ്ടതായിട്ടുണ്ട്.

ജാതി-മത കക്ഷി രാഷ്ട്രീയത്തിനതീതമായി "നാം ഒന്ന് നമ്മൾ ഒന്ന് നമ്മുടെ ലക്ഷ്യവും ഒന്ന്" എന്ന മുദ്രാവാക്യവുമായി ഒറ്റകെട്ടായി മുന്നേറിയാൽ നമ്മുടെ പ്രദേശത്തിന്റെ വികസനത്തിൽ മഹത്തായ വിപ്ലവം സൃഷ്ടിക്കാൻ നമുക്ക് സാധിക്കും സാധിക്കണം.


മഹത്തായ ഈ ലക്ഷ്യം പൂർത്തീകരിക്കാൻ നമുക്ക് കഴിയുമെന്ന ഉത്തമബോധ്യത്തോടും അനൽപമായ സന്തോഷത്തോടും ഈ സമഗ്രവികസന രേഖ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു.

വിശദമായ വിശകലനത്തിനും സമഗ്രമായ ചർച്ചകൾക്കും പരിഷ്കരണത്തിനും വേണ്ടി.

കെ. മുഹമ്മദ്

പ്രസിഡണ്ട്

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്



6

ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് പ്രവർത്തനരേഖ

ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട 1 മുതൽ 12 വാർഡുകളിലെയും അംഗങ്ങൾ 1995 സപ്തംബർ 30ന് പഞ്ചായത്ത് ഓഫീസ്സിൽ ഒത്ത് ചേരുകയും സത്യവാചകം ചൊല്ലി അംഗങ്ങളായി സ്ഥാനം എല്ക്കുകയും ചെയ്തു. 4-10-96ന് യോഗം ചേർന്നു പഞ്ചായത്ത് പ്രസിഡണ്ട് വൈസ് പ്രസിഡണ്ട് എന്നിവരെ തെരഞ്ഞെടുക്കുകയും ഇപ്പോഴത്തെ ഭരണ സമിതി നിലവിൽ വരുകയും ചെയ്തു. സത്യപ്രതിജ്ഞാ ചടങ്ങിൽ പഞ്ചായത്തിലെ നാനാ തുറകളിലുമുള്ള പൊതു ജനങ്ങളെ സാക്ഷി നിർത്തി കക്ഷി രാഷ്ട്രീയ പരിഗണന കൂടാതെയുള്ള ജനക്ഷേമ പ്രവരത്തനങ്ങൾ കാഴ്ചവക്കുന്നതിനും പഞ്ചായത്തിന്റെ സമഗ്ര വികാസനത്തിന് ജനപങ്കാളിത്വം ഉറപ്പിച്ചും അഴിമതി രഹിത ഭരണം ഉറപ്പാക്കുന്നതിന് ഉള്ള ദൃഢ നിശ്ചയം ചെയ്തുകൊണ്ട് ചടങ്ങ് അവസാനിപ്പിച്ചു.

ഇക്കഴിഞ്ഞ ഒരു വർഷക്കാലം വികസന പ്രവർത്തനങ്ങൾക്ക് മുന്തുക്കം നല്കി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.കെ. മുഹമ്മദിന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിക്ക് പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് താഴെ കാണിച്ച പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കയുണ്ടായി.

1) കാർഷിക വൃത്തിയിൽ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഏർപ്പെട്ടിക്കുന്നത കൊണ്ട് വിവിധ കാർഷിക വികസന പ്രവർത്തനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തുകയുണ്ടായി. കൃഷി നാശം സംഭവിച്ച കർഷകർക്ക് കൃഷി ഭവൻ മുഖേന സാമ്പത്തിക സഹായം നൽകുകയുണ്ടായി. പഞ്ചായത്തിലെ നല്ല കർഷകരെ തെരഞ്ഞെടുത്തു. പ്രോത്സാഹന സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചിങ്ങം 1 ന് കർഷക സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു. ജല സേചനത്തിനായി പമ്പുസെറ്റുകളും കുളം നിർമ്മിക്കൽ, റോക്കർ സ്പെയർ എന്നിവ വിതരണം ചെയ്യുകയും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു.

2) ആരോഗ്യപരിപാലന രംഗത്ത് കൊതുകുനിവാരണത്തിനായി രണ്ട് കുറ്റി പമ്പുകളും അണുനാശിനികളും ബന്ധപ്പെട്ട ഹെൽത്ത് ഡിപ്പാർട്ടുമെൻറ് സപ്ലൈ ചെയ്യുകയും ജപ്പനികസ് പനിക്കെതിരെ പൊതുജനങ്ങളിൽ വാർഡുകൾ തോറും ബോധവൽക്കരണം നടത്തുകയും ചെയ്തു. ചീങ്കണ്ണിപ്പാലി ആദിവാസി കോളനിയിൽ പിടിപെട്ട പകർച്ച വ്യാധിക്കെതിരെ സത്വര നടപടി സ്വീകരിച്ചു രണ്ടു തവണ വെറ്റിലപ്പാറ PHC മെഡിക്കൽ ഓഫീസ്സറുടെ നേതൃത്വത്തിൽ മെഡിക്കൽ പരിശോധന നടത്തുകയും

സൗജന്യ മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു.

3) വെറ്റിലപ്പാറ, പനമ്പിലാവ് ഭാഗത്ത് കുടിവെള്ളത്തിനായി പൈപ്പുലൈൻ സ്ഥാപിക്കുകയും 6 ഹരിജൻ കോളനികൾക്ക് കുടിവെള്ളം എത്തിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. വരൾച്ച രൂക്ഷമായ സന്ദർഭത്തിൽ പഞ്ചായത്തിലെ 25 ജനസ്രോതസ്സുകൾ വിപുലപ്പെടുത്താനും അറ്റകുറ്റ പണികൾ നടത്താനും സാമ്പത്തിക സഹായം നൽകി.

4) വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിൽ പുതിയ വ്യവസായ സംരംഭകർക്ക് മെറ്റൽ ക്രഷർ യൂനിറ്റുകൾക്ക് വെറ്റിലപ്പാറയിലും കല്ലരട്ടിയിലും, പുവ്വത്തിക്കലും ലൈസൻസ് നൽകി. പുതുതായി 3 ഫ്ളോർ ഓയിൽ മില്ലുകൾക്കും നിലവിലുള്ള എല്ലുപൊടി ശാലക്ക് വിപുലീകരണത്തിനാവശ്യമായ ലൈസൻസുകളും നൽകി.

5) യുവജനങ്ങളെ സംഘടിപ്പിച്ചു ഓണം സ്പോർട്സ് നടത്താൻ സാധിച്ചു.

6) നന്നായി പഠിക്കുന്ന വിദ്യാർഥി വിദ്യാർത്ഥിനികൾക്ക് പഞ്ചായത്ത് ക്യാഷ് അവാഡ് ഓരോ ക്ലാസ്സിലും മുഴുവൻ സ്കൂളിലെ കുട്ടികൾക്കും നൽകി. 5 വിദ്യാലയങ്ങൾക്ക് താൽക്കാലിക ഷെഡ്ഡുകൾ മേയുന്നതിന് സാമ്പത്തിക സഹായം നൽകി.

7) പട്ടികജാതി -പട്ടികവർഗ്ഗ കോളനികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കക്കൂസ്, വീട്, എന്നിവയും വിദ്യാഭ്യാസ സഹായ പദ്ധതികൾ, പട്ടികജാതി കോളനികളിൽ മില്യംവെൽ സ്കീമിൽ 25 ലക്ഷം രൂപയുടെ മണ്ണ് സംരക്ഷണത്തിനായി നടപടികൾ സ്വീകരിച്ചു പൂർത്തീകരിച്ചു.

8) ഊർങ്ങാട്ടിരി, കല്ലരട്ടിക്കൽ നിലവിലുണ്ടായിരുന്ന വെറ്റിനറി സബ്സെൻറർ മൃഗാസ്പത്രിയായി ഉയർത്തുകയും വെറ്റിലപ്പാറയിൽ ഒരു മൃഗാസ്പത്രി പുതുതായി സ്ഥാപിക്കുകയും ചെയ്തു. 5 മാതൃകാ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകാൻ ശുപാർശ ചെയ്തു. പട്ടികവർഗ്ഗ കോളനികളിലെ കുടുംബങ്ങൾക്ക് ആടുവളർത്തലിന് ആടിനെ വിതരണം ചെയ്യാൻ നടപടിയെടുത്തു.

9) ഐ.ആർ.ഡി.പി. പദ്ധതിയിൽ തൊഴിൽദാനത്തിന് ആയുധങ്ങളും മറ്റു സാമ്പത്തിക സഹായങ്ങളും നൽകി.

10) ശിശു സംരക്ഷണത്തിനായി 5 അംഗനവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ സ്ഥലമനുവദിക്കുകയും ഒരെണ്ണത്തിന് കെട്ടിട നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

11) 12 പ്രധാന സ്ഥലങ്ങളിൽ സോഡിയം വേപ്പർലാമ്പ് സ്ഥാപിച്ചു. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ അതിൻെറ സോളാർ ലാമ്പുകളും പട്ടികജാതി കുടുംബങ്ങൾക്ക് സ്റ്റൗ, റാന്തൽ എന്നിവ വിതരണം ചെയ്തു.

12) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ താഴെ പറയുന്ന റോഡുകൾ അഭിവൃദ്ധിപ്പെടുത്തി.

	റോഡിൻെറ പേര്.	വകയിരുത്തിയ സംഖ്യ
1)	വെറ്റിലപ്പാറ-ചൈരങ്ങാട്	3.5 ലക്ഷം
2)	വെറ്റിലപ്പാറ-ആലപ്പാറ	1.50 ലക്ഷം
3)	ചുണ്ടത്തുംപോയിൽ-കൊടശ്ശേരികാവ്	2 ലക്ഷം
4)	വെണ്ടേക്കുംപൊയിൽ-പലകത്തോട്	1.50 ലക്ഷം
5)	പനമ്പിലാവ്-ആമപ്പൊട്ടി	1 ലക്ഷം
6)	തച്ചണ്ണ-തച്ചാംപറമ്പ്	1 ലക്ഷം
7)	ചുണ്ടത്ത്-കുണ്ടുവഴി	1 ലക്ഷം
8)	പെരിങ്കൊല്ലൻകണ്ടി സ്കൂൾപടി	1 ലക്ഷം
9)	മൈത്ര പള്ളിപടി-പടിക്കലാപറമ്പ്	1 ലക്ഷം
10)	കിണറടപ്പൻ-പൂളക്കൽ	1 ലക്ഷം
11)	കുഴിനക്കിപ്പാറ-വടക്കുംമുറി	3 ലക്ഷം
12)	കല്ലരട്ടി കിണറടപ്പൻ റോഡ്	4 ലക്ഷം
	വലിയ തോട് സൈഡ് ഭിത്തി	
13)	1-ാം റിച്ച്-	4 ലക്ഷം
14)	2-ാം റിച്ച്	4 ലക്ഷം
15)	മണ്ണാത്തി തുറതോട് സൈഡ്	4 ലക്ഷം
16)	മൈത്ര മുഴിക്കൽ ഭാഗം തോട് സൈഡ്	4 ലക്ഷം

96-97 ജെ.ആർ.വൈ പദ്ധതിയിലുൾപ്പെടുത്തി ദാരിദ്ര്യ രേഖക്ക്താഴെ വരുമാനമുള്ള ജനറൽവിഭാഗത്തിലുൾപ്പെടുന്ന 77 കുടുംബങ്ങൾക്ക് കക്കുകസുകൾ, വെറ്റിലപ്പാറ ജി.ആർ.ഡി, പനമ്പിലാവ്-കുരുർകണ്ടി, കുത്ത്പറമ്പ്-ആതാടി, ബീബൻകുഴി-കരിപത്തിചാൽ എന്നീ റോഡുകൾ വികസിപ്പിക്കാനും പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 48 കക്കുസുകളും നിർമ്മിക്കാൻ തീരുമാനിച്ചു.

ഈ വർഷത്തെ ഉപാധി രഹിത നിധിയിൽ 13 ലക്ഷത്തോളം വരുന്ന ഫണ്ട് അനുവദിച്ചു കിട്ടിയിട്ടുണ്ട്. പ്രസ്തുത ഫണ്ടുപയോഗിച്ച് ജനപങ്കാളിത്തത്തോടെ വിവിധ പ്രവൃത്തികൾ ചെയ്തു തീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ബഹുജന പങ്കാളിത്വത്തോടെ നിരന്തരവും ജാഗ്രതയോടും പ്രവർത്തിച്ചുകൊണ്ട് മുന്നേറുക എന്ന ശൈലിയാണ് ഭരണ സമിതി സ്വീകരിച്ചിരിക്കുന്നത്-സന്നദ്ധ സേവകരുടെ ആത്മാർത്ഥമായ ത്യാഗ മനസ്ഥിതയാണ് ഈ വിജയത്തിന്റെ അടിത്തറ. നാടിന്റെ ഭാവി പുരോഗതിക്കായി ഒത്തൊരുമിച്ചു നമുക്ക് മുന്നേറാം.

കെ. മുഹമ്മദ്

പ്രസിഡണ്ട്.

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കൃഷി ജലസേചനം

1. പി.കെ. ജോസ്
2. രാധാകൃഷ്ണൻ-അഗ്രിക്കൾച്ചറൽ ഓഫീസർ
3. ടിവി. തോമസ് മാസ്റ്റർ
4. പി.പി. മുഹമ്മദ് സലീം
5. മൈക്കിൾ ഇരുമ്പുഴി
6. ജോസ് താഴേത്തൽ
7. എ. അബ്ദുറഹിമാൻ

മൃഗ സംരക്ഷണം-മത്സ്യ ബന്ധനം

1. എം. കുഞ്ഞാപ്പു.
2. എൻ.കെ. യൂസഫ്
3. എം.വി. എൽസി.
4. ഡോ. എം.എസ്.ജാസ്റ്റിൻ (വെറ്റിനറി സർജൻ വെറ്റിലപ്പാറ)
5. കെ.പി. മോഹനൻ

വിദ്യാഭ്യാസം

1. ബി.വി.റഊഫ്
2. എം.വി. ചെറിയാൻRtd AEO
3. സി.എ. ഔസേഫ് മാസ്റ്റർ
4. എം. ഉമ്മർ മാസ്റ്റർ
5. ഹരിദാസ് മാസ്റ്റർ
6. എൻ.കെ. അഷ്റഫ് മാസ്റ്റർ
7. പി.കെ.അബ്ദുല്ല
8. എൻ. കെ. ഷൗക്കത്തലി.

ആരോഗ്യവും കുടിവെള്ളവും

1. സി. നാരായണൻ
2. എം. സഹീദ
3. വി.കെ. ചന്ദ്രൻ
4. സി.ചന്ദ്രൻ

റോഡുകൾ, ഊർജ്ജം, മാർക്കറ്റ്

1. സി.ടി. അബ്ദുറഹിമാൻ
2. കെ.ടി. അബ്ദുറഹിമാൻ
3. കെ.കെ.കൃഷ്ണൻ നമ്പൂതിരി
4. സി.ടി. അബ്ദുന്നാസിർ മാസ്റ്റർ
5. എം.ടി.അലി
6. ഇ. കൃഷ്ണൻ
7. പി.അഹ്മ്മദ് കുട്ടി
8. പി.എം.ജയിംസ്
9. റോയി ജോസഫ്

ഭവന നിർമ്മാണം-ക്ഷേമപ്രവർത്തനം

1. പി.കെ.കുര്യൻ
2. എൻ.ഗോപാലകൃഷ്ണൻ
3. കെ.കെ.മുഹമ്മദ്
4. എം.പി. ജയരാജ്.(VEO)
5. വി.പി. മുഹമ്മദ്

സംസ്കാരം

1. പി.കെ. അബ്ദുറഹിമാൻ
2. ബാബു മാസ്റ്റർ
3. എ.അസീസ് മാസ്റ്റർ
4. പി.ജഫ്ഫർ
5. യു. നഫീസ

വ്യവസായം

1. കുര്യൻ തോമസ്, ഔസേപ്പ് പറമ്പിൽ
2. പി.പി. മുഹമ്മദ്
3. പി.എസ്. വിശ്വൻ
4. പി.എം.ജോണി.

വനിതാ ക്ഷേമം

1. മേഴ്സി ജയിംസ്
2. എം.റസീന
3. എം.വി. എൽസി
4. സരോജിനി
5. കെ. അബൂബക്കർ ഹാജി

സഹകരണ മേഖല

1. ജോസ് മാസ്റ്റർ
2. പി.എം. ജോണി

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

1. പി.വി.കുട്ടിമാരൻ
2. ബി.പി.അശോകൻ
3. ചെ.ഗോപാലൻ
4. വി.ദിനമണി (VEO)

വിവേ സമാഹരണം

1. കെ.മുഹമ്മദ്
2. കെ. കമ്മുണ്ണി

നാട്ടറിവ് ചരിത്രം

1. സി.അബ്ദുറഹിമാൻ
2. വി.പി. റഊഫ്
3. പി. അഹ്മദ് കുട്ടി.
4. എൻ.കെ.ഷൗക്കത്തലി
5. ബി.കെ. ഇബ്രാഹീം
6. ഇമ്മാനുവൽ മാസ്റ്റർ.



അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം